## നിയമനിർമ്മാണ കാര്യം

### (1) 2013-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി ശ്രീ. സി. എൻ. ബാലകൃഷ്ണൻ അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന കേരള സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും 30-06-2013 ൽ കുറഞ്ഞത് 4%-ഉം 31-03-2014 ൽ 7%-ഉം മൂലധന പര്യാപ്തത (സി.ആർ.എ.ആർ.) കൈവരിക്കണമെന്ന് ഭാരതീയ റിസർവ്വ് ബാങ്ക് നിർദ്ദേശം നൽകിയിരുന്നു. 7% മൂലധന പര്യാപ്തത കൈവരിക്കേണ്ട സമയപരിധി പിന്നീട് 31-03-2015 ആയി ദീർഘിപ്പിച്ചിട്ടുണ്ട്. ബാങ്കുകളുടെ ബാങ്കിംഗ് ലൈസൻസ് നിലനിർത്തുകയും ലാഭക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുന്നത് അനിവാര്യമായ സാഹചര്യത്തിൽ ഏതൊരു വ്യക്തഗത നിക്ഷേപകരേയോ വായ്പക്കാരനേയോ ജില്ലാ

സഹകരണ ബാങ്കിൽ നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗമാക്കുന്നതിന് ഉദ്ദേശിച്ചാണ് സഹകരണ നിയമത്തിലെ 2, 18 വകുപ്പുകളിൽ ഭേദഗതി വരുത്തുന്നത്. പ്രസ്തുത ആക്ടിലെ 80(എ) വകുപ്പ് പ്രകാരം ആരംഭിച്ചിട്ടുള്ള സെൽഫ് ഫൈനാൻസിംഗ് പെൻഷൻ പദ്ധതിയിൽ സഹകരണ നിയമവ്യവസ്ഥ പ്രകാരം രൂപീകരിച്ചിട്ടുള്ള വിവിധ ബോർഡുകളിലെ ജീവനക്കാരെക്കൂടി ഉൾപ്പെടുത്തി പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടിയാണ് വകുപ്പ് 80(എ) ഭേദഗതി ചെയ്യുന്നത്. മേൽപ്പറഞ്ഞ ഭേദഗതികൾ ഉൾപ്പെടുത്തി 2013-ലെ സഹകരണ സംഘം (മൂന്നാം ഭേദഗതി) ഓർഡിനൻസ് 2013 നവംബർ 22-ന് വിളംബരപ്പെടുത്തുകയും നവംബർ 23 -ന് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തുവെങ്കിലും ആയത് നിയമമാക്കുന്നതിന് കഴിഞ്ഞില്ല. 2014-ലെ കേരള സഹകരണ സംഘം ഭേദഗതി ഓർഡിനൻസ് നിയമമാക്കുന്നതിന് ബിൽ ഇപ്പോൾ സഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളതാണ്. കേരള സംസ്ഥാന സഹകരണ ബാങ്കിലും ജില്ലാ സഹകരണ ബാങ്കുകൾക്കും മൂലധന പര്യാപ്തത കൈവരിക്കുന്നതിനും സാമ്പത്തിക അടിത്തറ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും അധിക വിഭവ സമാഹരണം സാദ്ധ്യമാക്കുന്നതിനായി സഹകരണ സംഘം നിയമം 2, 18 വകുപ്പുകളിൽ വരുത്തിയ ഭേദഗതിയിൽ സഹകരണ നിയമവ്യവസ്ഥ പ്രകാരം രൂപീകരിക്കപ്പെട്ട വിവിധ ബോർഡുകളിലെ ജീവനക്കാരെക്കൂടി സഹകരണ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാണ് വകുപ്പ് 50(എ)-ൽ വരുത്തിയ ഭേദഗതിയുമാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

മി. സ്പീക്കർ: ഇപ്പോൾ സമയം 12.45, ഡിസെന്റുൾപ്പെടെ 15 പേർ സംസാരിക്കാനുണ്ട്. സമയം നിയന്ത്രിക്കണമെന്നൊന്നും ഒരു ഭംഗിക്കു വേണ്ടി പറഞ്ഞിട്ടുകാര്യമില്ല. എല്ലാവരും ശ്രദ്ധിക്കണം. നിരാകരണപ്രമേയം അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ വളരെ ലാഘവത്തോടുകൂടി അംഗീകരിച്ചുപോകാവുന്ന ഒരു ഭേദഗതിയല്ല ഇത്. ഭരണഘടനയുടെ അന്തസത്തയെത്തന്നെ നിരാകരിക്കുന്ന ഒരു ഭേദഗതിയാണ്. കേരളത്തിലെ സഹകരണ പ്രസ്ഥാനം ത്രീ ടയർ സംവിധാനത്തിൽ നിലനിൽക്കുന്നതാണ്. അതിന്റെ അടിത്തറ എന്നുപറയുന്നത് അതാണ്. സഹകരണ പ്രസ്ഥാനം പൂർണ്ണമായും സംസ്ഥാനങ്ങളുടെ അധികാരത്തിൽ, ചുമതലയിൽ നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രസ്ഥാനമാണ്. ആ പ്രസ്ഥാനത്തിന് മുകളിലുള്ള പരിധിവിട്ട കടന്നുകയറ്റത്തിന്റെ നിരന്തരമായ പരിശ്രമങ്ങളുടെ ഭാഗമായാണ് ഈ നിയമനിർമ്മാണം വരുന്നത്. റിസർവ്വ് ബാങ്കിന്റെ ആജ്ഞ അനുസരിക്കേണ്ട ബാദ്ധ്യതയോ, പ്രകാശ് ബക്ഷി കമ്മിറ്റിയുടെ നിർദ്ദേശങ്ങളെല്ലാം അനുസരിക്കേണ്ട ബാദ്ധ്യതയോ, അത്തരം ഭീഷണികൾക്കെല്ലാം വഴങ്ങേണ്ട ബാദ്ധ്യതയോ യഥാർത്ഥത്തിൽ സഹകരണ പ്രസ്ഥാനങ്ങൾക്കില്ല. എന്നാൽ കേരളത്തിലെ സഹകരണ ബാങ്കുകളിലേയ്ക്ക് കണ്ണും നട്ടിരിക്കുന്ന ഒരുപറ്റം കോർപ്പറേറ്റുകളുടെ സാമ്പത്തിക താൽപര്യത്തിനുവേണ്ടിയുള്ള നിരന്തര പരിശ്രമങ്ങൾക്കിടയിലുള്ള ഒരു പരിശ്രമം

മാത്രമാണിത്. ഇവിടെ മന്ത്രി സൂചിപ്പിച്ചതും ഉദ്ദേശിച്ച കാര്യങ്ങളിൽ വിശദീകരിക്കപ്പെട്ടതുമായിട്ടുള്ള ഒരു കാര്യം സഹകരണ സ്ഥാപനങ്ങളുടെ മൂലധന പര്യാപ്തത അനുപാതം 4-ലേയ്ക്ക് വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഈ ഭേദഗതി നിർബന്ധമായും കൊണ്ടുവന്നേ മതിയാകൂ എന്നതാണ്. യഥാർത്ഥ ത്തിൽ ഈ ഭേദഗതികൊണ്ട് സംഭവിക്കാൻ പോകുന്നത് ഷെയർ എടുക്കുന്ന പാവപ്പെട്ട കൃഷിക്കാരന്റെ തലയിൽ ഈ ബാദ്ധ്യത വന്നുപെടുന്നുവെന്നുള്ള താണ്. വായ്പ വാങ്ങുന്നവരിൽ നിന്ന് വട്ടിപ്പലിശക്കാർ ചെയ്യുന്നതുപോലെ മുൻകൂട്ടി ഓഹരി വാങ്ങിവയ്ക്കുന്ന ഒരു സംവിധാനം സഹകരണ സ്ഥാപനങ്ങളിൽ അടിച്ചേൽപ്പിക്കുന്ന ഈ പരിപാടി എങ്ങനെയാണ് അംഗീക രിച്ചുപോകാൻ കഴിയുന്നതെന്ന് മനസ്സിലാകുന്നില്ല. 4% എന്ന് ഇപ്പോൾ പറയുന്നത്, 7% ലേയ്ക്കും പിന്നീട് 17% ലേയ്ക്കും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യം വച്ചുകൊണ്ടുള്ള നീക്കങ്ങളിലേയ്ക്കാണ് പോകുന്നത്. അങ്ങനെ ലക്ഷ്യം വയ്ക്കുമ്പോൾ അതിന്റെയെല്ലാം ബാദ്ധ്യതയും ഓഹരി ഉടമകളുടെ തലയിൽ വെച്ചുകൊടുക്കുന്ന, വോട്ടവകാശം പോലുമില്ലാത്ത അസോസി യേറ്റ് മെമ്പർമാരിൽ നിന്ന് പണം പിഴിഞ്ഞെടുക്കാവുന്ന ഒരു സംവിധാനമായി ഇത് മാറ്റുകയാണ്. 22 ലക്ഷം കോടി രൂപയുടെ കള്ളപ്പണം വിദേശത്തു നിന്നുണ്ടെന്ന് കണ്ടെത്തിയ ഒരു രാജ്യമാണ് നമ്മുടെ രാജ്യം. ആ കള്ളപ്പണം പിടിച്ചെടുക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കാൻ മടിച്ചുനിന്ന കേന്ദ്ര ഗവൺമെന്റാണ് പാവപ്പെട്ട കൃഷിക്കാരെയും സാധരണക്കാരെയും സഹായിക്കാൻവേണ്ടി വിപുലമായ ഒരു മഹാ പ്രസ്ഥാനമായി വളർന്നു വന്ന കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ മുകളിൽ കയറിയിരുന്ന് ഇത്തരം നിബന്ധനകൾ അടിച്ചേൽപിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ ഓപ്പറേഷൻ

കുബേരയുടെ കാലമാണ്. ഓപ്പറേഷൻ കുബേര നടത്തിക്കൊണ്ടിരിക്കുന്നത് വട്ടിപ്പലിശക്കാരെ നിയന്ത്രിക്കുന്നതിന് വേണ്ടിയാണെന്നാണ് ആഭ്യന്തര വകുപ്പുമന്ത്രി പറയുന്നത്. ഓപ്പറേഷൻ കുബേരയിലൂടെ വട്ടിപ്പലിശക്കാരെ നിയന്ത്രിക്കുവാനും വട്ടി സംവിധാനം ഒഴിവാക്കാനും പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റ് യഥാർത്ഥത്തിൽ സഹകരണ സ്ഥാപനങ്ങളെ സംരക്ഷിക്കാൻ ആവശ്യമായ ഫണ്ട് കൊടുക്കുകയാണ് വേണ്ടത്. സി.ആർ. എ.ആർ. അഥവാ മൂലധന പര്യാപ്തതയിൽ വരുന്ന കുറവ് പരിഹരിക്കാൻ പാവപ്പെട്ട കൃഷിക്കാരുടെ തലയിൽ അത് വച്ചുകൊടുക്കുന്നതിനുപകരം ഗവൺമെന്റ് അതിനാവശ്യമായ ഒരു സംവിധാനം കൊടുക്കുകയാണ് വേണ്ടത്. യഥാർത്ഥത്തിൽ ഗവൺമെന്റ് ബഡ്ജറ്ററി സപ്പോർട്ട് മുഖാന്തിരമോ ഗവൺമെന്റിന്റെ സാമ്പത്തിക സഹായം മുഖാന്തിരമോ ഈ പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നിലപാട് സ്വീകരിക്കുകയാണ് വേണ്ടത്. അടുത്ത സ്റ്റെപ്പായി വരാൻ പോകുന്നത്, ആസ്തിയുടെ 7% പിന്നീട് 17% ഓഹരി മൂലധനമാക്കി മാറ്റണം, ലാഭത്തിൽ അത് റിസർവ്വായി കണക്കാക്കണം തുടങ്ങിയുള്ള നിബന്ധനകളാണ്. സാധാരണഗതിയിൽ ചില സംഘങ്ങൾക്കൊന്നും ഇത് പാലിക്കാൻ സാധിക്കാതെ വരും. വീണ്ടും ജനങ്ങളെ പിഴിയുന്ന സ്ഥിതിയുണ്ടാവും. യഥാർത്ഥത്തിൽ ലാഭാധിഷ്ഠിതമായ വാണിജ്യ ബാങ്കുകളുടെ മാനദണ്ഡം സഹകരണ മേഖലയിൽ അടിച്ചേൽപ്പിക്കുക എന്നുള്ളതാണ് ഇതിന്റെ ഭാഗമായി സംഭവിക്കാൻ പോകുന്നത്. ലാഭാധിഷ്ഠിതമായ വാണിജ്യ ബാങ്കുകളെയും കേരളത്തിലെ സഹകരണ സ്ഥാപനങ്ങളെയും ഒരേ അളവിൽ, ഒരേ ഗണത്തിൽപ്പെടുത്തുന്നത് സഹകരണ സ്ഥാപനങ്ങളുടെ

ഗുണത്തിനല്ല ദോഷത്തിനാണെന്നത് വളരെ ഗൗരവമായി നമ്മൾ ചർച്ച ചെയ്തതാണ്.

ഇവിടെ സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ രണ്ട് മേഖലയെക്കുറിച്ച് ഗൗരവത്തോടെയുള്ള സമീപനം സ്വീകരിച്ച അനുഭവം നമുക്കുണ്ട്. അതിലൊന്ന് നമ്മുടെ സമ്പന്നമായ പൊതുമേഖലാ സ്ഥാപനങ്ങളായിരുന്നു. ആ സമ്പന്നമായ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുകയും അതുവഴി പൊതുഖജനാവിന്റെ ശക്തി വർദ്ധിപ്പിക്കുകയും, ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക എന്നുള്ള ലക്ഷ്യം നമുക്ക് ഉണ്ടായിരുന്നു. അതിനെ സമ്പൂർണ്ണമായി തകർക്കുകയാണ് പിന്നീട് ചെയ്തത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ കൂട്ടത്തിൽ തന്നെ നെഹ്രുവിന്റെപോലും നേതൃത്വത്തിൽ ആരംഭിച്ചതായിരുന്നു സഹകരണ പ്രസ്ഥാനങ്ങളോടുള്ള സർക്കാരിന്റെ സമീപനം. ഇന്ന് ആ നെഹ്രുവിയൻ സമീപനത്തെ പൂർണ്ണമായിട്ടും ഉപേക്ഷിച്ച് റാവുവിൽ നിന്ന് ആരംഭിച്ച് മൻമോഹൻ സിംഗിൽ അവസാനിച്ച ആ കോർപ്പറേറ്റ് പക്ഷപാതപരമായ സമീപനം സഹകരണ മേഖലയിലേയ്ക്ക് അടിച്ചേൽപ്പിക്കുന്ന സ്ഥിതിയാണ് കണ്ടുകൊണ്ടിരിക്കുന്നത്. അനുഭവങ്ങൾകൊണ്ട് ഇത് പഠിക്കില്ല എന്നതാണ് വീണ്ടും വീണ്ടും ഈ നിയമ നിർമ്മാണത്തിലൂടെ കാണാൻ സാധിക്കുന്നത്. ഇതൊരു നിയമ ഭേദഗതിയാണെങ്കിലും ഇതിവിടെ അവസാനിക്കാൻ പോകുകയല്ല. നിരന്തരമായി കേരളത്തിലെ സഹകരണ സ്ഥാപനത്തിലേക്ക് കണ്ണും നട്ടിരിക്കുന്ന കോർപ്പറേറ്റുകൾക്കുവേണ്ടിയുള്ള ഉപദ്രവ നിബന്ധനകൾ തുടർച്ചയായിട്ട് വന്നുകൊണ്ടിരിക്കുന്നു. അതൊന്നും പഠിക്കാനോ, മനസ്സിലാക്കാനോ, അതിനെ പ്രതിരോധിക്കാനോ തയ്യാറാകുന്നതിന് പകരം അതിനനു

സൃതമായ നിയമനിർമ്മാണം നടത്തിക്കൊടുത്ത് അതിൽ പങ്കാളിയാകാനുള്ള പരിശ്രമം നടത്തുന്നത് ലജ്ജാകരമാണ്. നമ്മുടെ സഹകരണ വകുപ്പുമന്ത്രി ഇതിലെല്ലാം വ്യത്യസ്തമായ നിലപാട് സ്വീകരിച്ച ആളാണ്. അദ്ദേഹം മികച്ചൊരു സഹകാരിയാണ്. അദ്ദേഹം ഈ സഭയിൽ നൽകിയ ചോദ്യ ത്തിന്റെ ഉത്തരത്തിൽ പറയുന്നത് സഹകരണ ബാങ്കുകളുടെ മൂലധന പര്യാപ്തത കുറഞ്ഞത് 7 ശതമാനം കൈവരിക്കണമെന്ന റിസർവ്വ് ബാങ്കിന്റെ നിർദ്ദേശം ഈ മേഖലയിൽ പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട് എന്നാണ്. ദേശസാൽകൃത ബാങ്കുകൾക്ക് കേന്ദ്ര ഗവൺമെന്റ് മൂലധന സഹായം നൽകു ന്നുണ്ടെങ്കിലും അത്തരം സഹായം സഹകരണ സംഘങ്ങൾക്ക് ഇപ്പോൾ അനുവദിക്കുന്നില്ല എന്ന് അദ്ദേഹം തന്നെ പറയുകയാണ്. അദ്ദേഹം തന്നെ പറഞ്ഞൊരു നിലപാടിന് കടകവിരുദ്ധമായ ഒരു നിയമ നിർമ്മാണം നടത്തേണ്ടി വരുന്ന അദ്ദേഹത്തിന്റെ നിസ്സഹായത നമുക്ക് മനസ്സിലാകു ന്നുണ്ട്. അങ്ങനെ നിസ്സഹായമായി മുട്ടിലിഴഞ്ഞ് ഇതിന് അനുവദിച്ചു കൊടുക്കേണ്ട കാര്യമുണ്ടോ എന്ന് ഗവൺമെന്റ് ഗൗരവത്തോടെ പരിശോധി ക്കണം. ഇവിടെ പൊതുമേഖലയേയും സഹകരണ സ്ഥാപനങ്ങളെയും കോർപ്പറേറ്റുകൾക്ക് വിട്ടുകൊടുക്കാനുള്ള നീക്കം പെട്ടെന്ന് ആരംഭിച്ചതല്ല. ഇവിടെ തുടർച്ചയായി അതിനുള്ള പരിശ്രമങ്ങൾ നടന്നിട്ടുണ്ട്. ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപവും 30,000 കോടി രൂപയുടെ ലോൺ ഔട്ട്സ്റ്റാന്റിംഗും ഉള്ള ഇൻഡ്യയിലെ സമ്പന്നമായൊരു മേഖലയാണ് കേരള ത്തിലെ സഹകരണ മേഖല. ഈ മഹാപ്രസ്ഥാനത്തെ വിഴുങ്ങാൻ വേണ്ടി കോർപ്പറേറ്റുകൾക്ക് വലിയ താൽപര്യമാണുള്ളത്. ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലെയും സഹകരണ സംഘങ്ങളും സഹകരണ സംഘടന

കളും കേരളത്തിലേയ്ക്ക് അസൂയയോടുകൂടിയാണ് നോക്കുന്നത്. ഉദാഹരണത്തിന് വടക്കേ മഹാരാഷ്ട്രയിലുള്ള വലിയ ആത്മഹത്യയുടെ വാർത്തകൾ വന്നപ്പോൾ എന്താണ് സംഭവിച്ചത് എന്നതിനെക്കുറിച്ച് അന്വേഷിച്ച സായ്നാഥിനെ പോലെയുള്ള പത്ര പ്രവർത്തകർ പുറത്തുകൊണ്ടുവന്ന ചില കാര്യങ്ങളുണ്ട്. അവർ പറഞ്ഞത്, ധാരാളം സഹകരണ സംഘങ്ങൾ അവിടെ പ്രവർത്തിക്കുന്നുണ്ട്. കരിമ്പു കൃഷിക്കാരുടെ ഉന്നമനത്തിനുവേണ്ടി ഗവൺമെന്റിന്റെ സഹായങ്ങൾ സ്വീകരിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഈ സഹകരണ സംഘങ്ങളിൽ ബഹുഭൂരിപക്ഷവും തട്ടിക്കൂട്ടിയതും ജനങ്ങൾക്ക് അതിന്റെ ഉപകാരം ലഭ്യമാകാൻ സഹായകരമല്ലാത്തതുമായിട്ടുള്ള കൃത്രിമ സംഘങ്ങളാണെന്നാണ്. ഇങ്ങനെ കൃത്രിമ സംഘങ്ങളാൽ നയിക്കപ്പെടുന്ന ഇൻഡ്യയിലെ സഹകരണ മേഖലയിൽ നിന്ന് വ്യത്യസ്തമായി ഉത്തരവാദത്തപ്പെട്ട രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയോ പ്രതിബദ്ധതയുള്ള ജനങ്ങളുടെയോ, ജനനേതാക്കളുടെയോ നേതൃത്വത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കേരളത്തിലെ സഹകരണ പ്രസ്ഥാനം അത്ഭുതകരമായ ഒരു വളർച്ചയാണ് ഇൻഡ്യയിൽത്തന്നെ നേടിയിട്ടുള്ളത്. ഓഹരി കമ്പോളം കൊതിയോടെ കാത്തിരിക്കുന്ന ഒരു അക്ഷയ ഖനിയാണ് കേരളത്തിലെ സഹകരണ മേഖല. ആ സഹകരണ മേഖലയെ വിഴുങ്ങാൻ ആവശ്യമായ വിവിധ നിർദ്ദേശങ്ങളും നിബന്ധനകളും ഉപാധികളായി അടിച്ചേൽപ്പിച്ച് പലപ്പോഴും പരിശ്രമിച്ചു. അതിൽ കൊല്ലാൻ കൂട്ടുനിൽക്കുന്ന ആരാച്ചാരായിട്ട് കേരളത്തിലെ സഹകരണ വകുപ്പുമന്ത്രി മാറരുത്. എന്താണ് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രം; ഇൻഡ്യയിൽ ഇത്ര ദ്രുതഗതിയിൽ അതിനെ തകർക്കാൻവേണ്ടി കൂട്ടുനിൽക്കുന്ന ഒരു സമീപനം നാം സ്വീകരിക്കേണ്ടതുണ്ടോ? ഇവിടെ പുതിയൊരു നീക്കം ശ്രദ്ധേയമായി വന്നിരിക്കുകയാണ്.

കേരളത്തിലെ സഹകരണ സംഘങ്ങളിൽ ആദായ നികുതി വകുപ്പിന്റെ കടന്നാക്രമണം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ആദായ നികുതി വകുപ്പ് സ്വാഭാവികമായിട്ടും പരിശോധന നടത്തേണ്ടി വരും, കള്ളപ്പണത്തെ പിടിക്കേണ്ടി വരും. അതിലൊന്നും തെറ്റില്ല. പക്ഷേ കേരളത്തിലെ നിക്ഷേപക രിലെല്ലാം കള്ളപ്പണമാണെന്ന മട്ടിൽ, ഗ്രാമങ്ങളിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ തൊട്ട് ബാങ്ക് ഇടപാടുകൾ നടത്തുന്ന ആയിരക്കണ ക്കിന് വരുന്ന സഹകരണ സംഘങ്ങളെയെല്ലാം സംശയ ദൃഷ്ടിയിലാക്കു കയും അവിടെയുള്ള നിക്ഷേപങ്ങളെയെല്ലാം മരവിപ്പിക്കുകയും ചെയ്യുന്ന അങ്ങേയറ്റം നിരുത്തരവാദപരമായ സമീപനം വരികയാണ്. 1961–ലെ ഇൻകം ടാക്സ് വ്യവസ്ഥകൾ പ്രകാരം അതിന് അധികാരം ഉണ്ടോ എന്നതുതന്നെ പ്രധാനപ്പെട്ടൊരു ചോദ്യമാണ്. ഉള്ള അധികാരമാണോ നിർവ്വഹിക്കുന്നത്; യഥാർത്ഥത്തിലുള്ള അധികാരമുണ്ടോ; എന്തിനാണ് കേരളത്തിലെ സഹകരണ സ്ഥാപനങ്ങളോട് ശത്രുതാപരമായ സമീപനം ഇവർ സ്വീകരിക്കു ന്നത് തുടങ്ങിയ പ്രശ്നങ്ങൾ ഉന്നയിക്കുമ്പോൾ, ഈ ആദായ നികുതിയുടെ പേരിലുള്ള കടന്നാക്രമണം യഥാർത്ഥത്തിൽ കേരളത്തിലെ സഹകരണ ബാങ്കുകളെ കൊല്ലാൻ വേണ്ടിയുള്ള പരിശ്രമമാണ്. കേരളത്തിലെ സഹകരണ സംഘങ്ങളെ കൊന്ന് കുഴിച്ചു മൂടുവാനുള്ള ആസൂത്രിത നീക്കത്തിന്റെ ഭാഗമാണ് ആദായ നികുതി പരിശോധന. എന്തോ കൊള്ള യാണ് ഇവർ നടത്തുന്നത് എന്നുള്ള നിലയ്ക്ക് എല്ലാ ബാങ്കുകളിലും പോയി സർവ്വ രജിസ്റ്ററുകളും പിടിച്ചെടുക്കുക. യഥാർത്ഥത്തിൽ കേരളത്തിലെ ഗ്രാമങ്ങളിലെ പാവപ്പെട്ട മനുഷ്യന്റെ പ്രതീക്ഷയായിട്ടുള്ള സഹകരണ സ്ഥാപനങ്ങളിൽ കടന്നു കയറിയിട്ട് അവിടെ അവിഹിത പരിശോധനകൾ

നടത്തിയും ബഹളങ്ങൾ ഉണ്ടാക്കിയും ആ നിക്ഷേപകരെയാകെ സംശയത്തിന്റെ മുൾമുനയിൽ നിർത്തുകയും ചെയ്യുന്ന സംവിധാനം, യഥാർത്ഥത്തിൽ ആദായം കണ്ടുപിടിക്കുവാനോ ആദായ നികുതിയുടെ തട്ടിപ്പ് കണ്ടുപിടിക്കുവാനോ ഉള്ള ലക്ഷ്യം വച്ചിട്ടല്ല, പകരം സഹകരണ സംഘങ്ങളെ തകർക്കാനുള്ള ലക്ഷ്യം വച്ചിട്ടാണ്. ഇത് ഒറ്റപ്പെട്ടൊരു കേസല്ല എന്ന് പറയുന്നത് അതുകൊണ്ടാണ്. നിരന്തരമായിട്ടുള്ള നിരവധി പരിശ്രമങ്ങൾ ഇതിന്റെ ഭാഗമായി നടന്നു. ഇവിടെ 1990-കളിൽ ന്യൂ ജനറേഷൻ ബാങ്കിംഗ് വന്നതുതൊട്ട് ഈ പരിശ്രമം തുടങ്ങിയിട്ടുണ്ട്. ഒരുപാട് കമ്മിറ്റികൾ ഇവിടെ വന്നു. ഈ കമ്മിറ്റികളുടെയെല്ലാം പ്രധാനപ്പെട്ട ലക്ഷ്യം എന്നുപറയുന്നത് എങ്ങനെയെങ്കിലും കേരളം ഉൾപ്പെടുന്ന സഹകരണ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തുക എന്നുള്ളതാണ്. ഇവിടെ ചൗധരി ബ്രഹ്മപ്രകാശ് കമ്മിറ്റി റിപ്പോർട്ട് വന്നു. സംസ്ഥാന സർക്കാരുകൾക്ക് ഇതിൽ ഒരു നിയന്ത്രണവും പാടില്ല, ഉത്തരവാദിത്തം വേണ്ട തുടങ്ങിയ നിലപാടാണ് അവർ സ്വീകരിച്ചത്. തൊട്ടടുത്ത് കപൂർ കമ്മിറ്റി റിപ്പോർട്ട് വന്നു. അവർ പറഞ്ഞത് ബാങ്ക് എന്നുള്ള വാക്കു തന്നെ നിങ്ങൾ ഉപയോഗിക്കാൻ പാടില്ല എന്നാണ്. പിന്നീട് വൈ. കെ. പാട്ടീൽ- വ്യാസ് കമ്മിറ്റി റിപ്പോർട്ടുകൾ വന്നു. ആ കമ്മിറ്റികളും എങ്ങനെയാണ് കേരളത്തിലെ സഹകരണ സ്ഥാപനങ്ങളുടെ കൊങ്ങയ്ക്ക് പിടിച്ച് നശിപ്പിക്കുന്നത് എന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങളാണ് നടത്തിയത്. അതിനുശേഷമാണ് വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് വന്നത്. നമ്മൾ വളരെ വിശദമായിട്ട് ഈ സഭയിൽ ചർച്ച ചെയ്തതാണത്. സഹകരണ ബാങ്കുകളെ തമ്മിലടിപ്പിച്ച് തകർക്കുക എന്നുള്ള ലക്ഷ്യത്തോടെയായിരുന്നു വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് രംഗത്തുവന്നത്. ഒരു പരിധിയും ആവശ്യമി

ല്ല, എവിടെ നിന്നും ഡെപ്പോസിറ്റ് വാങ്ങാം, ആർക്കും വായ്പ കൊടുക്കാം എന്നിങ്ങനെ അതിന്റെ ക്രെഡിബിലിറ്റി പൂർണ്ണമായും തകർക്കുന്ന നിലയിൽ കേരളത്തിലെ സഹകരണ സ്ഥാപനങ്ങളുടെ വിശ്വാസ്യത പൂർണ്ണമായിട്ടും തകർക്കുന്ന ആ നിർദ്ദേശങ്ങൾ പരിപൂർണ്ണമായ തകർച്ചയിലേക്കാണ് എത്തുമായിരുന്നത്. വലിയ പ്രതിരോധത്തിന്റെ ഭാഗമായാണ് അതിനെ തടയാൻ കഴിഞ്ഞത്. അതിനുശേഷമാണ് രഘുറാംരാജ് കമ്മിറ്റി റിപ്പോർട്ട് വന്നത്. രഘുറാം രാജ് കമ്മിറ്റി റിപ്പോർട്ടിൽ സഹകരണ ബാങ്കുകളെയും വാണിജ്യ ബാങ്കുകളെയും എല്ലാം ഒരുപോലെ കണക്കാക്കിയേ മതിയാകു എന്ന് വാശി പിടിച്ചു. അതിന്റെ തുടർച്ചയായിട്ടാണ് 2013 ജനുവരിയിൽ പ്രകാശ് ബക്ഷി റിപ്പോർട്ട് വന്നത്. പ്രകാശ് ബക്ഷി റിപ്പോർട്ടിനെ സംബന്ധിച്ച് കടുത്ത എതിർപ്പ് എഴുതി കേന്ദ്ര മന്ത്രി ശ്രീ.പി. ചിദംബരത്തിന് അയച്ചുകൊടുത്തിട്ടുള്ള ഇൻഡ്യയിലെ സഹകരണ വകുപ്പു മന്ത്രിമാരിൽ ഒന്നാമനായിരുന്നു കേരളത്തിലെ നമ്മുടെ സഹകരണ വകുപ്പു മന്ത്രി. പക്ഷേ ആ എതിർപ്പ് കേവലമായ ഒരു എതിർപ്പ് മാത്രമായിരുന്നുവെന്നും, അത് ഞങ്ങൾ പ്രകടിപ്പിച്ചു എന്ന് വരുത്തിത്തീർക്കൽ മാത്രമായിരുന്നു എന്നുമാണ് പിന്നീടുള്ള അനുഭവങ്ങൾ തെളിയിച്ചത്. പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിന്റെയും, റിസർവ്വ് ബാങ്കിന്റെയും നബാർഡിന്റെയും നിർദ്ദേശങ്ങളെല്ലാം അക്ഷരം പ്രതി അനുസരിക്കുന്ന ആട്ടിൻകുട്ടികളെ പോലെ അതിന് സഹായകരമായ നിയമനിർമ്മാണം നടത്തിക്കൊടുക്കുന്ന ഒരു ഏർപ്പാടായിട്ട് കേരളത്തിലെ സഹകരണ മേഖലയെ അവർ മാറ്റിത്തീർത്തു. സെൻട്രൽ ആക്ടിന് വിധേയമായി കേരളത്തിലെ ഈ നിയമസഭയിൽ നമ്മൾ ആക്ട് പാസ്സാക്കുന്ന സ്ഥിതിയുണ്ടായി. റിസർവ്വ് ബാങ്കിന് പ്രാഥമിക വായ്പാ സംഘങ്ങളുടെ മുകളിൽ പൂർണ്ണ

അധികാരം വേണമെന്ന് തുടങ്ങി ഒട്ടനവധി സഹകരണ വിരുദ്ധമായ നിർദ്ദേശങ്ങൾ ഇതിൽ അടിച്ചേൽപ്പിക്കപ്പെട്ടു. ചുരുക്കി പറഞ്ഞാൽ ഈ പ്രധാന നിർദ്ദേശങ്ങളെല്ലാം റിസർവ്വ് ബാങ്കും നബാർഡും നടപ്പിലാക്കിത്തുടങ്ങി എന്നതാണ് വസ്തുത. റിസർവ്വ് ബാങ്കും നബാർഡും നടപ്പിലാക്കിത്തുടങ്ങിയിട്ടുള്ള ഈ നിബന്ധനകൾ ഏതെങ്കിലും തരത്തിൽ പിൻവാതിലിലൂടെ മാരീച വേഷത്തിൽ കേരളത്തിലെ സഹകരണ മേഖലയെ വിഴുങ്ങാൻ വേണ്ടി വരുന്നതിനുള്ള പ്രവർത്തിയാണ്. മാരീച വേഷത്തിൽ കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളെ വിഴുങ്ങാൻ വരുന്ന ഈ കുടില രാക്ഷസൻമാർക്ക് സഹായം ചെയ്യുന്ന ഒരു ബില്ലു കൂടി വരികയാണ്. ഈ ബില്ലോടുകൂടി ഇത് അവസാനിക്കുന്നില്ല. 2013 ജൂലൈ 22-ലെ നബാർഡിന്റെ സർക്കുലർ പ്രകാരം പ്രാഥമിക സംഘങ്ങൾക്ക് ഒരു സാമ്പത്തിക ഇടപാടും നടത്താൻ പാടില്ല എന്നുള്ള സ്ഥിതി വരികയാണ്. ഇതിന്റെ ചുവടുപിടിച്ചാണ് ഭരണഘടനാ വിരുദ്ധമായിട്ടുള്ള ഈ നിയമനിർമ്മാണം വരുന്നത്. ഈ നിയമനിർമ്മാണം കേരളത്തിന്റെ സഹകരണ പ്രസ്ഥാനത്തിന്റെ കാതലിനെയും കരുത്തിനെയും ഇല്ലാതാക്കുകയും അതിന്റെ ചരിത്രത്തെ തകർക്കുകയും ചെയ്യും. അതിന്റെ ഗുണനിലവാരത്തെ ഇല്ലാതാക്കും. പടിപടിയായിട്ട് കോർപ്പറേറ്റുകൾക്കും ന്യൂ ജനറേഷൻ ബാങ്കുകൾക്കും വിഴുങ്ങാനുള്ള അവസരമൊരുക്കും. അതുകൊണ്ട് ഒരു കാരണവശാലും ഈ നിയമം കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് ഗുണകരമല്ല എന്നതുകൊണ്ട് ഈ നിരാകരണ പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 2013-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബില്ലിന്മേലുള്ള നിരാകരണപ്രമേയത്തെ ഞാൻ പിന്തുണ

യ്ക്കുകയാണ്. ഇവിടെ പരാമർശിക്കപ്പെട്ടതുപോലെ രാജ്യത്ത് നിലവിലിരിക്കുന്ന കേന്ദ്ര സാമ്പത്തിക നയത്തിന്റെ അടിസ്ഥാനത്തിൽ ഭരണഘടനാ ഭേദഗതിയിലൂടെ സഹകരണ രംഗത്ത് വരുത്താൻ നിർദ്ദേശിക്കപ്പെട്ട കാര്യങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി കേരളത്തിലും അതിനുവേണ്ടിയൊരു ബിൽ കൊണ്ടുവരികയും അതുസംബന്ധിച്ച് വലിയൊരു ചർച്ച ഈ സഭയിൽ നടന്നിട്ടുള്ളതുമാണ്. കേരളത്തിലെ ബഹുമാന്യനായ സഹകരണ വകുപ്പു മന്ത്രി പോലും അന്ന് സഭയിൽ പറഞ്ഞൊരു കാര്യം, മനസ്സുകൊണ്ട് ഇതിനോട് പൂർണ്ണമായി യോജിപ്പില്ലെങ്കിലും കേന്ദ്രത്തിന്റെ നിർദ്ദേശമനുസരിച്ച് ഇത് നടപ്പാക്കാനും ഇത്തരമൊരു ബിൽ കൊണ്ടുവരാനും ഞാൻ നിർബന്ധിതമായിരിക്കുന്നുവെന്നും അതുകൊണ്ടാണ് ഇത്തരമൊരു ബിൽ ഇവിടെ അവതരിപ്പിക്കുന്നതെന്നും സൂചിപ്പിക്കുകയുണ്ടായി. കേരളത്തിന്റെ സഹകരണ രംഗത്തെ, സഹകരണപ്രസ്ഥാനത്തെ തകർക്കാൻവേണ്ടിയുള്ള ബോധപൂർവ്വമായ നീക്കമാണ് ഭരണഘടനാ ഭേദഗതിയിലൂടെ കേന്ദ്ര ഗവൺമെന്റ് അന്ന് സ്വീകരിച്ചതെന്ന് എല്ലാവർക്കുമറിയാം. അതിന്റെ ചുവടുപിടിച്ചുകൊണ്ട് ഇവിടെ നടപ്പാക്കാൻ ശ്രമിച്ചിട്ടുള്ള ഈ ബില്ലിനോട് അനുബന്ധമായി ഇപ്പോൾ വരുന്ന നടപടിക്രമങ്ങളും ന്യൂ ജനറേഷൻ ബാങ്കുകൾ നമ്മുടെ രാജ്യത്ത് ഇന്ന് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ചും പരിശോധിച്ചാൽ കേരളത്തിലെ പൊതുമേഖലയ്ക്കും സ്വകാര്യമേഖലയ്ക്കും സമാന്തരമായി ശക്തമായ രീതിയിൽ വളർന്നുപന്തലിച്ചു നിൽക്കുന്ന സഹകരണ മേഖലയെ പൂർണ്ണമായി തകർക്കാനും ആ മേഖലയിലേയ്ക്ക് പുതിയ ശക്തികൾക്ക് കടന്നുവരാനുമുള്ള അവസരം ഒരുക്കാൻ വേണ്ടിയാണെന്നും കാണാൻ സാധിക്കും. ഇന്നലെകളിൽ ഒട്ടേറെ കാര്യങ്ങൾ നിർവ്വഹിച്ചുപോന്നിരുന്ന സഹകരണ മേഖലയിലേയ്ക്കാണ് ന്യൂജന

റേഷൻ ബാങ്കുകൾ ഇടപെട്ടുകൊണ്ടിരിക്കുന്നത്. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ പ്രത്യേകതയെ സംബന്ധിച്ചും അത് സർവ്വതല സ്പർശി യായി ഇന്ന് കേരളത്തിന്റെ സാമൂഹ്യ ജീവിതത്തിൽ നിലനിൽക്കുന്നതിന്റെ അവസ്ഥയെ കുറിച്ചും നമുക്കറിയാം. ഏതെങ്കിലുമൊരു പ്രത്യേക രംഗത്തു മാത്രമല്ല, എല്ലാ രംഗങ്ങളിലും ഐക്യനാണയ സംഘമെന്ന രീതിയിൽ തുടക്കംകുറിച്ച് പ്രവർത്തനമാരംഭിച്ച് മുന്നോട്ടുപോയ സഹകരണ സംഘ ങ്ങൾ കാർഷികമേഖലയെ ഏറ്റവും ശക്തമായി പിന്തുണയ്ക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും വലിയൊരളവിൽ സഹായകമായിട്ടുണ്ട്. മാത്രമല്ല, എല്ലാ മേഖലകളിലേയ്ക്കും കടന്നുചെല്ലാനും ഇടപെടൽ നടത്താനും സഹകരണ പ്രസ്ഥാനത്തിന് കഴിയുമെന്ന് തെളിയിക്കുന്ന പ്രവർത്തനങ്ങ ളാണ് ഇന്നലെകളിൽ കേരളത്തിൽ കണ്ടതും ഇന്ന് കണ്ടുകൊണ്ടിരി ക്കുന്നതും. എന്നാൽ അത്തരം നീക്കത്തെ എങ്ങനെ തളർത്താമെന്നും നമ്മുടെ രാജ്യത്തെ പുത്തൻ സാമ്പത്തിക നയത്തിന്റെ അടിസ്ഥാനത്തിൽ രൂപം കൊണ്ട ശക്തികളെയോ ബാങ്കുകളെയോ സഹകരണ രംഗത്തേയ്ക്ക് എങ്ങനെ കൊണ്ടുവരാമെന്നുമാണ് ഇത്തരം നിയമനിർമ്മാണങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും ഭരണകർത്താക്കൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അന്ന് ഭരണഘടനാ ഭേദഗതിക്ക് നിർദ്ദേശം നൽകിയ ആളുകളൊന്നും ഇപ്പോൾ അവിടെയില്ല. പക്ഷേ ആ നയത്തിൽ നിന്നും ഒട്ടും വ്യത്യസ്ത മല്ലാത്ത നയം തന്നെയാണ് ഇവിടെയും നടപ്പാക്കാൻ പോകുന്നത്. ഇത്തര മൊരു സാഹചര്യത്തിൽ ഇതുപോലുള്ള നടപടികളുമായി മുന്നോട്ടുപോയാൽ സ്വാഭാവികമായും പ്രാദേശിക സഹകരണ സംഘങ്ങളുടെ പ്രവർത്തനശേഷിയും അതിന്റെ ഫലമായി കാർഷികമേഖലയിൽ നൽകി ക്കൊണ്ടിരിക്കുന്ന സേവനവുമെല്ലാം സാവധാനത്തിൽ ഇല്ലായ്മ ചെയ്യുമെന്നു

റപ്പാണ്. ഇവിടെ നിരാകരണപ്രമേയം അവതരിപ്പിച്ചുകൊണ്ട് ചൂണ്ടിക്കാണിച്ച തുപോലെ ബാങ്ക് എന്ന രീതിയിൽ പ്രവർത്തിക്കുന്നതിന് സഹകരണ സംഘ ങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക, നിക്ഷേപങ്ങളെ പരമാവധി തടയാ നാവശ്യമായ സംവിധാനങ്ങൾ കണ്ടെത്തുക – ആരെല്ലാമാണ് നിക്ഷേപിക്കു ന്നതെന്ന് കണ്ടെത്താനും അതിനെ ആദായനികുതിയുടെ പരിധിയിൽ കൊണ്ടുവരാനുമുള്ള പരിശോധനകളെയല്ല എതിർക്കുന്നത്. കള്ളപ്പണം കണ്ടെത്താനാണ് സർക്കാർ ആലോചിക്കുന്നതെങ്കിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി ആവശ്യപ്പെട്ടിട്ടുപോലും കള്ളപ്പണക്കാരായ ആളുകളുടെ പട്ടിക പുറത്തുകൊണ്ടുവരാൻ അന്നത്തെ ഗവൺമെന്റ് കൂട്ടാക്കിയിട്ടില്ല. കള്ളപ്പണക്കാരെ കണ്ടെത്തുന്നതിനുള്ള താൽപ്പര്യം കൊണ്ടാണ് ആദായ നികുതിയുടെ പരിശോധനയുടെ പേരിൽ സഹകരണ മേഖലയിലേയ്ക്ക് കടന്നുകയറുന്നതെന്ന് പറഞ്ഞാൽ അത് വിശ്വസിക്കാൻ വലിയ പ്രയാസ മാണ്. കള്ളപ്പണക്കാരുടെ വ്യക്തമായ പട്ടിക രാജ്യത്തിനുമുമ്പാകെയുള്ള പ്പോൾ, ആദ്യഘട്ടത്തിൽ സുപ്രീം കോടതി ഇടപെട്ടിട്ടും പുറത്തുകൊണ്ടു വരാൻ കൂട്ടാക്കാത്ത ഗവൺമെന്റ് ഭരണഘടനാ ഭേദഗതിയിലൂടെ സഹകരണ നിയമത്തിൽ മാറ്റം വരുത്തി സംസ്ഥാനങ്ങൾക്കാവശ്യമായ പുതിയ ഭേദഗതി കൊണ്ടുവരാൻ നിർദ്ദേശിച്ചത് കള്ളപ്പണക്കാരെ കണ്ടെത്താനല്ല. മറിച്ച്, കേരളം പോലുള്ള സംസ്ഥാനത്ത് ശക്തമായി വളർന്നുകൊണ്ടിരിക്കുന്ന സഹകരണ മേഖലയെ മറ്റേതോ ദുർഭൂതങ്ങളുടെയൊ ദുഷ്ടശക്തിക ളുടെയോ കൈകളിലേയ്ക്ക് ഇട്ടുകൊടുക്കുന്നതിനോ പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി എല്ലാം വെട്ടിപ്പിടിക്കാൻ സമൂഹത്തിൽ രൂപം കൊണ്ടി ട്ടുള്ള പുതിയ ബാങ്കുകൾക്ക് ഈ രംഗത്തേയ്ക്ക് കടന്നുവരുന്നതിനുവേണ്ടി യാണ് ഇത്തരമൊരു നിലപാട് സ്വീകരിക്കാനും ബിൽ അവതരിപ്പിക്കാനും

ഗവൺമെന്റ് തയ്യാറായത്. കേരളത്തിലെ ജില്ലാ ബാങ്കുകളുടെ ഇപ്പോഴത്തെ സ്ഥിതിയെപ്പറ്റി എല്ലാവർക്കുമറിയാവുന്നതല്ലേ. അവിടെ കരുതൽ ധനമായി സൂക്ഷിക്കേണ്ട തുക 3 ശതമാനത്തിൽ നിന്നും 4 ശതമാനമാക്കാൻ പോകുന്നുവെന്ന നിർദ്ദേശം കേന്ദ്ര ഗവൺമെന്റും ആർ.ബി.ഐ.യും മുന്നോട്ടുവച്ചിരിക്കുന്നു. അത്തരം നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുമ്പോൾ ഗ്രാമീണ സഹകരണ ബാങ്കുകളിലുള്ള പണം എവിടെ നിന്നാണ്; സാധാരണക്കാരായ കൃഷിക്കാരന്റെ കൈയിൽ നിന്നുള്ള ചില്ലിക്കാശാണ്. ആ ബാങ്കുകൾ മാത്രമല്ല, പ്രൈമറി ബാങ്കുകളിലും ജില്ലാ ബാങ്കുകളിലും സംസ്ഥാന സഹകരണ ബാങ്കുകളിലും അതുവഴി ആർ.ബി.ഐ. പോലും നമ്മുടെ രാജ്യത്തെ വിവിധ പ്രദേശങ്ങളിൽ നിന്നും 4 ശതമാനം പണം സ്വരൂപിച്ചെടുക്കുന്നതിനുവേണ്ടി അവരുടെ നിയന്ത്രണത്തിൽ കൊണ്ടുവരാൻ പോവുകയാണ്. ഇന്നലെവരെ അദൃശ്യമായ രീതിയിൽ പ്രവർത്തിച്ചിരുന്നവർ നേരിട്ട് ഇത്തരം ബാങ്കുകളുടെ മേൽ കടന്നാക്രമണം നടത്തുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ നീക്കമാണ് നടത്തുന്നതെന്നുവേണം ഇതുമായി ബന്ധപ്പെട്ടു പരിശോധിക്കുമ്പോൾ മനസ്സിലാക്കേണ്ടത്. കേരളത്തിൽ പത്ത് പതിനയ്യായിരത്തോളം ക്രെഡിറ്റ് ബാങ്കുകളുണ്ട്. അതിനോടൊപ്പം ഇൻഡസ്ട്രിയൽ ടൈപ്പ് സൊസൈറ്റികൾ ഉൾപ്പെടെയുള്ളവ കൂട്ടിയാൽ ഇരുപത്തിയയ്യായിരത്തോളം വരും. ഇതിനെയെല്ലാം സ്വരൂപിച്ചുകൊണ്ട്, ഒന്നിച്ചുചേർത്തുകൊണ്ട് എല്ലാ ബാങ്കുകളിലും തെരഞ്ഞെടുപ്പുകൾ നടത്തി കേവലം ഒരു ജില്ലാ ബാങ്കിന്റെ നിയന്ത്രണം മാത്രമുണ്ടായിരുന്ന യു.ഡി.എഫ്. 13 ജില്ലാ ബാങ്കുകളുടെ നിയന്ത്രണത്തിലേയ്ക്ക് വരത്തക്കവിധത്തിലുള്ള നീക്കങ്ങൾ നടത്തിയതിന്റെ പിന്നിലും രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എങ്ങനെയാണ് സഹക

രണ മേഖലയെ കൈകാര്യം ചെയ്യാൻ ശ്രമിക്കുന്നതെന്ന് കാണാൻ സാധിക്കും. സംസ്ഥാന ഗവൺമെന്റാണ് അത്തരം നീക്കം നടത്തിയതെങ്കിൽ കേന്ദ്ര ഗവൺമെന്റും നബാർഡും റിസർവ്വ് ബാങ്കും ഉൾപ്പെടെയുള്ളവർ കേരളത്തിൽ സഹകരണ മേഖലയിൽ അവശേഷിക്കുന്ന പ്രത്യേകിച്ച് പ്രൈമറി സംഘങ്ങൾ ഉൾപ്പടെയുള്ളവയുടെ പ്രവർത്തനങ്ങളിന്മേലുള്ള കടന്നാക്രമണമാണ്. ഇത്തരം ഘട്ടത്തിൽ തീർച്ചയായും ഇത്തരമൊരു ബിൽ അവതരിപ്പിച്ച് അതിനെ പ്രോത്സാഹിപ്പിക്കാനും സാധാരണക്കാരായ കൃഷിക്കാരുടെ താൽപ്പര്യങ്ങൾക്കപ്പുറം ന്യൂ ജനറേഷൻ ബാങ്കുകളുടെയോ കോർപ്പറേറ്റുകൾ പോലുള്ള മറ്റേതെങ്കിലും ശക്തികളുടെയോ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ സംസ്ഥാന ഗവൺമെന്റ് കൂട്ടുനിൽക്കുന്നുവെന്ന ഏറ്റവും അപകടകരമായ അവസ്ഥയാണ് ഇതിനുപിന്നിലുള്ളത് എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് മറ്റ് കൂടുതൽ കാര്യങ്ങളൊന്നും പറയാതെ ഈ നിരാകരണ പ്രമേയത്തെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ജി. സുധാകരൻ: സർ, ഏതാനും മാസങ്ങൾക്കുമുമ്പ് പാർലമെന്റ് പാസ്സാക്കിയ, സഹകരണ മേഖലയെ നിഗ്രഹിക്കുന്ന ഭരണഘടനാ ഭേദഗതിയുടെ ചുവടുപിടിച്ച് ഇന്ത്യയുടെ അഭിമാനമായ കേരളത്തിന്റെ ഈ അസംബ്ലിയിൽ ഭേദഗതി നിയമങ്ങൾ കൊണ്ടുവന്നപ്പോൾത്തന്നെ അത് ഈ നിലയിൽ പാസ്സാക്കരുതെന്ന് വളരെ താഴ്മയായും ശക്തമായും ഒരേസമയം ഞങ്ങളെല്ലാം ആവശ്യപ്പെട്ടതാണ്. ഡിസന്റ് എഴുതിയ ഒരാൾ എന്നുള്ള നിലയിൽ ഞാൻ അന്നും ഏകദേശം ഒരു മണിക്കൂർ ഇവിടെ പ്രസംഗിക്കുകയുണ്ടായി. ഭരണകക്ഷിയിൽപ്പെട്ടവരും രാഷ്ട്രീയമായി അതിന് മറുപടി പറയാൻ ശ്രമിച്ചെങ്കിലും എന്നോട് എല്ലാവരും പറഞ്ഞത്, വളരെ നന്നായിരു

ന്നുവെന്നാണ്. മാണി സാർ പോലും അത് പരസ്യമായി പറയുകയുണ്ടായി. ഇവിടെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ തൊട്ടുമുമ്പ് പറഞ്ഞതുപോലെ വലിയൊരു സഹകാരിയും ഞങ്ങൾക്കെല്ലാം വളരെ പ്രിയങ്കരനും ബഹുമാന്യ നുമായ ശ്രീ. സി. എൻ. ബാലകൃഷ്ണൻ ഇരിക്കുമ്പോൾ ഭേദഗതി നിയമങ്ങൾ പാസ്സാക്കരുതെന്ന് ഈ സഭയിൽ വച്ച് അദ്ദേഹത്തോടും പറഞ്ഞതാണ്. ‘ഇത് നല്ലൊരു അവസരമാണ് ഈ ബില്ല് മാറ്റിവയ്ക്കുക. കേന്ദ്രം പറഞ്ഞ കാര്യ ത്തിൽ ചില ഭേദഗതിയൊക്കെ അവതരിപ്പിച്ചാൽ മതി. അതൊക്കെ നമുക്ക് കൈകാര്യം ചെയ്യാം. ബാക്കി നമുക്ക് വിശദമായി ചർച്ച ചെയ്യാം’ എന്ന് അന്ന് സഭാവേദിയിലുണ്ടായിരുന്ന ശ്രീ. വി.ഡി. സതീശനും പറഞ്ഞതാണ്. ഒന്നും കേട്ടില്ല. ഞങ്ങൾ പറഞ്ഞ ഒരു കുത്തോ കോമയോ പോലും അംഗീക രിക്കാതെ നിയമം പാസ്സാക്കി എടുത്തു. അങ്ങനെ ചെയ്തതിന്റെ ആഘാത മാണ് അടുത്ത ഭേദഗതിയായി വന്നിരിക്കുന്നത്. അവർ എന്ത് അനുഭവിക്കാ നാണ്; നമ്മളല്ലേ അനുഭവിക്കുന്നത്; അവർക്കായി ഒരു അനുഭവമില്ലല്ലോ; നമുക്കെല്ലാം ഒരുമിച്ചല്ലേ അനുഭവം വരുന്നത്? യു.പി.എ., കോൺഗ്രസ്സ് നയിച്ച കഴിഞ്ഞ കേന്ദ്ര ഗവൺമെന്റിനോട് ഇത് ചെയ്യരുതെന്ന് പറഞ്ഞതല്ലേ? ഇപ്പോൾ നിങ്ങൾ അവിടെ ഇല്ലല്ലോ? നിങ്ങൾ മാറി അവിടെ ആ രാക്ഷസൻ വന്നതിൽ ഞങ്ങൾക്കാർക്കും ഒരു സന്തോഷവുമില്ല. ഞങ്ങൾക്ക് സന്തോഷ മുണ്ടെന്നൊന്നും നിങ്ങൾ ധരിക്കരുത്. നിങ്ങൾ കാണിച്ചത് ശരിയല്ലാത്തതു കൊണ്ട് നിങ്ങൾ ഭരണത്തിൽ വരില്ലെന്ന് ഞങ്ങൾക്കറിയാമായിരുന്നു. അത് ഞങ്ങൾ പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. ഞങ്ങൾ നോക്കി, പക്ഷേ ഞങ്ങൾ എത്തിയില്ല. ഞാൻ രാഷ്ട്രീയം പറയുകയല്ല. ആ നിയമം പാർലമെന്റിൽ പാസ്സാക്കിയതുകൊണ്ട് നിങ്ങൾക്ക് എന്ത് പ്രയോജനമാണ് ലഭിച്ചത്?

ഞങ്ങൾക്ക് അവിടെ ഇരുന്ന് ഭരിക്കാനുള്ള ത്രാണി ഇൻഡ്യയിൽ ആയിട്ടില്ലെങ്കിലും പറയാനുള്ള ത്രാണിയും ശരി പറയാനുള്ള ത്രാണിയും ഒരിക്കലും നഷ്ടപ്പെട്ടിട്ടില്ല. അത് ഞങ്ങൾ പറഞ്ഞാൽ നിങ്ങൾ കേൾക്കണ്ടേ? ഞങ്ങൾ ബംഗാളിലും കേരളത്തിലുമായി കുറച്ചുപേരെയുള്ളൂ. ഇപ്പോൾ ഞങ്ങൾ ബംഗാളിലുമില്ല. അതാണ് ഞങ്ങളുടെ അവസ്ഥ. ഇതിൽ വല്ല കാര്യവുമുണ്ടോ? ഇനി അങ്ങനെ പറഞ്ഞ് ശീലിക്കരുത്. ഇനി എങ്കിലും നിങ്ങൾ മാറി ചിന്തിക്കണം. നമ്മൾ കുറച്ചിടത്തല്ലേയുള്ളൂ. നിങ്ങൾ മാറി ചിന്തിക്കുമോ എന്ന് നോക്കാം. നടക്കുമെന്നുള്ള പ്രതീക്ഷയിലല്ല. അന്ന് അത് മാറ്റിവയ്ക്കാമായിരുന്നു എന്ന് അങ്ങ് മനസ്സിലാക്കണം. മാറ്റിവയ്ക്കുമ്പോൾ നിങ്ങളുടെ ഇടയിൽ നിന്നുതന്നെ അഭിപ്രായം വരുമായിരുന്നു. നിങ്ങൾ അന്ന് അത് ചെയ്തില്ല. പക്ഷേ അന്ന് ശ്രീ. ശിവദാസൻ നായർ ഈ ഭേദഗതിയെ എതിർത്തിരുന്നു. നമ്മുടെ ഫണ്ടമെന്റൽ അപ്രോച്ച് കോൺഗ്രസ്സുകാരനും മാർക്സിസ്റ്റുകാരനും തമ്മിലാണെങ്കിലും, ശ്രീ. ശിവദാസൻ നായർ ഇടയ്ക്കിടയ്ക്ക് പല സത്യങ്ങളും പറയാറുണ്ട്. ശിവദാസൻ നായരിലേയ്ക്ക് ഞാൻ ശ്രദ്ധ കേന്ദ്രീകരിക്കുകയല്ല. ഒരുപാട് കാര്യങ്ങൾ ഭാവിയിലേയ്ക്കുവേണ്ടി ചെയ്യാതിരുന്നതിന്റെ ഭാഗമായിട്ടാണ് ഇപ്പോൾ ഭേദഗതി നിയമങ്ങൾ വന്നിരിക്കുന്നത്. മോദിയിൽ നിന്ന് സഹകാരികൾ എന്തെങ്കിലും പ്രതീക്ഷിക്കുന്നുണ്ടോ; അദ്ദേഹം സഹകാരിയാണോ? അല്ല. ഏറ്റവും ജനാധിപത്യവിരുദ്ധമായ സഹകരണ പ്രസ്ഥാനമുള്ളത് ഗുജറാത്തിലല്ലേ? അവിടെ ഒരു മലയാളി പോയി പാലിന്റെ ഒരു സൊസൈറ്റി തുടങ്ങിയതൊഴിച്ചാൽ...... അത് വേറെ സമ്പ്രദായം. ബാക്കിയെല്ലാം പഞ്ചസാര കുത്തകകളുടെയും വൻകിടക്കാരുടെയും സഹകരണ സംഘമല്ലേ; അവിടെ പാവപ്പെട്ടവന്റെ

സംഘമുണ്ടോ? 10 ലക്ഷം രൂപ ഡെപ്പോസിറ്റുള്ള ഏതെങ്കിലും പ്രൈമറി ബാങ്കോ ഒരു കോടി രൂപ ഡെപ്പോസിറ്റുള്ള ഒരു ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കോ 10 കോടി രൂപ ഡെപ്പോസിറ്റുള്ള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കോ അവിടെ ഉണ്ടോ? അവിടെ വേറെ തരത്തിലുള്ള ബാങ്കുകളാണ്. നമ്മുടേത് അതല്ല. അദ്ദേഹത്തിൽ നിന്നും ഇപ്പോൾ നമ്മളൊന്നും പ്രതീക്ഷിക്കുന്നില്ല. നിങ്ങളൊക്കെ കാണിച്ചിട്ടുള്ള ജനാധിപത്യ ധ്വംസനത്തിന്റെ ദൂഷ്യഫലമായി റിസർവ്വ് ബാങ്കിന്റെയും നബാർഡിന്റെയും കേന്ദ്ര ധനകാര്യ വകുപ്പിന്റെയും കയ്യിൽ തികച്ചും ജനാധിപത്യപരമായ സഹകരണ പ്രസ്ഥാനത്തെ നിങ്ങൾ ഏൽപ്പിച്ചത് കോഴിയെ വളർത്താൻ കുറുക്കനെ ഏൽപ്പിച്ചതുപോലെയുള്ള പരിപാടിയാണ്. അതിന്റെ ഭാഗമായിട്ടാണ് നിയമങ്ങളൊക്കെ വരുന്നത്. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. കാരണം, അന്ന് സംസാരിച്ചതിൽ കൂടുതൽ ഇപ്പോൾ സംസാരിക്കേണ്ട കാര്യമില്ല. പേര് വന്നതുകൊണ്ട് ഞാൻ സംസാരിക്കുകയാണ്. ഇതിൽ സി.ആർ.എ.ആർ. - Capital Risk Weighted Asset Ratio - വലിയ കട്ടിയായിട്ടുള്ള പ്രയോഗമാണ്. മൂലധന പര്യാപ്തത വർദ്ധിപ്പിക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. എനിക്കുതന്നെ ആ വാക്കിന്റെ പൂർണ്ണരൂപം വളരെയധികം പ്രയാസപ്പെട്ടാണ് മനസ്സിലായത്. ഇതൊക്കെ പണ്ഡിതന്മാർക്ക് വിടേണ്ട പ്രയോഗങ്ങളാണ്. സി.ആർ.എ.ആർ പാലിക്കേണ്ടത് 3 ശതമാനമാണ്. അത് ഇപ്പോൾ 4 ശതമാനമാക്കണം. 2013 ജൂൺ 30-നാണ് അതിന്റെ കാലാവധി നിശ്ചയിച്ചിരുന്നത്. ഇപ്പോൾ കാലാവധി ഒരു വർഷം കൂടി നീട്ടി 2014 ജൂൺ 30-വരെയാക്കിയിരിക്കുകയാണ്. 2013 ജൂൺ 30-ന് സി.ആർ.എ.ആർ 5

ശതമാനമാക്കണം, 2014 ആകുമ്പോൾ 7 ശതമാനമാക്കണം, അതുകഴിഞ്ഞ് 9 ശതമാനമാക്കണമെന്നൊക്കെയാണ് പറയുന്നത്. 5 ശതമാനം വരെയുള്ളത് വന്നിട്ടുണ്ട്. ബാക്കി എപ്പോൾ വരുമെന്നറിയില്ല. 2019-ൽ സി.ആർ.എ.ആർ. 12 ശതമാനം. അവസാനം അത് നൂറിന് നൂറ് ശതമാനം ആകില്ലെന്ന് എന്താണ് ഉറപ്പ്? ലോൺ ഓവർഡ്യൂവും ഡെപ്പോസിറ്റും കൂടിച്ചേർന്ന തുക യ്ക്കാണ് ഇതിന്റെ ശതമാനം. അതിന് തുല്യമായി 100 ശതമാനമാക്കണം. നാളെ ഇത് വന്നുകഴിഞ്ഞാൽ പിന്നെ എന്ത് ബിസിനസ്സ് നടക്കാനാണ്? അതാണ് ശ്രീരാമകൃഷ്ണൻ പറഞ്ഞത്, ഇത് കൊല്ലാനാണ്, നിങ്ങൾ ആ വാളെടുത്ത് കയ്യിൽ കൊടുത്തു. ഇപ്പോൾ ഉടനെ അത് പിൻവലിപ്പിക്കാനുള്ള ഒരു ശക്തി, പ്രതിപക്ഷം എല്ലാം കൂടെയുള്ള പാർലമെന്റ് വിചാരിച്ചാലും നടക്കില്ല. അദ്ദേഹത്തിന് എന്തെങ്കിലും തോന്നുമോ എന്ന് എനിക്കറിയില്ല. ഈ സമയത്ത് അദ്ദേഹത്തിന് എന്തൊക്കെയാണ് തോന്നാൻ പോകുന്ന തെന്നുള്ള കാര്യം ആർക്കും പിടിയില്ലാത്ത കാര്യമാണ്. അതിനെപ്പറ്റി ഞാൻ പറയുന്നില്ല. ആളെപ്പിടിക്കാനായി ഫാസിസ്റ്റുകൾ ആദ്യം ചിലതൊക്കെ ചെയ്യുമല്ലോ? അതിലേയ്ക്കൊന്നും നമ്മൾ കടക്കുന്നില്ല. ധനാഭ്യർത്ഥന യിൽ വിശദമായ ചർച്ച വരുമ്പോൾ നമുക്കൽപ്പം രാഷ്ട്രീയമൊക്കെ പറയേണ്ടിവരും. എൽ.ഡി.എഫ്.-ന്റെ ലീഡർമാരൊക്കെ അന്ന് മുൻകൈയെ ടുത്ത് സംസാരിക്കുന്നുണ്ട്. നിങ്ങൾ എവിടെ നിന്നാണ് സി.ആർ.എ.ആർ .-ന്റെ ശതമാനം കൂട്ടുന്നത്; സി.ആർ.എ.ആർ. ഒരു ശതമാനം കൂട്ടാനുള്ള തുക എവിടെ നിന്നാണ് നിങ്ങൾക്ക് കിട്ടുക? ഉടനെ ഷെയർഹോൾഡേഴ്സി നോട് ഇന്ന് ഉള്ളതിന്റെ ഇരട്ടിയോ മൂന്ന് ഇരട്ടിയോ ഷെയർ വർദ്ധിപ്പിക്കാ

നായി പറയും. അതിന്റെ ഡീറ്റെയിൽസൊന്നും എനിക്കറിയില്ല. പാവപ്പെട്ട കൃഷിക്കാരിൽ നിന്നും തൊഴിലാളികളിൽ നിന്നും അതിന്റെ പല മടങ്ങ് വർദ്ധിപ്പിക്കാൻ പറയും. അവർ വല്ലതും പിഴച്ചിട്ടാണോ? ഇങ്ങനെ വർദ്ധിപ്പി ക്കുന്നതുകൊണ്ട് അവർക്ക് വല്ല പ്രയോജനവുമുണ്ടോ? ഇല്ല. അതുമാത്രമല്ല, ഭരണഘടനാ ഭേദഗതിയിലൂടെ സഹകാരികൾ കഷ്ടപ്പെട്ട് വളർത്തിയ ഐക്യ നാണയ സംഘത്തിന്റെ കാര്യമൊക്കെ നേരത്തെ ഇവിടെ പറഞ്ഞു. ചരിത്ര ത്തിലേയ്ക്ക് ഞാൻ പോകുന്നില്ല. കഷ്ടപ്പെട്ട് വളർത്തിയ ഈ സഹകരണ പ്രസ്ഥാനത്തിന് ഒരുതരത്തിലുള്ള അനുകൂല സംഭാവനയും കൊടുക്കാതെ കള്ളപ്പണത്തിന്റെയും കരിഞ്ചന്തയുടെയും വേലിയേറ്റം കൊണ്ട് സമ്പദ് വ്യവസ്ഥയുടെ പണമൂല്യത്തിന്റെ ഇടിവ് വരുത്തുന്ന സാമൂഹിക വിരുദ്ധ ന്മാർക്കും കള്ളപ്പണക്കാർക്കും മെമ്പർഷിപ്പെടുക്കാൻ ഭരണഘടനാ ഭേദഗതി യിലൂടെ നിങ്ങൾ തുറന്നുകൊടുത്ത വാതിലിൽക്കൂടിയാണ് അവർ അസോസി യേറ്റ് മെമ്പറായിത്തീരുന്നത്. കോടിക്കണക്കിന് രൂപയാണ് അവർ ഷെയർ ചെയ്യുന്നത്. അവർക്ക് അതിൽ ഒരു പ്രയാസവുമില്ല. എത്ര വേണമെന്ന് പറഞ്ഞാൽ അത്രയും കൊടുക്കും. കാരണം, കള്ളക്കടത്ത് നടത്തി കിട്ടിയ പണമല്ലേ? ‘പിടിച്ചോ ഒരു കോടി. ഞങ്ങളുടെ 1000 പേരെ അങ്ങോട്ട് ചേർത്തേരെ’ എന്നാണ് അവർ പറയുന്നത്. അത് ഇവിടെ നടക്കാൻ പോകു കയാണ്. ആർക്കാണ് ഇതിനെക്കുറിച്ച് അറിയാൻ സാധിക്കുന്നത്? അസോസിയേറ്റ് മെമ്പർഷിപ്പ് ഏതൊരാളിനും കൊടുക്കാൻ, ഭരണഘടനാ ഭേദഗതിയിലൂടെ കൊണ്ടുവന്നത് കേരളത്തിന്റെ...... ഒരു റെസ്ട്രിക്ഷൻ പോലും വകവയ്ക്കാതെ ലോൺ പാസ്സാക്കിക്കൊടുത്തതോടുകൂടി ഞങ്ങൾക്കെതിരായി വോട്ട് ചെയ്തെങ്കിലും കള്ളപ്പണക്കാരന്റെയും കരിഞ്ച

ന്തക്കാരന്റെയും കയ്യിലേയ്ക്ക് സഹകരണപ്രസ്ഥാനം വരുമ്പോൾ അവന്റെ ഷെയർ ഇവിടെ അംഗീകൃത മെമ്പറിനേക്കാൾ അസോസിയേറ്റ് മെമ്പർമാരിൽ വർദ്ധിക്കാൻ പോകുന്ന ഡിസ്പ്രൊപ്പോർഷണേറ്റായ സ്ഥിതി വരുമ്പോൾ ആ സമയത്ത്. അങ്ങ് ഇവിടെ മന്ത്രിയൊന്നുമാകില്ല. കാരണം ഇനി രണ്ട് വർഷമേയുള്ളൂ. അതുകൊണ്ട് അങ്ങ് മാറിക്കളയരുത്. 'ഒരു കാരണവശാലും ഞാൻ മാറില്ലെന്ന്' അങ്ങ് പറഞ്ഞതിനെ അഭിനന്ദിക്കുന്നു. അങ്ങേയ്ക്ക് മാറേണ്ട കാര്യമെന്താണ്? നിങ്ങളെക്കാൾ കേമന്മാർ ആരാണ് ഇതിനകത്തുള്ളത്? നിങ്ങൾ അവിടെ ഇരുന്നോളൂ. പക്ഷേ ഈ പണി ചെയ്യുന്നതിൽ നിന്ന് പിൻമാറണമെന്ന് മാത്രമേ ഞങ്ങൾക്ക് പറയാനുള്ളൂ. ഇത്തരത്തിലൊക്കെയുള്ള ധാരാളം പ്രശ്നങ്ങൾ വരികയാണ്. ഇതിന്റെ വല്ല ആവശ്യവുമുണ്ടോ? ഒരു ജില്ലയിൽ പത്തോ ആയിരമോ ആയിരത്തഞ്ഞൂറോ സംഘമുണ്ട്. അവയിൽ കടലാസ്സ് സംഘങ്ങളാണ് കൂടുതലും. നിങ്ങൾ അതിലെല്ലാം മെമ്പർമാരാക്കിയില്ലേ? ഇടതുസംഘങ്ങൾ മാത്രം മതിയെന്നുള്ള അതായത് ജില്ലാ സഹകരണ ബാങ്കിൽ പണം നിക്ഷേപിക്കുന്നവരും അവിടന്ന് ലോൺ എടുക്കുന്നവരുമായ ആ വ്യവസ്ഥപ്രകാരമുള്ളവർ മാത്രം മതി. ചിലപ്പോൾ ചില ജില്ലകളിൽ എൽ.ഡി.എഫ്-നും ചിലയിടത്ത് യു.ഡി.എഫ്.-നും ഭൂരിപക്ഷമുണ്ടാകുമെന്നുള്ളത് ഞാൻ സമ്മതിച്ചു. എന്നാൽ ഒരു കാര്യം ചെയ്യാമായിരുന്നല്ലോ; നിങ്ങൾ അധികാരത്തിൽ വരുമ്പോൾ കുറെ കേന്ദ്ര സംഘങ്ങളെ ഉണ്ടാക്കിയാൽ മതിയായിരുന്നല്ലോ? ഈ കടലാസ്സ് സംഘത്തെ ഉണ്ടാക്കേണ്ടായിരുന്നില്ലല്ലോ. അതല്ലേ കുറച്ചുകൂടി ബുദ്ധി? നിങ്ങളുടെ കുറെ കേന്ദ്ര സംഘങ്ങളെ ഉണ്ടാക്കുക. എന്റെ നാട്ടിലെ പ്രസിദ്ധമായ പുറക്കാട്ട് പഞ്ചായത്തിൽ ഇപ്പോഴും പ്രൈമറി ബാങ്ക്

ഇല്ല. ഞാൻ നോക്കിയിട്ടും ആ ബാങ്ക് ഉണ്ടാക്കാൻ പ്രാപ്തരായ ആരും അവിടെ ഇല്ല. അങ്ങനെ കുറെ പഞ്ചായത്തൊക്കെയുണ്ടാകും. വലിയ ഏരിയകളൊക്കെ വിഭജിക്കാം. അങ്ങനെ വേണമെങ്കിൽ നിങ്ങൾക്ക് നല്ല സദ്ബുദ്ധിയോടുകൂടി ചെയ്യാം. നിങ്ങളുടെ കൂട്ടത്തിൽ എല്ലായിടത്തും എത്രയോ നല്ല സഹകാരികളുണ്ട്. എൽ.ഡി.എഫ്.-ൽ ഒരുപാട് നല്ല സഹകാരികളുണ്ട്. മോശം സഹകാരികൾ എല്ലായിടത്തുമുണ്ട്. അവരെ യൊക്കെ നമ്മൾ തിരുത്തണം. അങ്ങനെയൊക്കെ ചിന്തിക്കാതെ കടലാസ്സ് സംഘങ്ങളുണ്ടാക്കി മെമ്പർഷിപ്പ് കൊടുത്ത് ഒന്നൊഴികെയുള്ള എല്ലാ ജില്ലാ ബാങ്കും പിടിച്ചതുകൊണ്ട് കോൺഗ്രസ്സുകാർക്ക് വല്ല പ്രയോജനവുമു ണ്ടായോ? അങ്ങനെയാണെങ്കിൽ എല്ലായിടത്തും നിങ്ങൾ ജയിക്കണമായിരു ന്നല്ലോ? ജയിച്ചില്ല. അപ്പോൾ അതുകൊണ്ടൊന്നും ഇലക്ഷന് ജയിക്കില്ല. സഹകരണ ബാങ്ക് പിടിച്ചതുകൊണ്ടോ സഹകരണ ബാങ്കിൽ കൃത്രിമം കാണി ച്ചതുകൊണ്ടോ ഒന്നും ഇലക്ഷനെയൊന്നും ഇത് ബാധിക്കുന്ന കാര്യമല്ല. ചിലപ്പോൾ ജനങ്ങൾ എതിരായി വോട്ട് ചെയ്യുമോ എന്നുള്ളതാണ് നമ്മൾ കാണേണ്ടത്. അതൊന്നുമല്ല ഇവിടത്തെ പ്രശ്നം. അത്തരം രാഷ്ട്രീയമായ, സങ്കുചിതമായ ലക്ഷ്യങ്ങൾ എന്തിനുവേണ്ടിയാണ്? അതിന്റെ ഫലമായി കടലാസ്സ് സംഘങ്ങൾ വന്ന് അഫിലിയേഷൻ നടത്തി, അങ്ങനെ പ്രശ്നമുണ്ടാ യിക്കഴിഞ്ഞു. ഇനി ആർക്ക് വേണമെങ്കിലും മെമ്പറാകാം, സഹകരണ മേഖലയിൽ ഒന്നും ചെയ്യേണ്ട, ഏത് കള്ളപ്പണക്കാരനും കരിഞ്ചന്തക്കാരനും ബ്ലേഡ് കമ്പനിക്കാരനും മെമ്പറാകാം എന്ന സ്ഥിതിയാണ്. ബ്ലേഡ് കമ്പനിയെ നിങ്ങൾ ഇപ്പോൾ 'ഓപ്പറേഷൻ കുബേര'-യിലൂടെ പിടിച്ചു കൊണ്ടിരിക്കുകയാണ്. ആ പേരിന്റെ യുക്തിരാഹിത്യത്തെപ്പറ്റി ഞാൻ

ബഡ്ജറ്റ് പ്രസംഗത്തിൽ പറയാനായി വച്ചിരിക്കുന്നതുകൊണ്ട് ഇപ്പോൾ പറയുന്നില്ല. പക്ഷേ മുഖ്യമന്ത്രിക്ക് ഒരു സുഹക്കേട് – 'അതിവേഗം ബഹുദൂരം'. എന്നാൽ ആഭ്യന്തര മന്ത്രിക്കും വേറൊരു രോഗം – 'ഓപ്പറേ ഷൻ കുബേര'. ആയിക്കോട്ടെ. പക്ഷേ നിങ്ങൾ 'ഓപ്പറേഷൻ കുബേര' നടത്തി അവിഹിതമായി പണം ശേഖരിച്ച് അനധികൃതമായി പലിശയ്ക്ക് കൊടുത്ത കൊള്ളക്കാരെ പിടിക്കുന്നുവെന്ന ഭാവത്തിൽ കുറെ കാര്യങ്ങൾ ചെയ്യുമ്പോൾ ഇവിടെ പാവപ്പെട്ടവരുടെ സഹകരണസംഘം, ജനങ്ങളുടെ സഹകരണ സംഘങ്ങൾ കള്ളപ്പണക്കാർക്ക് തുറന്നുകൊടുക്കുകയാണ്. ഇത് രണ്ടും ഒരേ ഗവൺമെന്റാണ് ചെയ്യുന്നത്. ഇത് തമ്മിൽ എങ്ങനെയാണ് താരതമ്യപ്പെടുത്തുന്നത്? നിങ്ങളുടെ കൂട്ടത്തിൽ വളരെ ചിന്താശക്തിയുള്ള ആൾക്കാരുണ്ട്. ആ ചിന്താശക്തിയും ബുദ്ധിയും കൂടി പ്രയോഗിക്കാതെ രാഷ്ട്രീയമായി നിലനിൽക്കാൻ കഴിയില്ല. ഇതൊക്കെ വളരെ സീരിയസ്സായി ആലോചിക്കണം. അതുകൊണ്ട് ഈ ഭേദഗതി സഹകരണ മേഖലയെ തകർക്കുന്നതും സാമൂഹികവിരുദ്ധന്മാരെയും കള്ളപ്പണക്കാരെയും ബ്ലേഡ് കമ്പനിക്കാരെയും എല്ലാംതന്നെ സഹകരണമേഖലയിൽ കൊണ്ടുവന്ന് സഹകാരികളെ അവിടെ നിന്നും ആട്ടിയോടിക്കുന്നതായിട്ടുള്ള ഒരു പ്രക്രിയ യുടെ ഭാഗമാണ്. കഴിഞ്ഞ ഗവൺമെന്റിനെ സ്വാധീനിച്ചുകൊണ്ട് അങ്ങനെ വരുത്തുന്നതിന് ഇന്ത്യാടിസ്ഥാനത്തിലുള്ള കുത്തകകൾക്കും കോർപ്പറേറ്റു കൾക്കും ലക്ഷ്യമുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ സാമ്പത്തിക നയങ്ങളുടെ ഫലമായിട്ടു കൂടിയാണ് ഇന്ത്യയിൽ തിരിച്ചടിയുണ്ടായതെന്ന് ശ്രീ. രമേശ് ചെന്നി

ത്തലതന്നെ പറയുകയുണ്ടായി. ശ്രീ. വയലാർ രവി ഉൾപ്പെടെ നിങ്ങളിൽ പലരും അത് പറയാൻ തുടങ്ങിയിട്ടുണ്ട്. വിലക്കയറ്റത്തെ തടയാൻ കഴിയുന്നില്ല. അതുകൊണ്ടാണ് ഡൽഹിയിൽ പരാജയപ്പെട്ടതെന്ന് ശ്രീമതി സോണിയാ ഗാന്ധിതന്നെ ഒരിക്കൽ പറഞ്ഞു. ഇനി വിശദമായ പരിശോധന വരുമായിരിക്കും. ആരാണ് ഈ സാം പിട്രോഡയെന്ന് ഞാൻ ചോദിച്ചില്ല. എന്ത് കാര്യത്തിനാണ് അയാളെ ഡൽഹിയിൽ കൊണ്ടുവച്ചത്? ആരാണ് ഈ സാം പിട്രോഡ? എല്ലാ കമ്പ്യൂട്ടറും ഇയാളുടെ കൈവശമുണ്ട്. നമ്മുടെ വീട്ടിലെ പിള്ളേർ അതിനേക്കാൾ നല്ലവണ്ണം കമ്പ്യൂട്ടർ കളിക്കുന്നുണ്ട്. അയാൾ എന്തിന്റെയോ പണ്ഡിതനാണെന്നാണ് പറയുന്നത്. അയാൾ നിങ്ങളെ നശിപ്പിച്ചു. പിന്നീട് ഒരാൾ വന്നു, അലുവാലിയ. അലവലാതിയെന്ന് മലയാളത്തിൽ പറയും. ഇപ്പോൾ എവിടെയാണ്; ഈ രണ്ടുപേരും എന്താണ് ചെയ്തത്? നെൽക്കൃഷി കേരളത്തിൽ വേണ്ടായെന്നുപറഞ്ഞ മാന്യനാണ് ഈ അലുവാലിയ. ഇതെല്ലാം അമേരിക്കൻ സി.ഐ.എ.-യുടെ സാങ്കേതികത്വം മനസ്സിലാക്കിക്കൊണ്ടാണ്. ഇതൊക്കെ അമേരിക്കൻ വിദഗ്ദ്ധൻമാരാണ്, അമേരിക്കകാരല്ല. സി.ഐ.എ. എന്നുപറഞ്ഞാൽ സായിപ്പ് മാത്രമല്ല, നമ്മുടെ വേഷത്തിലാണ് അവർ വരുന്നത്. അതാണ് ഇന്ത്യൻ സായിപ്പൻമാരെന്ന് പറയുന്നത്. വെളുത്തവർ പോയി കറുത്തവർ വന്നുവെന്ന് നമ്മൾ പറയില്ലേ. ഇതെല്ലാം എല്ലാവർക്കും ബാധകമാണ്. ഇപ്പോൾ നിങ്ങൾക്ക് ബോദ്ധ്യമാകുമല്ലോ. അലുവാലിയ നിങ്ങളെ രക്ഷിച്ചോ; മൻമോഹൻ സിംഗിനെ വഴിതെറ്റിച്ചില്ലേ; നേരത്തെ പറഞ്ഞ കമ്പ്യൂട്ടർ വിദഗ്ദ്ധൻ നിങ്ങളെ രക്ഷിച്ചോ; ഈ നാട്ടിലെ സാധാരണക്കാർക്ക് അറിയാൻ പാടില്ലാത്ത എന്താണ് അവർക്ക് അറിയാവുന്നത്? വിദഗ്ദ്ധൻമാർ ഇഷ്ടംപോലെയുണ്ടല്ലോ. ഇതെല്ലാം ഒരു നയം നടപ്പിലാക്കാനാണ്. അമേരിക്കയുടെ സാമ്പത്തിക – ഉദാരവൽക്കരണ

നയങ്ങൾ നടപ്പിലാക്കുന്നതിന് കേരളത്തിലെ സഹകരണ പ്രസ്ഥാനം തടസ്സമാണ്. സഹകരണ പ്രസ്ഥാനം കേരളത്തിൽ മാത്രമേയുള്ളൂ. ബംഗാളിൽ ഇതില്ലെന്ന് ഞങ്ങൾ പറഞ്ഞില്ലേ. ബംഗാളിൽ സഹകരണ മേഖലയൊന്നും ശക്തമല്ല. അത് ഞങ്ങൾ അന്നേ പറഞ്ഞു. അത് ഞങ്ങൾക്ക് മാതൃകയല്ല. അത് ഞങ്ങൾ അധികാരത്തിലിരുന്നപ്പോൾ തന്നെ പറഞ്ഞതാണ്. ഒത്തിരി പ്രശ്നങ്ങളും നേട്ടങ്ങളുമൊക്കെയുണ്ടാകും. നമുക്ക് നമ്മുടെ ദൗർബല്യങ്ങളുണ്ടാകും. ഉടനെ അങ്ങനെ രാഷ്ട്രീയമായി ചോദിക്കുവാനല്ല. മാർക്സിസ്റ്റുകാരും കോൺഗ്രസ്സുകാരും തമ്മിലുള്ള പ്രശ്നമല്ല, കേരളമാണ് ഇന്ത്യയുടെ മാതൃക. ആ കേരളത്തിലെ സഹകരണ പ്രസ്ഥാനം വിലക്കയറ്റം തടഞ്ഞു നിർത്തി. ഇവിടെ ആളുകൾ സംസാരിച്ചതല്ലേ, നിങ്ങൾക്ക് അറിയാവുന്നതല്ലേ. ഇപ്പോഴും തടഞ്ഞുനിർത്താം. ആ സഹകരണ മേഖല ഇവിടെയുണ്ടെങ്കിലും ആ സഹകരണ മേഖല നിങ്ങളെ ഏൽപ്പിച്ച ആളുകൾ ശരിയല്ല. നിങ്ങൾ ഓരോന്ന് ഏൽപ്പിച്ചിട്ടില്ലേ, അവരൊന്നും ശരിയല്ല. എല്ലാവരുമല്ല, പലരും ശരിയല്ല. ഒരു വിദ്വാനെപ്പറ്റി ഞാൻ പറയാം. സംസ്ഥാന കാർഷിക വികസന ബാങ്കിന്റെ ചെയർമാൻ, പേരൊന്നും ഞാൻ പറയുന്നില്ല. എനിക്ക് പരിചയമുള്ള ആളായിരിക്കാം. ചെയർമാൻ, നിരന്തരം ഗുരുതരമായ ചട്ടലംഘനം നടത്തുകയാണ്. നിങ്ങളൊന്ന് സ്റ്റഡി ചെയ്ത് നോക്കൂ. അവിടെനിന്ന് പി.എസ്.സി.-ക്കുവിട്ട പോസ്റ്റിൽ 9 പേരെ നിയമിച്ചിരിക്കുകയാണ്. അവിടെ സമരം നടക്കുകയാണ്. ഇത് ഇന്നലെ തന്ന മറുപടിയാണ്. (മറുപടി ഉയർത്തിക്കാണിച്ചു.) അത് ഞാൻ ഉദ്ധരിക്കുകയാണ്. ഒരാളെ നിയമിക്കുകയാണെങ്കിലും ജയിലിൽ പോകേണ്ടേ? He should be arrest..... He should be send to Jail. അതിന് ധൈര്യമുണ്ടോ? പി.എസ്.സി.-ക്കുവിട്ട പോസ്റ്റിൽ

ഗവൺമെന്റിന്റെ സപ്പോർട്ടുകൊണ്ട് അധികാരത്തിൽവന്ന ഒരാൾ ഗവൺമെന്റിന്റെ നയങ്ങൾ നടപ്പിലാക്കുന്നതിനുപകരം..... 1995-ൽ ശ്രീ. എ. കെ. ആന്റണിയല്ലേ വിട്ടത്; ഞങ്ങളല്ലല്ലോ വിട്ടത്. ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുകയാണ്. ഞങ്ങൾ അത് എടുത്തുകളഞ്ഞിട്ടില്ല. ദേവസ്വം ബോർഡിലെ സിവിൽ പോസ്റ്റുകൾ, ഭക്തൻമാരുടെ പോസ്റ്റല്ല....... ഞങ്ങൾ പി.എസ്.സി.-ക്ക് വിട്ടവരാണ്. ഞങ്ങൾ ആ ലൈനിൽത്തന്നെ കൂടുതൽ കൂടുതൽ മേഖലകളിലേയ്ക്ക് പോകുമ്പോൾ നമ്മളെല്ലാം പി.എസ്.സി.-യെ ബഹുമാനിക്കുന്നു. എന്തിനാണ് അവിടെ നിയമനം നടത്തിയത്? അവിടെ ഗസ്റ്റ് റൂം ബോയ്സിന്റെ 9 പോസ്റ്റാണുള്ളത്. അവിടെ 9 ഗസ്റ്റ് റൂമുണ്ടോ? ഉണ്ടെങ്കിൽ അത് പി.എസ്.സി.-ക്കല്ലേ വിടേണ്ടത്; അതിന് ചട്ടമുണ്ടാക്കിക്കൊടുക്കുകയില്ല. എന്തിനാണ് ചട്ടമുണ്ടാക്കിക്കൊടുക്കാൻ താമസിക്കുന്നത്? നിങ്ങൾ അധികാരത്തിൽവന്നിട്ട് മൂന്ന് വർഷമായില്ലേ. എന്താണ് താമസിക്കുന്നത്? ചട്ടമുണ്ടാക്കിയാൽ നിയമനം നടക്കുകയില്ല. അങ്ങനെ ചെയ്തിരിക്കുന്നുവെന്ന് മാത്രമല്ല, അദ്ദേഹം മെമ്പറായിവന്ന നെയ്യാറ്റിൻകര പ്രാഥമിക സഹകരണ കാർഷിക ബാങ്കിന് 16 കോടി രൂപയുടെ കുടിശ്ശികയുണ്ട്. ആ കുടിശ്ശികയുള്ളതുകൊണ്ട് അദ്ദേഹത്തിന് അയോഗ്യത വരാതിരിക്കാൻ വേണ്ടി ചെയ്യുന്നതാണ്. എന്തായാലും കോ-ഓപ്പറേറ്റീവ് രജിസ്ട്രാറെ ഇവിടെ കാണുന്നില്ല. പുറകിലെങ്ങാനും മാറിയിരിക്കേണ്ടയാളല്ല അദ്ദേഹം മുമ്പിലാണ് ഇരിക്കേണ്ടത്. വരാതിരിക്കുന്നത് നല്ലതാണ്. കേട്ടാൽ അദ്ദേഹത്തിന് മനസ്സിലാവുകയുമില്ല. ഒരു വർഷത്തേയ്ക്ക് ഈ അയോഗ്യന് എക്സംപ്ഷൻ കൊടുത്തു. മാർച്ച് 30-ന് അയോഗ്യനെ യോഗ്യനാക്കി ഓർഡറിന്റെ കാലാവധി കഴിഞ്ഞിട്ട് പിന്നെ എന്ത് ചെയ്തുവെന്ന് വ്യക്തമല്ല. ഇതിന്റെ

എന്തെങ്കിലും ആവശ്യമുണ്ടോ; കോൺഗ്രസ്സിൽ യോഗ്യന്മാരായ ആൺപിള്ളേരില്ലേ? പ്രസിഡന്റായി കൊടുത്തുകൂടേ? പെൺപിള്ളേരുമുണ്ട്. ആൺപിള്ളേരെന്ന് പറഞ്ഞാൽ പെൺപിള്ളേരെന്നുകൂടിയാണെന്ന് ഞാൻ പറയുകയാണ്. ഉണ്ണിയാർച്ചയുടെയൊക്കെ നാടല്ലേ? ഉണ്ണിയാർച്ചയല്ലേ ഫൈറ്റ് ചെയ്തത്. ഭർത്താവിനെക്കൂടി രക്ഷിച്ചത്? നിയമത്തിൽ അങ്ങനെയേ പറയുകയുള്ളൂ. അങ്ങനെ പറഞ്ഞാലും ഇങ്ങനെയായിരിക്കം എഴുതിവയ്ക്കുമെന്ന് പറഞ്ഞതുപോലെ ഞാൻ പറഞ്ഞെന്നേയുള്ളൂ. ഞാൻ പറഞ്ഞ പ്രശ്നം, നിങ്ങൾക്ക് എത്രയോ ആളുകളുണ്ട്; അയാൾക്ക് കൊടുത്തത് തെറ്റാണ്. ബഹുമാനപ്പെട്ട മിനിസ്റ്റർ ഒപ്പിട്ടിട്ടുണ്ടെങ്കിൽ അത് തെറ്റാണ്. സാധാരണയായി എക്സംപ്ഷന് മിനിസ്റ്റർ ഒപ്പിടമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. രജിസ്ട്രാർമാർ പലതും ചെയ്യും. ഇരിക്കാൻ പറഞ്ഞാൽ കിടക്കും. അത് ഞങ്ങളുടെ കാലത്തല്ല, ഞങ്ങളെയാരെയും കിടത്തിയിട്ടില്ല. ഞങ്ങളുടെ കാലത്ത് അവർക്ക് അഭിമാനവും അന്തസ്സവുമൊക്കെയുണ്ടായിരുന്നു. ഞങ്ങൾക്ക് കുറേ മറുപടിയൊക്ക രജിസ്ട്രാർ തന്നിരുന്നു. എനിക്കുതന്ന മറുപടി തന്നെ എന്ത് അവഹേളനാപരമായതാണ്. ഞാൻ അതൊന്നും കൊണ്ടുവന്നിട്ടില്ല. അതൊക്കെ നമ്മൾ സഹിച്ചു. എന്ത് അധികാരമാണ് രജിസ്ട്രാർക്കുള്ളത്. അതൊന്നും ചെയ്യാൻ പാടില്ല. അവിടെനിന്ന് കാർഷിക വായ്പയൊന്നും ശരിക്ക് കൊടുത്തിട്ടില്ല. ആ ബാങ്ക് കാർഷിക വികസന ബാങ്ക് മാത്രമാണ്. അത് കാർഷിക വികസന ബാങ്കല്ല, കോൺട്രാക്ടർ വികസന ബാങ്കാണ്. കോൺട്രാക്ടർമാർക്കാണ് കൊടുക്കുന്നത്. കാർഷിക വായ്പ എത്ര കൊടുത്തിട്ടുണ്ടെന്ന് അങ്ങ് പരിശോധിച്ച് നോക്കൂ. അവിടെ നിയമലംഘനമാണ് നടത്തിയിരിക്കുന്നത്. ആ നിയമലംഘകരെ വച്ചുകൊണ്ട് നമ്മൾ മുന്നോട്ടുപോകുകയും നിയമാനുസൃതം പ്രവർത്തിക്കുന്ന നമ്മുടെ പ്രൈമറി

ബാങ്കുകളേയും ജില്ലാ ബാങ്കുകളേയുമൊക്കെ ഇങ്ങനെ റിസർവ്വ് ബാങ്കിന്റെ പീഡനംവഴി ബുദ്ധിമുട്ടിക്കുകയും ചെയ്യുന്ന ഈ രീതിക്ക് എന്താണ് പരിഹാരം; അങ്ങേയ്ക്ക് ഇത് പിൻവലിക്കാൻ കഴിയുമോ? ഇപ്പോൾത്തന്നെ പാസ്സാക്കേണ്ടതെല്ലാം മാറ്റിവയ്ക്കുന്നു. ഇപ്പോഴത്തെ രീതിയെക്കുറിച്ച് എനിക്കറിയില്ല. അന്ന് പറ്റുമായിരുന്നു. ഞാൻ ബഹുമാന്യനായ വി. ഡി. സതീശനോട് പറഞ്ഞതാണ്. നല്ലൊരു അവസരമായിരുന്നു. നിയമവുമൊക്കെ അറിയാവുന്ന ആളാണ്. പക്ഷേ ആ ബിൽ അന്ന് മാറ്റിവച്ചത് നിങ്ങളുടെ പൊതുതീരുമാനമായിരിക്കാം. വേണമെങ്കിൽ പാസ്സാക്കാം. അവരുടെ കണ്ണിൽ പൊടിയിട്ടാൽ പോരേ; അതിന് എന്തെങ്കിലും പ്രശ്നമുണ്ടോ; നമ്മളെ പറ്റിക്കാൻവേണ്ടി കൊണ്ടുവന്ന ബില്ലാകുമ്പോൾ നമ്മൾ അവരേയും പറ്റിക്കണ്ടേ? അന്ന് അതിന് സമയം കിട്ടിയില്ല. ഇത് മാറ്റിവയ്ക്കാൻ കഴിയുമോ എന്നതിനെക്കുറിച്ച് എനിക്കറിയില്ല. ഞാൻ ചോദിക്കുന്നു, റിസർവ്വ് ബാങ്കിലിരിക്കുന്നവർക്ക് എന്ത് കാര്യമാണുള്ളത്, കേരളത്തിലെ സഹകരണ ബാങ്കിലേയ്ക്ക് പത്തുപൈസ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടോ; റിസർവ് ബാങ്ക് ഗവർണർ ഇവിടുത്തെ പ്രൈമറി ബാങ്ക് കണ്ടിട്ടുണ്ടോ; എനിക്ക് ചോദിക്കാൻ അധികാരമില്ലേ; ഞാൻ മലയാളിയല്ലേ; ഞാനെന്താ അയാളുടെ പ്രജയാണോ? ഭരണഘടനാ പ്രകാരമുള്ള ജോലിയിൽ ശമ്പളം വാങ്ങിക്കൊണ്ടാണ് ഇരിക്കുന്നത്. അല്ലാതെ ചുമ്മായിരിക്കുകയല്ല. ചോദ്യം ചെയ്യുകതന്നെ വേണം. ഡൽഹിയിലെ അതോറിറ്റികളെയൊന്നും ചോദ്യം ചെയ്യാൻ പാടില്ലായെന്നുള്ളത് തെറ്റാണ്. അവിടെ കിഴക്ക് വനം പ്രദേശത്ത് കൃഷിക്കാരാരും വേണ്ട, മൂന്നുനാല് ഉദ്യോഗസ്ഥൻമാരിരുന്ന് ഓർഡർ ഇറക്കുകയാണ്. കടൽത്തീരത്ത് വീടൊന്നും വയ്ക്കാൻ പാടില്ല, ഓർഡറാണ്. ആരാണ് ഇങ്ങനെയൊക്കെ ഓർഡർ ഇറക്കാൻ പറഞ്ഞത്? ഇതിനൊക്കെ ജനങ്ങൾ കലാപം നടത്തുന്ന

കാലം വരും. ഈ നിയമസഭയുള്ളതുകൊണ്ടാണ് കലാപം നടക്കാത്തത്. ഈ നിയമസഭ അർത്ഥശൂന്യവും വെറും വാചകമടിയുടെ കേന്ദ്രവുമാണെന്ന് കണ്ടാൽ ഇവിടെ കലാപങ്ങൾ നടക്കും. ജനങ്ങൾ ഇതൊന്നും അംഗീകരി ക്കുകയില്ല. ഇല്ലെങ്കിൽ വർഗ്ഗീയ ശക്തികൾ കൊടി കുത്തും, സൂക്ഷിക്കണം. ഇത് വളരെ ഗൗരവമായി എടുക്കണം. മാറ്റിവയ്ക്കാൻ കഴിയുമോയെന്ന് അങ്ങ് ആലോചിക്കണം. ഞാൻ പറഞ്ഞ് പോയതുകൊണ്ട് പാസ്സാക്കിയേ പറ്റൂ വെന്ന് വാശിപിടിക്കുകയാണെങ്കിൽ നിങ്ങൾ പാസ്സാക്കിക്കോളൂ. മറ്റുള്ളവരു കൂടി സംസാരിക്കുന്നത് കേട്ടുനോക്കൂ. ഇനി ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായരും ശ്രീ. എ. കെ. ബാലനുമൊക്കെ സംസാരിക്കാനുണ്ട്. അപ്പുറത്തുനിന്ന് ബഹുമാനപ്പെട്ട വി. ഡി. സതീശനും സംസാരിക്കാനുണ്ട്. ഞാനൊരു രാഷ്ട്രീയവും പറഞ്ഞില്ല. ഞാൻ പറഞ്ഞത്, അധികാരമുള്ളപ്പോൾ ഇത് കാണിക്കേണ്ടിയിരുന്നില്ലേ. ഇപ്പോൾ നിങ്ങൾക്ക് തിരുത്താനും പറ്റുന്നില്ല. നമുക്ക് ഒരുമിച്ച് തിരുത്താൻ പറ്റുമോയെന്നുള്ളത് നോക്കാം. ഞാൻ കൂടുതൽ സംസാരിക്കുന്നില്ല. കൂടുതൽ സംസാരിച്ചിട്ട് വലിയ കാര്യമൊന്നു മില്ല. ബഹുമാനപ്പെട്ട മിനിസ്റ്ററോട് ഞാനൊരു കാര്യംകൂടി പറയാം. അഴിമതിക്കെതിരെ നടപടിയെടുത്ത ഒരുപാട് പേരെ അന്വേഷണം പൂർത്തിയാ ക്കുന്നതിനുമുമ്പ് നിങ്ങൾ തിരികെകൊണ്ടുവന്നു. ഇടതുപക്ഷക്കാരനായ ഒരു ബാങ്ക് സെക്രട്ടറിയെ സസ്പെന്റ് ചെയ്തു. അയാളേയും നിങ്ങൾ തിരിച്ചു കൊണ്ടുവന്നു. എന്തെങ്കിലും കാര്യമുണ്ടോ? എന്ത് കാര്യത്തിനാണ്? അയാൾ ഞങ്ങളുടെ ജില്ലയിലുള്ളതാണ്. പേരൊന്നും ഞാൻ പറയുന്നില്ല. അയാൾ എൽ.സി. മെമ്പറായിരുന്നു. വേണ്ടാധീനം കാണിച്ചു. ഞങ്ങൾ സെക്രട്ടറിയെ സസ്പെന്റ് ചെയ്തു. പുതിയ നിയമപ്രകാരം ജയിലിൽ അടയ്ക്കാം. എന്റെ

സഖാവായതുകൊണ്ട് ഞാൻ അടച്ചില്ല. ജയിലിൽ വേണമെങ്കിൽ അടയ്ക്കാം. ഞാൻ കണ്ടുപിടിച്ചതല്ല.

ഞാൻ കണ്ടു പിടിച്ചതല്ല, ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് അന്വേഷണം നടത്തി കണ്ടുപിടിച്ച കുറ്റമാണ്. ഇരുപത്തിമൂന്ന് കോടി രൂപ, പതിനഞ്ച് വർഷം കൊണ്ട് ആ പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് കുറഞ്ഞ പലിശയിൽ കാർഷിക വായ്പയായി കൊടുത്തത് ആർക്കാണ്? വൻകിട മീൻകച്ചവടക്കാർക്കും കോൺട്രാക്ടർമാർക്കുമാണ്. അവർ ബിസിനസ്സ് നടത്തി ലാഭം ഉണ്ടാക്കി, പതിനഞ്ച് വർഷവും ഇത് തുടർന്നു. ഞങ്ങൾ ഇത് കണ്ടുപിടിക്കുകയും അയാളെ സസ്പെന്റ് ചെയ്യുകയും ചെയ്തു. നിങ്ങൾ വന്ന മൂന്നാമത്തെ മാസം നിങ്ങളുടെ ഒരു നേതാവിന്റെ സഹായത്തോടുകൂടി അയാൾ തിരിച്ചുവന്നു. ഞാൻ വേണമെങ്കിൽ എഴുതി തരാം. ജില്ലാ സഹകരണ ബാങ്കിൽ കള്ള ചെക്കുണ്ടാക്കി പൈസ തട്ടിയ ഒരാളെ ഞങ്ങൾ സസ്പെന്റ് ചെയ്തു, നിങ്ങൾ അയാളെ ജനറൽ മാനേജരാക്കി. ഇതൊന്നും വ്യക്തികളെപ്പറ്റി പറയുന്നതല്ല. എന്റെ പാർട്ടിയിൽപ്പെട്ട ലോക്കൽ കമ്മിറ്റി മെമ്പർ തെമ്മാടിത്തരം കാണിച്ചപ്പോൾ ഞാൻ അയാളെ സസ്പെന്റ് ചെയ്തില്ലേ? ശ്രീ. ഉമ്മൻ ചാണ്ടി അത് സമ്മതിച്ചതാണ്. കുട്ടനാട്ടിലെ കുപ്പപ്പുറം കോ-ഓപ്പറേറ്റീവ് ബാങ്ക് ഞാനല്ലേ പിരിച്ചു വിട്ടത്? പിന്നെ നിങ്ങൾ ഒന്നും ചെയ്തില്ല. അന്നത്തെ റവന്യൂ വകുപ്പുമന്ത്രി വീമ്പടിച്ചു, ഞങ്ങൾ ആ ഭൂമിയെല്ലാം കൃഷിക്കാർക്ക് തിരിച്ചുകൊടുക്കുമെന്ന്. അദ്ദേഹം ഇന്ന് റവന്യൂ വകുപ്പുമന്ത്രിയല്ല. എന്താണ് ഇതുവരെയും തിരിച്ചു കൊടുക്കാത്തത്? നിങ്ങളുടെ ഡി.സി.സി. പ്രസിഡന്റ് പറഞ്ഞത്, ഡി.സി.സി. എന്നൊരു സ്ഥാപനം ഉണ്ടെങ്കിൽ ഇപ്പോൾതന്നെ തിരിച്ചുകൊടുക്കുമെന്ന്. സ്ഥാപനവും ഉണ്ട്. ഇപ്പോഴത്തെ പ്രസിഡന്റും അദ്ദേഹം തന്നെയാണ്. ഞങ്ങൾ രാഷ്ട്രീയം

നോക്കിയിട്ടില്ല എന്നാണ് നിങ്ങൾ പറയുന്നത്. ഇത്രയും കാലം ഞാൻ നോക്കിയിട്ടില്ല. ഞങ്ങളിൽ ആർക്കും അക്കാര്യത്തിൽ ഒരു തർക്കവുമില്ല. സഹകരണ പ്രസ്ഥാനത്തിൽ ധാരാളം അഴിമതി നടക്കുകയാണ്. സഹകരണ സ്ഥാപനങ്ങളിൽ 22 പോസ്റ്റുകൾ നിങ്ങൾ പി.എസ്.സി. വഴിയല്ലാതെ സ്ഥിര നിയമനം നടത്തി. ആകെ പി.എസ്.സി. വഴി 79 നിയമനങ്ങളാണ് നടത്തിയത്. നൂറുക്കണക്കിന് പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. കാർഷിക സഹകരണ ബാങ്കിൽതന്നെ മുന്നൂറിലേറെ പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഇവയൊന്നും പി.എസ്.സി.-ക്ക് വിടുന്നില്ല. ചട്ടം ഉണ്ടാക്കാതെ ഇടയ്ക്കിടയ്ക്ക് ആളുകളെ നിയമനം നടത്തുകയാണ് ചെയ്യുന്നത്. സഹകരണ പ്രസ്ഥാനം ചട്ടം കൊണ്ടുവന്നില്ലെങ്കിൽ ഗവൺമെന്റിന് ഭേദഗതി കൊണ്ടുവരാമായിരുന്നു. ഒരു കോ-ഓപ്പറേറ്റീവ് ബാങ്ക് മന:പൂർവ്വം ചട്ടം ഉണ്ടാക്കാൻ കാലതാമസം വരുത്തുന്നെങ്കിൽ ഗവൺമെന്റിന് ചട്ടം ഉണ്ടാക്കാമല്ലോ? നിങ്ങൾ അങ്ങനെ കൊണ്ടുവരുന്നില്ല. ഇനി കൊണ്ടുവരാൻ ആലോചിച്ചുകൂടേ? ചട്ടം ഉണ്ടാക്കാൻ ഗവൺമെന്റിന് അധികാരമുണ്ട്. ദേവസ്വം ബോർഡിൽ അങ്ങനെയല്ലേ ചെയ്യുന്നത്? അവർ ഉണ്ടാക്കിയതുപോലെ നമുക്കും ഭേദഗതി ഉണ്ടാക്കാം. ഇതിനെല്ലാം മാറ്റം വരണം. സ്ഥിര നിയമനം നടത്തിയത് കുറ്റകരമാണ്, ആ 22 പേരെയും പിരിച്ചുവിടണം. ഇത്ര പേരെയും നിയമിച്ച ജനറൽ മാനേജരെ സസ്പെന്റ് ചെയ്യണം, പ്രസിഡന്റിനെ നീക്കം ചെയ്യണം. ഔദ്യോഗികമായ സംവരണം അടിസ്ഥാനപ്പെടുത്തി നടത്തുന്ന നിയമനങ്ങൾ ഭരണഘടനയെ വെല്ലുവിളിക്കുന്നതും ഭരണഘടനാ കുറ്റവുമാണ്. അതിന് കൊടുക്കാവുന്ന ശിക്ഷ ഈ ബാങ്ക് ഭാരവാഹികൾക്ക് കൊടുക്കാൻ അങ്ങ് തയ്യാറുണ്ടോ? 336 പേരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ

നിയമിച്ചിട്ടുണ്ട്. സഹകരണ സംഘത്തിൽ കരാർ അടിസ്ഥാനത്തിലുള്ള നിയമനമേ ഉദ്ദേശിക്കപ്പെടുന്നില്ല. സഹകരണസംഘം അല്ലാത്തതുകൊണ്ട് 'കേപ്പ്-ൽ' നടത്താം, അത് സഹകരണ വകുപ്പിന്റെ സ്ഥാപനമാണ്. യോഗ്യ തയുണ്ടോ എന്ന് മാത്രം നോക്കിയിട്ട് മിനിസ്റ്റർക്ക് നേരിട്ട് നടത്താം. ഒരാളിനും ചോദ്യം ചെയ്യാൻ സാധിക്കില്ല. ഞാനും അങ്ങനെ നടത്തിയിട്ടുണ്ട്. കരാർ നിയമനം വഴി വരുന്നവർ ടെസ്റ്റെഴുതി പ്യൂണായി കയറുന്നു. അതുകഴിഞ്ഞ് എലിജിബിളായി ക്ലാർക്ക് പോസ്റ്റിൽ ടെസ്റ്റ് എഴുതും. ടെസ്റ്റ് എഴുതി കഴിഞ്ഞ് ബോർഡിനുള്ള 20 മാർക്കിൽ 19 മാർക്കും വാങ്ങും. ഇതാണോ സഹ കരണം? നമ്മൾ ഇതിനൊന്നും കൂട്ട് നിൽക്കേണ്ട കാര്യമില്ല. അതുകൊണ്ട് 22 സ്ഥിര ജീവനക്കാരെയും 336 കോൺട്രാക്ട് ജീവനക്കാരെയും പിരിച്ചുവി ടണം. നടത്തിയവരുടെ പേരിൽ നടപടി എടുക്കണം. അങ്ങനെ സഹകരണ പ്രസ്ഥാനം മുകളിൽ നിന്നുള്ള റിസർവ്വ് ബാങ്കിന്റെയും താഴെനിന്ന് നബാർഡി ന്റെയും അടികൊണ്ട് തളരുമ്പോൾ അഴിമതി കൊണ്ട് അതിനകം കൂടി....., Worm in the Apple എന്നൊരു ഇംഗ്ലീഷ് സിനിമയുണ്ട്. ആപ്പിളിനകത്തെ പുഴു, വെളിയിൽ നോക്കിയാൽ കാണില്ല. ഇത്തരം ഭാരവാഹികൾ ആപ്പിളിന കത്തെ പുഴുക്കളാണ്. അവസാനം പുഴുത്തു നാശമായി മാറുമ്പോൾ മാത്രമേ നാം അറിയുകയുള്ളൂ. അങ്ങ് ഇതൊക്കെ പരിശോധിക്കുന്നത് നല്ലതാണ്. അതുപോലെയാണ് കോ-ഓപ്പറേറ്റിവ് മെഡിക്കൽ കോളേജും വേണ്ടെന്നു വച്ചത്. ഞാനിപ്പോൾ തിരിച്ചെടുക്കണമെന്ന് പറയുകയല്ല. ജസ്റ്റിസ് കൃഷ്ണ യ്യർ ഈ മെഡിക്കൽ കോളേജ് ഉണ്ടാക്കിയതിൽ എന്തെങ്കിലും പങ്കുണ്ടോ? മെഡിക്കൽ കോളേജ് ഉണ്ടാക്കിയത് ശ്രീ. എസ്. ശർമ്മയുടെ കാലത്താണ്. ജസ്റ്റിസ് കൃഷ്ണയ്യർ പറഞ്ഞാൽ ഉടനെ തിരിച്ചു കൊടുക്കേണ്ട ആവശ്യ

മുണ്ടോ? സാനു മാസ്റ്റർ പറഞ്ഞാൽ ഉടനെ തിരിച്ചു കൊടുക്കണമോ? ഗവൺമെന്റ് കൊടുത്തതിനെ ഞാൻ എതിർക്കുന്നില്ല. പക്ഷേ, ഇത് നമ്മുടെ സഹകരണ പ്രസ്ഥാനത്തിന്റെ പേരിൽ ലോകത്തെ ഞങ്ങൾ പ്രഖ്യാപിക്കുന്ന തായിരുന്നു. കേരളത്തിൽ സഹകരണ മേഖലയിൽ മെഡിക്കൽ കോളേജു ണ്ട്, എം.ബി.എ. ഇൻസ്റ്റിറ്റ്യൂട്ടുണ്ട്, ബി.എസ്.സി. നഴ്സിംഗ് കോളേജുണ്ട്. പ്രൊഫഷണൽ മേഖലയിൽ പോലും ഈ ഖ്യാതി പോകുന്നതാണ് പ്രശ്നം. ഗവൺമെന്റിന് ഏത് സ്ഥാപനത്തെയും ഏറ്റെടുക്കാം. പക്ഷേ നിങ്ങൾ ആരോ ടെങ്കിലും ചർച്ച ചെയ്തോ? ആരോടെങ്കിലും പറഞ്ഞാൽ ഇത് എടുക്കുന്നതാണോ? പ്രസ്താവനകൾ വഴിയാണോ സ്ഥാപനങ്ങൾ ഏറ്റെടു ക്കുന്നത്. എത്ര വലിയ ആളുകളായാലും ഞാനതിനൊന്നും വഴങ്ങുകയില്ല, ബന്ധപ്പെട്ടവരോട് ചോദിക്കും, പൊളിറ്റിക്കലായി തീരുമാനിക്കും. ഇങ്ങ നെയാണെങ്കിൽ പരിയാരം കോളേജും കോ-ഓപ്പറേറ്റീവ് എഞ്ചിനീയറിംഗ് കോളേജും പോകും. പുന്നപ്രയിലുള്ള എം.ബി.എ. ഇൻസ്റ്റിറ്റ്യൂട്ടും ബി.എസ്. സി. നഴ്സിംഗ് കോളേജും പോകും. പ്രൈമറി ബാങ്കിനെ നാഷണലൈസ് ചെയ്യുന്നതിനു പകരം മറ്റൊരു തരത്തിൽ നശിപ്പിച്ചാൽ സഹകരണ മേഖല യിൽ എന്തുണ്ടാകും? എന്താണ് ഇതിനെക്കുറിച്ചുള്ള കൺസെപ്റ്റ് എന്ന് വ്യക്തമാക്കണം. മംഗല്യ സൂക്ത സഹകരണ സംഘത്തിൽ ഞാൻ പ്രസി ഡന്റായിരുന്നു. അതിന്റെ ഹെഡ്ക്വാർട്ടേഴ്സ് ആലപ്പുഴയിലായിരുന്നു. സാമ്പ ത്തികമായി പിന്നോക്കം നില്ക്കുന്ന പെൺകുട്ടികൾക്ക് നാല് ശതമാനം പലിശ നിരക്കിൽ പണം സ്ത്രീധനം വാങ്ങാതെ കല്യാണം കഴിക്കുന്ന എസ്റ്റാബ്ലിഷ്മെന്റ് ചെലവിന് മാത്രം കെടുക്കും. സദ്യയ്ക്കൊന്നും രൂപ കൊടുക്കില്ല. സഹകരണ സംഘത്തിൽ ലോട്ടറിയിൽ നിന്ന് കിട്ടിയ നല്ലൊരു തുക മൂവായിരത്തോളം പെൺകുട്ടികൾക്ക് കൊടുത്തു. യാതൊരു തരത്തി

ലുള്ള ജാമ്യവുമില്ല. അവിടെ സ്വന്തമായി ഒരു കെട്ടിടം ഉണ്ടാക്കാനുള്ള വഴിയൊക്കെ ആലോചിച്ച് വന്നിരുന്നു. ബഹുമാനപ്പെട്ട അങ്ങ് എന്റെ വീടിന്റെ തെക്കുവശത്ത് വലിയ കൺസ്യൂമർ ഫെഡിന്റെ ബിൽഡിംഗ് ഉദ്ഘാടനം ചെയ്തപ്പോൾ ഈ കെട്ടിടത്തിന്റെ പണിയും ആരംഭിച്ചതാണ്. എന്നാൽ കോൺട്രാക്ടർ ഉപേക്ഷിച്ചു പോയതുകൊണ്ട് പണി നടന്നില്ല. പുന്നപ്രയി ലുള്ള ഒരു സഹകരണ സംഘം അവിടെ ഒരു മുറി തന്നു. ആ സഹകരണ സംഘമാണെങ്കിൽ മുമ്പുള്ള ഡെപ്പോസിറ്റർമാരുടെ രൂപയെല്ലാം തട്ടിയെടു ത്തു. നമ്മുടെ ഒരു ബോർഡിൽ നിന്ന് പൈസ കൊടുത്ത് ഡെപ്പോസിറ്റർമാ രുടെ രൂപയെല്ലാം കൊടുത്ത് നല്ലതുപോലെ കൊണ്ടുവന്നതാണ്. നിങ്ങൾ വന്നപ്പോൾ ആ ബോർഡിനെ പിരിച്ചുവിട്ടു അവിടെ ഒരു കോൺഗ്രസ് പ്രവർത്തകനെ നിയമിച്ചു. അയാൾ ആദ്യം തന്നെ എന്നെയും ഇറക്കി വിട്ടു. ഞാൻ ഒരു മിനിസ്റ്ററായ ആളല്ലേ? ഞാൻ പരാതിക്കും വന്നില്ല. അതിനപ്പു റവും ചെയ്യുന്ന ആളിനെയാണ് നിങ്ങൾ ഏൽപ്പിച്ചത്. നിങ്ങൾ ഏൽപ്പിച്ച വ്യക്തി കോൺഗ്രസ്സുകാരനല്ല, വെറും ഒരു സഹകരണ വിരുദ്ധനാണ്. അയാളുടെ പേരു പറയുന്നില്ല. അതിന്റെ കെട്ടിടം നിർമ്മിക്കാൻ താമസിച്ചു. ഇപ്പോൾ രജിസ്ട്രാറുടെ കത്ത് വന്നിരിക്കുന്നത് പൈസ മുഴുവൻ തിരിച്ചട യ്ക്കണമെന്നാണ്. അത് തിരിച്ചടയ്ക്കേണ്ട പൈസ അല്ല, കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റ് നടത്തിയ ലോട്ടറിയിൽ നിന്നും അവർക്ക് കൊടുത്ത ഗ്രാന്റാണ്. ഇപ്പോൾ അന്വേഷിച്ചപ്പോൾ തുക തിരിച്ച് അടയ്ക്കണ്ട, കെട്ടിടം പണിതാൽ മതിയെന്നാണ് പറഞ്ഞത്. ഈ തുക പിരിച്ചെടുത്തിട്ട് നിങ്ങൾക്ക് എന്ത് നേടാനാണ്? ഇതിനെല്ലാം വലിയ താല്പര്യമാണ്. എന്നാൽ ഇവിടെ നടക്കുന്ന അഴിമതിയൊന്നും കാണുന്നില്ല. ഇങ്ങനെ കേരളത്തിൽ പലയി ടത്തും ഉണ്ടാകും. കക്ഷിരാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ ആരോപണം

വരുമ്പോൾ മന്ത്രിമാർ അതൊന്ന് പരിശോധിക്കണം. ഒരിക്കലും ന്യായവിരുദ്ധമായി സത്യവിരുദ്ധമായി സഹകരണവിരുദ്ധമായി നിലപാട് എടുക്കരുത്. ആ നിലപാടുകൾ എടുക്കുന്നതാണ് സഹകരണ മേഖലയ്ക്കുള്ള കുഴപ്പം. അതോടൊപ്പം ഈ നിയമം കൂടി പാസ്സായി കഴിഞ്ഞാൽ സഹകരണ മേഖല സഹകാരികളുടെ കയ്യിൽ നിന്ന് പോകും. അസോസിയേറ്റഡ് മെമ്പർമാർ മെമ്പർമാരേക്കാൾ ശക്തമാകുന്ന ഒരു സ്ഥിതി വരികയും, ഞാൻ ആദ്യം പറഞ്ഞതുപോലെ കള്ളപ്പണക്കാർ, ചൂതാട്ടക്കാർ, ബ്ലേഡ് കമ്പനിക്കാർ, ടാക്സ് കൊടുക്കാതെ പണം അവിഹിതമായി വച്ചവർ, ഇവരുടെയെല്ലാം ആവാസ കേന്ദ്രമായി മാറും. മംഗളം പത്രത്തിൽ ഒരു എഡിറ്റോറിയലുണ്ട്. കള്ളപ്പണം സഹകരണ സംഘത്തിൽ വച്ചിരിക്കുകയാണ് എന്നും ഇൻകം ടാക്സ് ഓഫീസിൽ നിന്ന് റെയ്ഡ് നടത്താൻ പോകുന്നു എന്നുമാണ് പറയുന്നത്. കള്ളപ്പണം എത്രമാത്രം സഹകരണ സംഘത്തിൽ വയ്ക്കാൻ സാധിക്കും? റെയ്ഡ് നടത്തി അവിടെയുള്ള സഹകാരികളെ ഭയപ്പെടുത്തിയാൽ അവിടെയുള്ള പണമെല്ലാം വെളിയിൽ പോകില്ലേ? അത് പണമെല്ലാം വെളിയിൽ പോകേണ്ട സൂത്രമല്ലേ? ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റുകാർക്ക് നിരങ്ങാനുള്ളതല്ല സഹകരണ സംഘം. ഇൻഡ്യാ ഗവൺമെന്റിന് പൈസയില്ലെങ്കിൽ വാഷിംഗ്ടണിൽ പോയി അവിടെ ഒരു അലുമിനിയം പാത്രവും കൊണ്ട് കുത്തിയിരിക്കാൻ പറയണം. അവിടെ നിന്ന് കാശും കോയിനും, ഡോളറും കിട്ടും. നിങ്ങളാണ് ഇതെല്ലാം കാണിച്ചു കൊടുത്തത്. മോദി ഭരിക്കുമ്പോഴും വ്യത്യാസമൊന്നുമില്ല. മോദിക്ക് ഒന്നും അറിയത്തുമില്ല, അയാൾ പഠിച്ചുവരുന്നതേയുള്ളു. അധികാരത്തിൽ ഇരുന്നപ്പോൾ പ്രത്യേകിച്ച് ഒന്നും ചെയ്തില്ല. പത്രങ്ങൾ വളരെ സപ്പോർട്ടാണ് കൊടുക്കുന്നത്. എന്തോ മഹത്തായ സംഭവമാണ് നടക്കുന്നത് എന്നുള്ള രീതിയിലാണ് പത്രങ്ങളിൽ വാർത്തകൾ വരുന്നത്.

എന്ത് സംഭവമാണ് നടന്നത്? 56 ഇഞ്ചുകാരൻ 31 ശതമാനം വോട്ടോടെ വിജയിച്ചു. ഗോഞ്ച്രിവാൾ ഇപ്പോൾ എവിടെയാണ്? ഇതൊക്കെ വെറും പ്രതിഭാസങ്ങൾ മാത്രമാണ്. ഇവിടെ ജനങ്ങളുണ്ട്, രാജ്യമുണ്ട്, ജനതയുണ്ട്, ഐക്യമുണ്ട്, സഹകരണമുണ്ട്, ഈ രാജ്യത്തിന് സംസ്കാരവും ചരിത്രവുമുണ്ട്. അതിന്റെ ഭാഗമാണ് സഹകരണ സംസ്കാരവും സഹകരണ ചരിത്രവും. അതിൽ റിസർവ്വ് ബാങ്ക് തൊട്ടുകളിക്കരുത്. ആവശ്യമില്ലാതെ പിടിച്ചു കുലുക്കരുത്. ഇത് പറയാൻ അങ്ങ് മുമ്പിൽ നിൽക്കുമോ? ഞങ്ങൾ ശക്തമായി കൂടെ നിൽക്കും. അതുകൊണ്ട് ഈ ഭേദഗതിയെ ശക്തമായി എതിർക്കുന്നു. കഴിയുമെങ്കിൽ നിങ്ങൾ ഇത് മാറ്റിവയ്ക്കുക . ഇതാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. കെ. കെ. നാരായണൻ</u>: സർ, ഞാൻ ഈ ഭേദഗതിയെ പൂർണ്ണമായി എതിർക്കുന്നു. സഹകരണ മേഖലയെ തകർക്കാൻ 'പൊൻമാൻ വേഷം കെട്ടിവന്ന മാരീചനാണ്' ഈ ബില്ല് എന്നാണ് ഞാൻ കണക്കാക്കുന്നത്. ഇപ്പോൾത്തന്നെ ഗവൺമെന്റ് ജില്ലാ ബാങ്കുകളെ തകർത്തുകൊണ്ടിരിക്കുകയാണ്. 'ബാങ്കുകളുടെ ബാങ്കാണ് ജില്ലാബാങ്ക്' എന്നാണ് പറയുന്നത്. ജില്ലയിലെ പ്രൈമറി സഹകരണ സംഘങ്ങൾക്കുമാത്രമെ ജില്ലാ ബാങ്കിൽ അംഗത്വമുണ്ടായിരുന്നുള്ളൂ. ഇത് കേരളത്തിലെ എല്ലാ വിഭാഗത്തിലുംപെട്ട സഹകാരികൾ ഒന്നിച്ചിരുന്ന സഹകരണ കോൺഗ്രസ്സിന്റെ തീരുമാനമാണ്. ആ തത്വമാണ് ഇപ്പോൾ അട്ടിമറിക്കപ്പെട്ടത്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ രാഷ്ട്രീയ താത്പര്യം മാത്രം കണക്കിലെടുത്ത് സഹകാരികളുടെ മനോഹരമായ ഈ കാഴ്ചപ്പാടിനെ അട്ടിമറിക്കാനുള്ള നിലപാടാണ് സ്വീകരിച്ചത്. 30−40 കൊല്ലങ്ങൾക്കുമുമ്പ് ലിക്വിഡേറ്റ് ചെയ്ത

സംഘങ്ങൾക്കുപോലും ഒരു ഉത്തരവിലൂടെ ജീവൻ നല്കി അവർക്കെല്ലാം ജില്ലാ ബാങ്കിൽ വോട്ടവകാശം നല്കി അവരെക്കൊണ്ടുകൂടി വോട്ട് ചെയ്യിച്ച് സഹകരണ ജനാധിപത്യം കശാപ്പുചെയ്ത് സംസ്ഥാനത്തെ മഹാഭൂരിപക്ഷം ജില്ലാ ബാങ്കുകളും സ്വന്തം പാർട്ടിക്കാർക്ക് ഏൽപ്പിച്ചുകൊടുത്ത ഒരു നിലപാടാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ സ്വീകരിച്ചത്. ഇന്നിവിടെ അവതരിപ്പിക്കപ്പെട്ട ഈ നിയമത്തിൽ ജില്ലാ സഹകരണ ബാങ്കിൽ വ്യക്തികളെക്കൂടി അസോസിയേറ്റ് മെമ്പർമാരായി ചേർക്കാൻ വ്യവസ്ഥ ചെയ്യുകയാണ്. അതിനുവേണ്ടിയാണ് 18-ാം വകുപ്പിന്റെ ഒന്നാം ഉപവകുപ്പിന് ഭേദഗതി വരുത്തിക്കൊണ്ട് ഒരു ദേഭഗതി ബിൽ കൊണ്ടുവന്നത്. ജില്ലാ ബാങ്കിന്റെ മൂലധന പര്യാപ്തതയുടെ പേരുപറഞ്ഞാണ് ഇത്തരമൊരു ഭേദഗതിക്ക് ബഹുമാനപ്പെട്ട മന്ത്രി ശ്രമം നടത്തിയത്. നിക്ഷേപകന്റേയും വായ്പാക്കാരന്റേയും കയ്യിൽനിന്ന് ഭീമമായ സംഖ്യ ഷെയറായി പിടിക്കാനുള്ള ഒരു തന്ത്രമാണ് സ്വീകരിക്കാൻ പോകുന്നത്. ഈ സർക്കാർ സഹകരണ രംഗത്ത് നടപ്പാക്കുന്ന കാര്യങ്ങളെല്ലാംതന്നെ സഹകരണസംഘങ്ങളുടെ തകർച്ചയ്ക്ക് വഴിവെയ്ക്കുന്നതായാണ് കാണാൻ കഴിയുന്നത്. കേരളത്തിലെ ഏറ്റവും പ്രബലമായ സഹകരണസംഘങ്ങളെ തകർത്ത് തരിപ്പണമാക്കാൻ, ഈ ആഗോളവത്ക്കരണകാലത്ത് കോർപ്പറേറ്റുകളുടെ താത്പര്യം സംരക്ഷിക്കാനാണ് ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നത് എന്നുതന്നെയാണ് കണക്കാക്കുന്നത്. അതുകൊണ്ട് ഞാൻ ഈ ഭേദഗതിയോട് വിയോജിക്കുകയാണ്. രാജ്യത്തിന്റെ ഫെഡറൽഘടനയെ മാനിക്കാതെ ആഗോളവത്ക്കരണ താത്പര്യത്തെ സംരക്ഷിക്കാൻവേണ്ടി കേന്ദ്രസർക്കാർ ഭരണഘടനാ ഭേദഗതി കൊണ്ടുവന്നു. സംസ്ഥാനങ്ങളുടെ അധികാരം കവർന്നെടുക്കുന്ന സേച്ഛാധിപത്യപരമായ ഈ നിലപാടിന് ചുവടുപിടിച്ച് കേരളത്തിലെ സഹകരണ

നിയമത്തിന് ഭേദഗതി കൊണ്ടുവരാൻ ഗവൺമെന്റ് ശ്രമിച്ചു. ഇതിന്റെ ഫലമായി നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സംഘങ്ങളുടെ പ്രവർത്തന പരിധിയിൽത്തന്നെ സമാന സ്വഭാവമുള്ള ഒന്നിലധികം സംഘങ്ങൾ രൂപീകരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കാൻ ഈ ഗവൺമെന്റ് അവസരമുണ്ടാക്കിക്കൊടുത്തു. മുമ്പ് ഇൻകം ടാക്സ് അടയ്ക്കുന്നതിൽ സഹകരണ ബാങ്കുകൾക്ക് ഗവൺമെന്റ് ഇളവ് നല്കിയിരുന്നു. അതിപ്പോൾ കേന്ദ്ര ഗവൺമെന്റ് അവസാനിപ്പിച്ചിരിക്കുകയാണ്. ആദായ നികുതിവകുപ്പ് നിക്ഷേപകരുടെ പേരും അവരുടെ നിക്ഷേപവും മുൻകാല നിക്ഷേപവും അവർക്ക് കൊടുത്ത പലിശയുമടക്കം ബാങ്ക് നിക്ഷേപങ്ങളെ സംബന്ധിച്ച മുഴുവൻ വിവരങ്ങളും ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. ഇതുമൂലം സഹകരണ ബാങ്കുകൾക്ക് മുമ്പ് ലഭിച്ചിരുന്ന പരിരക്ഷ ഇല്ലാതാകും. ഭീമമായ തുക ആദായ നികുതി അടയ്ക്കേണ്ട ഗതി ബാങ്കുകൾക്ക് വരും. അതിന്റെ ഫലമായി നല്ലരീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണ ബാങ്കുകൾപോലും നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുന്ന സാഹചര്യമുണ്ടാകും. നിക്ഷേപകർക്ക് നികുതി അടയ്ക്കേണ്ടതില്ലെങ്കിലും വരുമാന വിവരവും അതിന്റെ സ്രോതസ്സുമെല്ലാം ബോധ്യപ്പെടുത്തണം. ഇത് ബാങ്കിൽനിന്ന് നിക്ഷേപകരെ അകറ്റാനും ബാങ്കിന്റെ ബിസിനസ്സിനെ സാരമായി ബാധിക്കാനും കാരണമാകുമെന്ന് കണക്കാക്കപ്പെടുന്നു. ഏതാനും മാസങ്ങൾക്കുമുമ്പ് സംസ്ഥാന സർക്കാർ കേരളത്തിലെ സഹകരണ ബാങ്കുകളിലെ മിച്ചഫണ്ട് കവരാൻ ഒരു വലിയ ശ്രമം നടത്തിനോക്കി. ജില്ലാ ബാങ്കുകളിൽ നിക്ഷേപിച്ച പ്രൈമറി ബാങ്കുകളുടെ ഫണ്ട് പിൻവലിച്ച് ട്രഷറിയിൽ അടയ്ക്കാൻ ഈ ഗവൺമെന്റ് നിർബന്ധിക്കുകയുണ്ടായി. സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരെ ഉപയോഗിച്ചാണ് ഭീഷണി ഉൾപ്പെടെയുള്ള ശ്രമങ്ങൾ ഗവൺമെന്റ് നടത്തിയത്. ബാങ്കുകൾക്ക്

ടാർജറ്റ് നിശ്ചയിച്ച് നിക്ഷേപം നടത്താൻ ഡിപ്പാർട്ടുമെന്റ് ആവശ്യപ്പെടുകയും ചെയ്തു. കുറെയേറെ ബാങ്കുകൾ ഇത്തരത്തിൽ നിക്ഷേപം നടത്തിയിട്ടുണ്ടെന്നാണ് കണക്കാക്കുന്നത്. അതിനി തിരിച്ചുകൊടുക്കുന്നത് സർക്കാരിന്റെ സാമ്പത്തികനില മെച്ചപ്പെട്ടാൽ മാത്രമാണ്. അപ്പോൾ ബാങ്കിന്റെ പ്രവർത്തനങ്ങൾക്ക് വലിയ പരിമിതികളും പ്രയാസങ്ങളും ഇതിന്റെ ഭാഗമായി വന്നു ചേരും. സർക്കാരിന്റെ നിക്ഷേപ ഗ്യാരന്റി സ്കീമിൽ പണം നിക്ഷേപിക്കാത്ത ബാങ്കുകളോട് നിക്ഷേപം സ്വീകരിക്കാൻ പാടില്ല എന്ന നിലപാടും ഈ ഗവൺമെന്റ് സ്വീകരിച്ചു. അത് പൂർണ്ണമായി നടപ്പാക്കപ്പെട്ടാൽ നമ്മുടെ സംസ്ഥാനത്തെ 1604 പ്രൈമറി സഹകരണ ബാങ്കുകളിൽ 900-ൽപ്പരം ബാങ്കുകൾക്ക് പ്രവർത്തിക്കാൻ കഴിയില്ല. അവരുടെ പ്രവർത്തനങ്ങൾ അവതാളത്തിലാകും. കാരണം അവർ ഗ്യാരന്റി സ്കീമിൽ നിക്ഷേപിച്ചിട്ടില്ല. അതിനുപുറമെ സഹകരണ സംഘങ്ങൾ ചിട്ടി നടത്തുന്നതിനെ നിയന്ത്രിക്കാനും ഈ ഗവൺമെന്റ് ശ്രമങ്ങൾ നടത്തി. 5 ലക്ഷം രൂപവീതമുള്ള 50 മാസനിക്ഷേപത്തിന് രണ്ടരക്കോടി രൂപ ജില്ലാ ബാങ്കിൽ കെട്ടിവച്ചതിനു ശേഷമേ ചിട്ടി നടത്താൻ പാടുള്ളൂ എന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്. സഹകരണ ബാങ്കുകളുടെ ചിട്ടി പ്രവർത്തനങ്ങളിൽ നടത്തിയ ഇടപെടലിന്റെ ഭാഗമായി സ്വകാര്യ ചിട്ടിക്കമ്പനികൾക്ക് വടവൃക്ഷംപോലെ വളർന്നുവരാൻ സൗകര്യമൊരുക്കിക്കൊടുക്കുകയാണ് ഈ ഗവൺമെന്റ് ചെയ്തത്. സഹകരണ സ്ഥാപനങ്ങളോട് ക്രൂരത കാണിക്കുക, സ്വകാര്യ സ്ഥാപനങ്ങളെ തഴുകി വളർത്താനുള്ള സംവിധാനമുണ്ടാക്കുക - ഇതൊക്കെ കാരണമാണ് സഹകരണ വകുപ്പുമന്ത്രി കൊണ്ടുവന്ന ഈ ബില്ല് 'പൊൻമാൻ വേഷം ധരിച്ച ഒരു മാരീചനാണ്' എന്ന് പറയാൻ കാരണം. ഈ ഗവൺമെന്റ് അധി

കാരത്തിൽ വന്നതുമുതൽ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ തകർക്കാനുള്ള ശ്രമങ്ങളാണ് നടത്തിയത്. തകർന്നുകൊണ്ടിരിക്കുന്ന സഹകരണസംഘങ്ങളെ സംരക്ഷിക്കാനുള്ള ഒരു നിലപാടും സഹകരണവകുപ്പോ ഗവൺമെന്റോ സ്വീകരിച്ചിട്ടില്ല. കേരളത്തിൽ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെ ഭാഗമായിട്ട് ഐക്യനാണ്യസംഘം രൂപീകരിച്ച കാലം മുതൽ കൺസ്യൂമർ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആ സംഘങ്ങളെല്ലാം തകർച്ചയിലാണ്. അങ്ങനെ തകർന്നുകൊണ്ടിരിക്കുന്ന കൺസ്യൂമർ സംഘങ്ങളെ സംരക്ഷിക്കാനുള്ള ഒരു നിലപാടും ഈ ഗവൺമെന്റ് സ്വീകരിക്കുന്നില്ല. രാജ്യത്തിനുതന്നെ മാതൃകയായി സഹകരണമേഖലയിലെ നിക്ഷേപം ഇപ്പോൾ 1,15,000 കോടി രൂപ കഴിഞ്ഞു എന്നാണ് ഞാൻ കണക്കാക്കുന്നത്. ഏറ്റവും കൂടുതൽ നിക്ഷേപ സാധ്യതയുള്ള സംസ്ഥാനത്തെ പ്രൈമറി ബാങ്കുകളെ തകർത്ത് കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക്, പുതിയ തലമുറയിൽപ്പെട്ട വിദേശ ബാങ്കുകൾക്ക് നമ്മുടെ നാട്ടിൽ മേയാൻ അവസരമുണ്ടാക്കിക്കൊടുക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഗ്രാമീണ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ധനകാര്യ സ്ഥാപനമായ സഹകരണ ബാങ്കുകളെ തകർക്കാനുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ജില്ലാ ബാങ്കിൽ വ്യക്തിഗത മെമ്പർഷിപ്പ് കൊടുക്കാൻ വേണ്ടിയാണ് ഇപ്പോൾ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. മൂലധന പര്യാപ്തത കൈവരിക്കാൻ വേണ്ടിയാണ് നാമമാത്ര മെമ്പർഷിപ്പ് കൊടുക്കുന്നത് എന്നാണ് പറയുന്നത്. ഇനി ഒരവസരത്തിൽ നാമമാത്ര മെമ്പർമാർക്കും വോട്ടവകാശം നല്കാമെന്ന് ഗവൺമെന്റ് ഒരു ഉത്തരവ് പുറപ്പെടുവിക്കും. അപ്പോൾ യു.ഡി.എഫ്.-ന് ഇപ്പോൾ പിടിച്ചെടു

ക്കാൻ കഴിയാത്ത ജില്ലാ സഹകരണ ബാങ്ക്കൂടി പിടിച്ചെടുക്കാൻ ഈ അവസരം വിനിയോഗിക്കുകയും ചെയ്യാം.

അപ്പോൾ രാഷ്ട്രീയമായി നല്ല ഗുണം അവർക്ക് ലഭിക്കും എന്നായിരിക്കും പ്രതീക്ഷിക്കുന്നത്. നിങ്ങൾ എല്ലാവരും മനസ്സിലാക്കണം, ഈ ഗവൺമെന്റ് വന്നപ്പോൾ ജില്ലാ സഹകരണ ബാങ്കുകൾ പിടിക്കാൻ സംവിധാനമുണ്ടാക്കി. കേരളത്തിലെ മിക്കവാറും ജില്ലാ സഹകരണ ബാങ്കുകൾ യു.ഡി.എഫ്.-ന്റെ കയ്യിലാണ്. അങ്ങനെ അവർ കൈവശം വച്ചിരിക്കുന്ന ജില്ലാ സഹകരണ ബാങ്കിന്റെ പ്രവർത്തനം പരിശോധിക്കേണ്ടത് ആവശ്യമാണ്. കഴിഞ്ഞ രണ്ടോ നാലോ വർഷം മുമ്പുണ്ടായിരുന്ന അവസ്ഥയിലാണോ ഇന്ന് കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകൾ പ്രവർത്തിക്കുന്നത്? എന്നാൽ ഞാൻ ഇതിൽ നിന്നും മനസ്സിലാക്കുന്നത്, ഇതെല്ലാം പിന്നോക്കം പോയിരിക്കുകയാണെന്നാണ്. അവിടത്തെ ബിസിനസ്സ് കാര്യങ്ങൾ പോലും ശ്രദ്ധിക്കാൻ ആളില്ലാത്ത ഒരവസ്ഥ, അധികാരം കയ്യിലെടുക്കുന്ന യു.ഡി.എഫ്.-ന്റെ നേതാക്കന്മാർക്കൊരു സ്ഥാനം ലഭിക്കണം എന്നതിൽ കവിഞ്ഞ്, കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളെ സംരക്ഷിക്കണം എന്നൊരു തോന്നലുമില്ല. അതിന്റെ ഭാഗമായി നിലവിലുള്ള ജില്ലാ സഹകരണ ബാങ്കുകളുടെ പ്രവർത്തനങ്ങൾ പിന്നോക്കം നിൽക്കുകയാണ്. അത് മുൻകാലങ്ങളിൽ ഫലവത്തായി പ്രവർത്തിച്ചതുപോലെ, ലാഭകരമായി പ്രവർത്തിച്ചിരുന്നുവെങ്കിൽ സി.ആർ.ആർ.-ന്റെ പ്രശ്നം പരിഹരിക്കാൻ ഇങ്ങനെ നാമമാത്രം മെമ്പർമാരെ ചേർക്കുന്നതിനുപകരം അതിന്റെ ലാഭവിഹിതത്തിൽ നിന്നുതന്നെ സംഖ്യ ഉപയോഗിക്കാൻ കഴിയുമായിരുന്നു. അതിൽ ഒരു മാർഗ്ഗം സ്വീകരിക്കാതെ, വായ്പയെടുക്കാൻ പോകുന്ന, നിക്ഷേപം നടത്താൻ പോകുന്ന

സാധാരണക്കാരന്റെ വായ്പാ സംഖ്യയിൽ നിന്നും ഷെയർ പിരിച്ച് നാട്ടുകാരെ പ്രയാസപ്പെടുത്താനുള്ള പദ്ധതിയാണ് ഈ ഗവൺമെന്റ് ആലോചിക്കുന്നത്. കാരണം അവർക്കെല്ലാം വോട്ടവകാശം കൊടുത്തു. അവർ യു.ഡി.എഫ്.-ന് വോട്ട് ചെയ്യുമ്പോൾ ഇപ്പോൾ കിട്ടാത്ത ജില്ലാ ബാങ്കുകളെ കൈവശപ്പെടുത്താൻ പറ്റിയ ഒരു രാഷ്ട്രീയ തന്ത്രമായിരിക്കാം എന്നാണ് ഞാൻ കണക്കാക്കുന്നത്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ തകർക്കാൻ ലക്ഷ്യം വച്ചുകൊണ്ട് ഈ ഗവൺമെന്റിന്റെ ശ്രമത്തിന്റെ ഭാഗമായി കൊണ്ടുവന്ന ഭേദഗതി നിയമത്തോട് ഞാൻ ശക്തമായി വിയോജിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ആദ്യമായി എന്റെ വിയോജനം രേഖപ്പെടുത്തുന്നു. വളരെ നിസ്സാരമായി തോന്നുന്ന രണ്ടാം വകുപ്പിന്റേയും 18-ാം വകുപ്പിന്റേയും 80-ാം വകുപ്പിന്റേയും മൂന്നു ഭേദഗതികളാണ് ഇവിടെ വന്നിട്ടുള്ളത്. 80-ാം വകുപ്പിന്റെ ഭേദഗതി ജില്ലാ സഹകരണ ബാങ്കിലെ ജീവനക്കാരെ സംബന്ധിച്ചുള്ളതാണ്. അതുകൊണ്ട് അത് അംഗീകരിക്കാവുന്നതാണ്. സഹകരണ ബാങ്കുകളിലെ ജീവനക്കാർക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ മറ്റ് സഹകരണ ബോർഡുകളിലെ ജീവനക്കാർക്കുകൂടി extent ചെയ്തുകൊടുക്കണമെന്നുള്ള ഭേദഗതിയാണ്. കൊടുക്കുന്നതിൽ ഒരു കുഴപ്പവുമില്ല, അതിനെ അംഗീകരിക്കാവുന്നതാണ്. മറ്റു രണ്ടു വകുപ്പകളായ 18-ഉം 2-ഉം സംബന്ധിച്ച് പറഞ്ഞാൽ ഒരുപാട് പറയാനുണ്ടാകും. അതുകൊണ്ട് ഞാൻ പറയാൻ ഉദ്ദേശിക്കുന്നില്ല. പറയാത്ത കാര്യം, ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ഇക്കാര്യങ്ങളൊക്കെ അറിയാവുന്ന ഒരാളാണ്. അറി

യാമെന്നുള്ള ആൾ എന്നുമാത്രമല്ല, ഇക്കാര്യങ്ങളൊക്കെ ചെയ്യാനും അറിയാവുന്ന ഒരാളാണ്. പക്ഷെ എന്താണോ എന്തോ ഒരു മൗനം? എന്താണ് കാര്യമെന്ന് എനിക്കറിയില്ല. സഹകരണ പ്രസ്ഥാനം കേരളത്തിൽ എങ്ങനെയാണ് ഉണ്ടായതെന്ന് അദ്ദേഹത്തിന് അറിയാവുന്നതാണ്. പലർക്കും ഇക്കാര്യങ്ങൾ അറിയില്ലെങ്കിൽപ്പോലും അദ്ദേഹത്തിനും എനിക്കും അറിയാവുന്നതാണ്. പരസ്പര സഹായ സംഘങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും സഹായിക്കുക എന്നുള്ളതാണ്. പരസ്പര സഹായ സംഘങ്ങളുടെ തുടക്കം അവിടെയാണ്. ആ പരസ്പര സഹായ സംഘങ്ങളിൽ സെക്രട്ടറിയും പ്രസിഡന്റും ബോർഡുമില്ലാത്ത ഒരു അവസ്ഥയാണ്. സെക്രട്ടറിയും പ്രസിഡന്റും രാവിലെ ഒരു മടിശീലയുമെടുത്ത് കക്ഷത്ത് വച്ച് കൃഷിക്കാരനെ കാണാനാണ് പോകുന്നത്. കൃഷിക്കാരൻ ബാങ്കിൽ പോകുന്നത് പണത്തിനും വിത്തിനും വളത്തിനും കന്നുകാലിക്കും വേണ്ടിയാണ്. ആർക്കാണ് കന്നുകാലികളെ ആവശ്യമുള്ളത്? അങ്ങനെ ആർക്ക് ആവശ്യമുണ്ടെങ്കിലും പണം കൊടുക്കുകയും ഒപ്പിടീക്കുകയുമാണ് ചെയ്യുന്നത്. വിളവെടുക്കുന്ന സമയത്ത് പോയിട്ട് അത് വാങ്ങുക, രസീത് നോക്കുക. ഇങ്ങനെയാണ് തുടക്കം. ആ രീതിയിൽ പരസ്പര സഹായ സംഘങ്ങൾ വിവിധോദ്ദേശ്യ സഹകരണ സംഘങ്ങളായി വളർന്നുവന്നു. ഇതുമാത്രമല്ല പലതിനും വായ്പ കൊടുക്കാം. അതുവരുമ്പോൾ സഹകരണ സംഘത്തിന്റെ ഓഫീസായി, സെക്രട്ടറിയായി. പക്ഷേ സെക്രട്ടറി പെയ്ഡല്ല. ആ രീതിയിൽ വിവിധോദ്ദേശ്യ സഹകരണ സംഘങ്ങൾ വളർന്നു വന്നപ്പോൾ കേരളത്തിൽ ആ രംഗത്ത് ഒരു ഉണർവുണ്ടായി. അപ്പോഴാണ് ഇത് സർവ്വീസ് സഹകരണ സംഘങ്ങളായത്. അത് വളർന്നാണ് സർവ്വീസ് സഹകരണ ബാങ്കുകളായത്. സർവ്വീസ് സഹകരണ ബാങ്കുകളായപ്പോൾ ഡെപ്പോസിറ്റ് വാങ്ങിക്കാം, കടം കൊടുക്കാം. അങ്ങനെ ബാങ്കിംഗ്

സംപ്രദായം ഇതിനകത്ത് വന്നപ്പോൾ വാണിജ്യ ബാങ്കുകൾക്ക് ഇടിവുണ്ടായി. വായ്പ കൊടുക്കുന്നതിൽ വാണിജ്യ ബാങ്കുകളെക്കാളും കുറച്ചാണ് പലിശ വാങ്ങുന്നത്. അതുപോലെ ഡെപ്പോസിറ്റിൽ മറ്റു ബാങ്കുകൾ കൊടുക്കുന്നതി നേക്കാൾ പലിശ കൂടുതലാണ് കൊടുക്കുന്നത്. അപ്പോൾ വാണിജ്യ ബാങ്കുകളിൽ നിന്ന് പലിശയെടുക്കാൻ ആരെങ്കിലും പോകുമോ? അങ്ങനെ സർവ്വീസ് സഹകരണ ബാങ്കിൽ കൃഷിക്കാർ വന്നുതുടങ്ങി. അത് കൃഷിക്കാ രുടെ ബാങ്കാണ്. കൃഷിക്കാർക്കു വേണ്ടി ഉണ്ടാക്കിയ ബാങ്കാണത്. ആ ബാങ്കിൽ കോടിക്കണക്കിന് രൂപയുടെ ഡെപ്പോസിറ്റ് ഉണ്ടായി. അപ്പോൾ റിസർവ്വ് ബാങ്ക്, കേന്ദ്ര ഗവൺമെന്റ് ഇവർക്കൊന്നും അത് പിടിച്ചില്ല. ഈ സഹകരണ പ്രസ്ഥാനം വളർന്നുവന്നാൽ വിണിജ്യ ബാങ്കും കോർപ്പ റേറ്റുകളും വലുതാകുകയില്ല. ഇവരാണ് വരാൻ പോകുന്നത്. ആദ്യം ആദായ നികുതിയാണ് കൊണ്ടുവന്നത്. ഞാൻ എന്റെ രൂപ ഒരു സഹകരണ ബാങ്കിൽ നിക്ഷേപിച്ചാൽ അതിന് ഇന്ററസ്റ്റ് കൊടുക്കേണ്ട. എന്നാൽ മറ്റു ബാങ്കുകൾക്ക് ഇന്ററസ്റ്റ് കൊടുക്കണം. അങ്ങനെ സഹകരണ ബാങ്കുകളിൽ ആദായ നികുതി ഏർപ്പെടുത്തി. പലരും വാണിജ്യ ബാങ്കുകളിൽ പണം നിക്ഷേപിച്ചു. അതു പോലെ സഹകരണ ബാങ്കുകളിൽ ലോൺ കൊടുക്കുന്നതുപോലുള്ള കാര്യത്തിൽ നിയന്ത്രണങ്ങളും ഏർപ്പെടുത്തി. ഞാൻ ഇതു സംബന്ധിച്ച് കൂടുതൽ സംസാരിക്കുന്നില്ല. ഈ രംഗത്തെ വളർച്ച കേന്ദ്ര ഗവൺമെന്റി നേയും റിസർവ്വ് ബാങ്കിനേയും നബാർഡിനേയും കൊണ്ട് പലതും ചെയ്യിപ്പിച്ചു. നബാർഡ് എന്നു പറഞ്ഞാൽ എന്താണ്? നബാർഡ് എന്നു പറഞ്ഞാൽ കൃഷിക്കാരെ സഹായിക്കാനുള്ള ബാങ്കാണ്. ഇത് ഭരണഘടനാ തത്വമല്ല. അത് National Bank for Rural Development എന്നാണ്. എന്നാൽ

ഈ ബാങ്ക് കൃഷിക്കാരെ മാത്രം സഹായിക്കുകയില്ല. എന്നാൽ സഹായിക്കുന്നത് കോൺട്രാക്ടർമാരെ, മറ്റു വിശേഷകരെയൊക്കെ മാത്രമേ സഹായിക്കുകയുള്ളു. ശ്രീ. ജി. സുധാകരൻ പ്രസംഗിച്ചപ്പോൾ കാർഷിക വികസന ബാങ്കിൽ വായ്പ കെടുക്കുന്നില്ല, നബാർഡ് അനുവദിച്ചാലേ വായ്പ കൊടുക്കാൻ പറ്റുകയുള്ളു എന്നുപറഞ്ഞു. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ വായ്പ കൊടുക്കാതെ പല കാരണങ്ങൾ പറഞ്ഞു നിൽക്കും. അതുകൊണ്ടാണ് റിസർവ് ബാങ്കും നബാർഡും ഈ രീതിയിൽ പ്രവർത്തിക്കുന്നത്. ഈ സഹകരണം എല്ലാ രംഗത്തും പോയില്ലേ? ഏതു രംഗത്താണ് പോകാനുള്ളത്. ആതുര ശുശ്രൂഷ രംഗം, ഗതാഗത രംഗം, വിദ്യാഭ്യാസ രംഗം എന്നീ രംഗങ്ങളിൽ എവിടെയൊക്കെ പോകാൻ കഴിയുമോ അവിടെയൊക്കെ പോകും. മാതൃകാപരമായി വിദ്യാഭ്യാസ രംഗത്തും മെഡിക്കൽ രംഗത്തും കേരളത്തിൽ ഒരിടത്തും ഉണ്ടായിട്ടില്ലല്ലോ? ഇപ്പോൾ സഹകരണ മെഡിക്കൽ കോളേജുകൾ പലയിടത്തുമില്ലേ? മറ്റു മെഡിക്കൽ കോളേജുകളെക്കാളും ഏതുരീതിയിലും മുന്നോട്ടു വയ്ക്കുന്ന രീതിയിലുള്ള മെഡിക്കൽ കോളേജുകളുണ്ട്. എനിക്ക് ഒരു കാര്യം സഹകരണ വകുപ്പുമന്ത്രിയോട് പറയാനുണ്ട്, അദ്ദേഹത്തെ ബുദ്ധിമുട്ടിക്കരുത്. ഈ നിയമസഭയിലല്ലാതെ ഒരു നിയമസഭയിൽ ഒരു മന്ത്രിയുടെ വകുപ്പിൽ ചർച്ച നടക്കുമ്പോൾ ആ മന്ത്രിയെ ശല്യപ്പെടുത്തുന്നത്.......... എന്താണിത്. ബഹുമാനപ്പെട്ട ചെയർ എന്താണ് നോക്കിക്കൊണ്ടിരിക്കുന്നത്. ഈ നിയമസഭയിലല്ലാതെ വേറെ എവിടെയെങ്കിലും ഇതുപോലെ നടക്കുമോ?

ശ്രീ. വി. ഡി. സതീശൻ: അങ്ങ് സംസാരിക്കുമ്പോൾ സഹകരണ വകുപ്പു മന്ത്രിയോട് സംസരിച്ചതിൽ ഞാൻ ക്ഷമ ചോദിക്കുന്നു. അങ്ങ് പറഞ്ഞ ഒരു കാര്യത്തിൽ ഫാക്ചൽ എറർ ഉണ്ടോ ഇല്ലയോ എന്ന് മന്ത്രി

യോട് സംശയം ചോദിക്കാൻ ഞാൻ പോയതാണ്. അങ്ങ് പറഞ്ഞ ഒരു കാര്യത്തിൽ ഞാൻ അതിലിടപ്പെട്ടു സംസരിക്കുന്ന ഒരാളാണ്. അങ്ങ് എല്ലാ മര്യാദകളും വിട്ട് ഇത്രയ്ക്ക് പൊട്ടിത്തെറിക്കേണ്ട ആവശ്യമില്ലായിരുന്നു. അതിൽ ഞാൻ ക്ഷമ ചോദിക്കുന്നു. ഞാനും ഈ സഭയിലെ ഒരു മെമ്പർ അല്ലേ.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u>: സർ, ഞാൻ പറഞ്ഞതിൽ എന്തെങ്കിലും ബുദ്ധിമുട്ട് തോന്നിയിട്ടുണ്ടെങ്കിൽ ക്ഷമ ചോദിക്കുന്നു. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുമായി പ്രധാനപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തുകൊണ്ടിക്കുമ്പോൾ അത് കേൾക്കാൻ അനുവദിക്കാതെ ഒരാൾ അവിടെ നിൽക്കുമ്പോൾ സ്വാഭാവികമായും എനിക്ക് തോന്നുന്ന കാര്യങ്ങൾ പറഞ്ഞുവെന്നേയുള്ളൂ. ഞാനങ്ങനെ പറഞ്ഞതിൽ വിഷമം തോന്നിയുട്ടു ണ്ടെങ്കിൽ ക്ഷമിക്കണം.

സഹകരണരംഗം വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നുണ്ട്. അതിലൊന്നാണ് വിദ്യാഭ്യാസരംഗം. സ്വാശ്രയകോളേജുകൾ സ്ഥാപിക്കണമെന്ന ഗവൺമെന്റിന്റെ നയം വന്നപ്പോൾത്തന്നെ സഹകരണ രംഗം അതിലേയ്ക്ക് തിരിഞ്ഞു. സർവ്വീസ് സഹകരണ ബാങ്കുകൾ, ജില്ലാ ബാങ്കുകൾ, സംസ്ഥാന ബാങ്കുകളൊക്കെ ആ രംഗത്തേയ്ക്ക് തിരിഞ്ഞ കൂട്ടത്തിലാണ്. പേരൂർക്കട സർവ്വീസ് സഹകരണ ബാങ്ക് ഒരു നല്ല നഴ്സിംഗ് കോളേജ് നടത്തിക്കൊണ്ടിരിക്കുകയാണ്. ശ്രീ. പിണറായി വിജയൻ സഹകരണ വകുപ്പുമന്ത്രിയായിരുന്ന അവസരത്തിൽ അദ്ദേഹം എൻ.സി. ഡി.സി.-യുമായി ബന്ധപ്പെട്ട് മൺവിളയിൽ 7 ഏക്കറോളം

സ്ഥലമെടുക്കുകയും അവിടെ ഒരു സഹകരണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തിരുന്നു. ശ്രീ. കടകംപള്ളി സുരേന്ദ്രൻ സംസ്ഥാന ബാങ്കിന്റെ പ്രസിഡന്റായപ്പോൾ അതിന് തുടക്കം കുറിച്ചു. ഞാൻ പ്രസിഡന്റായിരുന്നപ്പോൾ അവിടെ 10 കോടി രൂപ ചെലവാക്കി മാതൃകാപരമായി ഒരു എം.ബി.എ. ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങി. പിന്നീട് സഹകരണബാങ്കിന് ഇൻസ്റ്റിറ്റ്യൂട്ട് നടത്താൻ പാടില്ലെന്ന് നബാർഡ് പറഞ്ഞതിനാൽ ആ സ്ഥാപനം നിർത്തലാക്കി. ബാങ്ക് പല സ്ഥാപനങ്ങൾക്കും ലോൺ കൊടുക്കുന്നതുപോലെ ഈ സ്ഥാപനത്തിനും എന്തുകൊണ്ട് കടം കൊടുത്തുകൂടാ? വളരെ നല്ല രീതിയിൽ നടന്നുവന്ന സ്ഥാപനം നിർത്തലാക്കേണ്ടിവന്നു. മന്ത്രി ഇക്കാര്യത്തിൽ നിസ്സഹായനാണെന്നറിയാം. ഇപ്പോൾ സംസ്ഥാന സഹകരണ ബാങ്ക് നിയമപരമായി നിയമിച്ച ജീവനക്കാരെ പിരിച്ചുവിടാൻ നോക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി ആ വിഷയത്തിൽ ഇടപെട്ടിട്ടുണ്ടെന്നാണ് തോന്നുന്നത്. എന്തായാലും ഇക്കാര്യങ്ങളിലെല്ലാം മന്ത്രിയുടെ ശ്രദ്ധ പതിയണം. മന്ത്രി മറുപടി പറയുമ്പോൾ നബാർഡ് ഒബ്ജക്ഷൻ പറഞ്ഞു എന്ന് പറയും. ഒബ്ജക്ഷൻ പറഞ്ഞാലും ഇല്ലെങ്കിലും നബാർഡ് എന്താണ് ചെയ്യുന്നത്. അതിനൊക്കെ തന്റേടത്തോടെ നിൽക്കണം, ഇവിടെ തന്റേടത്തോടെ നിന്നിട്ടുണ്ട്. അത് ഞാൻ പിന്നീട് പറയാം. അതുപോലെ വിലക്കയറ്റത്തെ നിയന്ത്രിക്കാനും സഹായിക്കാനും സഹകരണ മേഖലയ്ക്ക് കഴിയും. 2009–ൽ വിലക്കയറ്റ മുണ്ടായപ്പോൾ അന്നത്തെ സഹകരണ വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ ജില്ലാ ബാങ്കിന്റെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും പ്രസിഡന്റുമാരെ വിളിച്ചുവരുത്തി ഒരു കൺസോർഷ്യം രൂപീകരിച്ച് പണം പൂൾ ചെയ്തെടുത്ത്

ആവശ്യമുള്ള സാധനങ്ങൾ വാങ്ങാൻ കൺസ്യൂമർഫെഡിനെ ചുമതലപ്പെടുത്തി 3000-ലധികം ഔട്ട്ലെറ്റുകൾ കൊണ്ടുവരികയും വിലക്കയറ്റം നിയന്ത്രിക്കുകയും ചെയ്തു. ഇതിനൊക്കെ സഹായകമായ സഹകരണ രംഗത്തെയാണ് കഴുത്തുഞെരിച്ചുകൊല്ലാനുള്ള ഏർപ്പാടുകൾ ഉണ്ടാകുന്നത്. 32 സംസ്ഥാന സഹകരണ ബാങ്കുകളിലും 370 ജില്ലാ സഹക രണ ബാങ്കുകളിലും 1600 ഓളം സർവ്വീസ് സഹകരണ ബാങ്കുകളിലുമായി 3 ലക്ഷം കോടി രൂപയുടെ നിക്ഷേപമുണ്ട്. 3 ലക്ഷം കോടി രൂപയാണ് കേരള ത്തിലെ സഹകരണ മേഖലയിലെ നിക്ഷേപമെന്ന് പറഞ്ഞാൽ വിശ്വസിക്കില്ല. അതുകൊണ്ടാണ് 25 ശതമാനം സെക്യൂരിറ്റി വയ്ക്കേണ്ടത് 22.5 ശതമാനമാക്കി യത്. രണ്ടര ശതമാനം ഈ മേഖലയിൽനിന്ന് റിസർവ്വ് ബാങ്ക് വഴി കേന്ദ്ര സെക്യൂരിറ്റിയിൽ പോകും. സഹകരണമേഖലയിൽനിന്ന് ഏകദേശം 7000 കോടി രൂപയോളം കേന്ദ്ര ഗവൺമെന്റിന്റെ വിവിധ ഷെയറുകളിൽ മുതൽമുട ക്കായി വരുന്നു. എന്നാൽ ഇപ്പുറത്ത് 3 ശതമാനമുള്ള സി.ആർ.എ.ആർ. 4 ശതമാനമാക്കി വർദ്ധിപ്പിച്ചു. ഇത് സംസ്ഥാന സഹകരണ ബാങ്കിന്റെ വിഭവ ശേഷി കുറയ്ക്കും. അതായത് ഗ്രാമീണ കൃഷിക്കാരന് നൽകാനുള്ള തുക കൊടുക്കാൻ കഴിയില്ല. ബാങ്കിംഗ് നിയന്ത്രണ നിയമത്തിന്റെ 18, 24 വകുപ്പു കൾ പ്രകാരം ഇത് സഹകരണ ബാങ്കുകൾക്ക് ബാധകമാണ്. ഇപ്പോൾ അത് ഭേദഗതി ചെയ്തു. ജില്ലാ ബാങ്കുകൾ, അർബൻ ബാങ്കുകൾ ഇവ കരുതൽ ധനം മൂന്ന് ശതമാനത്തിൽനിന്ന് നാല് ശതമാനമാക്കി. സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോ 25–ൽ നിന്നും 22.5 ആക്കി കുറച്ചു. ജില്ലാ ബാങ്കുകൾക്ക് സംസ്ഥാന സഹകരണ ബാങ്കിലുള്ള സ്ഥിര നിക്ഷേപങ്ങൾ സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോ അനുസരിച്ച് അന്നുമുതൽ ബാധകമല്ല. ഇപ്പോഴാണ് അതിന്റെ

നോട്ടിഫിക്കേഷൻ വന്നത്. സർവ്വീസ് സഹകരണ ബാങ്കുകളുടെ അപ്പക്സ് ബോഡിയാണ് ജില്ലാ സഹകരണ ബാങ്കുകൾ. അതുപോലെ കയർ സംഘങ്ങൾക്ക് കയർഫെഡും കൈത്തറി സംഘങ്ങൾക്ക് ഹാന്റക്സും ക്ഷീര സംഘങ്ങൾക്ക് മിൽമയുമുണ്ട്. അങ്ങനെ അപ്പക്സ് സംഘങ്ങൾ എല്ലാ രംഗത്തുമുണ്ട്. പാവപ്പെട്ട കൃഷിക്കാരന്റെ സംഘമാണ് സർവ്വീസ് സഹകരണ ബാങ്കുകൾ. അതിന്റെ അപ്പക്സ് ബോഡി ജില്ലാ ബാങ്കാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 14 ജില്ലാ ബാങ്കുകളിൽ 13-ഉം എൽ.ഡി.എഫ് -ന്റെ കൈയിലായിരുന്നു. ഇപ്പോൾ 13 ബാങ്ക് യു.ഡി.എഫ്-നും ഒരു ബാങ്ക് എൽ.ഡി.എഫ്-നുമാണ്. ഇത് എങ്ങനെയാണ് വന്നത്? നടന്നുപോകുന്നവനും ഇരിക്കുന്നവനും കപ്പലണ്ടി വിൽക്കുന്നവനും എല്ലാവർക്കും അംഗത്വം നൽകി 15000-ഓളം സംഘങ്ങളുണ്ടാക്കി അവർക്ക് അഫിലിയേഷൻ കൊടുക്കാൻ പറഞ്ഞു. അതിനുവേണ്ടിയുള്ളതാണ് ഈ അമെന്റ്മെന്റ്.

കാലിത്തട്ടുകാർക്കും മറ്റെല്ലാവർക്കും ഇതിൽ അംഗത്വം കൊടുത്തു കൊടുത്ത് വോട്ട് ചെയ്യിച്ച് കൈവശപ്പെടുത്താനുള്ളതാണ് ഈ ഭേദഗതി. അല്ലാതെ വേറെ ഒരു കാര്യവും ഇതിൽ ഇല്ല. ഞാൻ ഒരു രഹസ്യം പറഞ്ഞാൽ ശ്രീ. ആര്യാടൻ മുഹമ്മദിന് വിഷമം തോന്നരുത്. ഞാൻ അഗ്രി കൾച്ചറൽ ഡെവലപ്മെന്റ് ബാങ്കിന്റെ പ്രസിഡന്റായിരുന്നു. നിങ്ങളത് പിടിച്ചെടുക്കുമ്പോൾ ശ്രീ. ആര്യാടൻ മുഹമ്മദ് മന്ത്രിയല്ല. ഇങ്ങനെ ചെയ്തല്ലോ എന്ന് ശ്രീ. ആര്യാടൻ മുഹമ്മദിനോട് ഞാൻ പറഞ്ഞപ്പോൾ, സംസ്ഥാന സഹകരണ ബാങ്കും കാർഷിക വികസന ബാങ്കും ഇല്ലാതെ എന്ത് ഭരണമെന്നാണ് അദ്ദേഹം എന്നോട് പറഞ്ഞത്. അത് ഞാൻ

ആരോടും പറഞ്ഞില്ല. രണ്ട് ബാങ്കുകളും ഭരണകക്ഷിക്ക് വേണമെന്ന അഭിപ്രായമാണുള്ളതെന്ന് എനിക്കറിയാം. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് ഈ ബാങ്കിനെ തകർക്കാനുള്ളതാണ്. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് വന്നപ്പോൾ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത്, ഇങ്ങോട്ട് കൊണ്ടുവരണ്ടയെന്നാണ്. ശ്രീ. എം. വി. രാഘവനും കൂടെനിന്ന് വേണ്ടെന്ന് പറഞ്ഞു. ഇൻഡ്യയിൽ ഹരിയാന, കേരളം സംസ്ഥാനങ്ങളൊഴികെ അതിനു പുറകേ പോയി. കോടിക്കണക്കിന് രൂപ കിട്ടും. സംഗതി കുഴപ്പമാണെന്നേയുള്ളു. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ശ്രീ. സുധാകരനും നടക്കില്ലെന്ന് പറഞ്ഞു.

മി. ചെയർമാൻ (ശ്രീ. കെ. മുരളീധരൻ) : ബഹുമാനപ്പെട്ട അംഗം, ഇനിയും മൂന്ന് അംഗങ്ങൾ കൂടി സംസാരിക്കാനും മന്ത്രിയുടെ മറുപടിയും മറ്റൊരു ബില്ലും കൂടിയുണ്ട്. അതുകണക്കാക്കി പ്രസംഗിക്കണം.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, എന്നോട് ഇരിക്കാൻ പറഞ്ഞാൽ ഞാൻ ഉടൻ ഇരിക്കും.

മി. ചെയർമാൻ: ഞാൻ സൂചിപ്പിച്ചന്നേയുള്ളു. പ്രസംഗം കഴിയുന്നതും ചുരുക്കണം. അങ്ങേയ്ക്ക് പറയാനുള്ള മെയിൻ പോയിന്റ്സ് എല്ലാം പറഞ്ഞു കഴിഞ്ഞു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ, വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് എന്നുപറയുന്നത് പ്രാഥമിക ബാങ്കിനെ തകർക്കാനുള്ളതായിരുന്നു. അതുകൊണ്ടാണ് ശ്രീ. ജി. സുധാകരൻ പറ്റില്ലെന്ന് പറഞ്ഞത്. അപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടിക്ക് കുഴപ്പമില്ലെന്നുള്ള നിലയിൽ ചെറിയ മാറ്റം വന്നു. ശ്രീ. ജി. സുധാകരൻ ഇവിടത്തെ സഹകാരികളുമായി മറ്റ് സംസ്ഥാനങ്ങളിൽ പോയി. അവിടത്തെ അവസ്ഥ കണ്ട് കരഞ്ഞു

പോയെന്നാണ് അന്നവർ പറഞ്ഞത്. അവിടത്തെ സംസ്ഥാന സഹകരണ ബാങ്കുകൾക്ക് തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ ആസ്തി പോലുമില്ല. അപകടമാണെന്ന് മനസ്സിലാക്കി പറ്റില്ലെന്നുപറഞ്ഞു. നമ്മൾ അനുസരിച്ചില്ല. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് അംഗീകരിച്ചില്ല. അങ്ങനെ അംഗീകരിക്കാതിരിക്കാം. അതുകൊണ്ടാണ് ശ്രീ. പ്രകാശ് ബക്ഷിയെ കൊണ്ടു വന്നത്. ആ റിപ്പോർട്ട് വന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അത് എതിർക്കുമെന്ന് എന്നോട് പറയുകയും അതുപോലെ എതിർക്കുകയും ചെയ്തു. അതിനർത്ഥമെന്താണ്, സർവ്വീസ് സഹകരണ ബാങ്കിനെ ബാങ്കെന്നും ചെക്ക് എന്നും ഡെപ്പോസിറ്റെന്നും പറയാൻ പാടില്ലാത്ത നിലയിലാണ് കാര്യങ്ങൾ കൊണ്ടുവരുന്നത്. ഗ്രാമീണ കൃഷിക്കാരുടെ ബാങ്കുകളെ തകർക്കുമെന്നുള്ളതുകൊണ്ടാണ് ഇവിടെ ഭരണഘടന ഭേദഗതി ചെയ്ത് നിയമം പാസ്സാക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ പറയുന്നതു കൊണ്ട് അതിനെക്കുറിച്ച് ഞാൻ കൂടുതൽ പറയിന്നില്ല. ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

Shri V. D. Satheesan : Sir, I move that The Kerala Co-operative Societies (Third Amendment) Bill, 2013 as reported by the Subject Committee be circulated for obtaining public opinion.

മൂന്ന് പ്രധാനപ്പെട്ട ഭേദഗതികളാണ് ഈ ബില്ലിൽ വന്നിട്ടുള്ളത്. അദ്യത്തേത്, ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും 2013 ജൂൺ 30-ന് മുമ്പായി ഏറ്റവും കുറഞ്ഞത് 4 ശതമാനം ക്യാപ്പിറ്റൽ റിസ്ക് വെയിറ്റഡ് അസറ്റ് റേഷ്യോ (സി.ആർ.എ.ആർ.) ഉറപ്പാക്കുന്നതിനായി

കേരള സർക്കാർ നിർദ്ദേശം പുറപ്പെടുവിക്കണമെന്ന് റിസർവ്വ് ബാങ്കിന്റെ ആവശ്യപ്രകാരം ജില്ലാ സഹകരണ ബാങ്കിന്റെ ഡെഫനിഷനിൽ വരുത്തുന്ന മാറ്റമാണ്. രണ്ട് കാര്യങ്ങളും അതുമായി ബന്ധപ്പെട്ടതാണ്. ഡെഫനിഷൻ ക്ലോസായ 2(i)(a)-യിലും 18-ാം വകുപ്പിലും ഉണ്ടാകുന്ന മാറ്റങ്ങളാണ് പ്രധാനമായിട്ടുള്ളത്. ഇവിടെ സംസാരിച്ചുകേട്ടപ്പോൾ കോർപ്പറേറ്റുകളുടെ താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടിയാണെന്നും സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ തകർക്കാൻ വേണ്ടിയാണെന്നുമുള്ള വലിയ ആക്ഷേപമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടായത്. യഥാർത്ഥത്തിൽ റിസർവ്വ് ബാങ്കിന്റെ നിർദ്ദേശം നടപ്പിലാക്കിയാൽ എങ്ങനെയാണ് കോർപ്പറേറ്റുകളുടെ താൽപ്പര്യം സംരക്ഷിക്കുന്നത്. ക്യാപ്പിറ്റൽ റിസ്ക് വെയിറ്റഡ് അസറ്റ് റേഷ്യോ എന്നാണ് പറയുന്നത്. അതായത്, റിസ്ക്കാണ് അസറ്റ് റേഷ്യോയിൽ പറയുന്നത്. സി.ആർ.എ.ആർ. അല്ല ഈ അമെന്റ്മെന്റിൽ പറയുന്നത്. അത് യഥാർത്ഥത്തിൽ എല്ലാ കാര്യങ്ങൾക്കുമില്ല. ലാന്റ് അസറ്റാണെങ്കിലും ലാന്റിന്റെ റിസ്ക് സീറോ പെർസന്റേജായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. ഗോൾഡ് ഉൾപ്പെടെയുള്ള മറ്റ് അസറ്റുകൾക്കാണ് ഇത് ബാധകം. ഗോൾഡിന്റെ വിലയാണെങ്കിൽ കയറിയും ഇറങ്ങിയുമാണ് നിൽക്കുന്നത്. ഈ അവസരത്തിൽ നമ്മുടെ ബാങ്കിലുള്ള അസറ്റിന് ഒരു ഭദ്രത വരുത്താൻ വേണ്ടിയുള്ളതാണിത്. ഈ പണം ജില്ലാ ബാങ്കിലും സംസ്ഥാന ബാങ്കിലും തന്നെ നിൽക്കുന്ന സംവിധാനമാണ്, വേറെ ആരും എങ്ങോട്ടും കൊണ്ടുപോകുന്നില്ല, ബാങ്കുകളുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താൻ വേണ്ടിയാണ്. ഇപ്പോൾ രണ്ട് ശതമാനം ഷെയറുകൾ കൂടിയുണ്ടാകും. യഥാർത്ഥത്തിൽ നഷ്ടത്തിലായ കേരളത്തിലെ പല സഹകരണ

ബാങ്കുകളേയും ലാഭത്തിലേയ്ക്ക് കൊണ്ടുവരുന്നതിന് സഹായകരമാകുമെന്നാണ് എനിക്ക് പറയാനുള്ളത്. രണ്ട് ശതമാനം ഷെയർ വരുന്നതോടുകൂടി സംസ്ഥാനത്ത് നഷ്ടത്തിലുള്ള പല ബാങ്കുകളും ലാഭത്തിലേയ്ക്ക് വരും. സംസ്ഥാനത്ത് എത്ര ബാങ്കുകൾക്ക് സാമ്പത്തിക അച്ചടക്കമുണ്ട്? കേരളത്തിന്റെ സഹകരണ മേഖലയെക്കുറിച്ച് വളരെ അഭിമാനകരമായാണ് നമ്മൾ സംസാരിക്കുന്നത്. ഒരുപാട് മുന്നേറ്റം സഹകരണ മേഖലയിൽ ഉണ്ടായിട്ടുണ്ട്. ബാങ്കിംഗ് രംഗത്തും ജീവിതത്തിന്റെ വൈവിദ്ധ്യമാർന്ന മേഖലകളിലുമെല്ലാം സഹകരണ രംഗം വലിയ കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നതിൽ സംശയമില്ല. പക്ഷേ, സഹകരണ രംഗത്ത് നടക്കുന്ന എല്ലാ കാര്യങ്ങളും അഭിമാനകരമായതാണോ? എത്ര ശതമാനം ബാങ്കുകൾ ഇന്ന് സാമ്പത്തിക മിസ് മാനേജ്മെന്റ് കൊണ്ട് നഷ്ടം വരുത്തി മുന്നോട്ട് പോകുന്നുണ്ട്?

ഞാൻ ബഹുമാനപ്പെട്ട മുൻ സഹകരണവകുപ്പുമന്ത്രി ജി. സുധാകരൻ പറഞ്ഞ പല അഭിപ്രായങ്ങളോടും പൂർണ്ണമായും യോജിക്കുകയാണ്. അത്തരം നടപടികൾ സ്വീകരിക്കുന്നതും സാമ്പത്തികമായി മിസ്മാനേജ്മെന്റ് നടത്തി കൊള്ള നടത്തുന്നതുമായ പല ബാങ്കുകളും കേരളത്തിലുണ്ട്. അവരോട് കർശനമായ നടപടികൾതന്നെയാണ് ഗവൺമെന്റ് സ്വീകരിക്കേണ്ടത്, അക്കാര്യത്തിൽ ഒരു സംശയവുമില്ല. സർക്കാരിന്റെയും സഹകരണവകുപ്പിന്റെയും നിയന്ത്രണം വേണ്ടേ; നമുക്ക് ഈ സഹകരണ സംഘങ്ങളെ മുഴുവൻ അങ്ങനെ കയറൂരിവിടാൻ സാധിക്കുമോ? ആ സഹകരണ സംഘങ്ങളെ മുഴുവൻ കയറൂരിവിട്ടാൽ..... പല സഹകരണ സംഘങ്ങളിലും ഒരു സാമ്പത്തിക സ്ഥാപനം നടത്തികൊണ്ടുപോകാൻ ഉത്തരവാദിത്വമുള്ള വിശ്വസ്തരായ ആളുകൾ ഇല്ല. പുറക്കാട് അതിനു

യോജിച്ച ഒരാളില്ലാതിരുന്നതുകൊണ്ടാണ് ബാങ്ക് സ്ഥാപിക്കാതെ പോയതെന്ന് ശ്രീ. ജി. സുധാകരൻതന്നെ പറഞ്ഞു. എന്താണ് യോജിച്ച ആളില്ലെന്ന് പറയുന്നത്? സാമ്പത്തിക സ്ഥാപനത്തിന്റെ ചുമതല വഹിക്കുന്നതും അതിന് നേതൃത്വം കൊടുക്കേണ്ടതുമായ ആളുകൾക്ക് ചില സാമ്പത്തിക അച്ചടക്കം കൂടി വേണം. അല്ലാത്തയാളുകളെ സാമ്പത്തിക സ്ഥാപനങ്ങളുടെ ചുമതല ഏൽപ്പിക്കാൻ കഴിയില്ല. അപ്പോൾ ഇതിന് വിശ്വാസവും ക്രെഡിബിലിറ്റിയുമുണ്ടാകണം. വളരെ സത്യസന്ധമായി കാര്യങ്ങൾ ചെയ്യണം. പഴയ സഹകാരികൾ ബാങ്കിന് കിട്ടാനുള്ള പണം പിരിച്ചെടുക്കുന്നതിനുവേണ്ടി പണം നൽകാനുള്ളവരുടെ വീടുകൾ കയറിയിറങ്ങുമായിരുന്നു. ആർക്കെങ്കിലുമൊക്കെ പണമടയ്ക്കാൻ തികയുന്നില്ലെങ്കിൽ അവർതന്നെ പലരിൽ നിന്നും കടംവാങ്ങിയോ സ്വന്തം കൈയിൽ നിന്ന് കൊടുത്തോ പണം തിരിച്ചടപ്പിക്കുമായിരുന്നു. അപ്പോൾ ബാങ്കിന്റെ സാമ്പത്തിക ഭദ്രതയെക്കുറിച്ചും ബാങ്കിന്റെ സാമ്പത്തികമായ ലാഭത്തെക്കുറിച്ചുമെല്ലാം നിഷ്കർഷ പുലർത്തുന്ന ആളുകൾ വേണം, ഇന്നും ധാരാളം ആളുകളുണ്ട്. പക്ഷെ, ബാങ്കുകളിൽ നഷ്ടം വരുത്തി ഇതൊരു പൊതു സ്ഥാപനമാണ്, പൊതുമുതലാണ് ഇവിടെയിരിക്കുന്നതെന്നുള്ളതൊന്നും മനസ്സിലാക്കാതെ തന്നിഷ്ടംപോലെ പണം ചെലവാക്കുകയും നിയമപരമായ നടപടിക്രമങ്ങൾ ലംഘിച്ചുകൊണ്ട് പ്രവർത്തിക്കുകയും ചെയ്യുന്ന ബാങ്കുകളുമുണ്ട്. ഇവിടെ റിസർവ്വ് ബാങ്കിനെ വിമർശിച്ചല്ലോ, യഥാർത്ഥത്തിൽ ഇൻഡ്യയിൽ ദേശസാൽകൃത ബാങ്കുകൾ....., ഒരു കാലത്ത് ഇൻഡ്യയിലെ ബാങ്കുകളെന്നു പറയുന്നത് കുലാക്കുകളുടെയും ഭൂഉടമകളുടെയും ജന്മികളുടെയും വൻകിട പണക്കാരുടെയും മാത്രം സ്വത്തായിരുന്നു. ഇന്ദിരാഗാന്ധി രണ്ടു പ്രാവശ്യമായി ബാങ്കുകളെ ദേശസാൽക്കരിച്ചതോടുകൂടിയാണ് ഇതിന് വലിയ

വ്യത്യാസം വന്നത്. ഇൻഡ്യയിലെ ബാങ്കുകളെ സാധാരണക്കാർക്ക് പ്രാപ്യമായ രീതിയിലാക്കി മാറ്റി. കൂടാതെ, സാധാരണക്കാർക്ക് ഇടപെടാൻ കഴിയുന്ന, കർഷകർക്ക് ലോണെടുക്കാൻ കഴിയുന്ന, സാധാരണക്കാർക്ക് ബന്ധപ്പെടാൻ കഴിയുന്ന സ്ഥാപനമായി മാറ്റിയത് ബാങ്കുകളെ ദേശസാൽക്കരിച്ചതോടെയാണ്. ദേശസാൽകൃത ബാങ്കുകൾ മാത്രമല്ല ഇന്ത്യയിൽ ഷെഡ്യൂൾഡ് ബാങ്കുകളും പ്രവർത്തിക്കുന്നുണ്ട്. ദേശസാൽകൃത ബാങ്കുകളല്ലാത്ത ഷെഡ്യൂൾഡ് ബാങ്കുകളെയും മറ്റ് കൊമേഴ്സ്യൽ ബാങ്കുകളെയുംകൂടി റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്നു. അല്ലെങ്കിൽ ആ ബാങ്കുകളും തെറ്റായ രീതിയിൽ പ്രവർത്തിക്കും. ഇന്ന് ന്യൂ ജനറേഷൻ ബാങ്കുകളുണ്ട്. ആ ന്യൂ ജനറേഷൻ ബാങ്കുകൾക്കും ഒരു പരിധിവരെ റിസർവ്വ് ബാങ്കിന്റെ നിയന്ത്രണമുണ്ട്. എന്തുകൊണ്ടാണ് ഇൻഡ്യയിലെ ബാങ്കിംഗ് മേഖല ഏറ്റവും ശക്തമായത്? ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ കെടുതികൾ നമ്മൾ കണ്ടു. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ പ്രഭവകേന്ദ്രം അമേരിക്കയിലെ ഹൗസിംഗ് ബാങ്കുകളായിരുന്നു. അവർ അസറ്റ് വാല്യുവേഷനില്ലാതെ ആർക്കും പണം കടം കൊടുക്കുമായിരുന്നു. പണം കടം കൊടുക്കുന്നത് അവിടെയൊരു വലിയ റിയൽ എസ്റ്റേറ്റ് ബിസിനസ്സായിട്ടാണ് നടത്തിയിരുന്നത്. ലോൺ കൊടുക്കുന്നതിന് അവിടെ പൊതുവായി അവർ NINJA എന്ന വാക്കാണ് ഉപയോഗിച്ചിരുന്നത്, അതായത് No Income, No Asset, No Job. ഒരു ജോലിയും ഒരു കൂലിയും ഒരു വരുമാനവുമില്ലാത്ത ആളുകൾക്കുവരെ ബാങ്കുകൾ ഹൗസിംഗ് ലോൺ കൊടുക്കും. റിയൽ എസ്റ്റേറ്റ് തകർന്നപ്പോൾ ഈട് നൽകി 10 ലക്ഷം ഡോളർ ലോണെടുത്തുകൊണ്ടുപോയ വീടിന് 3 ലക്ഷം രൂപ ഡോളറായി വില കുറഞ്ഞു. അപ്പോൾ അയാൾക്ക് ഒരു

കാരണവശാലും ലോൺ തിരിച്ചടയ്ക്കാൻ സാധിക്കില്ല. അയാൾക്ക് അത് വിറ്റാൽ കിട്ടുന്നത് 3 ലക്ഷം ഡോളറാണ്. ബാങ്കിൽ നിന്നെടുത്തിരിക്കുന്നത് 10 ലക്ഷം ഡോളറാണ്. അപ്പോൾ തിരിച്ചടയ്ക്കാൻ സാധിക്കില്ല. അങ്ങനെ ലോൺ തിരിച്ചടയ്ക്കാത്തവരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചപ്പോൾ ആ ഹൗസിംഗ് ബാങ്കുകൾ തകർന്നു. ഹൗസിംഗ് ബാങ്കുകൾ തകർന്നപ്പോൾ അതിന്റെ ചെയിനായി ആ ഹൗസിംഗ് ബാങ്കുകളെ ഫിനാൻസ് ചെയ്തിരുന്ന ഡെറിവേറ്റീവ് ബാങ്കിംഗ് സിസ്റ്റമുണ്ടായിരുന്ന വൻകിട ബാങ്കുകളും തകർന്നു. ആ വൻകിട ബാങ്കുകൾ തകർന്നപ്പോൾ വൻകിട ബാങ്കുകളെ ഇൻഷ്വർ ചെയ്തിരുന്ന ഇൻഷ്വറൻസ് ഭീമന്മാരായ ഇൻഷ്വറൻസ് കമ്പനികൾ തകർന്നു. അങ്ങനെ ചെയിനായിട്ടാണ് അവിടെ ധനകാര്യസ്ഥാപനങ്ങൾ തകർന്നത്. അമേരിക്കപോലുള്ള ഒരു രാജ്യത്തുണ്ടായ തകർച്ച യൂറോപ്പിലേയ്ക്കും മൂന്നാം ലോകരാജ്യങ്ങളിലേയ്ക്കും പടർന്നുപിടിക്കുകയും ലോകത്തിലെ പല രാജ്യങ്ങളുടെയും സമ്പദ് വ്യവസ്ഥ ഇല്ലാതാകുകയും ചെയ്തത് നമ്മൾ കണ്ടു. ലോകത്തിലെ ഇൻഷ്വറൻസ് ഭീമന്മാരും വലിയ ബാങ്കുകളുമെല്ലാം ഒരു ചീട്ടുകൊട്ടാരംപോലെ തകർന്നുവീണ സമയത്ത് ഇൻഡ്യയിലെ ബാങ്കുകൾ റിക്കോർഡ് ലാഭമുണ്ടാക്കി ലോകത്തെ അത്ഭുതപ്പെടുത്തിയെന്നുള്ള കാര്യം നമ്മൾ മറന്നുപോകരുത്. കോൺഗ്രസ്സ് ഇലക്ഷനിൽ തോറ്റു, അതൊക്കെ ശരിയാണ്. പക്ഷെ, കോൺഗ്രസ്സിന്റെ കാലത്തുണ്ടായ എല്ലാ കാര്യങ്ങളും കുഴപ്പമാണെന്നൊന്നും ആരും പറഞ്ഞ് ഫലിപ്പിക്കരുത്. കോൺഗ്രസ്സ് ഈ നാട് ഭരിക്കുന്ന സമയത്താണ് ആഗോള സാമ്പത്തിക മാന്ദ്യമുണ്ടായത്. ആ ആഗോള സാമ്പത്തിക മാന്ദ്യത്തിൽ ലോകത്തിലെ എല്ലാ ബാങ്കുകളും തകർന്നപ്പോൾ ലോക സാമ്പത്തിക രംഗത്തെ

അത്ഭുതപ്പെടുത്തി ഇൻഡ്യയിലെ എസ്.ബി.ഐ.-യും എസ്.ബി.റ്റി.-യുമുൾപ്പെടെയുള്ള ദേശസാൽകൃത ബാങ്കുകളും മറ്റു ഷെഡ്യൂൾഡ് ബാങ്കുകളുമെല്ലാം റിക്കോർഡ് ലാഭമുണ്ടാക്കിയാണ് ലോകത്തെ അത്ഭുതപ്പെടുത്തിയത്. എന്തുകൊണ്ടാണ് നമുക്കത് ചെയ്യാൻ കഴിഞ്ഞത്? നമ്മൾതന്നെ പലപ്പോഴും വിമർശിച്ചിട്ടുള്ള ഒരു കൺസർവേറ്റിസം ഇൻഡ്യയിലെ ബാങ്കിംഗ് മേഖലയിലുള്ളതുകൊണ്ടാണ് യഥാർത്ഥത്തിൽ ഈ അപകടകാലം നമ്മൾ തരണം ചെയ്തത്. അത് റിസർവ്വ് ബാങ്കിന്റെ നിയന്ത്രണമാണ്. റിസർവ്വ് ബാങ്ക് ആക്ടും ബാങ്കിംഗ് റഗുലേഷൻ ആക്ടും ലോകത്തിലെ ബാങ്കിംഗ് മേഖലയിലെ ഏറ്റവും കർക്കശമായ പല്ലും നഖവുമുള്ള നിയമങ്ങളെന്ന് വിലയിരുത്തപ്പെടേണ്ട രണ്ട് പ്രധാനപ്പെട്ട നിയമങ്ങളാണ്. ഇൻഡ്യയിലെ വനങ്ങളും വന്യമൃഗങ്ങളും സംരക്ഷിക്കപ്പെടാനുള്ള പ്രധാനപ്പെട്ട കാര്യം 1980-ലെ ഫോറസ്റ്റ് ആക്ടും 1970-കളുടെ തുടക്കത്തിലുള്ള വൈൽഡ് ലൈഫ് ആക്ടുകളുമാണെന്ന് നമ്മൾ പറയും. ഇന്ദിരാഗാന്ധിയുടെ കാലത്താണ് ഈ രണ്ട് നിയമങ്ങളും നിലവിൽവന്നത്. ലോകത്തിലെതന്നെ ഏറ്റവും മനോഹരവും കാർക്കശ്യം നിറഞ്ഞതുമായ രണ്ട് നിയമങ്ങളാണിത്. ആ നിയമങ്ങളില്ലാതിരുന്നുവെങ്കിൽ ഇൻഡ്യയിൽ കാടും വന്യമൃഗങ്ങളുമുണ്ടാവുകയില്ലായിരുന്നു. കോൺഗ്രസ്സിന്റെ കാലത്തുണ്ടായ ഈ രണ്ട് പ്രധാനപ്പെട്ട നിയമങ്ങളും കൺസർവേറ്റീവാണെന്ന് പറഞ്ഞതുപോലെതന്നെ, ഈ പുതിയ സാമ്പത്തിക പരിഷ്കാരത്തിന്റെ കാലത്തെല്ലാം ഇൻഡ്യയിലെ കോർപ്പറേറ്റുകളുൾപ്പെടെയുള്ള ആളുകൾ, ഇൻഡ്യയിലെ ബാങ്കിംഗും ഇൻഡ്യൻ റിസർവ്വ് ബാങ്ക് ആക്ടും അതുപോലെ ബാങ്കിംഗ് റഗുലേഷൻ ആക്ടുമെല്ലാം

കൺസർവേറ്റീവ്സമാണുള്ളതെന്നും ഈ കാലത്തിന് പറ്റിയതല്ലെന്നും ആക്ഷേപിച്ചപ്പോൾപോലും കർക്കശമായ നിയമങ്ങൾ തുടർന്നുവന്നതു കൊണ്ടാണ് നമ്മുടെ സാമ്പത്തിക മേഖല തകരാതിരുന്നത്. ഇൻഡ്യയിലും ഒരു പകർച്ചവ്യാധിപോലെ ഈ സാമ്പത്തിക സ്ഥാപനങ്ങൾ പടർന്നുപിടിച്ചു. ഇൻഡ്യയിലെ പ്രധാനപ്പെട്ട ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും തകർന്നിരുന്നുവെങ്കിൽ ഈ സാമ്പത്തിക മാന്ദ്യത്തിന്റെ കെടുതികൾ ഇൻഡ്യയിലുണ്ടാകാൻ പോകുന്നത് ഇങ്ങനെയൊന്നുമായി രിക്കില്ല. അതിനെ ഒരു പരിധിവരെ തടഞ്ഞുനിർത്തിയതിന് ഇൻഡ്യയിലെ റിസർവ്വ് ബാങ്കിനും ബാങ്കിംഗ് റഗുലേഷൻ ആക്ടിനുമെല്ലാം നിർണ്ണായകമായ സ്ഥാനമുണ്ട്.

ശ്രീ. എ. എം. ആരിഫ്: സർ, ശ്രീ. വി. ഡി. സതീശൻ റിസർവ്വ് ബാങ്കും ബാങ്കിംഗ് റഗുലേഷൻ ആക്ടുമെല്ലാം സാമ്പത്തിക മാന്ദ്യത്തെ പിടിച്ചു നിർത്തിയെന്ന് പറഞ്ഞതൊക്കെ ഞാൻ അംഗീകരിക്കുന്നു. 2004-ലെ ഒന്നാം യു.പി.എ. കാലത്ത് ബാങ്കുകളിൽ വിദേശ നിക്ഷേപം 100 ശതമാനം വരെ കൊണ്ടുവരണമെന്നുള്ള നരസിംഹൻ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കാൻ പോയപ്പോൾ ഇടതുപക്ഷം അതിശക്തമായി എതിർത്തില്ലായിരുന്നുവെങ്കിൽ ഈ ബാങ്കുകൾക്ക് ഇന്ന് പറയുന്ന സംരക്ഷണം അന്ന് കിട്ടുമായിരുന്നോ എന്നുള്ളത് മാത്രമാണ് എന്റെ ചോദ്യം?

ശ്രീ. വി. ഡി. സതീശൻ: സർ, ധാരാളം കമ്മിറ്റി റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. ഇപ്പോൾ ഇവിടെ ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ പറഞ്ഞ പ്രകാശ് ബക്ഷി റിപ്പോർട്ടും സഹകരണരംഗത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. പല കമ്മിറ്റികളും ക്യാബിനറ്റ് സബ്കമ്മിറ്റികളുമൊക്കെ

ധാരാളം റിപ്പോർട്ട് കൊടുക്കാറുണ്ട്. ആ റിപ്പോർട്ടുകളൊന്നും അംഗീകരിക്കപ്പെട്ടിട്ടില്ല. എല്ലാ കാലഘട്ടങ്ങളിലുമുണ്ടായ എല്ലാ നല്ല കാര്യങ്ങളുടെയും ക്രെഡിറ്റ് എടുക്കാൻ ഇപ്പോഴും എൽ.ഡി.എഫ്. നിൽക്കുകയാണ്. അന്ന് എന്തെല്ലാം നല്ല കാര്യങ്ങൾ നടന്നിട്ടുണ്ട്, അതിന്റെയെല്ലാം പുറകിൽ ഞങ്ങളായിരുന്നുവെന്ന് അവകാശപ്പെടുന്ന ഒരു എട്ടുകാലി മമ്മൂഞ്ഞ് സമീപനം അവസാനിപ്പിക്കാറായി.

ശ്രീ. കെ. ശിവദാസൻ നായർ: സർ, അങ്ങ് ഇൻഡ്യയിലെ നാഷണലൈസ്ഡ് ബാങ്കുകളുടെ ശക്തിയെക്കുറിച്ചും അതിന്റെ ദൗർബ്ബല്യങ്ങളെക്കുറിച്ചുമൊക്കെയാണ് ഇവിടെ സംസാരിക്കുന്നത്. ഒന്നാം യു.പി.എ. ഗവൺമെന്റിന്റെ കാലത്തും രണ്ടാം യു.പി.എ. ഗവൺമെന്റിന്റെ കാലത്തും ആഗോള രംഗത്തെ സാമ്പത്തിക ശക്തിയായി ഇൻഡ്യൻ ബാങ്കുകളെ വളർത്തിയെടുക്കുന്നതിന് ഇൻഡ്യാ ഗവൺമെന്റ് റീ-ക്യാപ്പി റ്റലൈസേഷനുവേണ്ടി കോടി കണക്കിന് രൂപ കൊടുത്തിരുന്നുവെന്ന കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. വി. ഡി. സതീശൻ: സർ, തീർച്ചയായും. ഞാൻ അങ്ങയോട് പൂർണ്ണമായും യോജിക്കുകയാണ്. ബാങ്കുകളെ സംരക്ഷിച്ചുനിർത്തുകയും ബാങ്കുകൾക്ക് സാമ്പത്തികമായ പിന്തുണകൊടുക്കുകയും ശക്തി പകരുകയുമാണ് കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ചെയ്തത്. ഇപ്പോൾ നിങ്ങൾ തെറ്റായി സി.ആർ.ആർ-നെക്കുറിച്ചും സി.ആർ.എ.ആർ.-നെ ക്കുറിച്ചും സംസാരിക്കുകയാണ്. ഈ നാഷണലൈസ്ഡ് ബാങ്കുകൾക്കും ഷെഡ്യൂൾഡ് ബാങ്കുകൾക്കും റിസർവ്വ് ബാങ്കിന്റെ നിയന്ത്രണമുണ്ട്. അവരുടെ ക്യാഷ് റിസർവ് ഇത്ര ശതമാനമായി സംരക്ഷിക്കണമെന്നുള്ള നിബന്ധന വരും. ചില സമയത്ത് മാർക്കറ്റിൽ ലിക്വിഡിറ്റി ക്രഞ്ചുണ്ടാകും.

ഫിനാൻസ് മാർക്കറ്റിൽ ലിക്വിഡിറ്റി ക്രഞ്ചുണ്ടാകുമ്പോൾ മാർക്കറ്റിലേയ്ക്ക് കൂടുതൽ പണം പുഷ് ചെയ്യേണ്ടതായി വരുന്നു. അപ്പോൾ സി.ആർ.ആർ. –ന്റെ റേറ്റ് കുറയ്ക്കും. അതൊക്കെ ധനകാര്യസംബന്ധമായ ചില തീരുമാനങ്ങളാണ്. ഇപ്പോൾ വേൾഡ് ഫിനാൻസ് മാർക്കറ്റിൽ ഭയങ്കര ഫ്ള്കചുവേഷനാണ് നിലനിൽക്കുന്നത്.

ഈ തീരുമാനമെടുത്ത് നടപ്പിലാക്കുമ്പോഴേയ്ക്കും മൂന്നുമാസത്തിനു ള്ളിൽ വീണ്ടും ഇൻഫ്ളേഷൻ വരും. അപ്പോൾ പണത്തിന്റെ കൂടുതൽ ഫിനാൻസ് മാർക്കറ്റിലുണ്ടാകും. ആ സമയം സി.ആർ.എ.ആർ. നിരക്ക് കൂട്ടും. അപ്പോൾ മാർക്കറ്റിൽനിന്ന് പണം പിൻവലിക്കാൻ ബാങ്കുകളോട് ആവശ്യപ്പെടും. ഇതൊക്കെ ധനകാര്യ സംബന്ധമായ നടപടിക്രമങ്ങളാണ്. ആ നടപടിക്രമങ്ങൾ ചെയ്തിട്ടുപോലും ഇൻഫ്ളേഷൻ പരിധിവിട്ടപ്പോഴാണ് ഇത്തരം തീരുമാനങ്ങളുണ്ടായത്. ബാങ്കിംഗ് റഗുലേഷൻ ആക്ടിൽ നടത്തിയ അമന്റ്മെന്റിന്റെ ഭാഗമായിട്ടാണ് റിസർവ് ബാങ്കിന്റെ ഗൈഡ് ലൈൻ വന്നത്. അതുകൊണ്ടാണ് ഞാൻ ബാങ്കിംഗ് റഗുലേഷൻ ആക്ടിനെക്കുറിച്ചും റിസർവ് ബാങ്ക് ആക്ടിനെക്കുറിച്ചും പറഞ്ഞത്. കേരളത്തിലെ സഹകരണ സ്ഥാപനങ്ങളെ സഹകരണ വകുപ്പ് നിയന്ത്രിക്കണമെന്നു പറഞ്ഞതുപോലെ രാജ്യത്തെ ധനകാര്യ സ്ഥാപനങ്ങളെ റിസർവ് ബാങ്ക് നിയന്ത്രിക്കണം. പൊതുവായ ഗൈഡ്ലൈൻ കൊടുക്കണം. അത് എല്ലാ സംസ്ഥാനങ്ങൾക്കും കൊടുക്കേണ്ടതാണ്. നമ്മുടേത് കുറച്ചുകൂടി പുരോഗമന സ്വഭാവം കൈവരിച്ചിട്ടുള്ള സഹകരണ മേഖലയായിരിക്കാം. പക്ഷേ ഇന്ത്യയിൽ ഒരിടത്തും സഹകരണപ്രസ്ഥാനമില്ല, കേരളത്തിൽ മാത്രമേയുള്ളൂ എന്നവകാശപ്പെടുന്നത് ശരിയല്ല. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും പ്രത്യേകിച്ച് ഹരിയാന

യിലും പഞ്ചാബിലും ഏറ്റവും സമഗ്രമായി പ്രവർത്തിക്കുന്ന കാർഷിക സംഘങ്ങളുണ്ട്, പഞ്ചസാര മില്ലുകളുണ്ട്, സൊസൈറ്റികളുണ്ട്. അങ്ങനെ ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ പല തരത്തിൽ പുരോഗമിക്കപ്പെട്ട സഹകരണ പ്രസ്ഥാനങ്ങളുണ്ട്. പല സ്ഥലത്തും സാമ്പത്തികമായ മിസ്മാനേജ്മെന്റിന്റെ പ്രശ്നങ്ങളുണ്ട്. ഒരുപാട് പരാതികൾ വന്നിട്ടുണ്ട്. കേരളത്തിൽത്തന്നെ ഒരു സഹകരണ ബാങ്കിലെ അക്കൗണ്ടിംഗ് സംവിധാനത്തെക്കുറിച്ച് നമുക്ക് പൂർണ്ണമായ തൃപ്തിയുണ്ടോ? ഒരു ഷെഡ്യൂൾ ബാങ്കിലോ ഒരു നാഷണലൈസ്ഡ് ബാങ്കിലോ ഉള്ള അക്കൗണ്ടിംഗ് സിസ്റ്റമാണോ നമ്മുടെ ഒരു കോ-ഓപ്പറേറ്റീവ് ബാങ്കിലുള്ളത്. പരസ്പര വിശ്വാസത്തിന്റെപുറത്ത് അഡ്ജസ്റ്റ് ചെയ്യുകയാണ്. ഞാൻ അഭിഭാഷകനായിരുന്നപ്പോൾ നിരവധി ബാങ്കുകളിൽ എൻക്വയറി ഓഫീസറായും നിരവധി ക്രമക്കേടുകളിൽ പലരുടേയും അഭിഭാഷകനായും പോയിട്ടുണ്ട്. പല ബാങ്കുകളിലും ജീവനക്കാർ തമ്മിലുള്ള ഒരു വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് സാമ്പത്തിക കാര്യങ്ങൾ നടന്നുപോകുന്നത്. ഫൂൾപ്രൂഫായ ഒരു അക്കൗണ്ടിംഗ് സിസ്റ്റം നമ്മുടെ ബാങ്കുകളിലില്ല. നമ്മുടെ ബാങ്കുകളിൽ കാലാനുസൃതമായ മാറ്റം വരുത്തണം. നമ്മുടെ അക്കൗണ്ടിംഗ് സംവിധാനം ഫലപ്രദവും വളരെ സിസ്റ്റമാറ്റിക്കുമാക്കണം. ഇതിനെല്ലാം ഒരു ഫ്രെയിം വേണം. സ്വാതന്ത്ര്യം കൊടുക്കണം, പ്രത്യേകമായ അവകാശം കൊടുക്കണമെന്നൊക്കെ പറയുമ്പോൾതന്നെ ഈ സ്വാതന്ത്ര്യം പലരും ദുരുപയോഗപ്പെടുത്തുന്നുവെന്നു കൂടി ബോദ്ധ്യപ്പെടുത്തണം. അതുപോലെ ന്യൂ ജനറേഷൻ ബാങ്കുകളെക്കുറിച്ചൊക്കെ ഇവിടെ പറഞ്ഞു. രാഷ്ട്രീയമായി സംഘം പിടിച്ചെടുത്തതിനെക്കുറിച്ചൊന്നും ഞാനിവിടെ പറയുന്നില്ല. ഞങ്ങൾ 13 ജില്ലാ സഹകരണ ബാങ്കു

കൾ പിടിച്ചെടുത്തുവെന്ന് പറഞ്ഞപ്പോൾ നിങ്ങൾ ഒരു കാര്യം ആലോചിക്കണം. കേരളത്തിലെ 90 ശതമാനം വരുന്ന സഹകരണ സ്ഥാപനങ്ങൾ ഉണ്ടാക്കിയത് കോൺഗ്രസ്സാണ്. നിങ്ങളുടെ കയ്യിലിരിക്കുന്ന ബഹുഭൂരിപക്ഷം ബാങ്കുകളും ഈ ജില്ലാ ബാങ്കുകളുൾപ്പെടെ നിങ്ങൾ ഭരണത്തിൽ വന്നപ്പോൾ പല രീതിയിൽ പിടിച്ചെടുത്തതാണ്. കേരളത്തിലെ 90 ശതമാനം സഹകരണ സ്ഥാപനങ്ങളും കോൺഗ്രസിന്റെ നേതൃത്വത്തിൽ രാഷ്ട്രീയമായിത്തന്നെ സംഘടിപ്പിക്കപ്പെട്ട ബാങ്കുകളാണ്. കഴിഞ്ഞ കാലത്തെ വിസ്മരിച്ചുകൊണ്ട് ഇങ്ങനെയൊരു ആക്ഷേപം ഉന്നയിക്കരുത്. അങ്ങനെ പിടിച്ചെടുത്തതാണെങ്കിൽ പിന്നെങ്ങനെ പാലക്കാട് ജയിക്കും. എറണാകുളത്ത് ഒരു സീറ്റിന്റെ ഭൂരിപക്ഷമല്ലെയുള്ളൂ. അങ്ങനെ പിടിച്ചെടുത്തതാണെങ്കിൽ അവിടെ 19 ഉം കിട്ടില്ലെ; അങ്ങനെ പിടിച്ചെടുക്കുന്ന സമീപനമൊന്നും നമ്മുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ശ്രീ. ജി. സുധാകരൻ പറഞ്ഞ ഒരു കാര്യത്തോട് എനിക്ക് വിയോജിപ്പുണ്ട്. അദ്ദേഹം ഒരുപാട് പേരുടെ പേരുപറഞ്ഞ കൂട്ടത്തിൽ ശ്രീ. സാം പിത്രോഡയുടെ പേരുപറഞ്ഞു. ശ്രീ. സാംപിത്രോഡ കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ഔദ്യോഗികമായ ഒരു ചുമതലയും വഹിച്ചിട്ടില്ല. അദ്ദേഹം നോളഡ്ജ് കമ്മീഷന്റെ ചെയർമാനായിരുന്നു. അദ്ദേഹം ചെയർമാനായിട്ടുള്ള കമ്മിറ്റി ഒരു റിപ്പോർട്ട് കൊടുത്തു. ആ റിപ്പോർട്ട് കേന്ദ്ര ഗവണ്മെന്റ് നടപ്പിലാക്കിയില്ല. അദ്ദേഹമുണ്ടായിരുന്നത് രാജീവ് ഗാന്ധിയുടെ കാലത്താണ്. രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരുന്നപ്പോൾ സീ-ഡോട്ട് എക്സേഞ്ചുകൾ ഇന്ത്യയിൽ സ്ഥാപിക്കാൻ വേണ്ടി അദ്ദേഹത്തെ അമേരിക്കയിൽനിന്ന് വിളിച്ചുവരുത്തി. അന്ന് ഫോൺ വിളിക്കാൻ ഡയൽ കറക്കികൊണ്ടിരിക്കുന്ന കാലമാണ്. ട്രങ്ക് ബുക്കുചെയ്താൽ കിട്ടാത്ത കാലമാ

ണ്. ഇന്ത്യയിൽ ഒരു സംസ്ഥാനത്തും ഒരു സ്ഥലത്തും എസ്.ടി.ഡി. ബൂത്തില്ല, ഫോൺ കിട്ടുന്നില്ല, ഫോണിന് അപേക്ഷിച്ചാൽ ഒന്നോ രണ്ടോ വർഷം കഴിഞ്ഞ് കണക്ഷൻ കിട്ടുന്ന കാലമാണ്. അത് മറന്നുപോകരുത്. രാജീവ് ഗാന്ധി കൊണ്ടുവന്ന ശ്രീ. സാം പിത്രോഡ ടെലികമ്മ്യൂണിക്കേഷൻ രംഗത്ത് റവല്യൂഷനുണ്ടാക്കി. നാട്ടിൻപുറങ്ങളിൽ, നഗരങ്ങളിൽ, പട്ടണങ്ങളിൽ തുടങ്ങി എല്ലാ സ്ഥലത്തും വിലകുറഞ്ഞ സീ–ഡോട്ട് എക്സ്ചേഞ്ചുകൾ സ്ഥാപിച്ചു. ഇന്ത്യ ആ സമയത്തുണ്ടാക്കിയ പുരോഗതിയുടെ മൊമന്റമെന്നുപറയുന്നത് ലോകത്തെമുഴുവൻ വിസ്മയിപ്പിച്ചതാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ടെലിക്കമ്മ്യൂണിക്കേഷൻ റവല്യൂഷന് തുടക്കം കുറിച്ചത് ഇന്ത്യയിലാണെന്ന്. ആ റവല്യൂഷന്റെ ഭാഗമായിട്ടാണ് ഇന്ത്യയിലെ എല്ലാ സ്ഥലത്തും എസ്.ടി.ഡി., ഐ.എസ്.ഡി. ബൂത്തുകൾ വന്നത്. ഇന്ത്യയിൽ എവിടെവേണമെങ്കിലും ആർക്കും ആരേയും ബന്ധപ്പെടാൻ കഴിയാവുന്ന തരത്തിലുള്ള ടെലിക്കമ്മ്യൂണിക്കേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ് ചെയ്തത് അദ്ദേഹമാണ്. അദ്ദേഹം അന്ന് ഒരു രൂപ ശമ്പളത്തിന് പ്രവർത്തിച്ച ആളാണ്. നമ്മൾ അത് വിസ്മരിക്കരുത്. ആ അടിത്തറയാണ് ഇന്ത്യ ഇന്ന് ലോകത്തിലെ ടെലിക്കമ്മ്യൂണിക്കേഷൻ രംഗത്ത് ലോകത്തിലെ ഏത് രാജ്യത്തേയും കവച്ചുവയ്ക്കുന്ന വലിയ രാജ്യമായി മാറിയത്. ഇന്ന് ടെലിക്കമ്മ്യൂണിക്കേഷൻ രംഗത്ത് ലോകത്തെ ഏറ്റവും ചീപ്പസ്റ്റ് താരിഫ് ഇന്ത്യയിലാണ്. അമേരിക്കയിലോ ഗൾഫ് നാടുകളിലോ എവിടെപ്പോയാലും ഇതിനെക്കാൾ ചീപ്പസ്റ്റ് താരിഫ് കാണില്ല. സാധാരണക്കാരുടെ കാര്യംകൂടി പരിഗണിച്ചു. മാത്രമല്ല വികസനകാര്യത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു കമ്പോണന്റാണ് ടെലിക്കമ്മ്യൂണിക്കേഷൻ എന്നു പറയുന്നത്. ശ്രീ. അലുവാലിയേയും അദ്ദേഹത്തേയുംകൂടി കൂട്ടിച്ചേർത്തു

പറഞ്ഞതിൽ ചെറിയൊരു പൊരുത്തക്കേടുണ്ട്. നമ്മുടെ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പിക്കാനും അവരെ പുരോഗതിയിലേയ്ക്ക് നയിക്കാനുംകൂടി സഹായകരമാകുന്ന രീതിയിൽ ഇത് ഉപയോഗിക്കണമെന്നുള്ള ഒരു നിർദ്ദേശംകൂടി മുന്നോട്ടുവച്ചുകൊണ്ട് ഞാൻ ഈ ഭേദഗതി മൂവ് ചെയ്യുന്നു.

മി. ചെയർമാൻ: ശ്രീ. എ.കെ.ബാലൻ, അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള സഹകരണസംഘ (മൂന്നാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എ.കെ. ബാലൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള സഹകരണസംഘ (മൂന്നാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്ക്ണമെന്ന 2(ബി) നമ്പർ ഭേദഗതി അവതരിപ്പിക്കുകയാണ്. സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനും അധികവിഭവ സമാഹരണത്തിനും ഈ ഭേദഗതി സഹായകമാവും എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ശ്രീ. വി.ഡി. സതീശൻ ഇവിടെ പറഞ്ഞത് കോ-ഓപ്പറേറ്റീവിന്റെ താല്പര്യം ഒരുരൂപത്തിലും ഇത് സംരക്ഷിക്കുന്നില്ലയെന്നാണ്. ശ്രീ. വി.ഡി. സതീശൻ മനസ്സിലാക്കേണ്ട ഒരു കാര്യം, Amendment of Sec.2, Amendment of Sec.18, അദ്ദേഹം പൂർണ്ണമായ തോതിൽ ആ ഭേദഗതിയുടെ ഇന്റൻഷൻ മനസ്സിലാക്കി സംസാരിച്ചതാണെ

ങ്കിൽ ഈ വാദം ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. പ്രധാനമായും സെക്ഷൻ 2–നാണല്ലോ ഭേദഗതി വരുത്തി ജില്ലാ കോ–ഓപ്പറേറ്റീവ് ബാങ്കുകളെ നിർവ്വചിക്കുന്നത്. അങ്ങനെ നിർവ്വചിച്ച കൂട്ടത്തിൽ കടലാസ് സഹകരണ സംഘങ്ങളുണ്ട്. Any type of Primary Societies. പക്ഷെ having nominal or associate members as specified in the proviso to sub-section (1) of section 18. എന്തിനാണ് nominal or associated members ഈ നിർവ്വചനത്തിൽ വരുന്നത്. അവർക്ക് എന്തുകൊണ്ട് അസോസിയേറ്റഡ് മെമ്പറാകാൻ അല്ലെങ്കിൽ നോമിനൽ മെമ്പറാകാൻ അവകാശം കൊടുക്കുന്നു. സെക്ഷൻ 18–ൽ District Co-operative bank may admit any individual depositor or any loanee residing within its area of operation as nominal or associate member. എന്തിനാണ് ഒരു ഡെപ്പോസിറ്ററെ അല്ലെങ്കിൽ ഒരു ലോണിയെ നോമിനൽ അല്ലെങ്കിൽ അസോസിയേറ്റഡ് മെമ്പറാക്കുന്നത്. ആ ഉദ്ദേശമാണ് ബഹുമാനപ്പെട്ട വി.ഡി. സതീശൻ മനസ്സിലാക്കേണ്ടത്. അതാണ് ഇവിടെ പറഞ്ഞത് ഇത് ദുഷ്ടലാക്കോടുകൂടിയിട്ടുള്ളതാണെന്ന്. എന്നാൽ ഇങ്ങനെയൊരവകാശം നിങ്ങൾ അവർക്ക് കൊടുക്കുമ്പോൾ അവർക്ക് വോട്ടവകാശമുണ്ടോ; ഇല്ല. അവർക്ക് ബാങ്കിൽ ഡിവിഡന്റ് ലഭിക്കുമോ; അതുമില്ല.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, ജില്ലാ സഹകരണ ബാങ്കിൽ എന്തിനാണ് ഡെപ്പോസിറ്റേഴ്സിനെ നോമിനൽ മെമ്പറാക്കുന്നതെന്നാണ് അങ്ങ് ചോദിക്കുന്നത്. ജില്ലാ ബാങ്കിൽ അവരുടെ മൂലധനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി പുതിയ സ്രോതസ്സുണ്ടാക്കണം എന്ന നിർദ്ദേശം വന്നുകഴിഞ്ഞപ്പോൾ

ഡെപ്പോസിറ്റേഴ്സിന്റെ മെമ്പർഷിപ്പുകൂടി സ്വീകരിച്ച് മൂലധനം വർദ്ധിപ്പിക്കുക യെന്ന് ഉദ്ദേശമാണതിലുള്ളത്. അവരെ ഒറിജിനൽ മെമ്പേഴ്സാക്കി വോട്ടിംഗ് റൈറ്റ് കൊടുക്കാൻ സാധ്യമല്ല. കാരണം, ജില്ലാ ബാങ്കുകളുടെ മെമ്പേഴ്സ് എന്നുപറയുന്നത് സംഘങ്ങളാണ്. വോട്ടിംഗ് റൈറ്റല്ല. വോട്ടിംഗ് റൈറ്റില്ലാതെ ഡെപ്പോസിറ്റേഴ്സിനെ നോമിനൽ മെമ്പേഴ്സ് എന്ന നിലയിൽ സ്വീകരിക്കു ന്നത് ആ ബാങ്കിന്റെ മൂലധനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, അതായത് നിങ്ങളുടെ ഉദ്ദേശം നോമിനൽ മെമ്പേഴ്സ് അല്ലെങ്കിൽ അസോസിയേറ്റഡ് മെമ്പേഴ്സിനെ ഈ നിർവ്വചന ത്തിൽ നിങ്ങൾ ഉൾപ്പെടുത്തുന്നത് മൂലധനം വർദ്ധിപ്പിക്കാനാണ്. അതുതന്നെ യാണ് ഞങ്ങളും പറയുന്നത്. ബാങ്കുകളുടെ മൂലധനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി അസോസിയേറ്റഡ് മെമ്പേഴ്സിനെയും നോമിനൽ മെമ്പേഴ്സിനെയും എങ്ങനെയാണ് നിങ്ങൾ ചൂഷണം ചെയ്യാൻ പോകുന്നത് എന്നുള്ളതാണ് ഞങ്ങൾ ഇവിടെ പറയുന്നത്. ഞാൻ ഈ നിയമത്തിനുള്ളിൽ നിന്നുകൊ ണ്ടാണ് പറയുന്നത്. ബഹുമാനപ്പെട്ട ശിവദാസൻ നായർ പറഞ്ഞത് വളരെ കറക്റ്റാണ്. എങ്ങനെ മൂലധനം വർദ്ധിപ്പിക്കണം, എങ്ങനെ ഡെപ്പോ ഴ്സിറ്റേഴ്സിൽ നിന്ന് ഡെപ്പോസിറ്റ് വാങ്ങണം. അതിന് ഡെപ്പോസിറ്റേഴ്സിനെ നോമിനൽ മെമ്പർമാർ ആക്കണം. അതിന്റെ ആപത്താണ് ഞങ്ങൾ പറയുന്ന ത്. ജില്ലാ ബാങ്കുകളുടെ വായ്പയ്ക്കും നിക്ഷേപത്തിനും ഇനി മുതൽ രണ്ടു ശതമാനം ഓഹരി എടുത്തിരിക്കണമെന്ന് നിർബന്ധമാക്കുന്ന ഈ ബിൽ കൃഷിക്കാർക്കും സാധാരണ വായ്പയെ ആശ്രയിക്കുന്നവർക്കും എതിരായി ട്ടുള്ളതാണ്. ഈ ബില്ലിലെ ഉദ്ദേശകാരണങ്ങളുടെ വിവരണത്തിൽ ഒബ്ജ ക്റ്റിൽ കൃത്യമായി പറയുന്നു ജില്ലാ സഹകരണ ബാങ്കും സംസ്ഥാന സഹക രണ ബാങ്കും ഏറ്റവും കുറഞ്ഞത് നാല് ശതമാനം ക്യാപിറ്റൽ റിസ്ക് വെയി റ്റഡ് അസറ്റ് റേഷ്യോ (സി.ആർ.എ.ആർ) ഉറപ്പാക്കണമെന്നാണ് പറയുന്നത്. മുഴുവൻ ബഹുമാനപ്പെട്ട മന്ത്രി പറയുന്നില്ല. യഥാർത്ഥത്തിൽ 2013 ജൂൺ 30 ന് മുമ്പ് 4 ശതമാനവും 2015 ജൂൺ 30 ന് മുമ്പ് 7 ശതമാനവും 2017 ജൂൺ 30 ന് മുമ്പ് 9 ശതമാനവും 2019 ജൂൺ 30 ന് മുമ്പ് 12 ശതമാനവുമായി ഇത് വർദ്ധിപ്പിക്കണമെന്നുമാണ് ആർ.ബി.ഐ നിർദ്ദേശിച്ചിട്ടുള്ളത്. ഇത് ആരുടെ തലയിലാണ് വരാൻ പോകുന്നത്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ശിവദാസൻ നായർ പറഞ്ഞതുപോലെ ഡെപ്പോസിറ്റേഴ്സിന്റെ തലയിലാണ് വരിക. ഇത് വർദ്ധിപ്പിക്കണമെന്നാണ് ഇപ്പോൾ ആർ.ബി.ഐ. പറഞ്ഞിരിക്കുന്നത്. അതിന് ബഹുമാനപ്പെട്ട മന്ത്രിക്ക് ഇതല്ലാതെ വേറെ ഒരു ആൾട്ടർനേറ്റീവുമില്ല. മേൽപ്പ റഞ്ഞ നിരക്കിൽ മൂലധനം വർദ്ധിപ്പിക്കുന്നതിന് വായ്പയെടുക്കുന്ന കൃഷി ക്കാരെയും പാവപ്പെട്ടവരെയും ബുദ്ധിമുട്ടിക്കേണ്ടതുണ്ടോ? ഇതാണ് ഇവിടെ യുള്ള പ്രസക്തമായ ചോദ്യം. ആർ.ബി.ഐ.യുടെ നിലപാട് തികച്ചും തെറ്റാ ണ്. ഇത് ഉന്നയിക്കുന്നതിനും, കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ റിസർവ്

ബാങ്കിനെ ബോധ്യപ്പെടുത്തുന്നതിനും, കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ ഏത് രീതിയിലാണ് ബാധിക്കാൻ പോകുന്നത് എന്നതിനെ സംബന്ധിച്ചും ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഈ വർദ്ധന കൃഷിക്കാരുടെ തലയിലേയ്ക്കാണ് വരാൻ പോകുന്നത് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. നിലവിൽ സർക്കാർ ചില സാമ്പത്തിക സഹായം ജില്ലാ ബാങ്കുകൾക്ക് നൽകുന്നുണ്ടല്ലോ അത് വർദ്ധിപ്പിച്ചാൽ പിന്നെ ഇത് വർദ്ധിപ്പിക്കേണ്ട ആവശ്യമില്ല. അങ്ങനെയെന്തെങ്കിലും ഒരു ഉറപ്പ് മന്ത്രിക്ക് ഇവിടെയുണ്ടോ? ജില്ലാ ബാങ്കിൽ പലിശയോടൊപ്പം രണ്ട് ശതമാനം ഓഹരികൂടിയാകുമ്പോൾ ബ്ലേഡ് കമ്പനികളിൽ നിന്നും വട്ടിപ്പലിശക്കാരിൽ നിന്നും പണമെടുക്കാൻ കൃഷിക്കാർ നിർബന്ധിക്കപ്പെടുന്നു. ഡെപ്പോസിറ്റ് ചെയ്യുന്നവർ രണ്ട് ശതമാനം അങ്ങോട്ടേയ്ക്ക് കൊടുക്കണം, കടം എടുക്കുന്നയാൾ രണ്ട് ശതമാനം അങ്ങോട്ട് കൊടുക്കണം. അതായത് ഒരു ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്യുമ്പോൾ രണ്ടായിരംരൂപയുടെ ഷെയർക്യാപിറ്റൽ കൊടുക്കണം. അപ്പോൾ വായ്പയും ഡെപ്പോസിറ്റും കുറയുകയാണ് ചെയ്യുന്നത്. 14 ശതമാനത്തിന് കിട്ടിയത് 14 ശതമാനംതന്നെ കൊടുക്കേണ്ടി വരും. ലോകത്തിന്റെ ചരിത്രത്തിൽ എവിടെയെങ്കിലും കേട്ടിട്ടുണ്ടോ ഡെപ്പോസിറ്റർ പലിശ അങ്ങോട്ട് കൊടുക്കേണ്ടി വരുന്നത്. അതാണ് ഇവിടെ സംഭവിക്കുന്നത്. ഇത് മനസ്സിലാക്കാതെ ബാങ്കുകളെ സംരക്ഷിക്കാനും ജനങ്ങളെ സംരക്ഷിക്കാനുമാണ് ഈ ഭേദഗതി നിയമം എന്നു പറയുന്നത് തെറ്റാണ്. മന്ത്രി മറുപടി പറഞ്ഞോട്ടേ... എനിക്ക് പ്രശ്നമില്ല. പക്ഷെ ഇതാണ് ഇതിന്റെ കോൺസ്വിക്വൻസ് എന്ന് നമ്മൾ മനസ്സിലാക്കണം. ഒരു ഭാഗത്ത് സഹകരണ ബാങ്കുകളെ അടിച്ചമർത്തുക മറുഭാഗത്ത് കൃഷിക്കാരന്റെ തലയിൽ ഭാരം അടിച്ചേൽപ്പിക്കുക ഇതാണ് ഈ ഭേദഗതിയുടെ ഭാഗമായി വരാൻ പോകുന്നത്. ആഗോള മൂലധന ശക്തികളും ഉദാരവത്ക്കരണത്തിന്റെ പ്രയോക്താക്കളും രാജ്യത്തെ ശക്തമായ സഹകരണ മേഖലയെ എങ്ങനെയാണ് സമർത്ഥമായി ഇല്ലാതാക്കാൻ പോകുന്നത് എന്നതിന്റെ ഏറ്റവും വ്യക്തമായ തെളിവാണ് ഇത്. മൂലധന ശക്തികൾക്കായി കേരളത്തിലെ ശക്തമായ സഹകരണ മേഖലയെ എറിഞ്ഞു കൊടുക്കുകയാണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും നബാർഡും കൂടി ഇപ്പോൾ ചെയ്യുന്നത്. ഇത് അറിയാമെങ്കിലും എതിർത്ത് ഒരക്ഷരം മിണ്ടാൻ ഇന്നത്തെ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കോ ബഹുമാനപ്പെട്ട സഹകരണ മന്ത്രിക്കോ കഴിയില്ല. കാരണം അവർ വലിയ ഒരു ട്രാപ്പിലേക്ക് അകപ്പെട്ടു കഴിഞ്ഞു. അതാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനം ഇന്ന് നേരിടുന്ന ഏറ്റവും വലിയ ദുരവസ്ഥ. ആർ.ബി.ഐ.യുടെ നിർദ്ദേശം പാലിക്കാൻ ജില്ലാ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കുകളും അതിന്റെ ആസ്തിയുടെ നാല് ശതമാനം ഓഹരി മൂലധനമായി മാറ്റിവയ്ക്കുകയാണ്. ഇതിനെ അതിജീവിക്കുന്ന ഒരു നടപടി എടുത്തുകൊണ്ടിരിക്കുന്ന സമയത്താണ് ആർ.ബി.ഐ വീണ്ടും മൂലധനപര്യാപ്തത 12 ശതമാനമായി കൂട്ടിയത്. ഇത് സഹകരണ പ്രസ്ഥാനത്തെ പരിപൂർണ്ണമായി പ്രതിസന്ധിയിലാക്കും. ലാഭം മാത്രം ലക്ഷ്യമാക്കിയിട്ടുള്ള വാണിജ്യ ബാങ്കുകളുടെ അതേ അളവുകോൽ വച്ചുകൊണ്ട് സഹകരണ സ്ഥാപനങ്ങളെയും വരുതിയിലാക്കാൻ ആർ.ബി.ഐ. ശ്രമിക്കുകയാണ്. അത് തിരുത്തിക്കാൻ ഭരണപ്രതിപക്ഷഭേദമന്യേ നമുക്ക് കഴിയണം. ഇല്ലെങ്കിൽ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ മരണമണിയായിരിക്കും ഇവിടെ മുഴങ്ങാൻ പോകുന്നത്. ഒരു ഭാഗത്ത് നിഷ്ക്രിയ ആസ്തിയിൽ നിന്നും പലിശ വരുമാനം ഇല്ലാതാക്കുന്നു.

മറുഭാഗത്ത് നിഷ്ക്രിയ ആസ്തിക്ക് ആനുപാതികമായി പ്രൊവിഷൻ വയ്ക്കുക. ഇത് കൊണ്ടുചെന്നെത്തിക്കുന്നത് ഇതിന്റെ പരിപൂർണ്ണ തകർച്ചയിലേക്കാണ്. രണ്ടും ചേർന്ന് ജില്ലാ–സംസ്ഥാന ബാങ്കുകളെ ശ്വാസം മുട്ടിക്കുമ്പോഴാണ് ആർ.ബി.ഐ.യും നബാർഡും ചേർന്ന് വാണിജ്യ സ്വകാര്യ ബാങ്കുകൾക്ക് സമാനമായ തോതിൽ സഹകരണ ബാങ്കുകളും മൂലധനപര്യാപ്തത കൈവരിക്കണമെന്ന് വ്യവസ്ഥ വച്ചിട്ടുള്ളത്. ഈ കർശന വ്യവസ്ഥ ഏർപ്പെടുത്തുമ്പോൾ ആർ.ബി.ഐ.യും നബാർഡും ബോധപൂർവ്വം ഒരു കാര്യം മറച്ചുവയ്ക്കുകയാണ്. വാണിജ്യ ബാങ്കുകൾ മൂലധനപര്യാപ്തത കൈവരിക്കുന്നത് കേന്ദ്ര സർക്കാർ വർഷാവർഷം നൽകി വരുന്ന ബഡ്ജറ്റ് വിഹിതം കൊണ്ടാണ്. അല്ലാതെ ഡെപ്പോസിറ്ററുടെ കയ്യിൽ നിന്ന് വാങ്ങിയിട്ടല്ല. സ്വകാര്യ ബാങ്കുകളാണെങ്കിൽ ഓഹരി മാർക്കറ്റിൽ നിന്ന് മൂലധനം സമാഹരിച്ചിട്ടാണ്. സഹകരണ ബാങ്കുകൾക്ക് ഇത്തരമൊരു സൗകര്യം നമ്മുടെ രാജ്യത്ത് ഇല്ല. ഗ്രാമീണ തലത്തിൽ ഗ്രാമീണ സഹകരണ സംഘങ്ങളിൽ അംഗത്വം എടുക്കാൻ സാധാരണ നിലയിൽ ഇപ്പോൾ നമ്മൾ നൽകേണ്ടത് പത്ത് രൂപയുടെ ഓഹരി മൂലധനമാണ്. പ്രൈമറി ബാങ്കുകൾ ഇത്തരത്തിൽ സമാഹരിക്കുന്ന ഓഹരി സംഖ്യയിൽ നിന്ന് ഒരു വിഹിതം അവർക്ക് അഫിലിയേറ്റ് ചെയ്തിട്ടുള്ള ജില്ലാ ബാങ്കുകൾക്ക് നൽകുന്നു. ഇതേ രീതിയിൽ ഡിസ്ട്രിക്റ്റ് കോ–ഓപ്പറേറ്റീവ് ബാങ്കുകൾ സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് ബാങ്കിനും നൽകുന്നു. സംസ്ഥാന സർക്കാർ നൽകുന്ന ഓഹരിമൂലധന സഹായമാണെങ്കിൽ പരിമിതവും പിന്നെ എങ്ങനെ ഇത്രയേറെ മൂലധന പര്യാപ്തത കൈവരിക്കാൻ സാധിക്കും. വാണിജ്യ ബാങ്കുകളും സ്വകാര്യ ബാങ്കുകളും ഇറങ്ങിച്ചെല്ലാൻ മടിക്കുന്ന സാധാരണ ജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്ന ഒരു ജനസ്ഥാപനമെന്ന നിലയിൽ സഹകരണ ബാങ്കുകൾക്ക് പ്രത്യേകമായ ഒരു മൂലധനപര്യാപ്ത മാനദണ്ഡത്തിനാണ് നമ്മൾ ശ്രമിക്കേണ്ടത്. ഈ മാനദണ്ഡമല്ല നമ്മൾ എടുക്കേണ്ടത്. എന്നാലും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർബന്ധത്തിന് നിങ്ങൾ വഴങ്ങുകയാണ്. വായ്പക്കാർക്ക് അസോസിയേറ്റ് അംഗത്വം നൽകുന്നത് രണ്ട് ശതമാനം ഒഹരി ഈടാക്കിക്കൊണ്ടാകാൻ പാടില്ല. ആർ.ബി.ഐ. നിർബന്ധത്തിന് കീഴടങ്ങുകയാണെങ്കിൽ അതിന് ആവശ്യമായ പണം ഡിസ്ട്രിക്റ്റ് കോ–ഓപ്പറേറ്റീവ് ബാങ്കുകൾക്ക് സംസ്ഥാനം തന്നെ ബഡ്ജറ്ററി സ്പ്പോർട്ട് വച്ച് കൊടുക്കണം. സഹകരണ മേഖലയിൽ, വായ്പാ മേഖലയിൽ ത്രിതല സംവിധാനമാണ് ഇവിടെയുള്ളത്. 2013–2014 ലെ കണക്കനുസരിച്ച് ത്രിതല ഡെപ്പോസിറ്റ് ഒരു ലക്ഷം കോടി രൂപയാണ്. 30,000 കോടി രൂപ വായ്പയുമാണ്. ഇന്ത്യയിലെ മൊത്തം സഹകരണ ബാങ്കുകൾ കൈകാര്യം ചെയ്യുന്ന നിക്ഷേപത്തിന്റെ 60 ശതമാനത്തിലേറെയും കേരളത്തിൽ നിന്നാണ്. ഉദാരവത്ക്കരണ നയങ്ങളുടെ ഭാഗമായി ആർ.ബി.ഐ.യുടെയും നബാർഡിന്റെയും ദുഷ്ടലാക്കാണ് നമ്മൾ മനസ്സിലാക്കാതെ പോകുന്നത്. കേരളത്തിലെ ത്രിതല സഹകരണ മേഖലയുടെ അടിസ്ഥാനഘടകമായ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ്സ് നടത്താൻ പാടില്ല. നിക്ഷേപങ്ങൾ സ്വീകരിക്കുകയും വായ്പ നൽകുകയും ചെയ്യരുത്. ആസ്തി ബാധ്യതകളെല്ലാം ജില്ലാ ബാങ്കുകൾക്ക് കൈമാറി അവരുടെ ബിസിനസ്സ് ഏജന്റായി പ്രവർത്തിക്കണമെന്നാണ് ഇതിനകം പറഞ്ഞത്. യാതൊരുവിധ സാമ്പത്തിക ഇടപാടുകളിലും പങ്കാളികളാകാൻ പ്രൈമറി സൊസൈറ്റികൾക്ക് അവകാശമില്ല എന്ന് നബാർഡ് ആദ്യം നിർദ്ദേശിച്ചു. എതിർപ്പുകളെ തുടർന്ന് തത്ക്കാലം അത് മാറ്റിവച്ചു

എങ്കിൽപ്പോലും ഡെമോക്ലസിന്റെ വാൾ പോലെ അത് ഇപ്പോഴും നമ്മുടെ മുന്നിലുണ്ട്. നബാർഡ് നിർദ്ദേശം മറ്റൊരു രൂപത്തിൽ നടപ്പാക്കാനുള്ള തന്ത്ര മാണ് നിങ്ങൾ ഈ നിയമത്തിലൂടെ ചെയ്യുന്നത്.

ഞാൻ ഇതിന്റെ ഉള്ളടക്കത്തിലേയ്ക്ക് കടക്കുകയാണ് – ഓഹരി മൂല ധന പര്യാപ്തതയുടെ പേരിൽ ത്രിതല സംവിധാനത്തിലെ പ്രാഥമിക തലത്തെ ദുർബലമാക്കുന്ന നിലയിലാണ് പ്രൈമറി സംഘങ്ങളുടെ മുറ്റത്തടക്കം ജില്ലാ കോ–ഓപ്പറേറ്റീവ് ബ്രാഞ്ചുകൾ സ്ഥാപിച്ച്; ഡെപ്പോസിറ്റ് ശേഖരിച്ച്; വായ്പ കൊടുത്ത് ജില്ലാ കോ–ഓപ്പറേറ്റീവ് ബാങ്കുകളുടെ മൂലധനം വർദ്ധിപ്പിക്കുക യാണ് ഇപ്പോൾ ചെയ്യുന്നത്. ഒരു ഘട്ടം കഴിയുമ്പോൾ ഈ ചെറിയ മത്സ്യ ങ്ങളെയെല്ലാം വലിയ മത്സ്യങ്ങൾ വിഴുങ്ങും. എന്നാൽ അതിലും വലിയ ഒരു മത്സ്യം നിങ്ങളെ പാടെ വിഴുങ്ങാൻ കാത്തിരിക്കുകയാണ് എന്ന് ബഹുമാന പ്പെട്ട മന്ത്രി മനസ്സിലാക്കണം. മറിച്ച് ആത്മാർത്ഥതയോടെയാണെങ്കിൽ വായ്പാക്കാരെയും നിക്ഷേപകരെയും ജില്ലാ ബാങ്കുകളിൽ അസോസിയേ റ്റഡ് അംഗങ്ങളായി പരിമിതപ്പെടുത്തുന്നത് എന്തുകൊണ്ടാണ്? അസോസി യേറ്റഡ് അംഗങ്ങൾക്ക് എന്തുകൊണ്ട് നിങ്ങൾ ലാഭവിഹിതവും വോട്ടവ കാശവും കൊടുക്കുന്നില്ല? 2803 പ്രൈമറി സംഘങ്ങൾ മാത്രമുണ്ടായിരുന്ന 14 ജില്ലാ ബാങ്കുകളുടെ അംഗത്വത്തിൽ, ഇതര സഹകരണ സംഘങ്ങളായ 7589 കടലാസ് സംഘങ്ങളെ അസോസിയേറ്റഡ് അംഗങ്ങളിൽ നിന്ന് വോട്ടവ കാശമുള്ള അംഗങ്ങളാക്കി നിങ്ങൾ ഓർഡിനൻസ് ഇറക്കിയില്ലേ? കടലാസ് സംഘങ്ങൾക്ക് ഈ അവകാശം നിങ്ങൾ കൊടുത്തില്ലേ? അങ്ങനെയാണെ ങ്കിൽ ഇത് എന്തുകൊണ്ട് ഇവിടെ നിങ്ങൾക്ക് ബാധകമാക്കാൻ കഴിയുന്നില്ല. വായ്പ എടുക്കുന്നവർക്കെല്ലാം വോട്ടവകാശം എന്ന കപടതത്വം അന്ന്

നിങ്ങൾ പറഞ്ഞല്ലോ? എന്നാൽ എന്തുകൊണ്ട് ഇവിടെ ഇപ്പോൾ നടപ്പിലാക്കുന്നില്ല? എങ്കിൽ ഇപ്പോൾ ഡെപ്പോസിറ്റ് ചെയ്യുന്നവരെയും വായ്പ എടുക്കുന്നവരെയും എന്തുകൊണ്ട് വോട്ടവകാശമുള്ള അംഗങ്ങളാക്കുന്നില്ല? ലാഭവിഹിതം എന്തുകൊണ്ട് അവർക്ക് കൊടുക്കുന്നില്ല? ഈ ഇരട്ടത്താപ്പാണ് ഇപ്പോൾ ഈ ഭേദഗതിയുടെ ഭാഗമായി കൊണ്ടുവരുന്നത്. നബാർഡ് സംസ്ഥാനത്തെ സഹകരണമേഖലയോട് കാണിച്ചുവരുന്ന ഉദാരവൽക്കരണ നിലപാടുകളിലടങ്ങിയ സമീപനം തുറന്നുകാണിക്കാനും സംസ്ഥാനം മുന്നിട്ടിറങ്ങണം. മുല്ലപ്പെരിയാർ പ്രശ്നം പോലെ തന്നെ സംസ്ഥാനത്തെ ഒട്ടാകെ ബാധിക്കുന്ന പ്രശ്നമായി നമ്മൾ ഇതിനെ കാണണം. നബാർഡ്, ആർ.ബി.ഐ. പോലുള്ള സ്ഥാപനങ്ങൾ കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളെ ഏത് രൂപത്തിലാണ് ക്രമാനുഗതമായി ഇല്ലാതാക്കുന്നത് എന്ന ആപത്ത് നമ്മൾ കാണണം. ആ ആപത്തിന് കുറച്ചു കൂടി നിയമത്തിന്റെ സാധുത്വം കൊടുക്കുന്നതാണ് ഈ ഭേദഗതി. സംസ്ഥാനത്തിന്റെ സഹകരണ സ്ഥാപനങ്ങളെ തകർക്കാൻ പുറപ്പെട്ട നബാർഡിനെ നമ്മൾ തിരിച്ചറിയണം. 1982-ൽ നബാർഡ് രൂപീകരിച്ച ഘട്ടത്തിൽ രാജ്യത്ത് വിതരണം ചെയ്ത മൊത്തം കാർഷിക വായ്പയിൽ 80% വും സഹകരണ ബാങ്കുകളിലൂടെയായിരുന്നു. എന്നാൽ ഇന്ന് അത് 17% മായി ചുരുങ്ങി. നബാർഡ് സഹകരണമേഖലയെ സഹായിക്കുകയല്ല, തകർക്കുകയാണ് ചെയ്യുന്നത് എന്നുള്ളതിന്റെ ഏറ്റവും നല്ല തെളിവ് ഈ കണക്കുകൾ തന്നെയാണ്. 2013-14 സാമ്പത്തിക വർഷം നിസ്സാര കാര്യങ്ങൾ പറഞ്ഞുകൊണ്ടാണ് കേരളത്തിന് ലഭിക്കേണ്ടിയിരുന്ന 1000 കോടി രൂപയുടെ കാർഷിക വായ്പ നബാർഡ് നിഷേധിച്ചത്. മറ്റൊരു പ്രധാനപ്പെട്ട കാര്യം നാം വിസ്മരിക്കരുത്. ഇന്ത്യൻ ഭരണഘടനയിലെ 7-ാം

ഷെഡ്യൂളിലെ 11-ാം ലിസ്റ്റ് 32-ാം എൻട്രി പ്രകാരം സഹകരണം എന്നത് സംസ്ഥാന വിഷയമാണ്. ത്രിതല വായ്പാ മേഖലയുടെ ഘടനയിൽ മാറ്റം വരുത്താനുള്ള അധികാരം അതാത് സംസ്ഥാനങ്ങൾക്കാണ്. സംസ്ഥാന ങ്ങൾക്കുള്ള ഈ അധികാരം റിസർവ് ബാങ്ക് നിയോഗിച്ച പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ട് പ്രകാരം സംസ്ഥാനങ്ങളുമായി ആലോചിക്കാതെ നടപ്പിലാ ക്കുകയാണ് ചെയ്തത്. ഇത് സംസ്ഥാന ഗവൺമെന്റിനോടുള്ള; ഭരണഘടന യോടുള്ള വെല്ലുവിളിയാണ്. ഇത് നിസാരമായി കാണരുത്. കേരളത്തിലെ ഇന്നത്തെ സഹകരണമേഖല ആർജ്ജിച്ചെടുത്ത വിശ്വാസം; ജനങ്ങളിൽ നിന്നും സ്വരൂപിച്ചിട്ടുളള പണം, ഇതെല്ലാം ഒരു രൂപത്തിലും ഈ സഹകരണ സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട സ്ഥിതി ശക്തിപ്പെടുത്തുന്നതിന് ഉപയോഗിക്കാൻ സാധിക്കാത്ത രൂപത്തിൽ ജനങ്ങൾക്ക് വിശ്വസിക്കാൻ പറ്റാത്ത ഒരു സ്ഥാപന മാക്കി മാറ്റുന്നതിനുള്ള ഒരു ഭേദഗതിയാണിത്. കേരളത്തിന്റെ സമസ്ത മേഖല യിലും നമ്മുടെ സഹകരണ മേഖല കടന്നുചെന്നതാണ്. വിദ്യാഭ്യാസം, ആരോഗ്യസേവനം, പശ്ചാത്തലമേഖല, പൊതുവിതരണ സമ്പ്രദായം തുട ങ്ങിയ എല്ലാ മേഖലകളിലും യഥാർത്ഥത്തിൽ സാമ്രാജ്യത്വ മൂലധനത്തിന്റെ അനർഗ്ഗളമായ ഒഴുക്കിനെ തടഞ്ഞുനിർത്തിയ ഒരു ജനകീയ ബദലാണ് കേരള ത്തിലെ സഹകരണ പ്രസ്ഥാനം. ആ സഹകരണ പ്രസ്ഥാനത്തിന്റെ മരണ മണിയാണ് ഈ ഭേദഗതിയുടെ ഭാഗമായി ഇവിടെ വരാൻ പോകുന്നത്. അതു കൊണ്ട് ഭരണകക്ഷി അംഗങ്ങൾ........, ഒന്നു രണ്ടു ബില്ലുകൾ സബ്ജക്ട് കമ്മി റ്റിയ്ക്ക് അയച്ച സമയത്ത് നിങ്ങളുടെ സഹായത്തോടു കൂടി ഇവിടെ തിരിച്ചു കൊണ്ടുവരാൻ നമുക്ക് കഴിഞ്ഞിട്ടില്ല, പ്രത്യേകിച്ചും വെള്ളവുമായി ബന്ധപ്പെ ട്ടുകൊണ്ടുള്ള പ്രശ്നത്തിൽ ഞങ്ങൾ തന്നെ ഇവിടെ ശക്തമായി പറഞ്ഞതാ

ണ്. അതുകൊണ്ട് ഇക്കാര്യം മനസ്സിലാക്കുന്ന അംഗങ്ങൾ സബ്ജക്ട് കമ്മിറ്റിയിലെങ്കിലും ഈ പ്രശ്നം പറഞ്ഞുകൊണ്ട് ഇത് പ്രസ്സ് ചെയ്യരുത്. ഇന്നത്തെ സാഹചര്യത്തിൽ ആഗോളീകരണ നയങ്ങൾ നടപ്പിലാക്കുന്ന കേന്ദ്ര ഗവൺമെന്റിനെതിരായിട്ടുള്ള ശക്തമായ ജനകീയ പ്രക്ഷോഭത്തിന് ഭരണ-പ്രതിപക്ഷ കക്ഷികൾ തയ്യാറാണ് എന്നുള്ളതിന്റെ ഒരു നാന്ദിയായി നിങ്ങൾ ഈ ബില്ലിനെ കാണണം എന്നുള്ള അഭിപ്രായത്തോടുകൂടി ഈ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിക്ക് തിരിച്ചയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, സംസ്ഥാന സഹകരണ ബാങ്കുകളും ജില്ലാ സഹകരണ ബാങ്കുകളും ബാങ്കിംഗ് റെഗുലേഷൻസ് ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളാണ്. അതിനാൽ റിസർവ്വ് ബാങ്കിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും അപ്രതീക്ഷിതമായ സാമ്പത്തിക തകർച്ച ഒഴിവാക്കുന്നതിനുമായി മൂലധനപര്യാപ്തത ഉറപ്പാക്കണമെന്ന് ബാങ്കുകളോട് റിസർവ്വ് ബാങ്ക് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം 30.06.2013-നകം 4% വും 31.03.2014-ന് 7% വും മൂലധനപര്യാപ്തത കൈവരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത കാലാവധി 31.03.2015 ആയി ദീർഘിപ്പിച്ചിട്ടുണ്ട്. 31.03.2015 നകം മൂലധന പര്യാപ്തത കൈവരിക്കാത്ത പക്ഷം ബാങ്കുകളുടെ ലൈസൻസ് നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകും. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ മൂലധനപര്യാപ്തത ഉറപ്പാക്കുന്നതിനായി കഴിഞ്ഞ മൂന്നര വർഷക്കാലയളവിൽ 350 കോടി രൂപയും ജില്ലാ സഹകരണ ബാങ്കുകൾക്ക് 150 കോടി രൂപയും

സർക്കാർ അനുവദിച്ചിട്ടുണ്ട്. മൂലധന പര്യാപ്തത കൈവരിക്കുന്നതിനാവശ്യമായ തുക പൂർണ്ണമായും നൽകാൻ സർക്കാരിന് കഴിയില്ല. സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ ഇടപാടുകളിൽ നല്ലൊരു ശതമാനം വ്യക്തിഗത ഇടപാടുകളാണ്. നിലവിൽ യാതൊരു ഓഹരിയും വ്യക്തികളിൽ നിന്നും വാങ്ങുന്നില്ല. എന്നാൽ വായ്പക്കാർക്ക് നാമമാത്ര ഓഹരി നൽകി ഇടപാടുകാരെ കൂടി ബാങ്കുമായി കൂടുതൽ ബന്ധപ്പെടുത്തുന്നതിനാണ് നാമമാത്ര അംഗത്വം നൽകാൻ നിയമഭേദഗതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. നാമമാത്ര അംഗത്വം നൽകുന്നവർക്ക് വോട്ടവകാശമുള്ള അംഗങ്ങളുടെ അവകാശങ്ങളോ അധികാരങ്ങളോ ഇല്ല. സഹകരണ ബാങ്കുകൾ മറ്റ് വാണിജ്യ പൊതുമേഖലാ ബാങ്കുകളെ അപേക്ഷിച്ച് ആകർഷകമായ പലിശ നൽകുന്നതിനാലും അതാത് പ്രദേശത്തെ നിക്ഷേപങ്ങളാണ് ജില്ലാ ബാങ്കുകളിൽ ലഭിക്കുന്നത് എന്നിരുന്നാലും നിക്ഷേപം വാണിജ്യ ബാങ്കുകളിലേയ്ക്ക് മാറ്റുമെന്ന ആശങ്കയ്ക്ക് യാതൊരു അടിസ്ഥാനവുമില്ല. മറിച്ച് നാമമാത്രമായ അംഗത്വം നിക്ഷേപകർക്കും ഇടപാടുകാർക്കും ബാങ്കിനെ സംബന്ധിച്ച് കൂടുതൽ വിശ്വാസമുണ്ടാക്കാനും കഴിയും. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടും ബക്ഷി കമ്മിറ്റി റിപ്പോർട്ടും സംബന്ധിച്ച് ആശങ്കയ്ക്ക് അടിസ്ഥാനമില്ല. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിന് ഇപ്പോൾ പ്രസക്തിയില്ല. ബക്ഷി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നബാർഡിന്റെ നിർദ്ദേശം സംസ്ഥാന സർക്കാർ സ്വീകരിച്ച നിലപാടിന്റെ അടിസ്ഥാനത്തിൽ പിൻവലിച്ചിട്ടുണ്ട്. ആദായനികുതി വകുപ്പ് വിവരങ്ങൾ ശേഖരിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. ആദായ നികുതി വകുപ്പിന്റെ വ്യവസ്ഥകളിൽ നിന്ന് ഇളവ് നൽകാൻ സംസ്ഥാന സർക്കാരിന് കഴിയില്ല. സാദ്ധ്യമായ എല്ലാ നടപടികളും ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സഹകരണ വായ്പാ മേഖലയുടെ സംര

ക്ഷണത്തിനും നിലനിൽപ്പിനുമാണ് നിർദ്ദിഷ്ട നിയമഭേദഗതി. മൂലധനപര്യാപ്തത കൈവരിക്കാൻ കഴിയാതെ വന്നാൽ ബാങ്കുകളുടെ ലൈസൻസ് റദ്ദ് ചെയ്യപ്പെടുകയും ബാങ്ക് എന്ന നിലയിലുള്ള പ്രവർത്തനം അസാദ്ധ്യമാകുകയും ചെയ്യും. ഈ സ്ഥിതി ഒഴിവാക്കുന്നതിനാണ് ഭേദഗതി എന്നതിനാൽ നിരാകരണ പ്രമേയത്തിലും വിയോജനക്കുറിപ്പിൽ പരാമർശിച്ച കാര്യങ്ങളും വസ്തുതാപരമല്ലെന്ന് കാണാം. ആകയാൽ നിരാകരണ പ്രമേയം പിൻവലിച്ച് നിർദ്ദിഷ്ട ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. പി. ശ്രീരാമകൃഷ്ണൻ, 2014-ലെ 1-ാം നമ്പർ ഓർഡിനൻസായ 2014-ലെ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ;

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ തള്ളിയിരിക്കുന്നു.

<u>മി.സ്പീക്കർ</u>: ശ്രീ. വി.ഡി. സതീശൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

## വകുപ്പ് തിരിച്ചുള്ള പരിഗണന

## 2-ാം വകുപ്പ്

Shri. M. Hamsa: Sir, I move the following amendment:

(111) In section 2 (ia) of the principal Act proposed to be substituted by clause 2, after the words "in such revenue district" insert the words " the Government may decide".

Shri. C. Krishnan: Sir, I move the following amendment:

(112)Section 2 (ia) of the principal Act proposed to be substituted by clause 2, shall be recast as follows"-

"(ia) "District Co-operative Bank" means a Central Society with Primary Agricultural Credit Societies and Urban Co-operative Banks as its members having jurisdiction over a revenue district with its headquarters within its jurisdiction but not having any branch or branches detrimental to the interest

of member societies and having principal objective of extending credit to its members including nominal or associate members”

<u>Shri. A.K. Balan</u>: Sir, I move the following amendment:

(113) Section 2 (ia) of the principal Act proposed to be substituted by clause 2 shall be recast as follows:-

“(ia) “District Co-operative Bank” means a Central Society, with jurisdiction over one revenue district having Primary Agricultural Credit Societies and Urban Co-operative Banks as its members with principal objective to extend credit to its members including nominal or associate members;”

കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് നൽകുന്ന പുതിയ നിർവ്വചനം ഒരു രൂപത്തിലും ആ സ്ഥാപനത്തെ രക്ഷപ്പെടുത്തുന്നതിനുള്ളതല്ല. കടലാസ് സംഘങ്ങൾക്ക് ബാങ്കുകളിൽ അംഗത്വം കൊടുക്കുന്നതാണ്. അതുകൊണ്ട് അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികൾക്കും അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കും മാത്രം ജില്ലാ സഹകരണ ബാങ്കുകളിൽ അംഗങ്ങളായി അഫിലിയേഷൻ നൽകിയാൽ മതിയെന്നുള്ളതാണ് എന്റെ ഭേദഗതി. കാർഷിക മേഖലയെ സഹായിക്കുകയെന്നുള്ളതാണ് പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളുടെ മുഖ്യ കടമ. ഈ സംഘങ്ങൾക്കായിരുന്നു മുമ്പ് ജില്ലാ സഹകരണ ബാങ്കുകളിൽ അഫിലിയേഷൻ നൽകിയിരുന്നത്. പിന്നീട് ഗവൺമെന്റുതന്നെയാണ് വിവിധ ഉദ്ദേശ്യങ്ങളോടെ രജിസ്ട്രാർമാരെയെല്ലാം ഉപയോഗപ്പെടുത്തിക്കൊണ്ട് കടലാസ് സംഘങ്ങൾക്ക് അഫിലിയേഷൻ നൽകാൻ തീരുമാനിച്ചത്. അവയ്ക്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി വരുകയും വോട്ടവകാശം കൊടുക്കുകയും ചെയ്തു. നാട്ടുകാരിൽനിന്നും ലഭിക്കുന്ന

പണം കടലാസ് സംഘങ്ങൾ കൊണ്ടുപോകുവാൻ പാടില്ല. അതുകൊണ്ട് കടലാസ് സംഘങ്ങളെ ഒഴിവാക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

മി. സ്പീക്കർ: ശ്രീ. ജി. സുധാകരൻ, ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ എന്നീ അംഗങ്ങളുടെ 109, 110 ഭേദഗതികൾ ക്രമാനുസൃതമല്ല. അംഗങ്ങൾക്ക് വേണമെങ്കിൽ സംസാരിക്കാവുന്നതാണ്.

(അംഗങ്ങൾ സംസാരിച്ചില്ല.)

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഹംസ അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു..

ശ്രീ. സി. കൃഷ്ണൻ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു..

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ................

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 3-ാം വകുപ്പ്

മി. സ്പീക്കർ: 114, 115, 116, എന്നീ ഭേദഗതികൾ ക്രമാനുസൃതമല്ല.

Shri. M. Hamsa: Sir, I move the following amendment.

(117) In the second proviso to section 18(1) of the principal Act, proposed to be added by clasue3, after the words "nominal or associate member" insert the words "eligible as per the norms by the co-operative laws".

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഹംസ അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഹംസ: സർ, പ്രസ്സ് ചെയ്യുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, 117-ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുകയാണ്.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ: 67

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. ബി. അബ്ദുൾ റസാക്
3. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
4. ശ്രീ. കെ. അച്ചുതൻ
5. ശ്രീ. റ്റി. എ. അഹ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. എ. പി. അനിൽകുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. എ. എ. അസീസ്

11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
14. ശ്രീ. വി. റ്റി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. എ. റ്റി. ജോർജ്
20. ശ്രീ. പി. സി. ജോർജ്
21. ശ്രീ. ഹൈബി ഈഡൻ
22. കുമാരി പി. കെ. ജയലക്ഷ്മി
23. ഡോ. എൻ. ജയരാജ്
24. ശ്രീ. കെ. സി. ജോസഫ്
25. ശ്രീ. പി. ജെ. ജോസഫ്
26. ശ്രീ. വർക്കല കഹാർ
27. ശ്രീ. കെ. എൻ. എ. ഖാദർ
28. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
29. ശ്രീ. റ്റി. യു. കുരുവിള
30. ശ്രീ. ലൂഡി ലൂയിസ്
31. ശ്രീ. പി. എ. മാധവൻ
32. ശ്രീ. സി. മമ്മൂട്ടി
33. ശ്രീ. കെ. പി. മോഹനൻ
34. ശ്രീ. സി. മോയിൻകുട്ടി
35. ശ്രീ. മോൻസ് ജോസഫ്
36. ശ്രീ. സി. പി. മുഹമ്മദ്
37. ശ്രീ. ആര്യാടൻ മുഹമ്മദ്
38. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
39. ഡോ. എം. കെ. മുനീർ

40. ശ്രീ. കെ. മുരളീധരൻ
41. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
42. ശ്രീ. ഉമ്മൻ ചാണ്ടി
43. ശ്രീ. അടൂർ പ്രകാശ്
44. ശ്രീ. റ്റി. എൻ. പ്രതാപൻ
45. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
46. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
47. ശ്രീ. രമേശ് ചെന്നിത്തല
48. ശ്രീ. പാലോട് രവി
49. ശ്രീ. റോഷി അഗസ്റ്റിൻ
50. ശ്രീ. വി. പി. സജീന്ദ്രൻ
51. ശ്രീ. എൻ. ശക്തൻ
52. ശ്രീ. വി. ഡി സതീശൻ
53. ശ്രീ. ഷാഫി പറമ്പിൽ
54. ശ്രീ. കെ. എം. ഷാജി
55. ശ്രീ. എൻ. ഷംസുദ്ദീൻ
56. ശ്രീ. ആർ. സെൽവരാജ്
57. ശ്രീ. ഷിബു ബേബി ജോൺ
58. ശ്രീ. കെ. ശിവദാസൻ നായർ
59. ശ്രീ. സണ്ണി ജോസഫ്
60. ശ്രീ. സി. എഫ്. തോമസ്
61. ശ്രീ. തോമസ് ഉണ്ണിയാടൻ
62. ശ്രീ. പി. ഉബൈദുള്ള
63. ശ്രീ. എം. ഉമ്മർ
64. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
65. ശ്രീ. എം. എ. വാഹീദ്
66. ശ്രീ. എം. പി. വിൻസെന്റ്
67. ശ്രീ. പി. സി. വിഷ്ണുനാഥ്

പ്രതികൂലിക്കുന്നവർ :52

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
6. ശ്രീ. എ. കെ. ബാലൻ
7. ശ്രീമതി ഇ. എസ്. ബിജിമോൾ
8. ശ്രീ. എം. ചന്ദ്രൻ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. സി. ദിവാകരൻ
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. പി. കെ. ഗുരുദാസൻ
15. ശ്രീ. എം. ഹംസ
16. ശ്രീമതി ജമീലാ പ്രകാശം
17. ഡോ. കെ. ടി. ജലീൽ
18. ശ്രീ. കെ. കെ. ജയചന്ദ്രൻ
19. ശ്രീ. ജി. എസ്. ജയലാൽ
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. ജോസ് തെറ്റയിൽ
22. ശ്രീ. എളമരം കരീം
23. ശ്രീ. സി. കൃഷ്ണൻ
24. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
25. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
26. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
27. ശ്രീമതി കെ. കെ. ലതിക
28. ശ്രീ. മാത്യു റ്റി. തോമസ്

29. ശ്രീ. സി. കെ. നാണു
30. ശ്രീ. കെ. കെ. നാരായണൻ
31. ശ്രീ. എ. പ്രദീപ്കുമാർ
32. ശ്രീ. പുരുഷൻ കടലുണ്ടി
33. ശ്രീ. പി. റ്റി. എ. റഹീം
34. ശ്രീ. എസ്. രാജേന്ദ്രൻ
35. ശ്രീ. ആർ. രാജേഷ്
36. ശ്രീ. റ്റി. വി. രാജേഷ്
37. ശ്രീ. കെ. രാജു
38. ശ്രീ. രാജു എബ്രഹാം
39. ശ്രീ. മുല്ലക്കര രത്നാകരൻ
40. പ്രൊഫ. സി. രവീന്ദ്രനാഥ്
41. ശ്രീ. സാജു പോൾ
42. ശ്രീമതി കെ. എസ്. സലീഖ
43. ശ്രീ. എസ്. ശർമ്മ
44. ശ്രീ. വി. ശശി
45. ശ്രീ. എ. കെ. ശശീന്ദ്രൻ
46. ശ്രീ. ബി. സത്യൻ
47. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
48. ശ്രീ. ജി. സുധാകരൻ
49. ശ്രീ. വി. എസ്. സുനിൽകുമാർ
50. ശ്രീ. കെ. സുരേഷ് കുറുപ്പ്
51. ശ്രീ. ഇ. കെ. വിജയൻ
52. ശ്രീ. കെ. വി. വിജയദാസ്

നിഷ്പക്ഷത പാലിക്കുന്നവർ – ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ – 67

പ്രതികൂലിക്കുന്നവർ – 52

നിഷ്പക്ഷത പാലിക്കുന്നവർ – ആരുമില്ല.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 117–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

3–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

3–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**4–ാം വകുപ്പ്**

Shri. M. Hamsa: Sir, I move the following amendment:

(118) In Section '80 A' of the principal Act proposed to be amended by clause 4, insert the words "and any member connected with co-operative sector'' after the word "constituted."

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഹംസ അവതരിപ്പിച്ച 118–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

4–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ................

4–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**5–ാം വകുപ്പ്**

Minister for Co-operation and Khadi & Village Industries (Shril C.N. Balakrishnan): Sir, I move the following official amendment:

(119) For Sub-clause (1) of clause 5, the following sub –clause shall be substituted, namely:-

"(1) The Kerala Co-operative Societies (Amendment) Ordinance, 2014 (1 of 2014) is hereby repealed"

2013-ലെ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ഓർഡിനൻസ് കാലഹരണപ്പെടുകയും ആയതിനുപകരം 2014-ലെ കേരള സഹകരണ സംഘം ഭേദഗതി ഓർഡിനൻസ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതിനാൽ ബില്ലിലെ clause 5(1)- ൽ The Kerala Co-operative Societies (Third Amendment) ordinance, 2013 (55 of 2013) is hereby repealed. എന്നതിനുപകരം The Kerala Co-operative Societies (Amendment) ordinance, 2014 (1 of 2014) is hereby repealed. എന്ന ഭേദഗതി വരുത്തേണ്ടതുണ്ട്. മേൽ ഔദ്യോഗിക ഭേദഗതി നിർദ്ദേശം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി.സ്പീക്കർ: ശ്രീ. ബെന്നി ബെഹനാന്റെ 120-ാം നമ്പർ ഭേദഗതി 119-ന് സമാനമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. അംഗത്തിന് വേണമെങ്കിൽ സംസാരിക്കാം.

(സംസാരിച്ചില്ല.)

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള 5–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

(ഒന്നാം വകുപ്പും പീഠികയും പേരും)

1–ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ.......................

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013–ലെ കേരള സഹകരണസംഘം (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സാധാരണഗതിയിൽ ഭേദഗതി നിർദ്ദേശങ്ങളെയും നിയമങ്ങളെയും ഞങ്ങൾ പൊതുവിൽ അംഗീകരിക്കുകയാണ് ചെയ്യുന്നത്. ഈ ബില്ലിലെ മൂന്നാം വകുപ്പ് ഞങ്ങൾക്ക് അംഗീകരിക്കാൻ സാധിക്കുന്ന ഒരു ഭേദഗതിയല്ല. റിസർവ്വ് ബാങ്കിന്റെ നിർദ്ദേശപ്രകാരം വന്നിട്ടുള്ള സർക്കാർ തീരുമാനം നടപ്പിലാക്കുന്നതിനുവേണ്ടിയാണ്

ഇത്തരത്തിലുള്ള ഒരു ഭേദഗതി കൊണ്ടുവരുന്നത്. ജില്ലാ സഹകരണ ബാങ്കും സംസ്ഥാന സഹകരണ ബാങ്കും ഏറ്റവും കുറഞ്ഞത് നാല് ശതമാനം സി.ആർ./എ.ആർ. ഉറപ്പുവരുത്തുന്നതിനുള്ള നടപടിയുടെ ഭാഗമാണ് ഈ ഭേദഗതി. ഇങ്ങനെവന്നാൽ ജില്ലാ സഹകരണ ബാങ്കിന്റെ ഡെപ്പോസിറ്റ് കുറയും. മെമ്പർമാർ പണം അങ്ങോട്ട് കൊടുത്തുകൊണ്ട് ഡെപ്പോസിറ്റ് ചെയ്യേണ്ട കാര്യം എന്താണ്? വായ്പ എടുക്കുന്ന ആളുകൾക്കും ഇത് അധിക ബാദ്ധ്യതയാകും. മറ്റ് ബാങ്കുകളിൽപ്പോയി വായ്പ എടുക്കുന്നതിനേക്കാൾ രണ്ട് ശതമാനം കൂടുതൽ പലിശ ജില്ലാ സഹകരണ ബാങ്കിൽപ്പോയി വായ്പ എടുത്താൽ കൊടുക്കണമെന്നുവന്നാൽ ആരും അവിടെനിന്ന് വായ്പയെടുക്കാൻ തയ്യാറാവില്ല. ജില്ലാ സഹകരണ ബാങ്ക് ഒരു ബ്ലേഡ് സ്ഥാപനംപോലെയാകാൻ പാടില്ല. ബ്ലേഡ് മാഫിയകൾക്കെതിരെ ഓപ്പറേഷൻ കുബേര നടക്കുന്ന കാലമാണിത്. കുബേര പരിപാടി ജില്ലാ ബാങ്കുകൾ തുടങ്ങിയാൽ ആരാണ് അവിടെ പൈസ ഇടാൻ പോകുന്നത്; അതിനുപകരം മറ്റ് ബാങ്കുകളിലിട്ടാൽപ്പോരേ? യഥാർത്ഥത്തിൽ ജില്ലാ ബാങ്കിന്റെ പ്രവർത്തനത്തെ തകർക്കുന്നതിനുള്ള ഒരു തീരുമാനമാണിത്. സഹകരണ ബാങ്കുകളെ തകർത്ത് സ്വകാര്യ ബാങ്കുകളെ പ്രോത്സാഹിപ്പിക്കാനുള്ള ഏജൻസിപ്പണിയാണ് ഇപ്പോൾ റിസർവ് ബാങ്ക് ചെയ്യുന്നത്. അതിന്റെ ഭാഗമാണിത്. ഇങ്ങനെവന്നാൽ ആളുകളുടെ ഡെപ്പോസിറ്റും പലിശയും മറ്റ് കാര്യങ്ങളുമൊക്കെ സ്വകാര്യ ബാങ്കിലേക്ക് പോകും. സ്വകാര്യ ബാങ്കുകൾക്ക് ഇപ്പോൾ ലൈസൻസ് കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് തീരുമാനപ്രകാരം ബാങ്കിംഗ് മേഖലയിൽ വിദേശ പ്രത്യക്ഷ നിക്ഷേപം അനുവദിക്കാൻ പോകുകയാണ്. ഇങ്ങനെയൊക്കെ വന്നാൽ നമ്മുടെ സഹകരണ മേഖല സമ്പൂർണ്ണമായി തകരും. അതിന് കൂട്ടുനിൽക്കുന്ന ഒരു ഭേദ

ഗതി നിർദ്ദേശം ഈ സഭയിൽ അവതരിപ്പിച്ചത് ശരിയായില്ല. ഇത് പിൻവലിക്കുകയാണ് ഗവൺമെന്റ് ചെയ്യേണ്ടത്. നടപ്പിലാക്കുമ്പോഴുണ്ടാകുന്ന പ്രത്യാഘാതങ്ങൾ ഗുരുതരമായിരിക്കുമെന്ന് കണക്കിലെടുത്ത് ഒരു കോൺഗ്രസ് മന്ത്രി ഇത്തരത്തിലുള്ള ഒരു ഭേദഗതി അവതരിപ്പിക്കാൻ പാടില്ലായിരുന്നു. ദേശീയ തലത്തിൽ ഇത്തരത്തിലുള്ള നയങ്ങൾ നടപ്പിലാക്കിയതിന്റെ ദുരന്തം നമ്മളെല്ലാവരും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. റിസർവ് ബാങ്ക് പറയുന്നതിനനുസരിച്ച് ഇങ്ങനെയുള്ള നിയമനിർമ്മാണം കൊണ്ടുവന്നാൽ ഇതിനേക്കാൾ വലിയ ദുരന്തത്തിന് നമ്മൾ വിധേയമാകേണ്ടിവരും. അതുകൊണ്ട് ഇങ്ങനെയൊരു നിയമം അവതരിപ്പിക്കുന്നതിനെ ഞങ്ങൾ ശക്തമായി എതിർക്കുകയാണ്. ഇത്തരം ഒരു ബില്ല് കൊണ്ടുവരാൻ പാടില്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം.

<u>മി. സ്പീക്കർ</u>: മൂന്നാം വായനയിൽ എതിർക്കുകയല്ല, ഇത് ഇംപ്ലിമെന്റ് ചെയ്താലുള്ള വിഷമങ്ങളാണ് പറയേണ്ടത്.

2013-ലെ കേരള സഹകരണസംഘം (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ...................

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ - 69

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

2. ശ്രീ. പി.കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. കെ. അച്ചുതൻ
6. ശ്രീ. റ്റി. എ. അഹ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽകുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. എ. എ. അസീസ്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. എ. റ്റി. ജോർജ്
21. ശ്രീ. പി. സി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. കുമാരി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. സി. ജോസഫ്
26. ശ്രീ. പി. ജെ. ജോസഫ്
27. ശ്രീ. വർക്കല കഹാർ
28. ശ്രീ. കെ. എൻ. എ. ഖാദർ
29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
30. ശ്രീ. കോവൂർ കുഞ്ഞുമോൻ

31. ശ്രീ. റ്റി. യു. കുരുവിള
32. ശ്രീ. ലൂഡി ലൂയിസ്
33. ശ്രീ. പി. എ. മാധവൻ
34. ശ്രീ. സി. മമ്മൂട്ടി
35. ശ്രീ. കെ. പി. മോഹനൻ
36. ശ്രീ. സി. മോയിൻകുട്ടി
37. ശ്രീ. മോൻസ് ജോസഫ്
38. ശ്രീ. സി. പി. മുഹമ്മദ്
39. ശ്രീ. ആര്യാടൻ മുഹമ്മദ്
40. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
41. ഡോ. എം. കെ. മുനീർ
42. ശ്രീ. കെ. മുരളീധരൻ
43. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
44. ശ്രീ. ഉമ്മൻ ചാണ്ടി
45. ശ്രീ. അടൂർ പ്രകാശ്
46. ശ്രീ. റ്റി. എൻ. പ്രതാപൻ
47. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
48. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
49. ശ്രീ. രമേശ് ചെന്നിത്തല
50. ശ്രീ. പാലോട് രവി
51. ശ്രീ. റോഷി അഗസ്റ്റിൻ
52. ശ്രീ. വി. പി. സജീന്ദ്രൻ
53. ശ്രീ. എൻ. ശക്തൻ
54. ശ്രീ. വി. ഡി സതീശൻ
55. ശ്രീ. ഷാഫി പറമ്പിൽ
56. ശ്രീ. കെ. എം. ഷാജി
57. ശ്രീ. എൻ. ഷംസുദ്ദീൻ
58. ശ്രീ. ആർ. സെൽവരാജ്
59. ശ്രീ. ഷിബു ബേബി ജോൺ
60. ശ്രീ. കെ. ശിവദാസൻ നായർ

61. ശ്രീ. സണ്ണി ജോസഫ്
62. ശ്രീ. സി. എഫ്. തോമസ്
63. ശ്രീ. തോമസ് ഉണ്ണിയാടൻ
64. ശ്രീ. പി. ഉബൈദുള്ള
65. ശ്രീ. എം. ഉമ്മർ
66. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
67. ശ്രീ. എം. എ. വാഹീദ്
68. ശ്രീ. എം. പി. വിൻസെന്റ്
69. ശ്രീ. പി. സി. വിഷ്ണുനാഥ്

പ്രതികൂലിക്കുന്നവർ – 52

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
6. ശ്രീ. എ. കെ. ബാലൻ
7. ശ്രീമതി ഇ. എസ്. ബിജിമോൾ
8. ശ്രീ. എം. ചന്ദ്രൻ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. സി. ദിവാകരൻ
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. പി. കെ. ഗുരുദാസൻ
15. ശ്രീ. എം. ഹംസ
16. ശ്രീമതി ജമീലാ പ്രകാശം
17. ഡോ. കെ. ടി. ജലീൽ
18. ശ്രീ. കെ. കെ. ജയചന്ദ്രൻ
19. ശ്രീ. ജി. എസ്. ജയലാൽ

20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. ജോസ് തെറ്റയിൽ
22. ശ്രീ. എളമരം കരീം
23. ശ്രീ. സി. കൃഷ്ണൻ
24. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
25. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
26. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
27. ശ്രീമതി കെ. കെ. ലതിക
28. ശ്രീ. മാത്യു റ്റി. തോമസ്
29. ശ്രീ. സി. കെ. നാണു
30. ശ്രീ. കെ. കെ. നാരായണൻ
31. ശ്രീ. എ. പ്രദീപ്കുമാർ
32. ശ്രീ. പുരുഷൻ കടലുണ്ടി
33. ശ്രീ. പി. റ്റി. എ. റഹീം
34. ശ്രീ. എസ്. രാജേന്ദ്രൻ
35. ശ്രീ. ആർ. രാജേഷ്
36. ശ്രീ. റ്റി. വി. രാജേഷ്
37. ശ്രീ. കെ. രാജു
38. ശ്രീ. രാജു എബ്രഹാം
39. ശ്രീ. മുല്ലക്കര രത്നാകരൻ
40. പ്രൊഫ. സി. രവീന്ദ്രനാഥ്
41. ശ്രീ. സാജു പോൾ
42. ശ്രീമതി കെ. എസ്. സലീഖ
43. ശ്രീ. എസ്. ശർമ്മ
44. ശ്രീ. വി. ശശി
45. ശ്രീ. എ. കെ. ശശീന്ദ്രൻ
46. ശ്രീ. ബി. സത്യൻ
47. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
48. ശ്രീ. ജി. സുധാകരൻ
49. ശ്രീ. വി. എസ്. സുനിൽകുമാർ

50. ശ്രീ. കെ. സുരേഷ് കുറുപ്പ്
51. ശ്രീ. ഇ. കെ. വിജയൻ
52. ശ്രീ. കെ. വി. വിജയദാസ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ – 69

പ്രതികൂലിക്കുന്നവർ – 52

നിഷ്പക്ഷത പാലിക്കുന്നവർ – ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(2013–ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ)

## (2) 2013–ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബ്, അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013–ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013–ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, വിശദമായിട്ടൊന്നും പറയാനില്ല. സബ്ജക്ട് കമ്മിറ്റിയുടെ ചർച്ചാ വേളയിൽ അംഗങ്ങൾ വിയോജനക്കുറിപ്പ് കൊണ്ടുവന്നിരുന്നു. അതിൽപ്പറഞ്ഞ കാര്യങ്ങൾ ഇന്നലെ എടുത്ത ബില്ലിലും പറഞ്ഞിട്ടുണ്ട്. 2014–ലെ 286–ാം നമ്പർ ബില്ലായി ഇന്നലെ സഭയിൽ അവതരിപ്പിച്ച സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലിൽ കേരള സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, നിയമ സർവ്വകലാശാല എന്നിവിടങ്ങളിലെ അദ്ധ്യാപക/അനദ്ധ്യാപക നിയമനങ്ങളിലെ സംവരണം സംബന്ധിച്ച നിയമ ഭേദഗതി കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇന്നലെ ആ ബിൽ ഇവിടെ അവതരിപ്പിച്ചിരുന്നു. അതുകൂടി ഞാനിവിടെ ഓർമ്മിപ്പിക്കുകയാണ്.

ശ്രീമതി. ഇ. എസ്. ബിജിമോൾ: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. സർവ്വകലാശാലകൾ നമ്മുടെ നാടിന് മാത്രമല്ല രാജ്യത്തിന്റെയും അഭിമാനമാണ്. ലോകോത്തര വിദ്യാഭ്യാസ സംസ്കാരം ഉണ്ടാകുന്നതിനുമുമ്പുതന്നെ നമ്മുടെ സർവ്വകലാശാലകളായ തക്ഷശിലയിലേക്കും നളന്ദയിലേക്കും ഗുരുകുലങ്ങളിലേക്കും വിദേശവിദ്യാർത്ഥികൾ എത്തിയിരുന്നുവെന്ന് രേഖകൾ പരിശോധിച്ചാൽ നമുക്ക് വളരെ വ്യക്തമായി അറിയാവുന്ന കാര്യമാണ്. വിദ്യാഭ്യാസം ഒരു സംസ്കാരത്തിന്റെ ഭാഗവും രാജ്യത്തിന്റെ വളർച്ചയുടെ പ്രതിഫലനവുമായിരുന്നു. ഇന്ന് വിദ്യാഭ്യാസമെന്നുപറയുന്നത് ബിസിനസ്സായി മാറിയ സാഹചര്യമുണ്ട്. ഏറ്റവും സെയ്ഫായി ഇൻവെസ്റ്റ് ചെയ്യുന്നതിനുള്ള ഒരു മേഖലയായി വിദ്യാഭ്യാസ മേഖല മാറിയിരി

ക്കുകയാണ്. ഗുരുവിനെ ദൈവതുല്യമായിക്കണ്ട് പൂജിച്ച്‌വന്ന അമൂല്യമായ വിദ്യാഭ്യാസ സംസ്കാരം നമുക്ക് നഷ്ടമായിട്ടുണ്ട്. ഇന്ന് ഗുരുക്കൻമാർ സംഘടനാബലത്തിലൂടെയും അവകാശ സമരങ്ങളിലൂടെയും അവരുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി ശ്രമിക്കുകയാണ്. സംഘടനാ ബലംകൊണ്ടോ അവകാശസമരം കൊണ്ടോ നഷ്ടപ്പെട്ട ഒരു സംസ്കാരം വീണ്ടെടുക്കാൻ കഴിയില്ല. വിദ്യാഭ്യാസമേഖലയുമായി ബന്ധപ്പെട്ട് ഒട്ടനവധി ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും എല്ലാ പ്രശ്നങ്ങളും കാര്യഗൗരവമായി പരി ഗണിക്കുന്നില്ല, വേണ്ടത്ര ഗൗരവം ഈ മേഖലയുമായി ബന്ധപ്പെട്ട് ഉണ്ടാകു ന്നില്ലായെന്നത് ദൗർഭാഗ്യകരമാണ്. വിദ്യാഭ്യാസത്തിന്റെ വളർച്ച ശരിയായ ദിശയിലാണെന്ന് നമുക്ക് ഈ കാലഘട്ടത്തിൽ പറയാൻ കഴിയില്ല. വിദ്യാഭ്യാ സമെന്നുപറയുന്നത് ഒരു പൗരനെ വാർത്തെടുക്കുകയെന്നത് മാത്രമല്ല. രാജ്യ ത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിനും ഒരു സംസ്കാരസൃഷ്ടിക്കും വിദ്യാഭ്യാ സത്തിനുള്ള പങ്ക് വളരെ വലുതാണ്. നമ്മുടെ വളർച്ച തെറ്റായ രൂപത്തി ലാണ് എന്നത് ഏറെ ചർച്ച ചെയ്യപ്പെടേണ്ട ഗൗരവതരമായ ഒരു പ്രശ്നമാണ്. ഉന്നതവിദ്യാഭ്യാസ യോഗ്യതയുള്ള അൺഎംപ്ലോയ്ഡായിട്ടുള്ളവരുടെ എണ്ണം നമ്മുടെ നാട്ടിൽ പെരുകുകയാണ്. ഈ വിദ്യാർത്ഥികളൊക്കെ കൊള്ളപ്പലിശ കൊടുത്ത് ബാങ്ക് ലോൺ എടുത്ത് ലക്ഷക്കണക്കിന് രൂപ മുട ക്കിയാണ് ഈ ഹൈ പ്രൊഫൈൽ സ്വന്തമാക്കിയിരിക്കുന്നതെന്ന വസ്തുത നമുക്ക് നിസ്സാരമായി കാണാൻ കഴിയില്ല. വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട് ഒട്ടനവധി പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപനത്തിന്റെ തുടർച്ചയായി സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള വിദ്യാഭ്യാസ വായ്പാ ഇളവുകൾപോലും സമയബന്ധിതമായി കൊടുക്കാൻ പറ്റിയിട്ടില്ല. ഭീമമായ ഫീസ് കൊടുത്ത് പഠനം പൂർത്തിയാക്കി മുമ്പോട്ടുള്ള

വഴി എന്തെന്നറിയാതെ പെരുവഴിയിലിറങ്ങി നിൽക്കുന്ന ധാരാളം വിദ്യാർത്ഥി കളുടെ, ഹൈ പ്രൊഫഷണലുകളുടെ പ്രശ്നങ്ങൾ ഇനിയെങ്കിലും ഗൗരവതര മായി ചർച്ച ചെയ്യേണ്ടതുണ്ട്. ഇല്ലെങ്കിൽ നമ്മുടെ യൂണിവേഴ്സിറ്റികൾ നൽകുന്ന ഡിഗ്രികളുമായി ആത്മഹത്യ ചെയ്യുന്ന ആളുകളുടെ എണ്ണം കൂടും. അത് നമ്മുടെ രാജ്യത്തിന് വലിയ ദുരന്തമുണ്ടാക്കുമെന്നുമാത്രമല്ല അപമാന കരവുമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന കൊള്ളയ്ക്കെതിരെ ഇടപെടുന്നതുമായി ബന്ധപ്പെട്ട് നാളുകളായി ചർച്ച ചെയ്യുകയാണ്. ഈ വിദ്യാഭ്യാസ ലോബിയുടെ, ബിസിനസ്സ് ലോബിയുടെ പിടിയിൽനിന്ന് നമുക്ക് മോചനം പ്രാപിക്കാൻ കഴിയുന്നില്ലായെന്ന പരിമിതി നമ്മുടെ മുമ്പിലുണ്ട്. ഇക്കാര്യത്തിൽ ഒരു ഇടപെടൽ നടത്താൻ കഴിയാത്തത്ര നിസ്സഹായമായ ഒരു സാഹചര്യം നമ്മുടെ മുമ്പിലുണ്ട്. അതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട് കൂടു തൽ ഗൗരവതരമായ ചർച്ചകൾ ഉണ്ടാകേണ്ടത് അനിവാര്യമാണ്. ഒരു സ്ഥാപ നത്തിൽ ഏതെങ്കിലും ഉന്നത ഡിഗ്രിക്ക് ജോയിൻ ചെയ്തുകഴിഞ്ഞാൽ ഒരു കാരണവശാലും ഡിസ്കണ്ടിന്യൂ ചെയ്യാൻ കഴിയുന്നില്ല. ഒന്നരലക്ഷം രൂപ ഫീസടച്ച് ബി-ടെക്കിന് ജോയിൻ ചെയ്ത വിദ്യാർത്ഥിനിക്ക് അനാരോഗ്യം മൂലം ഡോക്ടറുടെ സർട്ടിഫിക്കറ്റോടുകൂടി ഡിസ്കണ്ടിന്യൂ ചെയ്യേണ്ടി വന്ന പ്പോൾ അടച്ച ഫീസ് തിരിച്ചുകൊടുക്കില്ലായെന്നു മാത്രമല്ല കൂലിപ്പണി ചെയ്യുന്ന മാതാപിതാക്കൾ ഇനിയും രണ്ടരലക്ഷം രൂപ ആ സ്ഥാപനത്തിൽ അടച്ചെങ്കിൽ മാത്രമേ സർട്ടിഫിക്കറ്റ് തിരിച്ചു നൽകുകയുള്ളൂ നിലപാട് മാനേ ജ്മെന്റ് സ്വീകരിച്ചു. ഇതൊരു ചെറിയ പ്രശ്നമല്ല. കൊള്ളയാണ് നടക്കുന്നത്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, കോളേജുകളുടെ പ്രോസ്പെക്ട സിൽത്തന്നെ ഇക്കാര്യം പറയുന്നുണ്ട്. അഡ്മിഷൻ എടുത്തുകഴിഞ്ഞ് ഒരു കുട്ടി പിരിഞ്ഞുപോയാൽ അവർക്ക് പിന്നെ ആ സീറ്റ് ഫിൽ ചെയ്യാൻ കഴി

യില്ല. അതുകൊണ്ട് ലിക്വിഡ് ഡാമേജസ് വാങ്ങുകയെന്നുള്ളതാണ് അവരുടെ സിസ്റ്റം. അത് കൊടുക്കാൻ മടി കാണിക്കുമ്പോഴാണ് സർട്ടിഫിക്കറ്റ് കൊടുക്കാതിരിക്കുന്നത്.

ശ്രീ. പി. കെ. ബഷീർ: സർ, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. എം.എ. ബേബി വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിലാണ് ഇതുപോലൊരു എഗ്രിമെന്റ് മാനേജ്മെന്റുമായി ഉണ്ടാക്കിയതെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർ ഓർക്കുന്നുണ്ടോ?

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ശ്രീ. എം. എ. ബേബി വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണോ ശ്രീ. പി. കെ. അബ്ദു റബ്ബ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണോ ഈ എഗ്രിമെന്റുണ്ടാക്കിയത് എന്നുള്ളതല്ല എന്നെ ബാധിക്കുന്ന പ്രശ്നം. പഠനം മുടങ്ങിയ നൂറുകണക്കിന് കുട്ടികൾക്ക് അവരുടെ സർട്ടിഫിക്കറ്റ് തിരിച്ചുകിട്ടാത്തതിനാൽ തുടർ വിദ്യാഭ്യാസം നടത്താൻ നിവൃത്തിയില്ലാതെ പെരുവഴിയിൽ നിൽക്കുന്നു എന്നുള്ളതാണ്. ഇക്കാര്യത്തിൽ ഇങ്ങനെയൊരു നിയമം ഉണ്ടായിപ്പോയിയെന്ന് മന്ത്രിതന്നെ നിസ്സാഹായത പറയുകയാണ്. മന്ത്രിയുടെ നിസ്സഹായതയോട് വ്യക്തിപരമായി എനിക്ക് യോജിക്കാൻ കഴിയില്ല.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ പറഞ്ഞത് നിലവിലുള്ള നിയമമാണ്. അതിൽ മാറ്റം വരുത്തണോ വേണ്ടയോ എന്ന് നമുക്ക് ആലോചിക്കാം.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, അങ്ങ് പറഞ്ഞത് നിയമമാണെങ്കിൽ ആ നിയമത്തിൽ ഇടപെടാനും അതിനെ ഓവർകം ചെയ്യാനും കഴിയുന്നത് ഗവണമെന്റിനാണ്. അതുകൊണ്ട് ക്രിയാത്മകമായ, ഗൗരവതരമായ ഒരു ഇടപെടൽ ഇക്കാര്യത്തിലുണ്ടാകണം. ഈ വിഷയത്തിൽ ഇട

പെടാമെന്ന് മന്ത്രി ഉറപ്പുനൽകിയതിനെ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുകയാണ്.

മി. സ്പീക്കർ: മിനിസ്റ്റർ ഉറപ്പാണോ കൊടുത്തത് ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, നിലവിലുള്ള നിയമമനുസരിച്ചാണ് കാര്യങ്ങൾ നടക്കുന്നത്. ആ നിയമത്തിലെന്തെങ്കിലും ഭേദഗതികൾ വരുത്തണ മെന്നുണ്ടെങ്കിൽ ആലോചിക്കാമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. ജി. സുധാകരൻ: സർ, ഇക്കാര്യത്തിൽ ഒരു നിയമുണ്ടാക്കാ നൊന്നും കഴിയില്ല. പ്രശ്നം എന്നുപറയുന്നത് എഞ്ചിനീയറിംഗിന് 4 വർഷ ത്തേക്ക് അഡ്മിഷൻ വാങ്ങിയതിനുശേഷം കുറച്ചുനാൾ കഴിയുമ്പോൾ കുറച്ച് കുട്ടികൾ കോഴ്സ് നിറുത്തിപ്പോകും. ആ സീറ്റുകളിലേക്ക് മറ്റു കുട്ടി കളെ ചേർക്കാനും കഴിയില്ല. അങ്ങനെ വരുമ്പോൾ മാനേജ്മെന്റിന് സാമ്പ ത്തികനഷ്ടം ഉണ്ടാകുമെന്നുള്ളത് തീർച്ചയാണ്. അതൊഴിവാക്കാൻ വേണ്ടി ചില മാനേജ്മെന്റുകൾ 4 വർഷത്തെ ഫീസുപോലും ഒന്നിച്ചുവാങ്ങാറുണ്ട്. ഗവൺമെന്റ് കോളേജുകളിൽ ആകെ 10,000 രൂപയാണ് പിരിഞ്ഞുപോകുന്ന വരിൽനിന്ന് വാങ്ങുന്നത്. അതെല്ലാം ചർച്ച ചെയ്ത് പരിഹാരം കാണേണ്ട കാര്യമാണ്. നിയമമാക്കേണ്ട കാര്യമില്ല. നിയമമാക്കിയാൽ കുട്ടിക്ക് പഠനം നിറുത്താൻ കഴിയില്ല. നിറുത്തിയാൽ പീനലൈസ് ചെയ്യാൻ നിയമമുണ്ട്. ഫണ്ടമെന്റൽ റൈറ്റ്സിന്റെ പ്രശ്നം ഇവിടെയുമുണ്ട്.

ശ്രീമതി. ഇ. എസ്. ബിജിമോൾ : സർ, ഒരു കാലഘട്ടത്തിൽ സ്കൂളുകളിൽ ഫീസ് കൊടുത്തെങ്കിൽ മാത്രമേ വിദ്യാഭ്യാസം നടത്താൻ കഴിയുമായിരുന്നുള്ളൂ. എന്നാൽ പിന്നീട് കേരളം വിദ്യാഭ്യാസരംഗത്ത്

ഒരുപാട് മുന്നോട്ടുപോവുകയും വിദ്യാഭ്യാസം സൗജന്യമാക്കുകയും ചെയ്തു. ഇപ്പോൾ നമ്മുടെ രാജ്യത്ത് വിദ്യാഭ്യാസാവകാശ സംരക്ഷണ നിയമം വന്നു. സംസ്ഥാന ഗവൺമെന്റിന്റെയോ കേന്ദ്ര ഗവൺമെന്റിന്റെയോ ബഡ്ജറ്റിൽ നിൽക്കുന്ന കാര്യമായി ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണി തെങ്കിൽപ്പോലും പ്രൊഫഷണൽ വിദ്യാഭ്യാസമടക്കമുള്ള കാര്യങ്ങളെ സംബന്ധിച്ച് സൗജന്യമായ പഠനമെന്നൊരാശയം കൊണ്ടുവരേണ്ടതുണ്ട്. വിദ്യാഭ്യാസം പൗരന്റെ അവകാശമാണെങ്കിൽ ആ അവകാശം സംരക്ഷിക്ക പ്പെടുന്നതിനും അർഹമായ വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് നൽകുന്ന തിനും ക്രിയാത്മകമായൊരു ഇടപെടലുണ്ടാകണം. ഇപ്പോൾ നമ്മൾ കാണിക്കുന്ന നിസ്സഹായാവസ്ഥയുടെ മറവുപറ്റിക്കൊണ്ട് വിദ്യാഭ്യാസ മേഖല യിൽ എല്ലാ അർത്ഥത്തിലും എല്ലാ തലങ്ങളിലും മാനേജുമെന്റ് നടത്തുന്ന വെല്ലുവിളികൾക്കു മുമ്പിൽ നിസ്സഹായരായി നിൽക്കുന്ന ഒരു സാഹചര്യമു ണ്ടാകരുത്. അവർക്ക് ഒത്താശ ചെയ്തുകൊടുക്കുന്ന, ദൈനംദിനമിറങ്ങുന്ന റിപ്പോർട്ടുകളും നടപടിക്രമങ്ങളുമൊക്കെ നോക്കിയാൽ ഈ മാനേജുമെന്റിനെ ഭയന്ന് അവർക്ക് ആവശ്യമായിട്ടുള്ള എല്ലാ ഒത്താശകളും ചെയ്തുകൊടുക്കുന്നതുപോലെ തോന്നുന്നതാണ്. വിദേശ സർവ്വകലാശാല കളെ നമ്മുടെ നാട്ടിലേയ്ക്ക് സ്വാഗതം ചെയ്യുന്നതുമായി ബന്ധപ്പെട്ട് തിരു വനന്തപുരത്ത് നടന്ന ഒരു "തിരുവനന്തോരം പ്രഖ്യാപനം" ഉണ്ട്". വിദേശ സർവ്വകലാശാലയും തിരുവനന്തോരം പ്രഖ്യാപനവുമെന്ന പേരിൽ സർവ്വ വാർത്താ മാധ്യമങ്ങളും അത് പ്രസിദ്ധീകരിച്ചു. നമ്മുടെ സർവ്വകലാശാലക ളുടെ അവസ്ഥയെന്താണ് എന്നതിനെ സംബന്ധിച്ച് നമ്മൾ പരിശോധിക്കണം. നിലവിലുള്ള സർവ്വകലാശാലകൾ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകു

ന്നതിന് പര്യാപ്തമാണോ; അല്ലെങ്കിൽ സർവ്വകലാശാലകളുടെ സ്റ്റാറ്റസ് എങ്ങനെ കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും? കൂടുതൽ ബെറ്ററായിട്ടുള്ള ഒരു കരിക്കുലം അവതരിപ്പിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനുമൊക്കെ നമുക്ക് അവകാശമുണ്ട് എന്നിരിക്കെ വിദേശത്തുനിന്നുള്ള സർവ്വകലാശാല കൾക്ക് ക്ഷണപത്രം കൊടുക്കുന്ന നടപടിയായിപ്പോയി തിരുവനന്തപുരത്ത് നടന്ന ഇന്റർനാഷണൽ സെമിനാറും അതുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ചിട്ടുള്ള ഇരുപത്തഞ്ചിന പ്രഖ്യാപനങ്ങളും. ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ മുമ്പിലേയ്ക്ക് ഈ വിഷയം സമർപ്പിച്ചിട്ടുണ്ട് എന്നാണ് ആ വാർത്തകളിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞത്. ഗവൺമെന്റ് ഇക്കാര്യത്തിൽ നയപരമായ തീരുമാ നമെടുക്കണം. എന്താണ് ഈ തിരുവനന്തോരം പ്രഖ്യാപനം; ഉന്നതാധികാര കൗൺസിൽ നടത്തിയിട്ടുള്ള പ്രഖ്യാപനത്തിന്റെ ഭാഗമായി ഗവൺമെന്റുകൾ സ്വീകരിച്ചിട്ടുള്ള നടപടികളെന്താണ്? 1957 മുതൽ നമ്മൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുന്ന സർവ്വകലാശാലകളുടെ ബാധ്യതകൾ ഒന്നും രണ്ടും രൂപയല്ല, മറിച്ച് കോടിക്കണക്കിന് രൂപ ഈ സ്വയംഭരണസ്ഥാപനം എന്ന പേരിൽ നടത്തുന്ന സർവ്വകലാശാലകളുമായി ബന്ധപ്പെട്ടുണ്ട്. സർവ്വകലാ ശാലകളെ നല്ലരീതിയിൽ സപ്പോർട്ട് ചെയ്ത് ഇപ്രൂവ് ചെയ്യാനുള്ള കാര്യമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. കുറച്ച് സഹായ ങ്ങൾ കൊടുക്കുന്നുണ്ട് എന്നുള്ളതൊഴിച്ചാൽ ഈ സർവ്വകലാശാലകളുടെ നിലനിൽപ്പ്, ഈ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് നമ്മൾ ഇൻവെസ്റ്റ് ചെയ്യുന്ന പണത്തിന്റെ റിട്ടേൺ പൊതുസമൂഹത്തിന് ലഭിക്കുന്ന കാര്യത്തിലടക്കം ഭരണകൂടങ്ങൾക്കും പൊതുസമൂഹത്തിനും ഗൗരവതരമായ പരാജയമുണ്ടാകുന്നുണ്ട്. ഗൗരവതരമായൊരിടപെടൽ യൂണിവേഴ്സിറ്റിയു

മായി ബന്ധപ്പെട്ട് ഉണ്ടാകുന്നില്ല. വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ടു മാത്രമല്ല, വെറ്ററിനറി യൂണിവേഴ്സിറ്റി, കാർഷിക യൂണിവേഴ്സിറ്റി, അറബിക് യൂണിവേഴ്സിറ്റി എന്നിവയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ മുമ്പിൽ നിലനിൽക്കുന്നു. യൂണിവേഴ്സിറ്റികളിൽ നിന്ന് സമൂഹത്തിന് ലഭിക്കേണ്ട അർഹമായ അവകാശങ്ങൾ ചോദിച്ചുവാങ്ങുന്നതിലും അത് യഥാവിധം പരിശോധിക്കുന്നതിലും നമുക്ക് കാര്യമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. നമുക്ക് ഏദേശം പന്ത്രണ്ടോളം സർവ്വകലാശാലകളും ഓപ്പൺ യൂണിവേഴ്സിറ്റികളും വേറെയുണ്ട്. ഓൺലൈനിൽ പുതിയ സർവ്വകലാശാലകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റിന്റെ മുമ്പിൽ നിർദ്ദേശം സമർപ്പിച്ചിരിക്കുന്ന വാർത്തകളാണ് ഇപ്പോൾ വന്നിട്ടു ള്ളത്. അതുമായി ബന്ധപ്പെട്ട് ഗവൺമെന്റെടുക്കുന്ന സമീപനമെന്താണ്? ഈ ഗവൺമെന്റിന്റെ മുമ്പിലേയ്ക്ക് തന്നിട്ടുള്ള ഇരുപത്തഞ്ചിന പ്രഖ്യാപനത്തിൽ, തിരുവനന്തോരം പ്രഖ്യാപനത്തിന്റെ ഗവൺമെന്റ് നിലപാടുകൾ എന്താണ് എന്നതിനെസംബന്ധിച്ച് വ്യക്തമായൊരു ധാരണ ഉണ്ടാകണം. റിസോഴ്സ് ഇല്ലായെന്നുള്ളത് നമ്മുടെ പരിമിതിയാണ് എങ്കിൽപ്പോലും ആ റിസോഴ്സ് ഉണ്ടാക്കുന്നതിന് വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് ഗൗരവതരമായ ചർച്ചകളുണ്ടാകണം. നമ്മുടെ സംസ്ഥാനത്തേയ്ക്കുള്ള വിദേശ യൂണിവേഴ്സിറ്റികളുടെ വരവിനെ സ്ക്രൂട്ടിനൈസ് ചെയ്യാതെ നമ്മുടെ കമ്പോളം യഥേഷ്ടം തുറന്നുകൊടുക്കുന്ന ഒരു സാഹചര്യമുണ്ടായാൽ അതു ണ്ടാക്കുന്ന ഭവിഷ്യത്തുകൾ,.... ഒരുപക്ഷേ നമ്മുടെ സംസ്ഥാനത്തേയ്ക്ക് റവന്യൂ കൊണ്ടുവരുന്നതിന്റെ ഭാഗമെന്ന നിലയിലാണ് അന്താരാഷ്ട്ര യൂണിവേഴ്സിറ്റികൾ നമ്മുടെ നാട്ടിലേയ്ക്ക് കൊണ്ടുവരുന്നതിന് ശുപാർശക ളുണ്ടായിട്ടുള്ളത് എങ്കിൽ ആ ശുപാർശകളെ ജാഗ്രതയോടുകൂടി

കാണുകയും ജാഗ്രതയോടുകൂടി ഇടപെടുകയും ചെയ്യണം. ഇല്ലെങ്കിൽ നമ്മുടെ ബെസ്റ്റ് സ്റ്റുഡന്റ്സ് ഇവിടെനിന്ന് ഹൈജാക്ക് ചെയ്യപ്പെടുന്ന സാഹചര്യമുണ്ടാകും. ഡോക്ടർമാരുടെ കാര്യത്തിലും, എൻജിനീയർമാരുടെ കാര്യത്തിലും, ശാസ്ത്രജ്ഞൻമാരുടെ കാര്യത്തിലുമൊക്കെ നമുക്ക് ഈ പിഴവുകളുണ്ടായിട്ടുണ്ട്. ഇന്ത്യൻ ശാസ്ത്രജ്ഞർ വിവിധ ഗവേഷണ പരീക്ഷണ രംഗങ്ങളിൽ മികച്ച സംഭാവന നൽകുന്നുവെന്ന് നമ്മൾ ദൈനംദിനം പത്രവാർത്തകളിലും വിദേശമാധ്യമങ്ങളിലുമൊക്കെ കണ്ടുകൊണ്ടിരിക്കുന്നതാണ്. അപ്പോൾ വിദേശ രാജ്യങ്ങളിൽ നിന്നെത്തുന്ന നൂറുകണക്കിന് യൂണിവേഴ്സിറ്റികളുടെ വരവിനെ ചെറുതായി കാണരുത്. നമ്മുടെ സർവകലാശാലകളെ എങ്ങനെ മെച്ചപ്പെടുത്താമെന്ന ചിന്തയാണ് ഇപ്പോൾ ആവശ്യം. അതിനാവശ്യമായ റിസോഴ്സ് കണ്ടുപിടിക്കേണ്ടത് അത്യാവശ്യമാണ്. ഒരു ഫ്രീ ഓപ്പൺ കോമ്പറ്റീഷൻ ഉണ്ടാകുന്നതിനുള്ള ഗൗരവതരമായ ചിന്തകളും ചർച്ചകളും പൊതുസമൂഹത്തിനുണ്ടായില്ലെങ്കിൽ അതുണ്ടാക്കുന്ന അപകടം ചെറുതല്ല. സിവിൽ സർവ്വീസിന്റെ ടോപ്പ് റാങ്കേഴ്സിനെപ്പോലും വിദേശ കമ്പനികൾ റാഞ്ചുന്നുവെന്നതാണ് ചില പത്രവാർത്തകളിൽനിന്നും മനസ്സിലാകുന്നത്. എന്നുപറഞ്ഞാൽ വിദേശ സർവ്വകലാശാലകൾ നമ്മുടെ രാജ്യത്തേയ്ക്ക് വരുന്ന സാഹചര്യമുണ്ടായാൽ ഇവിടത്തെ ഏറ്റവും മികച്ച ഐ.ക്യൂ. ഉള്ള ആളുകളെ ഈ സർവകലാ ശാലകൾ സ്വന്തമാക്കുകയും അങ്ങനെ നമ്മുടെ രാജ്യത്തിന് ഏറ്റവും മികച്ച സംഭാവന ചെയ്യുവാൻ കഴിയുന്ന മികച്ച പൗരൻമാർ നമ്മുടെ രാജ്യത്തിന് പുറത്തേയ്ക്ക് റിക്രൂട്ട് ചെയ്യുന്ന ഒരു ഏജൻസിയായി യൂണിവേഴ്സിറ്റികൾ മാറുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ ജാഗ്രതയോടുകൂടിയുള്ള പ്രവർത്തനം ആവശ്യമാണ്. മറ്റൊരു വാർത്ത, 13 കോളേജുകൾക്ക് സ്വയംഭര

ണാവകാശം നൽകാൻ പോകുന്നുവെന്നതാണ്. അതിന്റെ ലിസ്റ്റ് ബഹുമാന്യ നായ അംഗം ശ്രീ. കെ. രാജു, എം.എൽ.എ., പ്രസംഗത്തിന്റെ ഭാഗമായി ഇന്നലെ ഇവിടെ വായിച്ചിട്ടുണ്ട്. കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നുണ്ടെങ്കിൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിന് മാത്രമായി എന്തിനാണൊരു യൂണിവേഴ്സിറ്റി? കുറച്ച് കഴിയുമ്പോൾ സ്വയംഭരണാവ കാശം ലഭിക്കുന്ന ഈ കോളേജുകൾ അത്തരത്തിൽ ചിന്തിച്ചാൽ നമുക്കവരെ കുറ്റം പറയാൻ കഴിയില്ല. ഈ 13 കോളേജുകളെ മാത്രം സ്വയംഭരണാവ കാശം നൽകുന്നതിനുവേണ്ടി ഗവൺമെന്റ് ശുപാർശ ചെയ്യുന്നതിന്റെ അല്ലെങ്കിൽ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡമെന്താണ്? എന്തടിസ്ഥാന ത്തിലാണ് പതിമൂന്ന് കോളേജുകളെ തെരഞ്ഞെടുത്തത് എന്നറിയാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. ഒരു കമ്മിറ്റി വിസിറ്റ് നടത്തിയെന്നുപറയുന്നുണ്ട്. എങ്കിൽ ഈ കമ്മിറ്റിയിലെ മെമ്പർമാർ ആരൊക്കെയാണ്? എന്താണ് അതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ? മികച്ച കരിയർ റിക്കോർഡുകളുള്ള, മികച്ച അക്കാഡമിക് റിക്കോർഡുകളുള്ള ഒട്ടനവധി കോളേജുകളുണ്ടെന്നിരിക്കെ 13 കോളേജുകൾക്ക് മാത്രം സ്വയംഭരണാവകാശം നൽകി യൂണിവേഴ്സിറ്റിക്ക് തുല്യമായ പദവിയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരികയും നമ്മുടെ രാജ്യത്തിന്റെ കോടിക്കണക്കിന് രൂപ അവരുടെ കൈകളിലേയ്ക്ക് എത്തി ക്കുന്നതിനുള്ള അവസരമുണ്ടാക്കുകയും ചെയ്യുന്നുണ്ട് എങ്കിൽ നമുക്കതിനെ സംബന്ധിച്ച് ഗൗരവതരമായ ഒരു ചർച്ച സഭയ്ക്കുള്ളിലും പുറത്തും ഉണ്ടാക ണം. ചില മാനേജുമെന്റുകൾ ഗുണ്ടകളെപ്പോലെ നിൽക്കുകയും കുട്ടികളോട് ഗുണ്ടായിസം കാണിക്കുകയും മാതാപിതാക്കളോട് മര്യാദയില്ലാതെ സംസാരി ക്കുകയും പൊതുപ്രവർത്തകരെ അപമാനിക്കുകയുമാണ്. സംസാരിക്കാൻ പോലും തയ്യാറാകാത്ത സാഹചര്യം ഈ മാനേജുമെന്റുകളുടെ ഭാഗത്തു

നിന്നുണ്ടാകുന്നുണ്ട്. എന്നാൽ, അവരെ സ്ക്രൂട്ടിനൈസ് ചെയ്യുന്നതിനുള്ള ഒരു സംവിധാനങ്ങളുമില്ല. ഗവൺമെന്റിന്റെ എല്ലാ സംവിധാനങ്ങളും നിസ്സഹായമായി നിൽക്കുന്ന ഒരു സാഹചര്യമാണിപ്പോഴുള്ളത്. ഇത് പരിശോധിച്ചുകഴിഞ്ഞാൽ ഗവൺമെന്റ് സർവ്വീസ് സെക്ടറിൽ, ആരോഗ്യ രംഗം, ബാങ്കിംഗ് എന്നിങ്ങനെ ഏത് മേഖല പരിശോധിച്ചാലും അവിടെ നിന്നൊക്കെ ഗവൺമെന്റ് പിൻമാറുന്നതുമൂലം സ്വകാര്യമേഖലയ്ക്ക് യഥേഷ്ടം കയറി ഇറങ്ങുന്നതിനും ഇഷ്ടം പോലെ പെരുമാറുന്ന തിനുമുള്ളൊരു സാഹചര്യം ഇപ്പോൾ നിലവിലുണ്ട്. വിദ്യാഭ്യാസരംഗത്തെ നിലവിലുള്ള നടപടിക്രമങ്ങൾ പരിശോധിച്ചാൽ ആ സാഹചര്യംതന്നെ നിലനിൽക്കുന്നതായി കാണാൻ സാധിക്കും. വിദ്യാഭ്യാസരംഗത്തുനിന്ന് സാവധാനത്തിൽ ആട്ടോണമസ് കോളേജുകളും ആട്ടോണമസ് യൂണിവേ ഴ്സിറ്റികളും .......

<u>മി. സ്പീക്കർ</u>: ശ്രീമതി ഇ. എസ്. ബിജിമോൾ, 18 മിനിട്ട് ആകാൻ പോകുന്നു. ഇനി 6 പേർ സംസാരിക്കാനുണ്ട്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, വിദ്യാഭ്യാസമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഗൗരവതരമായി ചർച്ച ചെയ്യണമെന്നുള്ളതാണ് ഞാൻ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്ന ഒരു ആശയം. പ്രത്യേകിച്ച് പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് നമ്മൾ കാണിക്കുന്ന നിസ്സഹായതയുടെ മറവിൽ മാനേജുമെന്റ് നടത്തുന്ന കൊള്ളയടക്കമുള്ള പ്രശ്നങ്ങളെല്ലാം ഗൗരവതരമായി ചർച്ച ചെയ്യണം.

വിദേശ സർവ്വകലാശാലയുടെ വരവിന്റെ പിന്നിലും അതോടൊപ്പം തന്നെ ആട്ടോണമസ് കോളേജുകളെ ഒരു യൂണിവേഴ്സിറ്റിക്ക് തുല്യമായി അംഗീകരിക്കുന്നതിന്റെ പിന്നിലും വിദ്യാഭ്യാസ സെക്ടറിൽ നിന്നും ഗവൺമെന്റ് പിൻമാറുന്നതിനാണ് ആഗ്രഹിക്കുന്നതെങ്കിൽ അത്തരം ഒരു നടപടി കേരളത്തെ സംബന്ധിച്ചിടത്തോളം അപമാനകരമായിരിക്കും. അതു കൊണ്ട് ഇത്തരം വിഷയങ്ങളിൽ ഇടപെടുന്നതിന് ശക്തമായിട്ടുള്ള ഒരു സംവിധാനമുണ്ടാകണം. ഹൈ പ്രൊഫഷണൽ ഡിഗ്രി കഴിഞ്ഞ് പുറത്ത് നിൽക്കുന്ന ഉദ്യോഗാർത്ഥികൾക്ക് മിനിമം സാലറി കിട്ടുന്നുണ്ടെന്ന് ഉറപ്പുവരു ത്തുവാൻ നമ്മുടെ ഗവൺമെന്റ് സംവിധാനങ്ങൾക്ക് കഴിയണം. തെറ്റായ ഇൻവെസ്റ്റുമെന്റും പ്ലാനിംഗുമാണ് ഈ രംഗത്ത് നടന്നുകൊണ്ടിരിക്കുന്നത്. സ്വകാര്യ വ്യക്തികൾ നടത്തുന്ന ഇൻവെസ്റ്റുമെന്റുകൾ ശരിയായ ഇൻവെസ്റ്റു മെന്റാണെന്ന് പറയാൻ കഴിയുകയില്ല. ഈ മേഖലയുമായി ബന്ധപ്പെട്ട് നമുക്കുണ്ടാകുന്ന വളർച്ച തെറ്റായ രൂപത്തിലാണ്. 100 കണക്കിന് ആളുകളുടെ ആത്മഹത്യയിലേയ്ക്കും പൊതു സമൂഹത്തിന്റെ വളർച്ചയുടെ സ്തംഭനത്തിലേയ്ക്കുമായിരിക്കും ഈ വിഷയങ്ങൾ കൊണ്ട് ചെന്നെത്തിക്കു കയെന്നുള്ളതുകൊണ്ട് ഗൗരവതരമായ ഒരു ഇടപെടൽ ഉണ്ടാകണം. പൊതു ലിറ്ററസി നൽകുന്ന കാര്യത്തിലും വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് ബേസിക് നോളഡ്ജും, ജനറൽ അണ്ടർസ്റ്റാന്റിംഗും ഉണ്ടാക്കിയെടുക്കുന്ന കാര്യത്തിലും നമുക്ക് പരാജയം ഉണ്ടാകുന്നുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട മറ്റൊരു ഗൗരവതരമായ പ്രശ്നം 'റൂസ' (RUSA) പദ്ധതിയാണ്. ദേശീയ ഉന്നത വിദ്യാഭ്യാസ ദൗത്യവുമായി ബന്ധപ്പെട്ടാണ് 'റൂസ' വന്നിരി ക്കുന്നത്. കേന്ദ്ര പദ്ധതികളുടെ തുകകൾ വാങ്ങിച്ചെടുക്കുന്നതിൽ നമ്മുടെ

സംസ്ഥാനത്തിന് പലപ്പോഴും പരാജയം സംഭവിക്കാറുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് ഇറക്കുന്ന മാനദണ്ഡങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയുന്നില്ല. വിദ്യാഭ്യാസ അവകാശ സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് ലഭ്യമായിട്ടുള്ള പണത്തിൽ ഒരു രൂപ പോലും നമ്മുടെ സംസ്ഥാനത്ത് ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. പി. റ്റി. എ യുടേയും ജില്ലാ പഞ്ചായത്തിന്റെയും അക്കൗണ്ടുകളിൽ കിടന്ന 40 ലക്ഷം രൂപ വീണ്ടും ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടുകളിലേയ്ക്ക് വാങ്ങി ആ പണം ചെലവഴിച്ച് ഒരു കെട്ടിടം നിർമ്മിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച പദ്ധതി, മൂന്ന് വർഷകാലമായിട്ടും ഈ ഗവൺമെന്റിനും ആ പ്രശ്നത്തിന് ശാശ്വമായ ഒരു പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ അബ്ദുറബ്ബ്): സർ, നേരത്തെ ഉണ്ടായിരുന്ന അൻപത്തിരണ്ടര ലക്ഷം രൂപ 10 ക്ലാസ് റൂം ഉണ്ടാക്കാനായിരുന്നു. 10 ക്ലാസ് റൂം ഉണ്ടാക്കാൻ കഴിയില്ലായെന്ന് സംസ്ഥാനം റെപ്രസെന്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അത് 7 ക്ലാസ് റൂമായി കുറച്ചു. അതിനു ശേഷം ഞാനും പഞ്ചായത്തുവകുപ്പുമന്ത്രിയുമായി ഒരു യോഗം വിളിച്ചു. ജില്ലാ പഞ്ചായത്തിന് പണം കൊടുക്കാനും, തികയാതെ വരുന്ന പണം അവരുടെ ഫണ്ടിൽ നിന്നും എടുക്കാനുള്ള ഒരു സിസ്റ്റം ഉണ്ടാക്കിയിരിക്കുകയാണ്. അതിന്റെ ഭാഗമായാണ് ഇപ്പോൾ നടക്കാൻ പോകുന്നത്.

ശ്രീമതി ഇ. എസ് ബിജിമോൾ: സർ, 3 വർഷം കഴിഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പി.റ്റി.എ യുടെ അക്കൗണ്ടിലേയ്ക്ക് വന്ന പണമാണ്. മൂന്ന് വർഷക്കാലമായി പി.റ്റി.എ – യുടെയും പ്രൻസിപ്പാലിന്റെയും ജോയിന്റ് അക്കൗണ്ടിൽ കിടന്ന പണമാണ്. നമുക്കത് വിനിയോഗി

ക്കാൻ കഴിഞ്ഞില്ലായെന്നുള്ളതുകൊണ്ട് അതിന്റെ തുടർ പദ്ധതിക്കാവശ്യമായ പണം ലഭിക്കാതെ വരുന്ന സാഹചര്യം ഉണ്ടായി. എന്ന് പറഞ്ഞാൻ ഫലത്തിൽ നമ്മുടെ രാജ്യത്ത് കോടിക്കണക്കിന് രൂപ ഇതുമായി ബന്ധപ്പെട്ട് മറ്റ് സംസ്ഥാനങ്ങൾ വാങ്ങിയെടുത്തപ്പോൾ നമ്മുടെ കെടുകാര്യസ്ഥത കൊണ്ടും പിടിപ്പുകേടുകൊണ്ടും പണം ലഭിക്കാത്ത സാഹചര്യം ഉണ്ടായി.

ശ്രീ. ആർ. രാജേഷ്: സർ, 11–ാം പഞ്ചവത്സര പദ്ധതിയുടെ കാലത്ത് സെൻട്രൽ ഗവൺമെന്റ് 1,24,000 കോടി രൂപയായിരുന്നു വിദ്യഭ്യാസ മേഖലയ്ക്കുവേണ്ടി മാറ്റി വച്ചത്. എന്നാൽ ഇപ്പോൾ സെൻട്രൽ ഗവൺമെന്റ് 'റൂസ' പദ്ധതിയിൽ കഴിഞ്ഞ വർഷം 70,000 കോടി രൂപ മാത്രമാണ് ദേശീയ രംഗത്ത് വിദ്യാഭ്യാസത്തിനുവേണ്ടി മാറ്റി വച്ചത്. കഴിഞ്ഞ തവണ മിനിസ്റ്ററോട് 'റൂസ' പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് ചോദിച്ചപ്പോൾ 70,000 കോടി രൂപ സ്റ്റേറ്റ് ഗവൺമെന്റ് കൊടുക്കുമ്പോൾ അതിന്റെ 10 ശതമാനം സ്റ്റേറ്റ് വിഹിതമായി മാറ്റി വയ്ക്കണമെന്നാണ് പറഞ്ഞത്. ഇതിന് എങ്ങനെയാണ് ഫണ്ട് കണ്ടെത്തുകയെന്ന് മിനിസ്റ്ററോട് ചോദിച്ചപ്പോൾ ഫണ്ട് കണ്ടെത്തേണ്ട ആവശ്യമില്ലായെന്നാണ് സൂചിപ്പിച്ചുള്ളത്. 'റൂസ' ഫണ്ട് കേരളത്തിൽ വിനിയോഗിക്കാൻ സാധിക്കുന്നില്ലായെന്നാണ് ഇപ്പോൾ പത്രങ്ങളിൽ വരുന്ന വാർത്ത. കാരണം അതിന്റെ 10 ശതമാനം കണ്ടെത്താൻ സ്റ്റേറ്റ് ഗവൺമെന്റിന് കഴിയുന്നില്ല. ആ വിഹിതം കണ്ടെത്താൻ സംസ്ഥാന ഗവൺമെന്റിന് കഴിയാത്തതിന്റെ ഭാഗമായി 'റൂസ' ഫണ്ട് കേരളത്തിൽ വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യമാണ്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. കെ അബ്ദുറബ്ബ്</u>: സർ, അങ്ങനെ പണം കണ്ടെത്താൻ കഴിയില്ലായെന്ന് പറഞ്ഞിട്ടില്ല. 'റൂസ'- യുടെ സ്കീം എന്ന് പറയുന്നത് 65 ശതമാനം സെൻട്രൽ ഗവൺമെന്റും 35 ശതമാനം സംസ്ഥാന ഗവൺമെന്റുമാണ് വഹിക്കേണ്ടത്. അത് വഹിക്കാൻ തയ്യാറാണെന്ന് എഴുതി കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് 'റൂസ' സ്കീമിൽ കേരളത്തെ ഉൾപ്പെടുത്തിയത്.

<u>ശ്രീമതി ഇ. എസ് ബിജിമോൾ</u>: സർ, ഇതുമായി ബന്ധപ്പെട്ട് ശ്രീമതി കെ. എസ് സലീഖ ചോദിച്ച ചോദ്യത്തിന് അങ്ങ് തന്നെ 28.01.2014–ൽ മറുപടി കൊടുത്തിട്ടുണ്ട്. 06/2014–ലാണ് ഈ വിഷയം വീണ്ടും ചർച്ച ചെയ്യുന്നത്. ശ്രീമതി സലീഖയുടെ ചോദ്യം ഉന്നത വിദ്യാഭ്യാസ നവീകരണത്തിനായുള്ള ദേശീയ ഉന്നത വിദ്യാഭ്യാസ ദൗത്യമായ 'രാഷ്ട്രീയ ഉച്ഛതർ ശിക്ഷാ അഭിയാൻ' ('റൂസ') നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ? ഇല്ല. എന്നാൽ 'റൂസ' പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കുക എന്ന് തുടങ്ങി അങ്ങ് പറഞ്ഞിട്ടുള്ള ഈ മറുപടിയുമായി ബന്ധപ്പെട്ട് ഗവൺമെന്റ് കാര്യമായി ഇടപെടുകയോ ആക്ട് ചെയ്യുകയോ ചെയ്തില്ല. അതിന്റെ സമയം കഴിഞ്ഞു. 'റൂസ' പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ അപേക്ഷ കൊടുക്കേണ്ട സമയം കഴിഞ്ഞു. ചില യൂണിവേഴ്സിറ്റികളും സ്ഥാപനങ്ങളും വ്യക്തികളും ലോബീയിംഗ് നടത്തിയതിന്റെ ഭാഗമായി ചില ആപ്ലിക്കേഷൻസ് ലഭിച്ചിട്ടുണ്ടെന്ന് പറയുന്നു. സംസ്ഥാന ഗവൺമെന്റിന് വ്യക്തമായ കണക്കുകൾ ഉണ്ടോയെ

ന്നുള്ളത് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറയണം. എങ്കിൽ മാത്രമേ ഞങ്ങൾക്ക് അറിയാൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. കെ അബ്ദുറബ്ബ്: സർ, ഏതെങ്കിലും സ്ഥാപനങ്ങൾ സ്വകാര്യമായി കൊടുക്കുന്ന അപേക്ഷകൾക്കല്ല ഗവൺമെന്റ് പണം അനുവദിക്കുന്നത്. എഡ്യുക്കേഷൻ ഡിപ്പാർട്ടുമെന്റും ഹയർ എഡ്യൂക്കേഷൻ കൗൺസിലും റെക്കമെന്റ് ചെയ്യുന്ന കാര്യങ്ങൾക്കാണ് കേന്ദ്ര ഗവൺമെന്റ് പണം അനുവദിക്കുന്നത്. 20 കോടി രൂപ 4 എഞ്ചിനീയറിംഗ് കോളേജുകൾക്ക് ലഭിച്ചു. 3 ഐ. എച്ച്.ആർ.ഡി കോളേജുകൾക്കും ഒരു എൽ.ബി.എസ്-ന്റെ കോളേജിനും ലഭിച്ചു. അല്ലാതെ നാട്ടിൽ നിന്നും അപേക്ഷിക്കുന്ന കോളേജുകൾക്കൊന്നും കേന്ദ്രം പണം അനുവദിക്കുന്നില്ല. വ്യക്തമായി അതിനെപ്പറ്റി ധാരണയില്ലാത്തതുകൊണ്ടാണ് ബഹുമാനപ്പെട്ട മെമ്പർ അങ്ങനെ പറയുന്നത്.

ശ്രീമതി ഇ. എസ് ബിജിമോൾ: സർ, ഇതു തന്നെയാണ് പ്രശ്നം. നമ്മുടെ പല ഗവൺമെന്റ് കോളേജുകളും മികച്ച സ്ഥാപനങ്ങളും ഇതിന്റെ പിന്നിൽ പോകുകയും ലോബീയിംഗ് നടത്തിയിട്ടുള്ള തൽപ്പര കക്ഷികൾ മാത്രം അപേക്ഷകരായി 'റൂസ' യുടെ മുൻപിലേയ്ക്ക് എത്തുകയും ചെയ്യുന്ന സാഹചര്യം ഉണ്ടായിരിക്കുന്നു. ഗവൺമെന്റ് പരിശോധിക്കാൻ തയ്യാറാകണം. അർഹതപ്പെട്ട ഗവൺമെന്റ് കോളേജുകളും, യൂണിവേഴ്സിറ്റികളും പിന്നിലായിപ്പോയിട്ടുണ്ടെങ്കിൽ എന്തുകൊണ്ട് അവരെ പിന്നിലാക്കി സ്വകാര്യ വിദ്യാഭ്യാസ ലോബി ഈ പണം കൈകലാക്കി? ഒന്നും രണ്ടും രൂപയല്ല കോടിക്കണക്കിന് രൂപയാണ്. ഒരോരുത്തരും കൊടുത്തിട്ടുള്ള പ്രോജക്ടുകൾ പരിശോധിച്ചാൽ 100 കോടി, 200 കോടി 50 കോടി 25 കോടി 10 കോടി എന്നൊക്കെ പറഞ്ഞ് ഞെട്ടിക്കുന്ന കണക്കുകളാണ് പുറത്ത്

വരുന്നത്. അപ്പോൾ നമ്മുടെ ഗവൺമെന്റ് സ്ഥാപനങ്ങളെ നമ്മുടെ സമ്പത്ത് ആയിട്ടുള്ള മുതൽകൂട്ടായിട്ടുള്ള വിദ്യാഭ്യാസ മേഖലയിൽ എന്നും മികച്ച സംഭാവന ചെയ്യുന്ന യൂണിവേഴ്സിറ്റികളെ പിൻതള്ളികൊണ്ട് ഇത്തരം സ്ഥാപനങ്ങൾ 'റൂസ' യുടെ ലിസ്റ്റിലേയ്ക്ക് വന്നിട്ടുണ്ടെങ്കിൽ അത് എങ്ങനെ യാണ് എന്ന് ഗവൺമെന്റ് പരിശോധിക്കാൻ തയ്യാറാകണം. അത് വേണ്ടത്ര ധാരണയില്ലാത്തതുകൊണ്ടാണ് എന്ന് പറയരുത്. ഞാൻ അത് ഒരു ബില്ലിൻെറ ചർച്ചയുടെ ഭാഗമാണ് എന്നുള്ളതുകൊണ്ട് അതിന്റെ വിശദാംശ ങ്ങളിലേയ്ക്ക് പോകുന്നില്ല. പക്ഷെ വ്യക്തമായി 'റൂസ' യുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ ഗവൺമെന്റ് പരിശോധിക്കുകയും അനർഹരാ യിട്ടുള്ള ആളുകൾ കടന്നുകയറിയിട്ടുണ്ടങ്കിൽ അവരുടെ മേൽ നടപടി സ്വീക രിക്കുകയും അതോടൊപ്പം തന്നെ ഉന്നത വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് നമ്മുടെ സംസ്ഥാനത്തിന് ലഭിക്കേണ്ട അർഹമായ പണം നേടിയെടുക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ ജാഗ്രതയും ശക്തമായിട്ടുള്ള ഇടപെടലും ഉണ്ടാകണം. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ഗവൺമെന്റിന്റെ നിസ്സഹായാവസ്ഥയ്ക്ക് മാറ്റം ഉണ്ടാക്കണം. പല വിഷയങ്ങളും ഗവൺമെന്റിന്റെ മുൻപിൽ എത്തുമ്പോൾ, ഗവൺമെന്റ് പ്രകടിപ്പിക്കുന്ന നിസ്സഹായാവസ്ഥ പ്രശ്നങ്ങൾക്ക് പരിഹാരമല്ല അതിനെ കൂടുതൽ ഗുരുതരവും വഷളുമാക്കുന്നതിനുള്ള സാഹചര്യമാണ് പലപ്പോഴും ഉണ്ടാക്കുന്നത്. പ്രത്യേകിച്ച് അന്താരാഷ്ട്ര സർവ്വകലാശാലകളുടെ നമ്മുടെ സംസ്ഥാനത്തേയ്ക്കുള്ള വരവ്.... ചോദിച്ചുകഴിഞ്ഞാൽ മറുപടി വരിക, ആ സംസ്ഥാനത്തേയ്ക്ക് നോക്ക്, ഈ സംസ്ഥാനത്തേയ്ക്ക് നോക്ക് അവിടെ യെല്ലാം ഇഷ്ടം പോലെ യൂണിവേഴ്സിറ്റികൾ കുമിൾ പോലെ കിളിർക്കുന്ന

സാഹചര്യമുണ്ട്. അതിനെക്കാളുപരിയായി അതുമായി ബന്ധപ്പെട്ട ഗുരുതര മായ മറ്റൊരു ശുപാർശ എന്ന് പറയുന്നത്, നമ്മുടെ നിലവിലുള്ള ക്യാംപസ്സു കൾ. വിദേശ സർവ്വകലാശാലകളുടെ പ്രവർത്തനം നമ്മുടെ ക്യാംപസിനുള്ളി ലേയ്ക്ക് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഗൗരവതരമായ ചർച്ചകൾ ഉണ്ടായില്ലായെങ്കിൽ നമ്മുടെ ക്യാംപസുകൾ, നമ്മുടെ സമ്പത്ത് അവർ കൈവശപ്പെടുത്തുന്ന സാഹചര്യം ഉണ്ടാകും. വിദേശ സർവ്വകലാശാലക ളുടെ വരവുമായി ബന്ധപ്പെട്ട് 13 കോളേജുകൾക്ക് ആട്ടോണമസ് പദവി നൽകി സർട്ടിഫിക്കറ്റ് ഒഴികെ ആവശ്യത്തിനു പണം കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാന്റ് വാങ്ങുന്നതടക്കമുള്ള കാര്യങ്ങളിൽ, സിലബസ് തീരുമാനിക്കു ന്നതിനും, പരീക്ഷ നടത്തുന്നതിനും തനതായി കൊടുക്കുന്ന സ്വാതന്ത്ര്യവും സംബന്ധിച്ച് ഗൗരവതരമായ ചർച്ച ഉണ്ടാകണം സർക്കാരിന്റെ നയ പ്രഖ്യാപ നമുണ്ടാകണം വിദേശ സർവ്വകലാശാലകളുടെ നമ്മുടെ രാജ്യത്തേയ്ക്കുള്ള വരവും നമ്മുടെ കുട്ടികൾ വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്യപ്പെടുന്ന വിഷയവും ഗൗരവതരമായി ചർച്ച ചെയ്യണം. കഴിഞ്ഞ ദിവസം നമ്മൾ ഇവിടെ ചർച്ച ചെയ്ത വിഷയമാണ്. ഇപ്പോൾ റഷ്യയിലുണ്ടായിരിക്കുന്ന പ്രശ്നമാണ്. ചെറിയ പ്രശ്നമെന്ന നിലയിലല്ല, 100 കണക്കിന് വിദ്യാർത്ഥി കൾ 25, 30, 40, 50, 75 ലക്ഷം രൂപ വരെ വിദ്യാഭ്യാസ വായ്പയെടുത്ത് ഇവിടെ നിന്നും വിദേശത്തേയ്ക്ക് പഠിക്കാൻ പോയ വിദ്യാർത്ഥികൾ രാജ്യം വിട്ട് പോകുന്നതിന് നടത്തിയിട്ടുള്ള പ്രഖ്യാപനം വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് പുറത്തേയ്ക്ക് നടത്തുന്ന റിക്രൂട്ട്മെന്റ് എന്ന് പറയുന്നത്, അതു ണ്ടാക്കുന്ന അപകടകരമായ സാഹചര്യമാണ്. സ്വന്തം ജീവൻ അപകടത്തി ലായിട്ടുപോലും ആ വിദ്യാർത്ഥികൾ രാജ്യം വിട്ട് പോരുന്നതിന് തയ്യാറല്ല. തയ്യാറല്ലാത്തതിന്റെ കാരണം വിദ്യഭ്യാസത്തിന്റെ ഭാഗമായി ലക്ഷക്കണക്കിന്

രൂപ മുടക്കി ലോൺ എടുത്ത് വിദേശത്ത് എത്തപ്പെടുന്ന കുട്ടികൾ അനുഭവിക്കേണ്ടി വരുന്ന ദുരിതങ്ങളിലേയ്ക്കുകൂടി ഈ സർവ്വകലാശാലയു മായി ബന്ധപ്പെട്ട ചർച്ചകൾ കണ്ണ് തുറപ്പിക്കണം. ഗവൺമെന്റിന് അത്തരം വിഷയങ്ങളിലും ഇടപെടാനും ക്രിയാത്മകമായി ആ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും കഴിയണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വിയോ ജനക്കുറിപ്പ് രേഖപ്പെടുത്തുന്നു.

ശ്രീ. എ.എം. ആരിഫ്: സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുകയാ ണ്. 1986–ലെ കൊച്ചി ശാസ്ത്ര–സാങ്കേതിക സർവ്വകലാശാല ആക്റ്റും 2013–ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ടും ഭേദഗതി ചെയ്ത് അദ്ധ്യാപക–അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള ഒഴിവുകൾ നികത്തുമ്പോൾ എല്ലാ വകുപ്പുകളും ഒരു യൂണിറ്റായി പരിഗണിച്ച് കാറ്റഗറി തിരിച്ച് സാമുദായിക സംവരണം അനുസരിച്ച് നടത്തുവാനുള്ള തീരുമാ നത്തോട് തത്ത്വത്തിൽ യോജിക്കുകയാണ്. നിരാകരണ പ്രമേയത്തിൽ പറയുന്നതുപോലെ ഈ സംവരണം കേരള, കാലിക്കറ്റ് സർവ്വകലാശാല യിലും, എം.ജി. യൂണിവേഴ്സിറ്റിയിലും കൂടി നടപ്പാക്കണമെന്ന ഭേദഗതിയാ ണുള്ളത്. ഇന്നലെ ഇവിടെ സർ.സി.പി.യേയും, ആൽബർട്ട് ഐൻസ്റ്റീനേയും വൈസ് ചാൻസിലറാക്കാൻ ക്ഷണിച്ചതുമുതൽ ഇ.എം.എസും നായനാരും വൈസ് ചാൻസിലറെ പോയി കണ്ട കാര്യം മുതൽ സർവ്വകലാശാലകളിൽ നടക്കുന്ന സർവ്വ കാര്യങ്ങളും ചർച്ച ചെയ്യപ്പെട്ടു. ഏറിയപങ്കും യൂണിവേഴ്സിറ്റിയിൽ നടക്കുന്ന വൈസ് ചാൻസിലർമാരുടെ തട്ടിപ്പും അഴിമതിയും അതുപോലെ വൈസ് ചാൻസിലർമാരെ പുറത്താക്കൽ തുടങ്ങി സർവ്വകലാശാലയിൽ നടക്കുന്ന സർവ്വകലകളേയും കുറിച്ച് നമ്മൾ ഉള്ളു

കീറി പരിശോധിച്ചു. നമ്മുടെ മാലിന്യം അങ്ങോട്ടും ഇങ്ങോട്ടും വലിച്ചെറിയുന്ന വിധത്തിലുള്ള വിശദമായ ചർച്ചയാണ് നടന്നത്. അതുകൊണ്ട് എല്ലാ കാര്യത്തിലേയ്ക്കും ഞാൻ കടക്കുന്നില്ല. സർവ്വകലാശാലയിലെ നിയമനങ്ങളിൽ സംവരണതത്ത്വം നടപ്പിലാക്കുന്നതിനുള്ള പോരായ്മകൾ പരിഹരിക്കപ്പെടേണ്ടതാണ്. അവസര സമത്വം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയാണ് സംവരണമെന്ന സങ്കല്പം ഉണ്ടായിട്ടുള്ളത്. ഉന്നതമായ ബിരുദം നേടിയിട്ടുപോലും സർക്കാർ സർവ്വീസിൽ പിന്നോക്കക്കാരെ നിയമിക്കുന്നതിന് രാജഭരണം വിമുഖതകാട്ടിയതിനെത്തുടർന്ന് മൈസൂരിൽ പോയി ജോലി ചെയ്യേണ്ടിവന്ന ഡോ. പൽപ്പുവിന്റെ കഥ നമുക്കറിയാം. അദ്ദേഹം വിദേശത്തുപോയി LMS, DPH(Cantab), FRIPH (London) തുടങ്ങിയ ബിരുദങ്ങൾ നേടിയിട്ടും അവർണ്ണനായതുകൊണ്ട് തിരുവിതാംകൂർ രാജഭരണം അദ്ദേഹത്തിന് ഉദ്യോഗം നിരസിച്ചിരുന്നു. ഇക്കാരണംകൊണ്ട് അദ്ദേഹത്തിന് സ്വരാജ്യം വിട്ട് മൈസൂർ സംസ്ഥാനത്ത് ജോലി ചെയ്യേണ്ടി വന്നു. അന്ന് അദ്ദേഹം തയ്യാറാക്കിക്കൊടുത്ത ഈഴവ മെമ്മോറാണ്ടത്തിന്റെ ആമുഖത്തിൽ പോലും ഇങ്ങനെ പറയുന്നു. "ശ്രീ പത്മനാഭൻ തുണ, പൊന്നു തമ്പുരാൻ തിരുമുമ്പാകെ തൃപ്പാദംകൊണ്ട് കൽപ്പിച്ച് പരിപാലിച്ചുപോരുന്ന പ്രജകളും അഗതികളുമായ താഴെപേരെഴുതി കയ്യൊപ്പിട്ടിരിക്കുന്ന ഈഴവർ ഏറ്റവും താഴ്മയോടുകൂടി കൈക്കുറ്റപ്പാടുചെയ്ത് തിരുവുള്ളമുണർത്തിച്ചുകൊള്ളുന്ന സങ്കടം ....... " എന്നൊക്കെപ്പറഞ്ഞ് സമർപ്പിച്ചിട്ടുള്ള മെമ്മോറാണ്ടങ്ങളെല്ലാം നോക്കുമ്പോൾ അവസരസമത്വവും സംവരണവും നൽകേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് നമുക്ക് മനസിലാകും. സംവരണത്തിന്റെ ചരിത്രത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഒരുപാട് നല്ല പുസ്തകങ്ങളിൽ ഉണ്ട്.

ഇ.എം.എസ്സിന്റെ ചില പുസ്തകങ്ങളും വ്യവസായ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന മരിച്ചുപോയ അബ്ബാസ് സേട്ട് എഴുതിയ 'സംവരണം ചരിത്രവും പോരാട്ടവും' എന്ന പുസ്തകം ഇതിൽ ഉൾപ്പെടും. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ സീറ്റിൽ കാണുന്നില്ല. ഇത് അദ്ദേഹം കേൾക്കുന്നത് നന്നായിരിക്കും ഈ പുസ്തകം അദ്ദേഹം വായിക്കുന്നത് നന്നായിരിക്കും.

മി. ചെയർമാൻ: ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയുണ്ട്. ക്യാബിനറ്റിൽ കൂട്ടുത്തരവാദിത്വമാണല്ലോ ...

ശ്രീ. എ.എം. ആരിഫ്: സർ, കാർഷിക സർവ്വകലാശാലയിൽ തട്ടിപ്പ് നടത്തി വിദഗ്ദ്ധനായ ആളാണ് നേരെ കാലിക്കറ്റ് സർവ്വകലാശാലയിലേയ്ക്ക് പോയത്. അവിടുന്നാണ് അദ്ദേഹം വൈദഗ്ദ്ധ്യം നേടിയത്. അതുകൊണ്ട് അദ്ദേഹം ഇത് കേൾക്കുന്നത് നന്നായിരിക്കും. നമ്മുടെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും നിലവാരത്തെക്കുറിച്ച് ഇന്നലെ ചർച്ച ചെയ്തു. ലോകത്തെ 200 സർവ്വകലാശാലകളെടുത്ത് പരിശോധിച്ചാൽ, ഇന്ത്യയിലെ ഒരു സർവ്വകലാശാല പോലും അതിൽ വരുന്നില്ലെന്നാണ് ലോകോത്തര മാനദണ്ഡം, സർവ്വേകളും അന്വേഷണ റിപ്പോർട്ടുകളുമെല്ലാം അതുതന്നെയാണ് പറയുന്നത്. ഇതിന്റെ മാനദണ്ഡമെന്തെന്നോ അളവുകോലെന്തെന്നോ സ്റ്റാൻഡേർഡ് എന്തെന്നോ എനിക്കറിയില്ല. 200 മെച്ചപ്പെട്ട കോളേജുകളെടുത്താൽ അതിൽ ഒരെണ്ണം പോലും നമ്മുടെ സംസ്ഥാനത്ത് വരുന്നില്ല എന്നതാണ് ശ്രീ. ബെന്നിബെഹനാന്റെ വിലയിരുത്തൽ. എങ്ങനെ വരാനാണ്? സർവ്വകലാശാലകളെ നയിക്കുന്നവരെച്ചൊല്ലിയുള്ള തർക്കങ്ങളും വിതർക്കങ്ങളും ഇന്നലെ പരിശോധിച്ചു. എൽ.ഡി.എഫ് ഭരണകാലത്ത് എല്ലാം നന്നായി

നടക്കുന്നു, യുഡി.എഫ് ഭരണകാലത്ത് മോശമാകുന്നുവെന്നുള്ള നിലയിലല്ല. മുമ്പ് ഒരു കാലത്തും ഇല്ലാതിരുന്ന ഏറ്റവും വൃത്തികെട്ട മാലിന്യം നിറഞ്ഞ ചർച്ചകളാണ് സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് ഈ ഭരണകാലത്ത് വരുന്നത്. എല്ലായിടത്തും കുഴപ്പങ്ങളുണ്ട്. ഇത് യു.ഡി.എഫ്.–ന് ബോദ്ധ്യ മാകേണ്ടതും തിരുത്തേണ്ടതുമായ കാര്യമാണ്. അതുകൊണ്ടാണ് പറയുന്നത് കേരള സർവ്വകലാശാലയെ വഞ്ചിച്ച കെ.പി.സി.സി സെക്രട്ടറിക്കെതിരെ ക്രിമിനൽ കേസ് അനിവാര്യം – നടപടിയെടുക്കുന്നത് ഗവർണ്ണറാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് കഴിഞ്ഞ ഒരു ചർച്ചയിൽ പി.വി.സി. യായി ഡോ. വീരമണികണ്ഠനെ നിയമിച്ച ഈ ഗവൺമെന്റിനെ വളരെ പ്രശംസിച്ച് പറഞ്ഞു. അതേ വീരമണിക്ണ്ഠൻ തന്നെയാണ് കെ.പി.സിസി. സെക്രട്ടറി ശ്രീ. ജ്യോതികുമാർ ചാമക്കാലയ്ക്കെതിരായി റിപ്പോർട്ട് സമർപ്പിച്ചതും അതിന് ഗവർണ്ണർ വിശദീകരണം ചോദിച്ചതും, ഇപ്പോൾ കേസെടുക്കേണ്ട ഗതികേടാണ്. സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് അംഗത്തിന്റെ പദവി ഉപയോഗിച്ച് ഭൂമി തട്ടിപ്പ് നടത്തിയിരിക്കുന്നു. ഇതിനെക്കുറിച്ച് കെ.പി.സി.സി. എന്തെങ്കിലും അന്വേഷിച്ചിട്ടുണ്ടോ?

<u>ശ്രീ. പി.സി. വിഷ്ണുനാഥ്</u>: സർ, ഡോ. വീരമണികണ്ഠനെ നിയമിച്ചതി ലുള്ള പ്രാധാന്യം, എന്റെ സമുദായത്തിൽനിന്നും 10 ബി.എ– ക്കാരുണ്ടാകണ മെന്നാണ് എന്റെ ആഗ്രഹമെന്നുപറഞ്ഞ മഹാനായ അയ്യങ്കാളി 10 ബി.എ ക്കാരെ കാണാനാഗ്രഹിച്ചെങ്കിൽ, ഒരു പട്ടികജാതിക്കാരനെ ആദ്യമായി ഒരു സർവ്വകലാശാലയുടെ പ്രോ–വൈസ് ചാൻസിലറായി നിയമിച്ചത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റാണെന്ന പ്രാധാന്യം ഡോ. വീരമണികണ്ഠന്റെ നിയമനത്തിനുണ്ടെന്നാണ് ഞാൻ പറഞ്ഞത്. അതിന്റെ പേരിൽ വീരമണിക്ണഠൻ എടുക്കുന്ന നിലപാടുകൾ താരതമ്യം ചെയ്യുന്നത് ശരിയല്ല.

ഭൂമിതട്ടിപ്പിന് ജ്യോതികുമാർ ചാമക്കാലയ്ക്കെതിരെ റിപ്പോർട്ട് കൊടുത്തിട്ടുണ്ടോ എന്ന് പറയുന്നതിനുമുമ്പ് അങ്ങ് ഒന്ന് പരിശോധിക്കണം. അസിസ്റ്റന്റ് നിയമനത്തിന് പരീക്ഷ എഴുതിയ 40,000 പേരുടെ ഉത്തരകടലാസ് അന്തരീക്ഷത്തിൽ ആവിയായിപോയത് ഈ സർവ്വകലാശാലയിലാണെന്ന കാര്യം കൂടി ഓർക്കുന്നത് നന്നായിരിക്കും.

ശ്രീ. എ.എം. ആരിഫ്: സർ, ഞാൻ തർക്കം പറഞ്ഞതല്ല. ഡോ. വീരമണികണ്ഠൻ അന്വേഷിച്ച് ഗവർണ്ണർ തന്നെയാണ് ശ്രീ. ജ്യോതികുമാർ ചാമക്കാലയ്ക്കെതിരായി നടപടി എടുക്കാൻ ശുപാർശ ചെയ്തത്. ഒരു രാഷ്ട്രീയ ചർച്ച ഉദ്ദേശിച്ചല്ല ഞാനിത് പറഞ്ഞത്. നിങ്ങളുടെ ഭരണകാലത്തെ വിവിധ സർവ്വകലാശാലകളേയും സിൻഡിക്കേറ്റ് മെമ്പർമാരെയും വൈസ് ചാൻസിലർമാരേയുമൊക്കെ സംബന്ധിച്ച് മുമ്പൊന്നും ഇല്ലാത്ത തരത്തിൽ വളരെ മോശമായ ചർച്ചകൾ നടക്കുന്നതുകൊണ്ട് ഞാൻ പറഞ്ഞതാണ്. ലോകത്തുള്ള സർവ്വകലാശാലകളുടെ നിലവാരത്തെക്കുറിച്ച് ചർച്ചചെയ്യപ്പെടുമ്പോൾ അതിന്റെ ഉയർന്ന മാനദണ്ഡങ്ങളായ ലാബ്, ലൈബ്രറി, ക്ലാസ്റൂം, സിലബസ്, അദ്ധ്യാപകരുടെ ക്വാളിറ്റി, ക്വാളിഫിക്കേഷൻ എന്നതിനെക്കുറിച്ചെല്ലാം നമ്മൾ അറിഞ്ഞിരിക്കണം. നമുക്ക് ഒന്നിനും ഒരു കുറവില്ല. ഇവിടെ ഒരുപാട് സംവിധാനങ്ങളുണ്ട്. ആ സംവിധാനങ്ങളുടെ തലപ്പത്തിരിക്കുന്നത് വിശിഷ്ട വ്യക്തികളാണ്. അവർ കലാലയങ്ങളിൽ നടത്തേണ്ട പരീക്ഷാ തീയതികൾ നിശ്ചയിക്കുക, അതിനുള്ള അലോട്ട്മെന്റ് നടത്തുക എന്നതിനപ്പുറമായി എന്തൊക്കെയാണ് പഠിപ്പിക്കേണ്ടതെന്നും അക്കാദമിക് കൗൺസിലുകളും ബോർഡ് ഓഫ് സ്റ്റഡീസും ലോകത്തിലെ മറ്റു സർവ്വകലാശാലകളിൽ എന്തു നടക്കുന്നു എന്നതിനെ ആസ്പദമാക്കിയുള്ള പഠനങ്ങൾ നടത്തുന്നില്ല

എന്നുള്ളതാണ് സർവ്വകലാശാലകളിൽ ഇന്ന് നടക്കുന്ന സംഭവവികാസങ്ങളെക്കുറിച്ച് വാർത്തകൾ കാണുമ്പോൾ തോന്നുന്നത്. സ്വാശ്രയ വിദ്യാഭ്യസസ്ഥാപനങ്ങൾ നടത്താൻ തുടങ്ങിയിട്ട് പത്ത് വർഷമായി. ഇതിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അവലോകനം നടത്തണ്ടേ? എവിടെയെങ്കിലും ഇത് ചെയ്യുന്നുണ്ടോ? ഇവിടത്തെ കുട്ടികൾ പരീക്ഷയ്ക്ക് പാസാകാത്തതിനെത്തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി റിസൾട്ട് മോശമാണെന്ന് പരാമർശിച്ച് വിധി വന്നതിനെത്തുടർന്ന് ചില മാനേജ്മെന്റ് അധികൃതർ കൂട്ട കോപ്പിയടിക്ക് അവസരം കൊടുക്കുന്നുവെന്ന വാർത്തകളാണ് നമ്മൾ വായിക്കുന്നത്.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, കോടതി വിധി പറഞ്ഞ ജഡ്ജി ഇതുപോലുള്ള സ്ഥാപനത്തിലാണ് പഠിച്ചത് എന്ന് മറക്കരുത്.

ശ്രീ. എ. എം. ആരിഫ്: സർ, വിധി പറഞ്ഞ ജഡ്ജിയുടെ പൂർവ്വ കാല കഥകളൊന്നും ഞാൻ തിരക്കിപ്പോയില്ല. നമ്മളാരും തിരയാറില്ല. ഞാൻ പറഞ്ഞത് ഇപ്പോൾ ഫലത്തിൽ നമ്മുടെ ഗവൺമെന്റ് കോളേജുകളിൽ നിന്ന് പഠിച്ചുവരുന്ന വിദ്യാർത്ഥികൾക്ക് ഫുൾ മെരിറ്റാണ്. അവർ ഒരു കോപ്പിയടിക്കും വിധേയമാകുന്നില്ല. നേരെമറിച്ച് ഇതുപോലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റിസൽറ്റ് മെച്ചപ്പെടുത്താൻ വേണ്ടി കൂട്ടകോപ്പിയടിക്ക് അവസരം നൽകി പഠിച്ചുപുറത്തുവരുന്നവരാണ് നമ്മളെ ചികിൽസിക്കുന്നതും റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതും. എന്തായിരിക്കും നമ്മുടെ അവസ്ഥ; ഈ സ്ഥിതിയിലേക്ക് കാര്യങ്ങൾ പോകുകയാണ്. അതുകൊണ്ട് ഇപ്പോൾ പരീക്ഷകഴിഞ്ഞ് പാസായി പുറത്തുവന്നുകഴിഞ്ഞാൽ എഫ്.ആർ.സി.എസ്. എന്ന് വയ്ക്കുന്ന പോലെ ‘മെറിറ്റ് അഡ്മിഷൻ,

ഗവൺമെന്റ് കോളേജ്' എന്നുപറഞ്ഞ് ഒരു ബോർഡ് കൂടി സ്ഥാപിച്ചാൽ മാത്രമേ ഒരാളുടെ ഡിഗ്രിയെ സംബന്ധിച്ച് വിശ്വാസം വരുന്ന അവസ്ഥയുണ്ടാകൂ. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങളിൽ പോയി പഠിക്കും. നമ്മുടെ നാടിന് വലിയ നഷ്ടമാണ് എന്നൊക്കെ ചർച്ച ചെയ്യപ്പെട്ടു. അതിപ്പോൾ യാഥാർത്ഥ്യമായി. എൽ.ഡി.എഫ്. ആണ് കൂടുതൽ കൊടുത്തത്, യു.ഡി.എഫ്. കുറച്ചുപോയി, ഞങ്ങൾ കൂടുതൽ കൊടുക്കേണ്ടതായിരുന്നു, എന്നുള്ള തർക്കങ്ങൾ ഇവിടെ പറയുന്നതായി കേട്ടു. പക്ഷേ അത്തരം ചർച്ച കൾക്കകത്ത് നിന്ന് നമ്മൾ പരിശോധിക്കപ്പെടുമ്പോൾ നമ്മുടെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതിൽ നിന്ന് സമൂഹ ത്തിൽ വരുന്ന മാറ്റമെന്താണ്; ഇപ്പോൾ എം.ബി.ബി.എസ്. – ന് ഒരു എൻ.ആർ.ഐ. സീറ്റിന് അറുപത്തിയഞ്ചും എഴുപതും ലക്ഷം രൂപയാണ് കൊടുക്കുന്നത്. അത്രയും കൊടുത്ത് അഡ്മിഷൻ നേടുകയും പഠനച്ചെ ലവും പരീക്ഷാച്ചെലവും കഴിഞ്ഞ് കോടികൾ മുടക്കേണ്ടി വരുന്നതുകൊണ്ട് തന്റെ മകനെ എം.ബി.ബി.എസ്–ന് ചേർക്കുന്നതിനാവശയമായ തുക ഇപ്പോഴേ സ്വരൂപിക്കുന്നതിനെക്കുറിച്ചാണ് ആലോചിക്കുന്നത്. അങ്ങനെ വരുമ്പോഴാണ് നമ്മൾ പലപ്പോഴും പത്രങ്ങളിൽ വായിക്കുന്നത് കാല് ഓപ്പറേറ്റ് ചെയ്യേണ്ടിവരുമ്പോൾ പകരം ജനനേന്ദ്രിയം ഓപ്പറേറ്റ് ചെയ്യുന്നതും ഓപ്പറേഷൻ കഴിഞ്ഞാൽ കത്രിക വയറ്റിനകത്തിട്ട് തുന്നിക്കെട്ടി വിടുന്നതും പാലം പണിയുന്നതിനുമുമ്പ് താഴെ വീഴുന്നതും റോഡുകൾ പോകുന്നതും എന്നൊക്കെയുള്ള വാർത്തകൾ വായിക്കുന്നത്. നമ്മുടെ സമൂഹത്തിലും സംസ്കാരത്തിലും വിദ്യാഭ്യാസത്തിലും വരുത്തുന്ന മാറ്റത്തെക്കുറിച്ചൊന്നും

നമ്മുടെ ചർച്ചകൾ നടക്കുന്നില്ല. അതുകൊണ്ട് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മെരിറ്റിനെ സംബന്ധിച്ചും ഗുണങ്ങളെക്കുറിച്ചും സാദ്ധ്യത കളെ സംബന്ധിച്ചുമൊക്കെ ചർച്ച ചെയ്യപ്പെടുമ്പോൾ അത് സമൂഹത്തിൽ വരുത്തുന്ന വലിയ ആഘാതങ്ങളെക്കുറിച്ചുള്ള ചർച്ചകൾ നടക്കുന്നില്ല. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിലൊക്കെ വളരെ സജീവമായി പ്രവർത്തിക്കണം. അക്കാദമിക് കൗൺസിലുകളായാലും ഉന്നത വിദ്യാഭ്യാസ കൗൺസിലുകളായാലും ഇപ്പോൾ ശ്രീമതി ബിജിമോൾ ഇവിടെ പറഞ്ഞതുപോലെ എങ്ങനെയാണ് കേന്ദ്രസർക്കാരിന്റെ പദ്ധതികൾക്കനു സരിച്ച് സഹായം കിട്ടുന്നത്, അക്രഡിറ്റേഷൻ കിട്ടുന്നത്, NAAC-ന്റെ അക്രഡിറ്റേഷൻ കിട്ടുന്നത്, അതുപോലെ തന്നെ 'റൂസ' യുടെ സഹായം ലഭിക്കുന്നത് ഇങ്ങനെ സഹായങ്ങൾ നേടിയെടുക്കുന്നതും മറ്റുമല്ല അതിനപ്പു റമായി വിദ്യാഭ്യാസ രംഗത്ത് നമുക്ക് നിർവ്വഹിക്കാനുള്ള കടമകളെ സംബന്ധിച്ച് ചർച്ച ചെയ്യപ്പെടുകയും തീരുമാനങ്ങളെടുക്കുകയും ഒക്കെ ചെയ്യുന്ന രൂപത്തിലേക്ക് നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ പ്രശ്നങ്ങളുണ്ട്. ഇത് സംവരണവുമായി ബന്ധപ്പെട്ട പ്രശ്നമാണ്. സർവ്വകലാശാലയെക്കുറിച്ച് ആയതുകൊണ്ടാണ് ഇത്രയും കാര്യങ്ങൾ ഞാൻ ഇവിടെ പറഞ്ഞത്. അതുകൊണ്ട് നമ്മുടെ ഈ വിദ്യാഭ്യാസ മേഖലയിൽ നിൽക്കുന്ന ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് പകരം സർവ്വകലാശാല വൈസ് ചാൻസലർമാരെയും പി.വി.സി. മാരെയും സിൻഡിക്കേറ്റ് അംഗങ്ങളേയും ജാതിയുടെയും ഉപജാതിയുടെയും അതുപോലെ രാഷ്ട്രീയ ഗ്രൂപ്പുകളു ടെയും അടിസ്ഥാനത്തിൽ വീതം വച്ചും വീതം കിട്ടിയ അവസരം ഉപയോഗിച്ച് കിട്ടുന്നതെല്ലാം തട്ടുന്ന തട്ടിപ്പ് സർവ്വകലാശാലകളാണ് കേരള

ത്തിലെ സർവ്വകലാശാലകൾ എന്ന് മറ്റുള്ളവരെക്കൊണ്ട് പറയിപ്പിക്കാതിരിക്കുവാൻ നമ്മുടെ കുട്ടികളുടെ ഭാവിയെ കണക്കിലെടുത്തെങ്കിലും നമുക്ക് എത്രത്തോളം ഇടപെടാൻ കഴിയുമെന്ന് ഗവൺമെന്റ് ഗൗരവമായി ചിന്തിക്കണം എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ഡോ. കെ. ടി. ജലീൽ: സർ, ഞങ്ങൾ അവതരിപ്പിച്ച വിയോജനക്കുറിപ്പ് അംഗീകരിച്ചുകൊണ്ട് സഭയിൽ ഭേദഗതി കൊണ്ടുവന്ന ബഹുമാന്യനായ മന്ത്രിയെ അഭിനന്ദിക്കുകയാണ്. അതോടൊപ്പം ഒരൊറ്റ കാര്യം മാത്രമാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. കാലിക്കറ്റ് സർവ്വകലാശാലയിൽ സിൻഡിക്കേറ്റിലേക്ക് നാല് പേരെ ആയിരുന്നു എക്സ്പെർട്ട്സ് ആയി ചാൻസലർക്ക് നോമിനേറ്റ് ചെയ്യാൻ അധികാരം ഉണ്ടായിരുന്നത്. അതിപ്പോൾ ആറ് പേരെയാക്കി ഉയർത്താൻ സർക്കാർ ഉദ്ദേശിക്കുന്ന ഭേദഗതി കൂടി കൊണ്ടുവന്നിട്ടുണ്ട്. നോമിനേഷൻ എന്ന കീഴ്‌വഴക്കം കേരള സർവ്വകലാശാല രൂപം കൊണ്ടകാലത്ത് അതിന്റെ ഒറിജിനൽ ആക്റ്റിൽ സെനറ്റിലേക്കാണ് ഉണ്ടായിരുന്നത്. വിവിധ എക്സ്പെർട്ട്സുകളെ സർവ്വകലാശാല ഭരണ സംവിധാനവുമായി സഹകരിപ്പിക്കുക എന്ന സദുദ്ദേശമായിരുന്നു നോമിനേഷനിലൂടെ ലക്ഷ്യം വച്ചിരുന്നത്. എന്നാൽ സിൻഡിക്കേറ്റിലേക്ക് നേരിട്ട് സർക്കാർ നോമിനി ചാൻസലറാൽ നോമിനേറ്റ് ചെയ്യപ്പെടുന്നത് മാറിമാറി വന്ന യു.ഡി.എഫ്. സർക്കാരുകളുടെ കാലത്താണ്. അത് ആരോഗ്യകരമായിട്ടുള്ള ഒരു കീഴ്‌വഴക്കമല്ല. സത്യത്തിൽ ഇതുവരെ നമുക്ക് അങ്ങനെയൊക്കെ ആകാമായിരുന്നു. എന്തുകൊണ്ടെന്നാൽ

കേന്ദ്രത്തിൽ കോൺഗ്രസ്, കേരളത്തിൽ കോൺഗ്രസ്സോ അല്ലെങ്കിൽ ഇടതുപക്ഷമോ ആയിരിക്കും. പക്ഷേ ഇപ്പോൾ സ്ഥിതി മാറിക്കഴിഞ്ഞു. ചെങ്കോട്ടയിൽ കാവിക്കൊടി പാറിക്കുമെന്ന് ഇന്ത്യയുടെ പാർലമെന്റിൽ ഒരു പാർലമെന്റംഗം പറയുന്ന സ്ഥിതി നമ്മുടെ നാട്ടിൽ സംജാതമായിരിക്കുന്നു. എൽ.ഡി.എഫ്. കേരളം ഭരിച്ചിരുന്ന സമയത്താണ് അന്നത്തെ ഗവർണ്ണർ രാം ദുലാരി സിൻഹ പതിമൂന്ന് സിൻഡിക്കേറ്റിലേക്ക് നോമിനേറ്റ് ചെയ്യപ്പെടേണ്ടവരുടെ ലിസ്റ്റ് ഗവൺമെന്റ് കൊടുത്തിട്ട് അതിൽ നിന്ന് ഏഴുപേരെ വെട്ടി അവർ അവരുടെ അധികാരമുപയോഗിച്ചുകൊണ്ട് ആളുകളെ നോമിനേറ്റ് ചെയ്തത്. കോൺഗ്രസ്സുകാരാണ് എന്നുള്ളതുകൊണ്ട് അത് നമുക്കംഗീകരിക്കാം. പക്ഷേ നമ്മൾ നോമിനേഷന് ചാൻസലർക്ക് പരമാധികാരം നൽകിയാൽ ഇനി വരാൻ പോകുന്നത് ബി.ജെ.പി. കേന്ദ്രസർക്കാരിനാൽ നിയോഗിക്കപ്പെടുന്ന ഒരു ഗവർണ്ണർ ആയിരിക്കും. ആ ഗവർണ്ണർ കേരളത്തിലെ മുഴുവൻ സർവ്വകലാശാലകളിലും സംഘ് അനുകൂലികളെ നോമിനേറ്റ് ചെയ്യും എന്നുള്ള കാര്യത്തിൽ യാതൊരു തർക്കവും വേണ്ട. ഇപ്പോൾത്തന്നെ ഇതിനകം സംഘ് അനുകൂലികളായ പല എക്സ്പെർട്ട്സുകളും അല്ലെങ്കിൽ നോമിനേറ്റ് ചെയ്യപ്പെടാൻ താൽപ്പര്യമുള്ളവരും ഡൽഹിയിലേക്ക് വണ്ടി കയറിക്കഴിഞ്ഞു. കേരളത്തിലെ ഏതു ഗവൺമെന്റായാലും കൊടുക്കുന്ന ലിസ്റ്റ് തന്നെ ഗവർണ്ണർ അംഗീകരിച്ചുകൊണ്ട് നോമിനേറ്റ് ചെയ്തുകൊള്ളണമെന്നില്ല. അതിൽ നിന്ന് ആളുകളെ വെട്ടി ഗവർണ്ണർക്ക് ഇഷ്ടമുള്ള ആളെ അതിലുൾപ്പെടുത്തി നമ്മുടെ സർവ്വകലാശാലകളിൽ നോമിനേറ്റ് ചെയ്യുന്ന സാഹചര്യം വരാൻ പോകുന്നു. മതനിരപേക്ഷ ഗവൺമെന്റുകൾ കേന്ദ്രത്തിലും സംസ്ഥാനത്തും ഉള്ളപ്പോൾ ഇതൊന്നും ഒരുപക്ഷേ ഒരു വിഷയമായി വന്നില്ലായിരിക്കാം. എന്നാൽ പുതിയ സാഹചര്യത്തിൽ ഇതേക്കുറിച്ച്

സഗൗരവം നമ്മൾ ഒത്തൊരുമിച്ച് ആലോചിക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പ്രത്യേകിച്ച് പറയാനുള്ളത്. ഒരുപാട് സംഘ് അനുകൂലികൾ കേരളത്തിലെ മുഴുവൻ സർവ്വകലാശാലകളിലും നോമിനേറ്റ് ചെയ്യപ്പെടുന്ന സാഹചര്യം ഒരുക്കി എന്നുള്ള ഒരു അപഖ്യാതി ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ഉണ്ടാകരുത് എന്നുള്ളതുകൊണ്ടുകൂടിയാണ് ഞാൻ ഇക്കാര്യം ഉണർത്തുന്നത്. ഞങ്ങളുടെ വിയോജനക്കുറിപ്പ് സ്വീകരിച്ചതിനുള്ള നന്ദി ഒരിക്കൽ കൂടി അറിയിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, കാര്യോപദേശക സമിതിയിൽ സർവ്വകലാശാല ആക്റ്റിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങളെ സംബന്ധിച്ച കാര്യത്തിൽ ഏകീകരണം വേണമെന്നുള്ളതായിരുന്നു ഞങ്ങളുടെ വിയോജനക്കുറിപ്പ്. ആ വിയോജനക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ അതുകൂടി അംഗീകരിച്ചുകൊണ്ടാണ് ഇപ്പോൾ സബ്ജക്ട് കമ്മിറ്റിയുടെ യോഗത്തിനുശേഷം ഇവിടെ അവതരിപ്പിച്ചിരിക്കുന്നത് എന്നുകൊണ്ടുതന്നെ തീർച്ചയായും ആ നടപടിയെ സ്വാഗതം ചെയ്യുകയാണ്. അത്തരം ഒരു നിലപാട് സ്വീകരിച്ച മന്ത്രിയെ തീർച്ചയായും അഭിനന്ദിക്കുന്നു. വിദ്യാഭ്യാസരംഗത്ത് പൊതുവെ കേരളത്തിൽ നിലനിൽക്കുന്ന സാഹചര്യത്തെക്കുറിച്ചും നമ്മുടെ സർവ്വകലാശാലകളുടെ സ്ഥിതിയെക്കുറിച്ചും ദീർഘമായ ഒരുപാട് പ്രസംഗങ്ങൾ ഇന്നലെയും ഇന്നുമായി ഇവിടെ നടന്നു എന്നതുകൊണ്ട് ആവർത്തിച്ച് ഒരു വലിയ പ്രസംഗം നടത്തണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. വിദ്യാഭ്യാസ രംഗത്തെ ഒട്ടേറെ വിഷയങ്ങൾ സജീവമായി ചർച്ച ചെയ്യപ്പെടേണ്ടതുണ്ട് എന്ന് കരുതിയാണ് സർവ്വകലാശാലകൾ സംബന്ധിച്ചുമാത്രമല്ല, വി.സി.മാരുടെ നിയമനത്തിലെ പോരായ്മകൾ മാത്രമല്ല, അതുപോലെ തന്നെ ഉന്നത വിദ്യാഭ്യാസ രംഗത്ത്

നടപ്പാക്കാൻ പോകുന്ന മറ്റു ചില നടപടികൾ, പ്രത്യേകിച്ച് സ്വയം ഭരണാധി കാരമുള്ള കോളേജുകളെക്കുറിച്ചുള്ള കാര്യങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങ ളെല്ലാം ഇവിടെ ചർച്ച ചെയ്യപ്പെടുകയാണ്. അതും ഒരു പ്രത്യേക ബില്ലായി വരികയാണ്. അത്തരം ഒരു സാഹചര്യത്തിൽ നമ്മുടെ വിദ്യാഭ്യാസ രംഗത്തിന്റെ താഴെത്തലം തൊട്ടുള്ള അതിന്റെ നിലവാരത്തകർച്ചയെ സംബന്ധിച്ച് അല്ലെങ്കിൽ നിലവാരമില്ലായ്മയെ സംബന്ധിച്ച് ഗൗരവമായ ആലോചന ഉണ്ടാകണമെന്നുള്ളതാണ് ഒരു പ്രധാനപ്പെട്ട വിഷയമായി ചൂണ്ടിക്കാണിക്കാനുള്ളത്. ഇന്നലെ ഇവിടെ ഇതുമായി ബന്ധപ്പെട്ട ചർച്ച കൾ നടക്കുന്ന കൂട്ടത്തിൽ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസുകൾ ചേർന്നുകൊണ്ട് വിദ്യാഭ്യാസം നടത്തേണ്ടതിന്റെ ആവശ്യകതയും അല്ലെങ്കിൽ അങ്ങനെ ചെയ്തുപോയാൽ അപകടമില്ലെന്നും സ്വയം ഭരണ കോളേജുകളെ ന്യായീകരിക്കുന്നതിനുവേണ്ടിയുള്ള സംസാരത്തിന്റെ ഭാഗമായി അതെല്ലാം ഇവിടെ നമ്മുടെ സഭാതലത്തിൽ ഉയർന്നുകേട്ടതാണ്.

സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസുകൾ അനുസരിച്ച് പഠി ക്കുന്ന കുട്ടികൾ മിടുക്കന്മാരായിവരുന്നു എന്നത് അംഗീകരിക്കുന്നതോടൊ പ്പംതന്നെ നമ്മുടെ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മികവുള്ള വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ പഠിച്ച് ഏറ്റവും ഉയർന്ന നിലവാരത്തിൽ പാസ്സാകുന്നു എന്നതുകൂടി നമുക്ക് കാണാൻ കഴിയുന്നതാണ്. സർക്കാർ സ്കൂളുകളിലെ 2013-14 വിദ്യാഭ്യാസ വർഷത്തിലെ എസ്.എസ്.എൽ.സി.യു ടെയും ഹയർ സെക്കന്ററിയുടെയും റിസൽട്ടുകൾ എടുത്തുനോക്കിയാൽ

അത് മനസ്സിലാക്കാൻ സാധിക്കും. കേരളത്തിന്റെ വടക്കൻ മേഖലയിൽ എയ്ഡഡ് സ്കൂളുകൾ താരതമ്യേന കുറവും സർക്കാർ സ്കൂളുകൾ കൂടുതലാണെന്ന കാര്യവും ഇതിന് മുമ്പും ഈ സഭയിൽ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. സംസ്ഥാനം മൊത്തമായി എടുത്താൽ മൂന്നിൽ രണ്ടിലധികവും എയ്ഡഡ് സ്കൂളുകളാണെങ്കിൽ മലബാർ മേഖലയിൽ സർക്കാർ സ്കൂളുകളാണ് കൂടുതലുള്ളത്. അങ്ങനെയുള്ള മലബാർ മേഖലയിലെ വിദ്യാഭ്യാസ ജില്ലകളിൽ 2011-12 വിദ്യാഭ്യാസ വർഷം കേരളത്തിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ ഉയർന്ന നിലവാരത്തിൽ പാസ്സായത് ഹോസ്ദുർഗ്ഗ് വിദ്യാഭ്യാസ ജില്ലയിലാണെന്ന് കാണാൻ കഴിയും. ഞാൻ സൂചിപ്പിക്കാൻ ഉദ്ദേശിക്കുന്നത്, പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മലയാളം മീഡിയത്തിൽ സർക്കാർ സ്കൂളുകളിൽ പഠിച്ചവരൊന്നും കൊള്ളാത്തവരാണെന്ന ധാരണ വരുത്തുന്നതിനുവേണ്ടിയുള്ള നീക്കം നടത്തുന്ന സ്വയംഭരണ കോളേജുകളെക്കുറിച്ച് ചിന്തിക്കുന്ന സന്ദർഭത്തിൽ ഇത്തരം കാര്യങ്ങൾകൂടി അതുമായി ബന്ധപ്പെടുത്തി ഇവിടെ ചർച്ച ചെയ്യുന്നതൊന്നും നമ്മുടെ സംസ്ഥാനത്തിനും നമ്മുടെ പൊതു വിദ്യാഭ്യാസ മേഖലയ്ക്കും ഒട്ടും ഗുണം ചെയ്യുന്നകാര്യമല്ല. ഇവിടെ നേരത്തെ ചൂണ്ടിക്കാണിച്ച ഒട്ടേറെ വിഷയങ്ങളുണ്ട്. ഞാൻ ഈ വിഷയം സംബന്ധിച്ച് ദീർഘമായി സംസാരിക്കാൻ ഉദ്ദേശിക്കാത്തത് അതുകൊണ്ടാണ്. ആർ.എം.എസ്.എ. സ്കൂളുകളെക്കുറിച്ച് പറഞ്ഞു. ഏറ്റവും താഴെ നിലയിൽ തീരദേശ മേഖലയിലും വനമേഖലയിലും വിദ്യാഭ്യാസത്തിന്റെ പ്രാഥമിക പാഠങ്ങൾ, അക്ഷരാഭ്യാസം പോലും നേടാൻ കഴിയാത്ത വിഭാഗത്തിനുവേണ്ടി വിദ്യാഭ്യാസം ചെയ്യാൻ മുന്നോട്ടു വന്നിട്ടുള്ള, അല്ലെങ്കിൽ അദ്ധ്യാപകരായി മുന്നോട്ടുവന്നിട്ടുള്ളവർ സംഘടി

പ്പിച്ച ഏകാദ്ധ്യാപക വിദ്യാലയങ്ങൾ (എം.ജി.എൽ.സി.കൾ) വളരെ പ്രധാന പ്പെട്ട മറ്റൊരു കാര്യമാണ്. കോട്ടയം, ആലപ്പുഴ ജില്ലകളൊഴികെ കേരള ത്തിലെ പന്ത്രണ്ട് ജില്ലകളിലുമായി അത്തരം എം.ജി.എൽ.സി.കൾ നിലനിൽക്കുന്നു. ആ കുട്ടികൾക്ക് വിദ്യാഭ്യാസം കൊടുക്കാൻ പാടുപെടുന്ന അദ്ധ്യാപകരെന്നു പറയുന്നവരുടെ സേവനത്തിന് നൽകുന്ന പ്രതിഫലം കേവലം 3,000/– രൂപയാണ്. നമ്മൾ അത്തരം കുട്ടികളെ വളർത്തിയെടുത്ത് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ ശ്രമിക്കുമ്പോൾ ആ വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ച് ചിന്തിക്കുന്നില്ല. ഉന്നത വിദ്യാഭ്യാസത്തെ ക്കുറിച്ച് ചിന്തിക്കണം. ഉന്നത വിദ്യാഭ്യാസ മേഖലയിലുണ്ടാക്കേണ്ട മാറ്റങ്ങ ളെക്കുറിച്ച് ചിന്തിക്കണം. യൂറോപ്പും അമേരിക്കയും പോലുള്ള വികസിത രാജ്യങ്ങളിൽ വന്നിട്ടുള്ള സ്വയം ഭരണാധികാരമുള്ള കോളേജുകൾക്ക് സമാനമായ കോളേജുകളെക്കുറിച്ച് ചിന്തിക്കണം. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ അത് നടപ്പാക്കുന്നു എന്നുള്ളതുകൊണ്ട് കേരളത്തിൽ നടപ്പാക്കാം എന്നൊക്കെ ചിന്തിക്കുമ്പോൾ വളരെ പ്രാഥമികമായ വിദ്യാഭ്യാസ ത്തിന്റെ കാര്യങ്ങൾ നിർവ്വഹിക്കുന്ന എം.ജി.എൽ.സി.കളെക്കുറിച്ചും, പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ സെക്കന്ററി, ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും അവിടെ ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ചും ധാരണയുണ്ടാകണം. ആർ.എം.എസ്.എ. സ്കൂളുകളിൽ അദ്ധ്യാപനം നടത്തിക്കൊണ്ടിരിക്കുന്ന അദ്ധ്യാപകർക്ക് കഴിഞ്ഞ ഏതാനും മാസങ്ങളായി ശമ്പളം ലഭിക്കുന്നില്ലെന്ന പരാതി ബഹുമാനപ്പെട്ട നമ്മുടെ വിദ്യാഭ്യാസ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി യിട്ടുള്ളതാണ്. ആർ.എം.എസ്.എ. സ്കൂളുകളെക്കുറിച്ച് നേരത്തെ

ചൂണ്ടിക്കാണിക്കുകയുണ്ടായി. കഴിഞ്ഞ കുറെ മാസമായി ശമ്പളം ലഭിക്കാത്ത വിഷയത്തിൽ തീരുമാനമെടുക്കാൻ ഗവൺമെന്റിന് കഴിയാതെ പോകരുത്. നമ്മുടെ സ്കൂളുകളിൽ സ്വാഭാവികമായും അദ്ധ്യയന വർഷ ത്തിലെ ആറാമത്തെ ദിവസത്തിൽ എല്ലാ കണക്കെടുപ്പുകളും പൂർത്തിയാക്കി യപ്പോൾ പതിനായിരക്കണക്കിന് അദ്ധ്യാപകർ നമ്മുടെ സംസ്ഥാനത്ത് കൂടുതലാണെന്ന് പറഞ്ഞു. അത്തരം അദ്ധ്യാപകരെ എങ്ങനെ വിന്യസിക്കാ നാണ് ഈ ഗവൺമെന്റ് ആലോചിക്കുന്നത്? പൊതുമേഖലയിലുള്ള അത്തരം അദ്ധ്യാപകർക്ക് ശമ്പളം കൊടുത്തുകൊണ്ട് എയ്ഡഡ് ഉൾപ്പടെയുള്ള ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിൽ ഇനിയും അങ്ങനെ നിർത്തുവാനാണോ, അതോ അദ്ധ്യാപകരില്ലാത്ത ആർ.എം.എസ്.എ. പോലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് അയക്കുന്നതിനുള്ള നടപടി കൾ സ്വീകരിക്കുമോ; ഇപ്പോൾ ശമ്പളം കിട്ടാത്ത ആർ.എം.എസ്.എ. അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കുമോ? തുടങ്ങിയ അതീവഗൗരവകരമായ വിഷയങ്ങളാണ് വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്നത്. ഇവിടെ നേരത്തെ ചൂണ്ടിക്കാണിച്ച RUSA (രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ) എന്ന പേരിൽ കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന പദ്ധതി. ആ പദ്ധതിയുടെ ഭാഗമായി നമ്മുടെ സംസ്ഥാനത്ത് വിവിധ കോളേജുകൾക്ക് അനുവദിക്കാൻ കഴിയുമെന്ന് പറഞ്ഞിട്ടുള്ള ഫണ്ട് അനുവദിക്കുന്നതിന് വരുന്ന കാലതാമസം എന്ത്; കേന്ദ്ര ഗവൺമെന്റിൽ നിന്ന് വാങ്ങിയെടുക്കുന്നതിന് തടസ്സമായി നിൽക്കുന്നതെന്ത്; പത്രവാർത്തകളുടെ അടിസ്ഥാനത്തിലാണെങ്കിൽ 65% കേന്ദ്ര ഗവൺമെന്റ് നൽകുമ്പോൾ അതിന്റെ ബാദ്ധ്യത 35% സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കേണ്ടതുണ്ടെന്നും സംസ്ഥാന ഗവൺമെന്റ് ആ

ബാദ്ധ്യത നിർവ്വഹിക്കാൻ തയ്യാറാകാത്ത സാഹചര്യത്തിലാണ് പണം അനുവദിച്ച് കിട്ടാത്തതെന്നും അതിന്റെ ഭാഗമായാണ് ഓരോ കോളേജു കൾക്കും അനുവദിക്കേണ്ട പത്തും പതിമൂന്നും കോടി രൂപ അനുവദിക്കാതി രിക്കുന്നതെന്നുമുള്ള അവസ്ഥ നിലനിൽക്കുകയാണ്. ആ സ്ഥിതിയിൽ മാറ്റ മുണ്ടാക്കാൻ എങ്ങനെയാണ് ഗവൺമെന്റ് ഇടപെടുന്നത്. മറ്റു കാര്യങ്ങളെ ക്കുറിച്ച് ഇപ്പോൾ ഞാൻ പറയുന്നില്ല. സ്വയം ഭരണാധികാരത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ തീർച്ചയായും ആ വിഷയങ്ങൾ കൂടി വീണ്ടും ചർച്ചയ്ക്ക് വരുമെന്നുള്ളതുകൊണ്ട് ആവർത്തിക്കുന്നില്ല. ഒരപകടകരമായ അവസ്ഥ, അക്കാദമിക് ആയ അധികാരം മാത്രമല്ല അവർക്ക് നൽകുന്നതെന്നതുകൊണ്ട് വന്നു ചേരാനിടയുള്ളത് എല്ലാവർക്കും അറിയുന്നതാണ്. മറ്റ് കൂടുതൽ കാര്യങ്ങളൊന്നും പറയാതെ ഞങ്ങളവിടെ നടത്തിയിട്ടുള്ള വിയോജന ക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതികളോടെ അതിവിടെ അവതരിപ്പിച്ചതിന് ഒരിക്കൽക്കൂടി നന്ദി പ്രകാശിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ എന്റെ ഡിസെന്റ് രേഖപ്പെടുത്തുക യാണ്. ഈ ബില്ലിന്റെ സബ്ജക്ട് കമ്മിറ്റി യോഗത്തിൽ ഇതു സംബന്ധി ച്ചുള്ള അവ്യക്തതകൾ ഞങ്ങൾ ചൂണ്ടിക്കാണിച്ചു. അക്കാര്യത്തിൽ ഞങ്ങൾ പറഞ്ഞിട്ടുള്ള ക്രീയാത്മകമായ നിർദ്ദേശങ്ങൾകൂടി ഉൾക്കൊള്ളിച്ചുകൊണ്ട് നിയമ ഭേദഗതി കൊണ്ടുവന്നത് തീർച്ചയായും വളരെ സ്വാഗതാർഹമാണെന്ന് ചൂണ്ടിക്കാണിക്കുകയാണ്. ഇന്നലെ നമ്മുടെ യൂണിവേഴ്സിറ്റികൾ നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട് ഇവിടെ സംസാരിച്ച ബഹുമാന്യനായ കോൺഗ്രസ് അംഗം ശ്രീ. ബെന്നി ബെഹനാൻ നമ്മുടെ കേരളത്തിൽ നിലവാരമുള്ള ഒരു വിദ്യാഭ്യാസ സ്ഥാപനമെങ്കിലുമുണ്ടോ എന്ന് ആശങ്കപ്പെടു

കയുണ്ടായി. നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനമില്ലെങ്കിലും നല്ല നിലവാരമുള്ള വി.സി.മാർ നമുക്കുണ്ട്. ഇതിൽക്കൂടുതൽ ആനന്ദിക്കാൻ വേറെ എന്ത് വേണം. എന്തൊക്കെ വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്, ആറ് വിജിലൻസ് കേസിൽ പ്രതിയായ ഒരു വി.സി., വി.സി. ആകുന്നതിന് മുമ്പ് തന്നെ മറ്റൊരു പ്രമാദമായ കേസിൽ പ്രതിയായ ഒരാൾ, ഇരട്ട ശമ്പളം വാങ്ങുന്ന വി.സി., കോളേജ് പ്രിൻസിപ്പലാകാൻ പോലും യോഗ്യതയില്ലാത്ത വി.സി.മാർ. നമ്മുടെ നാട്ടിൽ സർവ്വകലാശാലകളുടെ തലപ്പത്തിരിക്കുന്ന വി.സി.മാരെ സംബന്ധിച്ചുവരുന്ന വാർത്തകൾ ഉന്നത വിദ്യാഭ്യാസ മേഖലയെ സ്നേഹിക്കുന്ന എല്ലാവരിലും വളരെയേറെ ആശങ്കയുളവാക്കുന്ന കാര്യങ്ങളാണ്. നമ്മുടെ കേരളത്തിൽ ഇവിടെ പരാമർശിച്ചതുപോലെ പ്രഗത്ഭരായ ഒരുപാട് വൈസ് ചാൻസലറന്മാർ ഉണ്ടായിട്ടുണ്ട്. സർവ്വകലാശാലകൾക്ക് നേതൃത്വം കൊടുക്കുന്നതിനോടൊപ്പം നമ്മുടെ സമൂഹത്തെ ദൈഷണികമായി നയിക്കേണ്ടവരുംകൂടിയാണ് വൈസ് ചാൻസലറന്മാർ. എന്നാൽ ഇപ്പോഴത്തെ സ്ഥിതി എന്താണ്? ആർക്കും വൈസ് ചാൻസലറാകാം എന്ന സ്ഥിതിയാണ് ഇപ്പോൾ കേരളത്തിൽ ഉണ്ടായിരിക്കുന്നത്. കേരളത്തിലെ വൈസ് ചാൻസലറന്മാരെ സംബന്ധിച്ചുള്ള വാർത്തകൾ വന്നിട്ടുണ്ട്. കേരളത്തിൽ യു.ജി.സി. യോഗ്യതയില്ലാത്ത വി.സി.മാരുടെ എണ്ണം 9 ആണ്.

സംസ്കൃത യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. എം. സി. ദീലീപ് കുമാർ, അദ്ദേഹത്തിന് യു.ജി.സി. ക്വാളിഫിക്കേഷൻ ഇല്ല. അദ്ദേഹം കൊച്ചിൻ കോളേജിലെ വെറുമൊരു അസോസിയേറ്റ് പ്രൊഫസർ മാത്രമാണ്. അതുപോലെത്തന്നെ കേരളത്തിലെ ഏറ്റവും പ്രമുഖമായ യൂണിവേഴ്സിറ്റികളിലൊന്നാണ് എം. ജി. യൂണിവേഴ്സിറ്റി. ആ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറെ നിയമിച്ച സർക്കാരിനു തന്നെ പുറത്താക്കേണ്ടി വന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ വിവാദങ്ങളിൽ നിറഞ്ഞു നിൽക്കുന്ന വൈസ് ചാൻസലർ ഡോ. അബ്ദുൽ സലാം, അദ്ദേഹത്തിനും യു. ജി. സി. നിഷ്ക്കർഷിച്ച യോഗ്യതയില്ല. കണ്ണൂർ സർവ്വകലാശാലയുടെ വൈസ് ചാൻസലർ ഖാദർ മങ്ങാട്, അദ്ദേഹത്തിനും യു.ജി.സി. നിഷ്ക്കർഷിക്കുന്ന യോഗ്യതയില്ല. അദ്ദേഹം വി.സി. ആകുന്നതിനു മുമ്പ് നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജിലെ അസോസിയേറ്റ് പ്രൊഫസർ മാത്രമായിരുന്നു എന്ന് നമ്മൾ മനസ്സിലാക്കണം. മാത്രമല്ല കണ്ണൂർ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ പി. എച്ച്. ഡി. സമ്പാദനവുമായി ബന്ധപ്പെട്ട് അത്യന്തം ക്രമക്കേടും നിയമരാഹിത്യവും ഇപ്പോൾ പുറത്തു വന്നിരിക്കുകയാണ്. വിവരാവകാശ നിയമ പ്രകാരം ലഭിച്ച രേഖകളുടെ അടിസ്ഥാനത്തിൽ ഈ വാർത്തകൾ കേരളത്തിലെ പ്രധാനപ്പെട്ട ദൃശ്യ പത്ര മാധ്യമങ്ങളിൽ വൻ പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ കാര്യത്തിൽ അന്വേഷണം നടത്താൻ സംസ്ഥാന സർക്കാർ തയ്യാറാകണം. ഇവിടെ സർവ്വകലാശാലകളുടെ പ്രോ–ചാൻസലറായിട്ടുള്ള വിദ്യാഭ്യാസ വകുപ്പു മന്ത്രി ഇവിടെ സന്നിഹിതനാണ്. ഇതിനെ സംബന്ധിച്ച് അന്വേഷിക്കാൻ തയ്യാറാകണം. അദ്ദേഹം ഒരേ സമയം രണ്ട് കോഴ്സുകളാണ് ചെയ്തത്. ബ്രണ്ണൻ കോളേജിൽ നിന്നും പാർട്ട് ടൈം പിഎച്ച്.ഡി–യും അതേസമയം തമിഴ്നാട്ടിലെ ഭാരതീയ ദാസൻ യൂണിവേഴ്സിറ്റിയിൽ നിന്നും എം.ഫിൽ–ഉം ചെയ്തിരിക്കുകയാണ്. എങ്ങനെയാണ് ഒരേ സമയം രണ്ട് കോഴ്സുകൾ ചെയ്യാൻ കഴിയുക? അതുപോലെ ഒരേ സമയം രണ്ടു സംസ്ഥാനങ്ങളിലായി 3 കേന്ദ്രങ്ങളിലാണ് അദ്ദേഹത്തിന് ഹാജർ. ഗവൺമെന്റ് ബ്രണ്ണൻ കോളേജ്, തലശ്ശേരിയിൽ പാർട്ട് ടൈം പിഎച്ച്. ഡി.–യുടെ ഭാഗമായി ഹാജരുണ്ട്.

അതേ സമയത്തുതന്നെ അദ്ദേഹം പഠിപ്പിക്കുന്ന കാഞ്ഞങ്ങാട് നെഹ്റു കോളേജിലും ഹാജരിട്ടിട്ടുണ്ട്. തിരുച്ചിറ്റപ്പള്ളിയിലെ അദ്ദേഹത്തിന്റെ എം.ഫിൽ–മായി ബന്ധപ്പെട്ട് അവിടെയും ഹാജർ കാണാൻ കഴിയും. മാത്രമല്ല, കലണ്ടർ ഇല്ലാത്ത ദിനങ്ങളിലും ഹാജരുണ്ട്. വിവരാവകാശ പ്രകാരം ലഭിച്ച രേഖകളുടെ അടിസ്ഥാനത്തിലാണ് പറയുന്നത്. 2003 ഫെബ്രുവരി 29 കലണ്ടറിൽ ഇല്ലാത്ത ദിവസമാണ്. ആ ദിവസവും അദ്ദേഹം ഒപ്പിട്ടിട്ടുണ്ട്. 2003 സെപ്തംബർ 31, അദ്ദേഹം ഒപ്പിട്ടിട്ടുണ്ട്. അതും കലണ്ടറിൽ ഇല്ലാത്ത ദിനമാണ്. 2004 നവംബർ 31. എം.ഫിൽ ഇല്ലാത്ത ആളുകൾക്ക് പിഎച്ച്.ഡി. എടുക്കണമെങ്കിൽ മിനിമം 4 വർഷം വേണം. ഗവേഷണത്തിന് 4 വർഷത്തെ മിനിമം കാലപരിധി വേണം. എന്നാൽ ഇദ്ദേഹം പി എച്ച്. ഡി. എടുത്ത് സബ്മിറ്റ് ചെയ്തിരിക്കുന്നത് 2 വർഷവും 8 മാസവും കൊണ്ടാണ്. 48 മാസം വേണ്ട ഗവേഷണം 33 മാസം കൊണ്ട് അദ്ദേഹം പൂർത്തിയാക്കിയിക്കുകയാണ്. ഇതെന്താണ് വെള്ളരിക്കാ പട്ടണമാണോ? വളരെ ഗുരുതരമായ ആരോപണമാണ് ഇദ്ദേഹത്തിന് എതിരായിട്ട് ഉയർന്നു വന്നിരിക്കുന്നത്. ഈ ആരോപണത്തെക്കുറിച്ച് അന്വേഷിക്കാൻ സർക്കാർ തയ്യാറാകണം എന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. ഈ വൈസ് ചാൻസലറെ അടിയന്തരമായി സ്ഥാനത്തുനിന്ന് മാറ്റി നിർത്തണം. ഇതുസംബന്ധിച്ചു വന്ന ഗുരുതരമായ ആരോപണങ്ങളുടെയും, വെളിപ്പെടുത്തലുകളുടെയും, വാർത്തകളുടെയും അടിസ്ഥാനത്തിൽ അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകണം. ഇവിടെ നിലവാരമില്ലാത്ത ബാറുകളുടെ കാര്യത്തിൽ മാത്രമല്ല, നിലവാരമില്ലാത്ത വി.സി–മാരുടെ കാര്യത്തിലും എന്ത് നിലപാടാണ് യു. ഡി. എഫ്. സർക്കാർ കൈക്കൊള്ളുന്നത് എന്ന് കേരളം അതീവ ശ്രദ്ധയോടുകൂടി ഉറ്റു നോക്കുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ശക്തമായ നടപടി ഞങ്ങൾ പ്രതീക്ഷി

ക്കുകയാണ്. ഇവിടെ നമ്മുടെ മുന്നിൽ ഒരുപാട് മാതൃകകളുണ്ട്. അപ്പോൾ സർവ്വകലാശാലകളുടെ വൈസ് ചാൻസലർമാർ ഇത്തരക്കാരായി കഴിഞ്ഞാൽ അത് നമ്മുടെ സമൂഹത്തിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉളവാക്കും. വിദ്യാർത്ഥികൾക്കും പൊതു സമൂഹത്തിനും സർവ്വകലാശാലകളോടുള്ള വിശ്വാസ്യത നഷ്ടപ്പെടാൻ അത് ഇടയാക്കും. അതുപോലെത്തന്നെയാണ് ഓട്ടോണമിയുമായി ബന്ധപ്പെട്ട വിഷയം. ഓട്ടോണമിയുടെ കാര്യത്തിൽ പ്രതിപക്ഷ നിരയിൽനിന്ന് സംസാരിച്ചവർ മാത്രമല്ല ട്രഷറി ബെഞ്ചിൽ സംസാരിച്ചവരും ഇക്കാര്യത്തിൽ കടുത്ത ആശങ്ക രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് എനിക്കു പറയാനുള്ളത്, ആട്ടോണമിയുമായി ബന്ധപ്പെട്ട വിഷയം, ആ ബിൽ കേരളത്തിലെ അക്കാഡമിക് സമൂഹത്തിനു മുൻപിൽ തുറന്ന ചർച്ചയ്ക്ക് വിധേയമാക്കാൻ കേരളത്തിന്റെ വിദ്യാഭ്യാസ വകുപ്പു മന്ത്രി മുൻകൈ എടുക്കണം എന്നുള്ളതാണ്. ഈ കാര്യം കൂടി സൂചിപ്പിച്ചു കൊണ്ട് ഞാനെന്റെ സംസാരം അവസാനിപ്പിക്കുന്നു.

മി. ചെയർമാൻ: ശ്രീ. റ്റി. എൻ. പ്രതാപൻ, അങ്ങേയ്ക്ക് ബിൽ പൊതു ജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിച്ചു സംസാരിക്കാവുന്നതാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, 2014 – ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, നമ്മുടെ സർവ്വകലാശാലകളിലെ അദ്ധ്യാപക അനദ്ധ്യാപക നിയമനങ്ങളിൽ സംവരണ തത്വം പൂർണ്ണമായി പാലിക്കപ്പെടുന്നതിന് വേണ്ടി

യാണ് ഈ ബിൽ. വളരെ ചെറിയൊരു ബില്ലാണ്. അത് പ്രത്യേകിച്ചും നമ്മുടെ തുഞ്ചത്തെഴുത്തച്ചൻ സർവ്വകലാശാലയിലും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലകളിലെയും നിയമനങ്ങളിൽ കൂടി ഇത് കൊണ്ടു വരുന്നതിനുവേണ്ടി. നമ്മുടെ സർവ്വകലാശാലകളിൽ മുമ്പുണ്ടായിരുന്ന പല നിയമനങ്ങളും ഇതുപോലെ അവിടെ ശരിയായ രീതിയിലുള്ള സംവരണ തത്വങ്ങൾ ഉണ്ടായിരുന്നില്ല. നമ്മുടെ യൂണിവേഴിസിറ്റികളിലെ നിയമനങ്ങൾ എന്നും വിവാദപരമായിരുന്നു. അതാത് കാലത്തെ സിൻഡിക്കേറ്റ് മെമ്പർമാരുടെയും അതുമായി ബന്ധപ്പെട്ട് നിൽക്കുന്നവരുടെയും താൽപര്യ ങ്ങൾക്കനുസരിച്ച് അദ്ധ്യാപകരുടെ നിയമനത്തിലായാലും, അനദ്ധ്യാപകരുടെ നിയമനത്തിലായാലും രാഷ്ട്രീയ സാമൂഹിക പരിഗണനകളൊക്കെവച്ച് തിരുകി കയറ്റുന്ന സംവിധാനങ്ങളാണ് ഉണ്ടായത്. അതുകൊണ്ട് പലപ്പോഴും പിന്നോക്ക, ദുർബല, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ജനവിഭാഗ ങ്ങൾക്ക് നമ്മുടെ പല സർവ്വകലാശാലകളുടെയും അദ്ധ്യാപകരുടെ കാര്യത്തി ലായാലും അനദ്ധ്യാപകരുടെ കാര്യത്തിലായാലും വേണ്ട രീതിയിലുള്ള നിയമനങ്ങൾ ലഭിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ല. ഒരു വിഭാഗം എടുക്കുമ്പോൾ അവ എല്ലാത്തിനേയും കൂടി ഒരുമിച്ച് ഒരു ഗ്രൂപ്പാക്കി എടുത്ത്, അതിൽ നിന്നും കൃത്യമായും സംസ്ഥാനത്ത് നിലവിലുള്ള 49 ശതമാനം സംവരണ ത്തിലേക്ക് കൊണ്ടുവരത്തക്ക രീതിയിൽ ഈ നിയമങ്ങളിൽ മാറ്റം വരുത്തു ന്നത് സ്വാഗതാർഹമാണ്. ഇതിന്റെ കൂട്ടത്തിൽ സർവ്വകലാശാലകളിലെ നിയമ നങ്ങളിൽ, കേരള സർവ്വകലാശാലയിൽ മുൻപ് നടന്ന അനദ്ധ്യാപക നിയമന ങ്ങളുമായി ബന്ധപ്പെട്ടുള്ള വിവാദം ഇന്നും അവസാനിച്ചിട്ടില്ല. പരീക്ഷകൾ എഴുതാത്തവർക്ക് പോലും നിയമനങ്ങൾ ലഭിക്കപ്പെടുന്ന സാഹചര്യ മുണ്ടായി. സിൻഡിക്കേറ്റ് മെമ്പർമാരുടെ താൽപര്യമുള്ളവരേയും അതിന്

ബന്ധപ്പെട്ട് നിൽക്കുന്ന പാർട്ടികളുടെയുമൊക്കെ പാർട്ടി ഓഫീസുകളിൽ നിന്നും കൊടുക്കുന്ന സ്ലീപ്പ് പ്രകാരം ആളുകളെ നിയമിച്ച് സർവ്വകലാശാലകളുടെ തന്നെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്ന രീതിയിലാണ് കേരള സർവ്വകലാശാലയിൽ ഉണ്ടായിരുന്ന നിയമനം. കേരള സർവ്വകലാശാലയിൽ മാത്രമല്ല, മറ്റു പല സർവ്വകലാശാലകളുടെയും സ്ഥിതി ഇതാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലായാലും.....

ശ്രീ. പി. സി. ജോർജ്: സർ, ഭരണപക്ഷത്തിരിക്കുന്നവരും പ്രതിപക്ഷത്തിരിക്കുന്നവരും നിയമനങ്ങളെക്കുറിച്ചാണ് പറയുന്നത്. 10 വർഷം യൂണിവേഴ്സിറ്റി പ്രൊഫസറായിട്ടുള്ള ആളുകളാണ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ആകേണ്ടതെന്ന് പറഞ്ഞു. ഏകദേശം 30 വർഷത്തോളമായി പ്രൊഫസർമാരെ നിയമിക്കാതിരിക്കുന്നതുകൊണ്ട് ക്വാളിറ്റിയുള്ളവരെ നമുക്ക് കിട്ടുന്നില്ല. ഒരു പ്രൊഫസറെ നിയമിച്ചാലല്ലേ 10 വർഷം കഴിഞ്ഞ് അദ്ദേഹത്തെ വൈസ് ചാൻസ്ലറായി നിയമിക്കാൻ പറ്റുകയുള്ളൂ. ഇവിടെ 13 യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പോസ്റ്റ് ഉണ്ട്. ഇതിൽ എത്രയെണ്ണം കൊള്ളാവുന്നതുണ്ട്; അതെന്തുകൊണ്ടാണ്? പ്രൊഫസർമാരെ കിട്ടാനില്ല. നിയമനമെന്ന് കുറ്റം പറയുകയും ഒരു നിയമനം പോലും നടത്തുന്നുമില്ല. അതിനെകുറിച്ച് എന്തെങ്കിലും പറയുകയാണ് വേണ്ടത്.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഗുണമേന്മയുള്ള നിയമനം നടത്തിയാൽ അതിന് ആളുകളെ കിട്ടും. നേരത്തെ അവിടെനിന്നും പറഞ്ഞു, ഇവിടെ നിന്നും പറഞ്ഞു. നമ്മുടെ സർവ്വകലാശാലയിൽ നല്ല പ്രഗത്ഭരായ വി. സി–മാർ ഉണ്ടായിട്ടുണ്ട്. പണ്ടുകാലത്ത് അങ്ങനെയായിരുന്നോ? യു. ഡി. എഫ് ഗവൺമെന്റാണെങ്കിലും എൽ. ഡി. എഫ്. ഗവൺമെന്റാണെങ്കിലും വൈസ് ചാൻസ്ലർമാരെ നിയമിക്കുമ്പോൾ രാഷ്ട്രീയ, സാമുദായിക, പ്രാദേശിക

പരിഗണനകളൊക്കെ മാറ്റിവച്ച് വിദ്യാഭ്യാസ മികവിന്റെയും അവരുടെ നിർവ്വഹണ മികവിന്റെയും കാര്യത്തിലെടുത്ത് ക്വാളിറ്റിയാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം എന്ന് കണക്കാക്കിയാൽ തീർച്ചയായിട്ടും നല്ല വൈസ് ചാൻസലർമാരെ കേരളത്തിൽ നിന്നുതന്നെ കിട്ടും. മിടുക്കൻമാരായ ആളുക ളുണ്ട്. അതിന് അനുയോജ്യമായ രീതിയിൽ വൈസ് ചാൻസലർമാരെ നിയമിക്കുകയാണ് വേണ്ടത്.

ശ്രീ. ബെന്നി ബെഹനാൻ: സർ, വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട് ഇന്നലെയും ഇന്നുമൊക്ക ചർച്ചകൾ നടന്നു. ഇപ്പോൾ ഡോക്ടറേറ്റ് ഉള്ള ഒരുപാട് ആളുകളുണ്ട്. ഡോക്ടറേറ്റല്ല വൈസ് ചാൻസലർ നിയമനത്തിനുള്ള മാനദണ്ഡം. അക്കാഡമിഷ്യനായിരിക്കണം. ആ അക്കാഡമിഷ്യനെ കണ്ടെത്തുന്ന കാര്യത്തിൽ ഗവൺമെന്റും അതുപോലെ ത്തന്നെ നമുക്കെല്ലാവർക്കും ഉത്തരവാദിത്തമുണ്ട്. പണ്ട് ഡോ. ജോർജ് തോമസ്, മുണ്ടശ്ശേരി മാഷ് തുടങ്ങിയ അക്കാഡമിഷ്യനുകളുണ്ടായിരുന്നു. ഇത്തരം അക്കാഡമിഷ്യനുകളെ കണ്ടെത്തുന്നതിനു പകരം വെറുതെ ആരു ഡോക്ടറേറ്റെടുത്ത്, അല്ലെങ്കിൽ ഏതെങ്കിലുമൊരു സബ്ജക്ടിൽ എക്സ്പെർട്ടാണെന്ന് പറഞ്ഞുകൊണ്ട്... സബ്ജക്ട് എക്സപെർട്ട് അല്ല വൈസ് ചാൻസ്ലർ ആകേണ്ടത്. വൈസ് ചാൻസ്ലർ അക്കാഡമിഷ്യൻ ആയിരിക്കണം. അക്കാഡമിഷ്യനെ കണ്ടെത്തുന്നതിനുള്ള സമീപനം ഉണ്ടാകണം.

ശ്രീ. പി. സി. ജോർജ്: സർ, വൈസ് ചാൻസ്ലർ ആകേണ്ടയാൾ നല്ലൊരു അഡ്മിനിസ്ട്രേറ്റർ ആയിരിക്കണം. ഒരു യൂണിവേഴ്സിറ്റി ഭരിക്കേണ്ട താണ്. അക്കാര്യത്തിൽ എന്താണ് സംശയം?

ശ്രീ. റ്റി. എൻ. പ്രതാപൻ: ബഹുമാനപ്പെട്ട ബെന്നി ബെഹനാൻ ചൂണ്ടി കാണിച്ചതുപോലെ പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി നല്ല അക്കാഡമീ ഷ്യനും അഡ്മിനിസ്ട്രേറ്ററുമായിരുന്നു. അക്കാഡമീഷ്യന്മാരിൽ തന്നെ നല്ല അഡ്മിനിസ്ട്രേറ്റർമാരുണ്ടായിട്ടുണ്ട്. പഴയകാലങ്ങളിലെ യൂണിവേഴ്സിറ്റി കളിലെ വി.സി. മാരുടെ കാര്യമെടുത്തു പരിശോധിച്ചാൽ ഇക്കാര്യം ബോദ്ധ്യ മാകും.

ശ്രീ. പി. സി. ജോർജ്ജ്: അതിലൊന്നും യാതൊരു തർക്കവുമില്ല. യു.ജി.സി നിയമമനുസരിച്ച് പത്ത് കൊല്ലത്തെ പ്രവർത്തന പരിചയമുള്ള പ്രൊഫസർമാരെ ആയിരിക്കണം വി.സി. മാരായി നിയമിക്കേണ്ടത്. എന്നാൽ, പത്ത് കൊല്ലം പ്രൊഫസർമാരായ ആളുകൾ കേരളത്തിൽ ഇപ്പോഴില്ല.

ശ്രീ. റ്റി. എൻ. പ്രതാപൻ: പത്ത് കൊല്ലം പ്രൊഫസർമാരായവരും ഡോക്ടറേറ്റ് നേടിയവരും നല്ല അക്കാഡമീഷ്യൻമാരും അഡ്മിനിസ്ട്രേറ്റീവ് പവറുള്ള കഴിവുള്ളവരും ഇന്ന് കേരളത്തിലുണ്ട്. പക്ഷേ, പലപ്പോഴും ഈ സ്ഥാനങ്ങളിലേയ്ക്ക് ആളുകളെ നിയമിക്കുന്നത് ഒന്നുകിൽ സാമുദായക പരി ഗണനയോ അല്ലെങ്കിൽ രാഷ്ട്രീയ – പ്രാദേശിയ പരിഗണനയോ വച്ചാണ്. എന്നാൽ, വിദ്യാഭ്യാസ നിലവാരവും ഗുണമേന്മയുമാണ് ലക്ഷ്യമെങ്കിൽ വൈസ് ചാൻസലർ ഉൾപ്പെടെയുള്ളവരെ നിയമിക്കുന്നതിന്റെ പ്രധാനപ്പെട്ട ഘടകം പൂർണ്ണമായും അക്കാഡമിക് ക്വാളിറ്റി തന്നെയായിരിക്കണം. പഴയ കാലങ്ങളിൽ കേരളത്തിൽ വൈസ് ചാൻസലർമാരെ നിയമിച്ചിരുന്നത് ഏതെ ങ്കിലും സാമുദായക പരിഗണന നോക്കിയോ ഒരു പ്രത്യേക പ്രദേശത്തുള്ള ആളുകളാകണമെന്നോ അല്ലെങ്കിൽ ഒരു പ്രത്യേക സമുദായത്തിലുള്ള ആളു കളാകണമെന്ന രീതിയിലോ മാറിമാറി വരുന്ന രാഷ്ട്രീയ പാർട്ടികൾക്കനു സരിച്ചോ ആയിരുന്നില്ല. എൽ.ഡി.എഫ്./യു.ഡി.എഫ് ഗവൺമെന്റുകൾ പല

പ്പോഴും വൈസ് ചാൻസലർമാരെ നിയമിക്കുന്നതിൽ അക്കാഡമിക് ക്വാളിഫിക്കേഷൻ മാനദണ്ഡമായി പരിഗണിക്കുന്നതിനുപകരം മറ്റുപല കാര്യങ്ങൾക്കും മുൻഗണന നൽകുന്നതുകൊണ്ട് നമ്മുടെ സർവ്വകലാശാലകളുടെയും നിലവാരം തകരുകയാണ്. മാത്രമല്ല, ദേശീയ– അന്തർദേശീയ തലത്തിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഉൾപ്പെടെയുള്ള നല്ല പല യൂണിവേഴ്സിറ്റികളിൽ നിന്നുമുള്ള ഡിഗ്രിക്കും പി.ജി. ക്കും റിസർച്ചുകൾക്കും ലോകനിലവാരമുണ്ടായിരുന്നുവെങ്കിൽ ഇന്ന് ആ യൂണിവേഴ്സിറ്റികളുടെ വിശ്വാസ്യത തകരുകയും അതിനനുയോജ്യമായ രീതിയിൽ മറ്റുപല സ്ഥലങ്ങളിലും ആളുകൾ ഇന്റർവ്യൂവിന് പോവുകയോ നിയമനം ലഭിക്കുകയോ ചെയ്യുമ്പോൾ അവർക്ക് കിട്ടുന്ന പരിഗണന നഷ്ടപ്പെട്ടു പോവുകയും ചെയ്യുകയാണ്. അതുകൊണ്ടുതന്നെ ഒരു വീണ്ടുവിചാരത്തിന് സമയമായി. ഇപ്പോൾ എം.ജി. യൂണിവേഴ്സിറ്റിയിൽനിന്ന് ഒരു വി.സി. പോയാൽ മറ്റൊരു വി. സി. വരുമല്ലോ. കാലിക്കറ്റ് സർവ്വകലാശാല പോലുള്ള പല സർവ്വകലാശാലയിലേയും വി.സി. മാരുടെ കാലാവധി ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ തീരും. അങ്ങനെ വൈസ് ചാൻസലർമാരില്ലാത്ത യൂണിവേഴ്സിറ്റി ഇപ്പോഴുമുണ്ട്. ഈ യൂണിവേഴ്സിറ്റികളിൽ പുതിയ വൈസ്ചാൻസലർമാരെ രാഷ്ട്രീയ–സാമൂഹിക പരിഗണനകൾക്കപ്പുറത്ത് അക്കാഡമിക് ക്വാളിഫിക്കേഷൻ പരിഗണിച്ച് നിയമിക്കുകയാണെങ്കിൽ നമ്മുടെ യൂണിവേഴ്സിറ്റികളുടെ ഗുണമേന്മ വർദ്ധിപ്പിക്കാൻ ഇടയാകും. അതുപോലെതന്നെ പല തസ്തികകളിലും നിയമനം നടത്തിയതിന്റെ പേരിൽ അഴിമതി ആരോപണവും വിജിലൻസ് അന്വേഷണവും ഹൈക്കോടതി – സുപ്രീം കോടതി കേസുകളുമായി യൂണിവേഴ്സിറ്റികൾ പോവുകയാണ്. വി.സി. മാരുടെയും സിൻഡിക്കേറ്റ് അംഗങ്ങളുടെയും പേരിൽ വിജിലൻസ് കേസുകളും അതിന്മേൽ

അന്വേഷണവും നടക്കുന്നത് എന്തുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ഉൾപ്പെടെ ചോദിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: യൂണിവേഴ്സിറ്റി വൈസ് ചാൻസലർമാരുടെ ക്വാളിഫിക്കേഷനെയും അവരുടെ കഴിവുകളെയും കുറിച്ചാണ് ഇവിടെ സംസാരിക്കുന്നത്. അതുമാത്രമല്ലല്ലോ ഇവിടത്തെ സർവ്വകലാശാലകളുടെ പ്രധാനപ്പെട്ട പ്രശ്നം. കേരളത്തിൽ ആർക്കുവേണ്ടിയാണ് ഇത്തരം സർവ്വ കലാശാലകൾ നടത്തുന്നത്. കുറേ ജീവനക്കാർക്കും കുറേ അദ്ധ്യാപക സംഘടനകൾക്കും വേണ്ടിയാണ് ഇവിടെ സർവ്വകലാശാലകൾ നടത്തുന്നത്. മാത്രമല്ല, ജീവനക്കാരുടെ സംഘടനകളും അദ്ധ്യാപക സംഘടനകളുമാണ് ഈ സർവ്വകലാശാലകളെ നിയന്ത്രിക്കുന്നത്. ഇതിൽനിന്നും നഷ്ടം സംഭവി ക്കുന്നത് വിദ്യാർത്ഥികൾക്കാണ്. കാരണം, വിദ്യാർത്ഥികൾക്കുവേണ്ടിയല്ലേ സർവ്വകലാശാലകൾ നടത്തേണ്ടത്. അവർക്ക് വല്ലകാര്യവും ഈ യൂണി വേഴ്സിറ്റികളിലുണ്ടോ.

ശ്രീ. പി. സി. വിഷ്ണുനാഥ്: ഞാൻ അതിനെ സപ്ലിമെന്റ് ചെയ്യുകയാണ്. കാരണം, വിദ്യാർത്ഥിയായിരുന്ന സമയത്ത് വിദ്യാർത്ഥിപ്രതിനിധിയായും നിയമസഭാ സാമാജികനായശേഷം നിയമസഭയെ പ്രതിനിധീകരിച്ചുകൊണ്ടും യൂണിവേഴ്സിറ്റി സെനറ്റിൽ രണ്ട് തവണ പോയിട്ടുണ്ട്. ഇവിടെയുള്ള പല സഹപ്രവർത്തകരും അതിലുണ്ടായിരുന്നു. അത്തരമൊരു സെനറ്റ് യോഗ ത്തിൽ ചെല്ലുമ്പോൾ നിയമസഭയോട് നമുക്ക് ബഹുമാനം കൂടും. കാരണം എത്ര നിലവാരമില്ലാതെയാണ് ഈ സർവ്വകലാശാല സെനറ്റ് പ്രവർത്തിക്കു ന്നത് എന്ന കാര്യം മനസ്സിലാകും. കാരണം, അക്കാഡമികമായ ഒരു കാര്യവും അവിടെ ചർച്ചയ്ക്ക് വരുന്നില്ലെന്നുമാത്രമല്ല, അത്തരം കാര്യങ്ങളെ സംബന്ധിച്ച് സംസാരിക്കാൻ പോലും സമ്മതിക്കില്ല. ഗൗരവമായ അഭിപ്രായ

പ്രകടനങ്ങൾ പോലും ആരും അവിടെ നടത്തുന്നില്ല. ഈ വിശുദ്ധപശുക്കളെ കൊല്ലേണ്ട സമയമായെന്ന് ഡോ. ബി. ഇക്ബാൽ വി.സി. ആയിരുന്നപ്പോൾ പറഞ്ഞകാര്യം എവിടെ ആവർത്തിക്കുകയാണ്.

ശ്രീ. ബെന്നി ബെഹനാൻ: ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ് ചൂണ്ടിക്കാണിച്ച ഒരു കാര്യത്തോട് വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. വളരെ തരംതാഴ്ന്ന നിലയിലുള്ള യൂണിവേഴ്സിറ്റി സെനറ്റിനോട് ഉപമിക്കേണ്ട ഒന്നല്ല കേരള നിയമസഭ. ബഹുമാനപ്പെട്ട അംഗം പറഞ്ഞ ആ കാര്യം പിൻവലിക്കണം. ഈ നിയമസഭയെ സെനറ്റുമായി താരതമ്യപ്പെടുത്തി ഈ നിയമസഭയുടെ മാനദണ്ഡം ഉയർത്തികാണിക്കുന്നത് ശരിയല്ല. ഈ നിയമസഭയ്ക്ക് അതിന്റേതായ അന്തസ്സ് ഉണ്ടെന്നുതന്നെ സമ്മതിക്കണമെന്ന് ഞാൻ പറയുകയാണ്.

ശ്രീ. ഷാഫി പറമ്പിൽ: ഇവിടെ ബഹുമാനപ്പെട്ട വി.ഡി. സതീശൻ ഇതിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തെപ്പറ്റി പറഞ്ഞു. നമ്മുടെ സർവ്വകലാശാലകളുടെ ഏറ്റവും പ്രധാപ്പെട്ട ജോലി പരീക്ഷ നടത്തിപ്പാണ്. പരീക്ഷാ നടത്തിപ്പ് കേന്ദ്രങ്ങൾ മാത്രമായി നമ്മുടെ യൂണിവേഴ്സിറ്റികൾ മാറിയിട്ടുണ്ട്. ഒരു സർവ്വകലാശാലയിൽ ഡിഗ്രി വിദ്യാഭ്യാസം കഴിഞ്ഞ ഒരു കുട്ടിക്ക് ഡിഗ്രി സർട്ടിഫിക്കറ്റ് കിട്ടാൻ എത്ര മാസം കാത്തിരിക്കണം. അതിനായി ബന്ധപ്പെട്ട ആളുകളുടെ കത്തു നൽകുകയും റെക്കമെന്റേഷൻ നടത്തിയതിനും ശേഷമാണ് ആ കുട്ടി പഠിച്ച് വാങ്ങിയ മാർക്കിന്റെ ഒരു ഒറിജിനൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നത്. അതിനുപോലും സർവ്വകലാശാലകളിൽ വലിയ കാലതാമസം നേരിട്ടുകൊണ്ടിരിക്കുകയാണ്. അപ്പോൾ ഒരു കംപ്ലീറ്റ് പൊളിച്ചെഴുത്താണ് ഇക്കാര്യത്തിൽ വേണ്ടത്. ഇവിടെ വി.സി. മാരുടെ യോഗ്യതയിൽ മാത്രം ഒതുങ്ങി നിന്ന് ചർച്ച ചെയ്യുന്നതിനപ്പുറം വിദ്യാർത്ഥികൾക്ക് സർവ്വകലാശാല

കൊടുക്കുന്ന സർവ്വീസിനല്ലേ ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടത്.

. ശ്രീ. വി.എസ്. സുനിൽ കുമാർ: ബഹുമാനപ്പെട്ട അംഗം ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഭരണകക്ഷി ബഞ്ചിലുള്ള സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, വി.ഡി. സതീശൻ, ഷാഫി പറമ്പിൽ, ബെന്നി ബെഹനാൻ എന്നിവർ ഇവിടെ സംസാരിച്ചതുപോലെ ജനാധിപത്യപരമായ നിലയിൽ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന സർവ്വകലാശാല സെനറ്റും മറ്റ് സെക്ടറുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ആളുകൾ ഉൾപ്പെട്ട സെനറ്റും സിൻഡിക്കേറ്റുമൊക്കെ നിയന്ത്രിക്കുന്ന സർവ്വകലാശാലയുടെ അക്കാഡമിക് നിലവാരം തകർന്നുകൊണ്ടിരിക്കുന്നതിനെപ്പറ്റിയാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അതേ അംഗങ്ങൾ തന്നെ ഈ നിയമസഭയിൽ അതിനേക്കാൾ അപകടകരമായ സ്വയംഭരണ കോളേജുകൾ ആരംഭിക്കുന്നതിനുള്ള ബില്ല് അവതരിപ്പിച്ചിരിക്കുകയാണ്. പച്ചമരം നിന്നു കത്തുമ്പോൾ ഉണക്കമരത്തിന്റെ സ്ഥിതി എന്താകുമെന്ന സ്ഥിതിയിലേയ്ക്ക് സ്വയംഭരണ കോളേജുകൾ പോകുമെന്ന ആശങ്ക കേരളമൊട്ടാകെ നിലനിൽക്കുന്നുണ്ട്. പ്രത്യേകിച്ച് 11 എയ്ഡഡ് കോളേജുകളെ സ്വയംഭരണ കോളേജുകളാക്കാൻ പോകുന്ന സാഹചര്യത്തിൽ നേരത്തെ ഇവിടെ അവതരിപ്പിക്കപ്പെട്ട വെള്ളത്തിന്റെ സ്വകാര്യവത്കരണ ബിൽ പിൻവലിച്ചതുപോലെ ഈ സ്വയംഭരണ കോളേജുകളുടെ ബിൽ പിൻവലിക്കുന്നതിന് ഭരണകക്ഷി ബഞ്ചുകളിലെ യുവജന വിദ്യാർത്ഥി നേതാക്കന്മാർ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ;

ശ്രീ. റ്റി. എൻ. പ്രതാപൻ: ഈ ചർച്ചയിൽ ബഹുമാന്യനായ വി. ഡി. സതീശനും അതിനോടനുബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥും ശ്രീ. ഷാഫി പറമ്പിലും ശ്രീ. ബെന്നി ബെഹനാനും പറഞ്ഞ കാര്യങ്ങൾ

ശരിയാണ്. സർവ്വകലാശാല വി. സി. മാരുടെ നിലവാരത്തോടൊപ്പം തന്നെ യൂണിവേഴ്സിറ്റി സെനറ്റ്-സിൻഡിക്കേറ്റ് അംഗങ്ങൾ അവിടെ എന്താണ് ചർച്ച ചെയ്യുന്നത്. ഞാൻ കോഴിക്കോട് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിലും ഫിഷറീസ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിലും തെരഞ്ഞെടുക്കപ്പെട്ടുവന്ന ഒരു അംഗമെന്നുള്ള നിലയിലെ അനുഭവം വച്ച് പറയുകയാണെങ്കിൽ സിൻഡിക്കേറ്റ് യോഗങ്ങളിൽ വരുന്ന അജണ്ടയെന്ന് പറയുന്നത് അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പ്രശ്നങ്ങൾ മാത്രമാണ്. അവിടത്തെ വിദ്യാർത്ഥികളുടെ അക്കാഡമിക് നിലവാരം ഉയർത്താൻ വേണ്ടിയുള്ള സജഷൻസെടുക്കുന്നതിനുപകരം നോൺടീച്ചിംഗ്, ടീച്ചിംഗ് സ്റ്റാഫിന്റെയും അവരുമായി ബന്ധപ്പെട്ട ഡിസിപ്ലിനറി ആക്ഷൻസോ, ഷോക്കോസ് നോട്ടീസോ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളോ പൊതു വർക്കുകളെ സംബന്ധിച്ചുള്ള കാര്യങ്ങളെപ്പറ്റിയോ മാത്രമാണ് ചർച്ച ചെയ്യുന്നത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ സിൻഡിക്കേറ്റ് മെമ്പറായിരുന്നു. അദ്ദേഹത്തിനും ഇക്കാര്യങ്ങളൊക്കെ അറിയാവുന്നതാണ്. ആ സിൻഡിക്കേറ്റിലെ സ്ഥിതി ഇപ്പോൾ എന്താണ്? ഇവിടെ പ്രതിപക്ഷത്തിരിക്കുന്ന പലരും മുൻപ് സിൻഡിക്കേറ്റിൽ വന്നവരും ഇപ്പോൾ സിൻഡിക്കേറ്റിലുള്ളവരുമാണ്. യൂണിവേഴ്സിറ്റികൾക്ക് ബഡ്ജറ്റ് പ്രൊവിഷനായി അനുവദിക്കുന്ന തുകയുടെ മഹാഭൂരിപക്ഷവും വിദ്യാഭ്യാസ നിലവാരമുയർത്താനോ കുട്ടികളുടെ കാര്യത്തിൽ ശ്രദ്ധിക്കാനോ വേണ്ടിയല്ല. പരീക്ഷയ്ക്ക് പോർഷൻസ് എന്ന് തീർക്കണമെന്നതിനെയോ റിസൾട്ട് എങ്ങനെ പബ്ലിഷ് ചെയ്യുമെന്നതിനെ സംബന്ധിച്ചോ സർട്ടിഫിക്കറ്റുകൾ കൊടുക്കുന്നതിനെ സംബന്ധിച്ചോ കൃത്യമായ ടൈംടേബിൾ ഇല്ല. കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ട കാര്യ

ത്തിൽപോലും കൃത്യതയില്ലാത്ത രീതിയിലാണ് നമ്മുടെ യൂണിവേഴ്സിറ്റികൾ പോകുന്നത്. അതുകൊണ്ട് ഇതിനെ റീസ്ട്രക്ചർ ചെയ്യണം. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി യൂണിവേഴ്സിറ്റികളിലെ അഡ്മിനിസ്ട്രേറ്റീവ് വിഭാഗമെന്ന് പറയുന്ന സെനറ്റും സിൻഡിക്കേറ്റും യൂണിവേഴ്സിറ്റികളുടെ നിയമത്തിൽ നിന്നു കൊണ്ടുതന്നെ റീസെറ്റ് ചെയ്യപ്പെടേണ്ട സമയമായെന്ന വിഷയത്തെ സംബന്ധിച്ചാണ് ചർച്ച ചെയ്യപ്പെടേണ്ടത്. പല യൂണിവേഴ്സിറ്റികളും അങ്ങനെയല്ല എന്നുള്ളത് അനുഭവമുള്ളവരാണ് ഈ സഭയിലിരിക്കുന്ന പലരും. അതുകൊണ്ട് ആ രീതിയിൽ റീസെറ്റ് ചെയ്യപ്പെടുന്നതിന് വേണ്ടി ചർച്ച ചെയ്യണമെന്ന പോസിറ്റീവ് സ്റ്റാന്റാണ് ഭരണ–പ്രതിപക്ഷാംഗങ്ങൾക്കുള്ളത്. കേരളത്തിന്റെ ജനങ്ങളുടെയും രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും പൊതു വികാരമെന്ന നിലയിൽ യൂണിവേഴ്സിറ്റികളെ ഗുണമേന്മയുള്ള രീതിയിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻ സെനറ്റ്–സിൻഡിക്കേറ്റ് അക്കാഡമിക് കൗൺസിൽ വേദികളിൽ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകളും അച്ചടക്ക നടപടികളും ചർച്ചചെയ്യുന്നതിനുപകരം വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിദ്യാർത്ഥികളുടെ കാര്യമാക്കി മാറ്റുന്നതിന് ആരോഗ്യകരമായൊരു ചർച്ച ഉണ്ടാകണം. ബഹുമാന്യനായ വി. എസ്. സുനിൽ കുമാർ ചോദിച്ചതുപോലെ സ്വയംഭരണാധികാരമുള്ള 11 കോളേജുകളുണ്ട്. സൂചി കയറ്റുവാനുള്ള പഴുതു കൊടുത്താൽ തൂമ്പ കയറ്റാൻ ശ്രമിക്കുന്നവരാണ് പല മാനേജ്മെന്റുകളുമെന്ന് ശ്രീ. ബെന്നി ബെഹനാൻ മാനേജ്മെന്റുകളെപ്പറ്റി പറയുകയുണ്ടായി. ശ്രീ. വി.റ്റി. ബൽറാം, ശ്രീ. പി. സി. വിഷ്ണുനാഥ്, ശ്രീ. ഷാഫിപറമ്പിൽ ഉൾപ്പെടെയുള്ള ആളുകൾ ഇതേ വികാരം പങ്കുവച്ചു. സ്വാഭാവികമായും സ്വയംഭരണാധികാരം കോളേജുകൾക്ക് കൊടുക്കുന്നത് സൂക്ഷ്മതയോടു

കൂടി വേണം. അതിനുപുറകിൽ ഒളിഞ്ഞിരിക്കുന്ന ചില താൽപ്പര്യങ്ങൾ കൂടി കണക്കിലെടുക്കണം.

ഇൻഡ്യയിലെ മറ്റ് പല സംസ്ഥാനങ്ങളിലും നല്ല നിലവാരമുള്ള സ്വയംഭരണ കോളേജുകളുണ്ട്.

മി. സ്പീക്കർ: യെസ്.......

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഇത് അക്കാദമിക് ചർച്ചയല്ലേ. അങ്ങേയ്ക്കും ഇന്ററസ്റ്റുള്ള വിഷയമല്ലേ?

മി. സ്പീക്കർ: അക്കാദമിക് ചർച്ച ഇന്നലെ രണ്ട് ബില്ലിലും വന്നതാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ: ഇത് ബില്ലിന്റെ കാര്യത്തിനാണ്. പൊളിറ്റിക്കലല്ലല്ലോ? ബില്ല് പിൻവലിക്കുമോ എന്നുള്ളതല്ല. കോളേജുകൾക്ക് സ്വയംഭരണാവകാശം കൊടുക്കുന്നതിലുള്ള അപകടാവസ്ഥ കൂടി കണക്കിലെടുക്കണമെന്ന് ഭരണപക്ഷത്തിന് നേതൃത്വം നൽകുന്ന ഞങ്ങളുടെ പാർലമെന്ററി പാർട്ടി സെക്രട്ടറി ശ്രീ. ബെന്നി ബെഹനാൻ ഉൾപ്പെടെ ഇന്നലെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ ബില്ല് വളരെ ലാഘവത്തോടുകൂടി പാസ്സാക്കരുതെന്ന് ഇന്നലെ ബഹുമാനപ്പെട്ട ചെയർ തന്നെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് പറഞ്ഞു.

മി. സ്പീക്കർ: വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടല്ല, അംഗങ്ങളോടാണ് പറഞ്ഞത്.

ശ്രീ. റ്റി. എൻ. പ്രതാപൻ: പറഞ്ഞു. ഇതിനെക്കുറിച്ചുള്ള ഗൗരവമായ ആലോചനകളും ചർച്ചകളും വേണമെന്നുള്ള ബഹുമാനപ്പെട്ട ചെയറിന്റെ കൂടി മനസ്സിന്റെ പ്രതിഫലനമാണല്ലോ ഇന്നലെ സഭയിലുണ്ടായത്. സ്വയംഭരണാവകാശം കോളേജുകൾക്ക് കൊടുക്കുന്നതിൽ ആശങ്കയുണ്ട്. ആ ആശങ്കകൂടി കണക്കിലെടുത്തുവേണം ഗവൺമെന്റ് അത്തരത്തിലൊരു നിയമം

നിർമ്മിക്കാൻ. അതിന് സാമൂഹ്യമായ ചില ആശങ്കകൾ കൂടിയുണ്ട്. ആ ആശങ്ക കൂടി കണക്കിലെടുക്കണം. ഇന്ന് ചർച്ച ചെയ്യപ്പെടുന്ന ബില്ലിലെ പ്രധാനപ്പെട്ട കാര്യം അദ്ധ്യാപക-അനദ്ധ്യാപക നിയമനം തന്നെയാണ്. ഞാൻ ബഹുമാനപ്പെട്ട ഗവൺമെന്റിനോട്, വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ് യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ എന്തുകൊണ്ട് പി.എസ്.സി. ക്ക് വിട്ടുകൂടാ? പി.എസ്.സി.-ക്ക് വിടാതെ സെനറ്റുകൾക്കും സിൻഡിക്കേറ്റിനും........ ഞാൻ നേരത്തെ പറഞ്ഞത് ആവർത്തിക്കുന്നു. ഇവിടെ പലരും സിൻഡിക്കേറ്റ് മെമ്പറാണ്. ഞാനും കാലിക്കട്ട് യൂണിവേഴ്സിറ്റിയിലെ സിൻഡിക്കേറ്റ് മെമ്പറാണ്. പല യൂണിവേഴ്സിറ്റികളിലും ഒരു താൽക്കാലിക നിയമനം വരുമ്പോൾ, സ്ഥിരപ്പെ ടുത്തുന്ന കാര്യം വരുമ്പോൾ പങ്കുവയ്ക്കാൻ വേണ്ടി വരികയാണ് സിൻഡി ക്കേറ്റ് മെമ്പർമാർ. കേരള യൂണിവേഴ്സിറ്റിയിൽ എന്താണ് നടന്നതെന്നുള്ള കാര്യം അപ്പുറത്തുള്ള ആളുകൾക്ക് അറിയാമല്ലോ; എന്തുകൊണ്ട് കേരളാ യൂണിവേഴ്സിറ്റിയിൽ വിജിലൻസ് കേസ് നടക്കുന്നു? ഹൈക്കോടതിയിൽ കേസ് നടക്കുന്നു. യൂണിവേഴ്സിറ്റികളിൽ സിൻഡിക്കേറ്റ് മെമ്പർമാർ പല പ്പോഴും താൽക്കാലിക നിയമനങ്ങളും സ്ഥിരനിയമനങ്ങളുമൊക്കെ പങ്കുവച്ച്, ആ പങ്കുവയ്പ്പിന് വേണ്ടിയുള്ള വേദിയായി മാറുകയാണ്. ഗവൺമെന്റ് ഈ കാര്യത്തിൽ എടുക്കേണ്ട നയം യൂണിവേഴ്സിറ്റികളിലെ അദ്ധ്യാപക-അന ദ്ധ്യാപക നിയമനം ഉൾപ്പെടെയുള്ളവ പൂർണ്ണമായും പി.എസ്.സി. ക്ക് വിടണം. നേരത്തെ ഇവിടെ ബഹുമാനപ്പെട്ട ചീഫ് വിപ്പ് 10 വർഷം പഴക്ക മുള്ള പ്രൊഫസർമാരെ കിട്ടാനില്ലെന്ന് പറയുകയുണ്ടായി. സ്ഥിരമായി അദ്ധ്യാപക നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് പി.എസ്.സി. തയ്യാറാക്കിയാൽ

അതിന് ആളെ കിട്ടും. നമ്മുടെ മുഴുവൻ യൂണിവേഴ്സിറ്റികളെയും മാറ്റി ഇതിൽ കൊണ്ടുവരാം. ഇതും ഒരു താൽക്കാലിക നിയമമാണ്. നിലവിലുള്ള നിയമത്തിന്റെ ഭാഗമായി രണ്ട് യൂണിവേഴ്സിറ്റികളിൽ കൂടി ഉൾപ്പെടുത്താൻ വേണ്ടിയുള്ള നിയമം.

ശ്രീ. പി.സി. ജോർജ്ജ്: സർ, വേണമെങ്കിൽ ചക്ക വേരിലും കായ്ക്കു മെന്നാണ് പറയുന്നത്. എം.ജി. യൂണിവേഴ്സിറ്റിയിൽ വൈസ് ചാൻസലർ പോലുമില്ല. ഒരു പി.വി.സി. യെയുള്ളൂ പക്ഷേ അവിടെ എക്സാമിനേഷൻ പറഞ്ഞ തീയതിയിൽ നടത്തി റിസൾട്ടും കൊടുത്തു. അപ്പോൾ ജനറലൈസ് ചെയ്യരുത്. അഡ്മിനിസ്ട്രേറ്ററും വൈസ് ചാൻസലറും പോലുമില്ല. ഒരു പി.വി.സി. അത്രയും ചെയ്തപ്പോൾ..., കാര്യങ്ങൾ നടപ്പാക്കാൻ കഴിയുമെന്ന തിന് തെളിവായി ഞാൻ ഇത് ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ: ബഹുമാനപ്പെട്ട ചീഫ് വിപ്പ്, ശ്രീ ഷാഫി പറമ്പിൽ പറഞ്ഞത് വളരെ വാസ്തവമാണ്. എം.ജി. യൂണിവേഴ്സിറ്റിയിൽ ഇപ്പോൾ ചില പരീക്ഷാ ടൈംടേബിൾ ഉണ്ടായിരുന്നതും കാലിക്കട്ട് യൂണി വേഴ്സിറ്റിയിൽ ചില പരീക്ഷാ ടൈംടേബിളുണ്ടായിരുന്നതും മാറ്റിവയ്ക്കാം. ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞ പ്രധാനപ്പെട്ട പോയിന്റ് യൂണിവേഴ്സിറ്റികളിൽ ശരിയായ സമയത്ത് പരീക്ഷ നടക്കുന്നില്ല എന്നാണ്. ഒരു സെമസ്റ്റർ തീരേണ്ട സമയത്ത് ആ സെമസ്റ്റർ തീരാതെ രണ്ട് സെമസ്റ്ററിന്റെ സമയം കഴിഞ്ഞശേഷം സെമസ്റ്റർ പരീക്ഷ നടത്തിയിട്ട് കാര്യമുണ്ടോ? എഞ്ചിനീയ റിംഗ് പരീക്ഷയായാലും ഡിഗ്രി–പി.ജി പരീക്ഷ ആയാലും 5 സെമസ്റ്ററും 6 സെമസ്റ്ററും നിൽക്കേണ്ടവയെല്ലാം 8 സെമസ്റ്ററിന്റെ കാലാവധി കഴിഞ്ഞ് പരീക്ഷ നടക്കുകയാണ്. ഇവിടത്തെ കുട്ടികൾക്ക് പലപ്പോഴും രണ്ട് വർഷവും

മൂന്ന് വർഷവും നഷ്ടപ്പെടുകയാണ്. ആൾ ഇന്ത്യാ മത്സര പരീക്ഷകളിൽ പോകാൻ സാധിക്കുന്നില്ല. നിയമനങ്ങളിൽ പങ്കാളികളാകാൻ സാധിക്കുന്നില്ല. ഈ കാര്യത്തിൽ എം.ജി. യൂണിവേഴ്സിറ്റിയിലും കാലിക്കട്ട് യൂണിവേഴ്സിറ്റിയിലും ചില മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിൽപ്പോലും, വിദ്യാഭ്യാസ വകുപ്പുമന്ത്രീ, അങ്ങ് എടുക്കേണ്ട താൽപ്പര്യം നമ്മുടെ യൂണിവേഴ്സിറ്റികളിൽ ഒരു അക്കാദമിക് കലണ്ടർ വേണമെന്നുള്ളതാണ്. ആ അക്കാദമിക് കലണ്ടർ കൃത്യമായും ഫോളോ ചെയ്യാനുള്ള സംവിധാനമുണ്ടാകണം. അതിന് കർശനമായ നിരീക്ഷണമുണ്ടാകണം. ഞങ്ങളെപ്പോലെയുള്ള സിൻഡിക്കേറ്റ് മെമ്പർമാർക്കും വി.സി. മാർക്കും പി.വി.സി. മാർക്കും വിട്ടുകൊടുത്താൽ പോരാ. അതിന് മുകളിലുള്ള വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് എന്തുകൊണ്ട് അതിൽ ഇടപെട്ടുകൂടാ. ഇക്കാര്യത്തിൽ ഗവൺമെന്റ് ഇടപെട്ട് അത് ഇംപ്ലിമെന്റ് ചെയ്യാനായി ശ്രമിക്കണം. അതുകൊണ്ട് നമ്മുടെ യൂണിവേഴ്സിറ്റികളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി. ക്ക് വിടണം. ഈ ബില്ലിൽ പറയുന്ന കാര്യം നല്ലതാണ്. തൽക്കാലം ഇപ്പോൾ നിയമനം നടക്കുമ്പോൾ എല്ലാം ഒറ്റ യൂണിറ്റാക്കി എടുത്ത് അതിൽ കൃത്യമായും നിലവിലുള്ള നമ്മുടെ പി.എസ്.സി. യിലെ സംവരണതത്വ പ്രകാരമുള്ള നിയമനങ്ങൾ നടക്കട്ടെ. പക്ഷേ ആത്യന്തികമായി ഗവൺമെന്റ് എടുക്കേണ്ട ഒരു പോളിസി എന്നുപറയുന്നത് സർവ്വകലാശാലകളിലെ നിയമനങ്ങളെല്ലാം പി.എസ്.സി. ക്ക് വിടുക. അതിനുവേണ്ടിയുള്ള ശ്രമമുണ്ടാകട്ടെ എന്നുപറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, യൂണിവേഴ്സിറ്റി സംവരണവുമായി ബന്ധപ്പെട്ടുള്ള പ്രധാന അമെന്റ്മെന്റ് ചർച്ച ചെയ്യുമ്പോൾ യൂണിവേഴ്സിറ്റികളെപ്പ

റ്റിയും അതിന്റെ പ്രവർത്തന നിർദ്ദേശ ലക്ഷ്യങ്ങൾ, ഭാരവാഹികൾ, സാമൂഹിക പ്രശസ്തി ഈ കാര്യങ്ങളൊക്കെ ഇവിടെ ചർച്ചയ്ക്കുവന്നിട്ടുണ്ട്. അത് സ്വാഭാവികമാണ്. യൂണിവേഴ്സിറ്റി എന്താണ് എന്നുള്ളത് മനസ്സിലാക്കാതെ പുതിയ യൂണിവേഴ്സിറ്റികൾക്കുവേണ്ടി വാദിക്കുന്ന ഒരു സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. യൂണിവേഴ്സിറ്റി എന്താണ്? പുതിയ യൂണിവേഴ്സിറ്റി ഉണ്ടാകേണ്ട എന്നല്ല, ഉണ്ടാകേണ്ട മേഖലയിലുണ്ടാകണം. എല്ലാ ശാസ്ത്രങ്ങളും കലകളും ഒരു കേന്ദ്രത്തിൽ സമ്മേളിക്കുന്നതിനെയാണ് യൂണിവേഴ്സിറ്റി എന്നുപറയുന്നത്. മറ്റേത് സ്കൂളുകളോ കോളേജുകളോ പ്രത്യേകം പ്രത്യേകം, കുറെ വിഷയങ്ങളിലും ഒരു വിഷയത്തിലുമൊക്കെയുണ്ടാകാം. ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സ് – അന്താരാഷ്ട്ര പ്രശസ്തമായ സ്കൂളാണ്. എക്കണോമിക്സാണ് അവിടെ പഠിപ്പിക്കുന്നത്. അവിടെ കോമേഴ്സോ മറ്റ് വിഷയങ്ങളോ പഠിപ്പിക്കുന്നില്ല. അങ്ങനെയുള്ള സ്കൂളുകളാണ്. യൂണിവേഴ്സിറ്റിയുടെ കീഴിലായിരിക്കാം, ചിലപ്പോൾ യൂണിവേഴ്സിറ്റിയുടെ സ്റ്റാറ്റസ് ഉള്ളതായിരിക്കാം. എല്ലാ കലകളും ശാസ്ത്രങ്ങളും സമ്മേളിച്ചിരിക്കുന്ന ഒരു നഗരം അല്ലെങ്കിൽ ഒരു കേന്ദ്രം അതാണ് യൂണിവേഴ്സിറ്റി. Universe in a city അല്ലെങ്കിൽ Universe knowledge in a city. അതിന്റെ മലയാള അർത്ഥം, സർവ്വലോക പഠനകേന്ദ്രം അല്ലെങ്കിൽ വിശ്വവിജ്ഞാന കേന്ദ്രം എന്നൊക്കെയാണ്. അതാണ് അതിന്റെ വസ്തുത. അങ്ങനെ തന്നെയാണ് കേരള യൂണിവേഴ്സിറ്റി തുടങ്ങിയത്. തിരുവിതാംകൂറും കൊച്ചിയുമായി തുടങ്ങി. പിന്നെ അത് കേരള ആയി. 1957–ലെ ഇ.എം.എസ്. ഗവൺമെന്റ് കേരളാ യൂണിവേഴ്സിറ്റി നിയമം കൊണ്ടുവന്നു. 1937–ൽ ബാലരാമവർമ്മ തിരുവിതാംകൂർ യൂണിവേഴ്സിറ്റി സ്ഥാപിച്ചു. കാലിക്കട്ട്

യൂണിവേഴ്സിറ്റി തുടങ്ങിയപ്പോഴും ഈ കാഴ്ച്ചപ്പാട് തന്നെയാണുണ്ടായത്. ഒരു വ്യത്യാസവുമുണ്ടായിട്ടില്ല. ദീർഘകാലം കേരളാ യൂണിവേഴ്സിറ്റിയിൽ സിൻഡിക്കേറ്റ് മെമ്പർമാർ നിയമനങ്ങളൊന്നും വീതംവച്ച് എടുത്തിരുന്നില്ല. അങ്ങേയ്ക്കൊക്കെ അറിയാമല്ലോ? ചില തർക്കങ്ങൾ ചില പ്രത്യേക നിയമനങ്ങളിൽ വന്നാലും....... അങ്ങും ചെയർമാനായിരുന്ന ആളാണ്. ഇവിടെ ഇരിക്കുന്ന ഒരുപാടുപേർക്കറിയാം. ചില നിയമനങ്ങളിൽ തർക്കംവരും. ചില ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർ വന്ന് വാശിപിടിക്കുമ്പോൾ ഞങ്ങളാരും സമ്മതിച്ചുകൊടുക്കാറില്ല. മൊത്തത്തിൽ അവിടെ ആരും വീതം വച്ചെടുക്കുന്ന പ്രശ്നമില്ല. മെറിറ്റും റിസർവ്വേഷനും പാലിക്കാനുള്ള നിലപാടെടുക്കും. ഇന്നിപ്പോൾ സർവ്വകലാശാലകളെല്ലാം വീതവും ഭാഗവും....... അതെല്ലാം പരിശോധിക്കണം. അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. പക്ഷേ എല്ലാ കാര്യത്തിലും വീതംവയ്പ്പാണ് എന്നുള്ളതല്ല പറഞ്ഞത്. യൂണിവേഴ്സിറ്റികൾ ഒരുപാടുണ്ടാകണം, മത്സരിച്ചുണ്ടാകണം എന്നുള്ളതല്ല. ഇപ്പോൾ കേരളത്തിൽ ഫിഷറീസ് യൂണിവേഴ്സിറ്റിയുണ്ടായി. ആവശ്യമായ കാര്യമാണ്. കാരണം അത് കാർഷിക സർവ്വകലാശാലയുടെ പരിധിയ്ക്കകത്ത് ഒതുങ്ങുന്നതല്ല. കടലിലെയോ കായലിലെയോ മത്സ്യങ്ങളെ ആരും കൃഷി ചെയ്ത് ഉണ്ടാക്കുന്നതല്ലല്ലോ? കൃഷിയാണെന്ന് സമ്മതിച്ചു. പ്രകൃതിയാണ് കൃഷി ചെയ്യുന്നത്. അല്ലാതെ മറ്റ് കൃഷിപോലെ കൾട്ടിവേറ്റ് ചെയ്യുന്നതല്ലല്ലോ? അതൊരു അന്താരാഷ്ട്ര യൂണിവേഴ്സിറ്റിയായി വളരുന്നുവെന്നുള്ളതാണ്. വെറ്ററിനറി പോലും ഒരർത്ഥത്തിൽ നമുക്ക് അംഗീകരിക്കാം. കാരണം അത് മൃഗങ്ങളുമായി ബന്ധപ്പെട്ടത് മാത്രമേയുള്ളൂ. ഇവിടെ കൂടുതൽ യൂണിവേഴ്സിറ്റികൾക്ക് സ്കോപ്പില്ല. യൂണിവേഴ്സിറ്റികൾ ഒരു പ്രകാശമാണ്

പരത്തുന്നത്. നമ്മൾ സ്കൂളിൽ പഠിക്കുമ്പോൾ 'Lead Kindly Light' എന്ന ഒരു കവിത പഠിച്ചിട്ടുണ്ട്. നമ്മൾ ഒരുപാടുപേർ പഠിക്കുന്ന കാലത്തുണ്ട്. പ്രകാശമാണ്, വിജ്ഞാനമാണ്. യൂണിവേഴ്സിറ്റി എന്നുപറഞ്ഞാൽ അതാണ്. മറ്റൊരർത്ഥത്തിൽ, വിജ്ഞാനത്തിന്റെ ഇടതടവില്ലാത്ത ഒഴുക്കിനെപ്പറ്റി ടാഗോർ ഗീതാഞ്ജലിയിൽ പറയുന്നുണ്ട്, അതിവിടെ പ്രസക്തമാണ്. കാരണം, വളരെ സ്വാർത്ഥ ചിന്തയാൽ ഇടുങ്ങിയ ഭിത്തികൾക്കുള്ളിൽ വിജ്ഞാനത്തിന്റെ നീരൊഴുക്ക് തടയപ്പെടാതിരിക്കുന്ന ലോകത്തേയ്ക്ക് എന്റെ പിതാവേ എന്റെ രാജ്യത്തെ ഉയർത്തേണമേ എന്നാണ് ഒരു ഭാഗത്ത് പറയുന്നത്. ഇതെല്ലാം ചിന്തയുടെ അനർഗളമായ ഒഴുക്കിനെപ്പറ്റിയാണ്. ഇതിനാണ് യൂണിവേഴ്സിറ്റി. അത് വിദ്യാർത്ഥികളുടേതാണ്. വിദ്യാർത്ഥി കൾക്കുവേണ്ടിയാണ്. അതിനുവേണ്ടിയാണ് അദ്ധ്യാപകർ. അതിനുവേണ്ടി യാണ് ജീവനക്കാർ. അതിനുവേണ്ടിയാണ് നിയമസഭയും പാർലമെന്റും സമൂ ഹവുമാകെ. ആ കാഴ്ചപ്പാട് ദീർഘകാലം നമ്മൾ ഉയർത്തിപ്പിടിച്ചു. ഇനിയും ഉയർത്തിപ്പിടിക്കാൻ കഴിയണം. അതിന്റെ പോരായ്മകളെപ്പറ്റി നമുക്ക് സംസാ രിക്കാനുള്ളതാണ്.

We fall apart, things fall apart എന്നൊരു പ്രയോഗമുണ്ട്. ഒന്നാം ലോക മഹായുദ്ധം കഴിഞ്ഞ് യൂറോപ്പ് യുദ്ധത്താൽ വിണ്ടുകീറി, പ്രശസ്ത മായ ലണ്ടൻ പാലംപോലും തകർന്ന്, The London bridge is falling down, falling down, falling down എന്ന് നോബൽ സമ്മാനം കിട്ടിയ ടി. എസ്. ഇലിയഡ്, "The waste Land"-ൽ ഹൃദയംപൊട്ടി പറയുകയാണ്. Things fall apart, ഒരുമിച്ച് നിന്നത് ഭിന്നിച്ച് പോകുകയാണ്. യൂണിവേഴ്സിറ്റികളുണ്ടാക്കു

മ്പോൾ അതായിരിക്കണം കാഴ്ചപ്പാട്. അത് ആവശ്യത്തിന് ഉണ്ടാക്കണം. വേണ്ടായെന്നല്ല, ഒരെണ്ണം പോരാ. ആവശ്യമാണ്. യൂണിവേഴ്സിറ്റി ഉണ്ടാക്കു ന്നതിനുള്ള മൽസരമല്ല വേണ്ടതെന്നാണ് എനിക്കാദ്യമായി പറയുവാനുള്ളത്. സോവിയറ്റ് വിപ്ലവത്തിനുശേഷം അവിടത്തെ വിദ്യാർത്ഥികളുടെ മഹാസമ്മേ ളനത്തിൽ യുവാക്കളോട് ലെനിൻ പറഞ്ഞു, പഠിക്കുന്ന സമയത്ത് നിങ്ങളുടെ ഒന്നാമത്തെ ജോലി പഠിക്കുക, രണ്ടാമത്തെ ജോലി പഠിക്കുക, മൂന്നാമത്തെ ജോലി പഠിക്കുകയെന്ന്. അതുകൊണ്ട് മറ്റൊന്നും ചെയ്യരുതെന്നല്ല. അതാണ് മഹാനായ ലെനിൻപോലും പറഞ്ഞത്. എല്ലാ മഹാൻമാരായ രാഷ്ട്രനേതാ ക്കൻമാരുടെയും ലക്ഷ്യം അതായിരുന്നുവെന്നുള്ളതാണ്. രണ്ടാമതായി യൂണിവേഴ്സിറ്റിയുടെ ധർമ്മം വിദഗ്ദ്ധരെ സൃഷ്ടിക്കുകയെന്നുള്ളതാണ്. ആ യൂണിവേഴ്സിറ്റി നിലനിൽക്കുന്ന മാനവ സമൂഹത്തിൽ..... കേരളത്തിൽ കേരളാ യൂണിവേഴ്സിറ്റിയുണ്ട്, അല്ലെങ്കിൽ നമ്മുടെ യൂണിവേഴ്സിറ്റിയുണ്ട്. കേരളത്തിന് മാത്രമല്ല, ഇന്ത്യയ്ക്കും ലോകത്തിനും ആവശ്യമായിട്ടുള്ള വിദഗ്ദ്ധരെ, പ്രൊഫഷണൽസിനെ എല്ലാ മേഖലകളിലും സൃഷ്ടിക്കുകയെ ന്നുള്ളതാണ്. അതാണ് കാർഷിക മേഖലയിലും വെറ്ററിനറിയിലും ഫിഷറീ സിലും മാനവികതയിലും കോമേഴ്സിലും സയൻസിലും എല്ലാ മേഖലയിലും വരുന്നത്. ജിയോഗ്രഫിയുണ്ട്, ഹിസ്റ്ററിയുണ്ട്. ഏതാണ് ഇല്ലാത്തത്. ഞാൻ പറ യേണ്ടതില്ലല്ലോ. നമുക്കെല്ലാം അറിവുള്ള കാര്യമാണ്. ആ വിദഗ്ദ്ധരെ സൃഷ്ടിക്കാൻ കഴിയണമെങ്കിൽ വിദഗ്ദ്ധരായ അദ്ധ്യാപകർ വേണം. അദ്ധ്യാപകരുടെ പേരുകേട്ട് വിദ്യാർത്ഥികൾ പഠിക്കാൻ വന്നിരുന്നുവെന്ന് ഇവിടെ കഴിഞ്ഞ സഭയിൽ ഒരു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. ഞങ്ങ ളൊക്കെ അങ്ങനെ പഠിക്കാൻ പോയവരാണ്. ഷേക്സ്പിയർ വേലായുധൻ നായരെന്ന ഇംഗ്ലീഷ് പ്രൊഫസറുടെ പേരുകേട്ടാണ്, പന്തളം എൻ.എസ്.എസ്.

കോളേജിൽ എം.എ.–യ്ക്ക് ഒന്നാം റാങ്ക്...... അന്ന് അവിടെ എല്ലാവർക്കും സെക്കന്റ് ക്ലാസ്സാണ്. എന്നിട്ടും നമ്മൾ പോയത് എസ്.എൻ. കോളേജിലാണ്. അതുകൊണ്ടാണ് ഞാൻ ഇവിടെ നിൽക്കുന്നത്. പന്തളം എൻ.എസ്.എസ്. കോളേജാണെങ്കിൽ ഞാൻ ഇവിടെ നിൽക്കുകയേയില്ല. അത് ഉറപ്പായ കാര്യ മാണ്. അവിടെപ്പോയതുകൊണ്ട് ഞാൻ ഇവിടെ നിൽക്കുന്നു. ഞങ്ങളുടെ പ്രസ്ഥാനത്തിൽ ചേർന്നു. അങ്ങനെ ഒരുപാട് പേരുണ്ട്. യൂണിവേഴ്സിറ്റി കോളേജ്, ബ്രണ്ണൻ കോളേജ്, മഹാരാജാസ് കോളേജ് എന്നീ മഹത്തായ കോളേജുകളിൽ പഠിച്ച സാമൂഹ്യബോധം, അദ്ധ്യാപകരെ തേടിയാണ്........ അദ്ദേഹം വർക്കല എസ്.എൻ. കോളേജിൽ പഠിച്ചയാളാണ്. ബഹുമാനപ്പെട്ട സ്പീക്കറിന് വർക്കല എസ്.എൻ. കോളേജിന്റെ പാരമ്പര്യമുണ്ട്. നമ്മൾ അങ്ങനെയുള്ള അദ്ധ്യാപകരെത്തേടിപ്പോകുന്ന ഒരു കാലമുണ്ടായിരുന്നു. അങ്ങനെയുള്ള അദ്ധ്യാപകരെ സൃഷ്ടിക്കാൻ യൂണിവേഴ്സിറ്റിയിൽ വിദ്യാർത്ഥികളായിരിക്കുമ്പോൾത്തന്നെ വിദ്യാർത്ഥികളെ ട്രെയിൻ ചെയ്താൽ മഹത്തായ അദ്ധ്യാപകരുണ്ടാകും. അങ്ങനെ ധാരാളം നല്ല പ്രൊഫഷ ണൽസിനെ സൃഷ്ടിക്കാം. നമുക്കുവേണ്ടിമാത്രമല്ല, ലോകത്തിനുതന്നെ സംഭാവന ചെയ്യാം. ആ കാര്യത്തിൽ നമുക്ക് കഴിയുന്നുണ്ടെങ്കിലും അവരുടെ സ്കില്ലിന്റെയോ മേൻമയുടേയോ കാര്യത്തിലുള്ള കുറവുകളെപ്പറ്റിയാണ് ഞാൻ ഇവിടെ സംസാരിച്ചത്. അടുത്തതായി എനിക്ക് സംസാരിക്കാനുള്ളത്, വൈജ്ഞാനികമായ വേർപിരിയലാണോ വൈജ്ഞാനികമായ ഉദ്ഗ്രഥന മാണോ ആവശ്യമെന്നുള്ളതാണ്. ഒരു കാലത്ത് കുറേ രാഷ്ട്രീയക്കാർ പറഞ്ഞു, നമ്മളാരുമല്ല, ചില മന്ത്രിമാരും പറഞ്ഞു. ചിലർ മന്ത്രിമാരായാൽ ഉടനെ ഒരു വെളിച്ചം അവരുടെ തലയിലോട്ട് വരും. അതുവരെയില്ലാത്ത അറിവുകളൊക്കെ പ്രഖ്യാപിക്കുകയാണ്. ഇനിയും എകണോമിക്സ് വേണ്ട.

ഞാൻ കേരളത്തിൽ ഒരു മന്ത്രി പറയുന്നത് കേട്ടതാണ്. ആ മന്ത്രി ഇപ്പോൾ ഇവിടെയില്ല. ഇനി എകണോമിക്സും ഹിസ്റ്ററിയും വേണ്ട. നമ്മൾ ഇനി കമ്പ്യൂട്ടർ പഠിച്ചാൽ മതി. ഇപ്പോൾ എഞ്ചിനീയറിംഗ് കോളേജുകളിൽ കമ്പ്യൂട്ടർ പഠിക്കാൻ ആളേയില്ല. സീറ്റെല്ലാം ഒഴിഞ്ഞ് കിടക്കുകയാണ്. അതു കൊണ്ട് കമ്പ്യൂട്ടർ പഠിക്കണ്ടായെന്നാണോ? എല്ലാവരും അങ്ങോട്ട് തള്ളിക്കയ റിയപ്പോൾ ഇഷ്ടംപോലെ ഗ്രാജ്വേറ്റ്സായി, ജോലിയില്ല. അതുകൊണ്ട് പഠിക്കുന്നില്ല. ഇപ്പോൾ ഇലക്ട്രിക്കൽസിനും ഇലക്ട്രോണിക്സിനും ജോലി യില്ല. പെൺകുട്ടികൾ വെറുതേ പഠിച്ചിട്ടിരിക്കുകയാണ്. ഒരു പോസ്റ്റ് വിളി ച്ചാൽ 500 പെൺകുട്ടികൾ വരും. സിവിലിനെ ഒത്തിരികാലം ആർക്കും വേണ്ടായിരുന്നു. ഇപ്പോൾ ഭയങ്കര ഡിമാന്റാണ്. അതുപോലെതന്നെ മെക്കാനി ക്കലിന് ഒരുകാലത്ത് ഭയങ്കര........ സിവിലാണ് എഞ്ചിനീയറിംഗിന്റെ മാതാവ്. ശാസ്ത്രത്തിന്റെ മാതാവ് ഗണിതശാസ്ത്രമെന്ന് പറയുന്നതുപോലെ എഞ്ചിനീ യറിംഗിന്റെ മാതാവാണ് സിവിൽ. കേരളത്തിൽ ആർക്കും വേണ്ടായിരുന്നു. പക്ഷേ ഇപ്പോൾ സിവിലിനും മെക്കാനിക്കലിനും ഭയങ്കര തിരക്കാണ്. ഇപ്പോൾ കോമേഴ്സിന് എന്ത് തിരക്കാണ്. കെമിസ്ട്രിയും ഫിസിക്സും ആർക്കും വേണ്ട. കോമേഴ്സിനും എകണോമിക്സിനുമാണ് ഭയങ്കര ഡിമാന്റ്. പുതിയ കോളേജായ അമ്പലപ്പുഴ ഗവൺമെന്റ് കോളേജിൽ എകണോമി ക്സിന് 85 ശതമാനം മാർക്കിൽത്താഴെയുള്ള ഒറ്റയാൾക്ക് മെറിറ്റിൽ ബി.എ. –യ്ക്ക് അഡ്മിഷൻ കിട്ടിയില്ല. അപ്പോൾ എല്ലാ വിഷയങ്ങളും നമുക്ക് ആവശ്യമാണ്. എല്ലാ വിഷയങ്ങളിലും വരുന്നത് ഈ സമൂഹത്തിന്റെ, പ്രപഞ്ച ത്തിന്റെ വിജ്ഞാനത്തിൽനിന്നാണെന്നും ഒന്നിന് പ്രാധാന്യവും ഒന്നിന് പ്രാധാന്യക്കുറവുമില്ലായെന്നും....... പ്രത്യേക കാലഘട്ടങ്ങളിൽ ഒരു മെയിൻ

പോയിന്റായി വരുന്നതിന് കുറച്ച് താമസംവരും. അത് നമ്മൾ മനസ്സിലാക്കി വിദ്യാഭ്യാസത്തെ ആസൂത്രണം ചെയ്യുന്നതിനുപകരം, അധികമൊന്നും വേണ്ട. നമ്മൾ ചരിത്രമേ പഠിക്കണ്ട. ചരിത്രമില്ലാതെ ഗോഞ്ച്രിവാളൻമാരാ കാം. അയാൾക്ക് ചരിത്രമില്ലല്ലോ. ഗോഞ്ച്രിവാളിന് ചരിത്രമില്ല. അയാളുടെ പരാജയം അതാണ്. നേരെമറിച്ച് ശ്രീ. നരേന്ദ്രമോദിക്ക് ചരിത്രമുണ്ട്. ആർ.എസ്.എസ്.–ന്റെ ചരിത്രം അയാൾക്കറിയാം. അതുകൊണ്ടാണ് അയാൾ ഇരിക്കുന്നത്. ആ ചരിത്രത്തിന്റെ പേരിലാണ് അയാൾ ജയിച്ചത്. വർഗ്ഗീയ തയ്ക്ക് കുറേ വോട്ടും കിട്ടി. വോട്ട് ഭിന്നിച്ചുപോയി. ഗോഞ്ച്രിവാളിന് ചരിത്ര മില്ല. പപ്പടംപോലെ പൊടിഞ്ഞില്ലേ. അയാൾക്ക് കോൺഗ്രസ്സുകാരും വേണ്ട, കമ്യൂണിസ്റ്റുകാരും വേണ്ട, ആരും വേണ്ട. ഞാനൊരു റവന്യൂ ഉദ്യോഗസ്ഥൻ, ഞാൻ രണ്ട് പാന്റുമിട്ട് കോട്ടുമിട്ട് ഇറങ്ങിവന്ന് നാട്ടുകാരെ സേവിക്കാൻ വന്നിരിക്കുകയാണ്. എനിക്ക് പ്രധാനമന്ത്രി സ്ഥാനം വേണം, മുഖ്യമന്ത്രി സ്ഥാനം വേണം. ഞാൻ എതിർത്ത് തോൽപ്പിച്ച കോൺഗ്രസ്സുകാർ സപ്പോർട്ട് ചെയ്താലും നാണമില്ലാതെ ഞാൻ ആ സപ്പോർട്ട് സ്വീകരിക്കും. ഇത് എന്ത് രാഷ്ട്രീയമാണ്. അതും പൊളിഞ്ഞു. നമ്മളെ സംബന്ധിച്ചിടത്തോളം വൈജ്ഞാനികമായ ഉദ്ഗ്രഥനമാണ് വേർപിരിയലല്ല. അതിനാണ് യൂണിവേ ഴ്സിറ്റി ഉണ്ടാക്കിയിരിക്കുന്നത്. എഞ്ചിനീയറിംഗും മെഡിസിനും അല്ലെങ്കിൽ മറ്റ് മാനവികത ശാസ്ത്ര വിഷയവും ആദ്യകാലം അതിലേയ്ക്ക് പോകുന്ന കുട്ടികൾ, പഠിക്കുന്ന കുട്ടികൾ ഒരുമിച്ചിരുന്ന് പഠിക്കുകയാണ്. ആ സാഹോദ ര്യമാണ് നമ്മളെ സമൂഹത്തിന്റെ........ അല്ലെങ്കിൽ ഞാൻ വലിയ ആളാണ്. ഞാൻ ആരെയും അംഗീകരിക്കുകയില്ല. അങ്ങനെ വന്നിരിക്കുകയാണ്. ഇപ്പോൾ കമ്പാർട്ടുമെന്റലൈസേഷനാണ്. ഞാൻ ആരെയും അംഗീകരിക്കുക യില്ല. മെഡിസിൻ, അതാണ് ഭയങ്കരം. ആയുർവേദ ഡോക്ടർമാർ അലോ

പ്പതിക്കാരെ അംഗീകരിക്കുകയേയില്ല. ഇത് കേരളത്തിൽ ഒരു പ്രശ്നമായി. മുമ്പൊന്നും അങ്ങനെയല്ല. അപ്പോൾ വൈജ്ഞാനിക വേർപിരിയലല്ല വൈജ്ഞാനിക ഉദ്ഗ്രഥനമാണ് ശാസ്ത്ര സാങ്കേതിക മാനവിക സമന്വയമാണ് ഇവിടെ നടന്നത്. അതിൽനിന്ന് മാറ്റമുണ്ടാകാൻ പാടില്ല. നമ്മൾ നിയമം നിർമ്മിക്കുമ്പോൾ സൂക്ഷിക്കണം. എല്ലാ വിഷയങ്ങളിലും ശ്രദ്ധ വേണം. ശരിക്കുപറഞ്ഞാൽ, ഇവിടെ എത് കാര്യത്തിനും ആശയസമരമാണ് വേണ്ടത്. എപ്പോഴും വിഭിന്നമായ പ്രതിഭാസങ്ങളാൽ സഞ്ചിതമാണല്ലോ, ഓപ്പോസിറ്റും നെഗറ്റീവുമില്ലെങ്കിൽ എങ്ങനെയാണ് ഈ പ്രപഞ്ചം നിലനിൽക്കുന്നത്. ഇത് ശാസ്ത്രമല്ലേ; സ്കൂളിൽ പഠിപ്പിക്കുന്നതല്ലേ? വിഭിന്നമായ എതിർശക്തികൾ തമ്മിലുള്ള സമരത്തിലും ഒത്തുതീർപ്പിലുമാണ് ഈ പ്രപഞ്ചം നിലനിൽക്കുന്നത്. അല്ലെങ്കിൽ ഇത് fall apart ആയിപ്പോകും. ഏതെങ്കിലുമൊരു ഭാഗത്ത് ബലം കൂടിയാൽ മറുഭാഗം തകരും. എന്തുകൊണ്ട് ഭൂകമ്പമുണ്ടാകുന്നു; എന്തുകൊണ്ട് വെള്ളപ്പൊക്കമുണ്ടാകുന്നു? സാധാരണ ഉണ്ടാകുന്നില്ലല്ലോ. ഒരു സമൂഹത്തിൽത്തന്നെ സമത്വം നിലനിർത്താതെ അടിച്ചമർത്തി, ഫ്യൂഡലിസ്റ്റുകളോ കുത്തകമുതലാളിമാരോ അല്ലെങ്കിൽ വലിയ തലത്തിലുള്ള ഏകാധിപതികളോ നാട്ടുകാരെ അടിച്ചാൽ നാട്ടുകാർ പൊട്ടിത്തെറിക്കും. അവൻ വെളിയിൽപ്പോകും. അപ്പോൾ അതൊരു അബ്നോർമലായ സിറ്റ്യുവേഷനാണ്. അബ്നോർമലായ സിറ്റ്യുവേഷനിലാണ് വിപ്ലവങ്ങളുണ്ടാകുന്നത്. സാധാരണ സിറ്റ്യുവേഷനിൽ വിപ്ലവമുണ്ടാകുകയില്ല. ഇത്തരം കാര്യങ്ങളൊക്കെ പ്രപഞ്ചത്തിൽ വൈരുദ്ധ്യാധിഷ്ഠിതമാണെങ്കിലും സ്വാഭാവിക വൈരുദ്ധ്യങ്ങളാൽ നിർമ്മിച്ചതാണ് പ്രപഞ്ചം. അസ്വാഭാവികമായ വൈരുദ്ധ്യങ്ങളുണ്ട്. അതായത് മനുഷ്യരാശിയും പ്രപഞ്ചവും അംഗീകരിക്കാത്ത അസ്വാ

ഭാവികമായ വൈരുദ്ധ്യങ്ങളിലേയ്ക്ക് ഏത് സമൂഹം പോകുന്നുവോ അവിടെ പൊട്ടിത്തെറിയുണ്ടാകും, അവിടെ വിപ്ലവമുണ്ടാകും. അങ്ങനെയാണ് ഫ്രഞ്ചു വിപ്ലവവും റഷ്യൻ വിപ്ലവവും അമേരിക്കൻ വിപ്ലവവും ഇന്ത്യൻ സ്വാതന്ത്ര്യ സമരവുമൊക്കെ നടന്നത്. അസ്വാഭാവികമായ അടിച്ചമർത്തൽ വരുമ്പോൾ ജനങ്ങൾ അത് തട്ടിമാറ്റും. ഇത്തരത്തിലുള്ള കാര്യങ്ങൾ ഇവിടെ വിദ്യാർത്ഥി കൾ പഠിച്ചിരുന്നു. അവർ സയൻസ് ഗ്രാജ്വേറ്റാകട്ടെ, ആർട്സാകട്ടെ, ലിറ്ററേച്ച റാകട്ടെ.... ഇപ്പോൾ അതൊന്നും പഠിപ്പിക്കുന്നില്ല. സർവ്വകലാശാലയുമായി ചർച്ച ചെയ്യുമ്പോൾ അതൊക്കെ പഠിപ്പിക്കാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രത്യേകമായ താൽപ്പര്യം കാണിക്കണമെന്ന് ഞാൻ അഭ്യർത്ഥി ക്കുകയാണ്. ഇപ്പോൾ നമുക്ക് 12 യൂണിവേഴ്സിറ്റികളുണ്ട്. 2 ഡീംഡ് യൂണി വേഴ്സിറ്റിയുണ്ട്. അങ്ങനെ 14 യൂണിവേഴ്സിറ്റികളുണ്ട്. ആ മോഡലിലൊന്നു മുള്ള യൂണിവേഴ്സിറ്റികളുടെ ആവശ്യമില്ല. മറ്റെന്തെങ്കിലും യൂണിവേഴ്സിറ്റി വേണമെന്നുണ്ടെങ്കിൽ അത് വിശദമായി ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ ഒരുപാട് വി.സി.–മാരെപ്പറ്റിയും പി.വി.സി.–മാരെപ്പറ്റിയും പറഞ്ഞു. ഇവരെയൊക്കെ നമ്മൾ നിമയിക്കുന്നതല്ലേ. നമ്മൾ നിയമിക്കുമ്പോൾ യോഗ്യതകൾ എന്തിന്....... വി.സി.–ക്ക് എന്ത് രാഷ്ട്രീയ മെന്നാണ് ഞാൻ ചോദിക്കുന്നത്; കക്ഷിയടിസ്ഥാനത്തിൽ വി.സി. യെ നിയമിച്ച് വിഹിതം വയ്ക്കുന്നത് എന്തിനാണ്? സാമുദായിക അടിസ്ഥാന ത്തിൽ, എന്ത് ഏർപ്പാടാണ്. തിരുവനന്തപുരം നായൻമാരുടെ... നായർക്ക് കൊടുത്തിട്ടല്ലേ ഈഴവർക്ക്. കോട്ടയം ക്രിസ്ത്യാനിയുടെ, മലബാർ മുസ്ലീമി ന്റെ.... ഇങ്ങനെയൊക്കെ പത്രക്കാർ പറയുകയാണ്. പത്രക്കാർ സപ്പോർട്ട് ചെയ്യുമെന്നല്ല, എന്ത് അർത്ഥത്തിലാണ് പറയുന്നത്. ഇവിടെ ഹബീബ് മുഹ

മ്മദ് എന്ന വൈസ് ചാൻസലറുണ്ടായിരുന്നു. ഞാൻ സിൻഡിക്കേറ്റിൽവന്ന് 12 വർഷം അവിടെയിരുന്നതാണ്. മൂന്നുവർഷം ഞാൻ കാർഷിക സർവ്വകലാ ശാലയിലിരുന്നു. അന്ന് ഞാൻ വരുമ്പോൾ ഉഗ്രശാസനാണ് അദ്ദേഹം. കരു ണാകരൻ സാർ ചെയർമാനായിരിക്കുമ്പോൾ റബ്ബർ ബോർഡിന്റെ വൈസ് ചെയർമാനൊക്കെയായിരുന്നു. അദ്ദേഹം ചെയർമാനായിരിക്കുമ്പോൾ ആദ്യം ഐ.എ.എസ്.–കാരാണ് ചെയർമാൻമാർ. പൊളിറ്റിഷ്യൻസ് വൈസ് ചെയർമാൻമാരായിരുന്നു. കരുണാകരൻ സാർ വൈസ് ചെയർമാനായിരുന്നു. പുള്ളി പറയും, ഒരുവിധപ്പെട്ട ആരുപറഞ്ഞാലും കേൾക്കില്ല. പക്ഷേ പത്തു പൈസയുടെ കറപ്ഷനില്ല. നല്ല അക്കാഡമിക് ബോധമുണ്ട്. എനിക്കറിയാം. എന്നെ മാത്രമേ അയാൾ ചീത്ത പറയാതിരുന്നിട്ടുള്ളൂ. കൃഷ്ണപുരത്തെ ഉണ്ണിക്കൃഷ്ണപിള്ള സാറിനെപ്പോലും ചീത്ത പറഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: അത് പേടിച്ചിട്ടാണ്.

ശ്രീ. ജി. സുധാകരൻ: അതല്ല, ഞങ്ങൾ തമ്മിൽ അത്ര സ്നേഹവും ബഹുമാനവുമായിരുന്നു. ഓരോരുത്തർ അദ്ദേഹത്തെ ആക്രമിച്ചപ്പോൾ ഞാനാണ് അദ്ദേഹത്തെ ഡിഫെന്റ് ചെയ്യിപ്പിച്ചത്. ഞാൻ അതിലേയ്ക്ക് കടക്കു കയല്ല. ഒരു പ്രശ്നവും അവിടെയില്ല. നല്ല ഡിസിപ്ലിനായിരുന്നു. ദേഷ്യം വരു മ്പോൾ വർത്തമാനം പറയുമ്പോൾ ചില ആളുകളോടൊക്കെ നാടൻ ഭാഷ യിൽ ചില വാചകമൊക്കെ അടിക്കും. അങ്ങനെയുള്ളതൊക്കെ ഒഴിച്ചാൽ, പുള്ളി മുസ്ലീമാണ്. അവിടെയൊരു കുഴപ്പവുമുണ്ടായില്ല. പക്ഷേ മറ്റ് കാര്യങ്ങ ളിലൊക്കെ അദ്ദേഹം പെർഫെക്ടായിരുന്നു. ഡോ. ബാലമോഹൻ തമ്പിയി രുന്നു. ആരെല്ലാമിരുന്നു. എന്താണ് അവിടെ പ്രശ്നം? അതുപോലെ എം.ജി. യൂണിവേഴ്സിറ്റിയിൽ അനന്തമൂർത്തിയിരുന്നില്ലേ. ഇവിടെ ജാതിയും മതവു

മൊന്നും പ്രശ്നമല്ല. ഡോ. ഇക്ബാലിനെയെടുത്ത സെലക്ട് കമ്മിറ്റിയിലെ യൂണിവേഴ്സിറ്റിയുടെ പ്രതിനിധി ഞാനായിരുന്നു. എനിക്ക് ഓർമ്മയുണ്ട്. സെനറ്റ് തന്നെയാണ് സെലക്ട് ചെയ്തത്. ഡോ. വല്യത്താനായിരുന്നു ഗവൺമെന്റ് സെക്രട്ടറി. ഒരു മിനിട്ടുകൊണ്ട് വൈസ് ചാൻസലറെ തീരുമാനിച്ചു. ഞങ്ങൾ ശ്രീ. കോടിയേരി ബാലകൃഷ്ണനോടൊക്കെ ചോദിച്ചു. തീർച്ചയായും എടുക്കണമെന്ന് പറഞ്ഞു. ഞങ്ങൾ എടുത്തു. ഒരു പ്രശ്നവുമുണ്ടായില്ല....... ഞങ്ങൾ ചോദിച്ചുവെന്ന് പറഞ്ഞാൽ ചോദിക്കണ മല്ലോ. കാരണം, അദ്ദേഹം ഇടതുപക്ഷക്കാരനായിട്ടൊക്കെ നിൽക്കുന്ന ആളാ കുമ്പോൾ...... അയാൾ ഒന്നാന്തരം വൈസ് ചാൻസലറായിരുന്നു. അതിൽ ആർക്കുമൊരു തർക്കമില്ല. അത് വേറെ ഇഷ്യൂവാണ്.

ശ്രീ. പി. സി. ജോർജ്: സർ, അദ്ദേഹത്തിന്റെ കൈകൊണ്ട് ഒരു ഓപ്പറേഷൻ നടത്തുന്നതിനുവേണ്ടി ആളുകൾ ക്യൂ നിൽക്കുകയായിരുന്ന സന്ദർഭത്തിലാണ് അദ്ദേഹത്തെ വൈസ് ചാൻസലറാക്കിയത്. അത് തെറ്റായിരുന്നെന്ന കാര്യം ഡോ. ഇക്ബാൽ എന്നോട് സമ്മതിച്ചിരുന്നു.

ശ്രീ. ജി. സുധാകരൻ: സർ, വൈസ് ചാൻസലറെപ്പറ്റി ശ്രീ. പി. സി. ജോർജിനുള്ള ധാരണ മോശമാണെന്നല്ല, ഒരു ഓപ്പറേഷൻ നന്നായിട്ട് നടത്താൻ ഒരു ഡോക്ടറെ വേണം എന്നുള്ളതുകൊണ്ടാണ് അദ്ദേഹം അങ്ങനെ പറഞ്ഞത്. അങ്ങനെയുള്ള ഒരാളും വൈസ് ചാൻസലറാകാൻ യോഗ്യനാണെന്നുമാത്രമേ ഞാൻ പറഞ്ഞുള്ളു. അതൊരു തർക്ക വിഷയമല്ല. തീർച്ചയായിട്ടും യോഗ്യരായ ആൾക്കാരെ എടുക്കണം. ഇ.എം.എസ്. മുഖ്യ മന്ത്രി ആയിരുന്നപ്പോൾ ജോസഫ് മുണ്ടശ്ശേരി മാസ്റ്ററാണ് കേരള യൂണിവേ ഴ്സിറ്റി ആക്ട് അവതരിപ്പിച്ചത്. ഇതെല്ലാം നമ്മുടെ രേഖയിലുള്ളതാണ്. അന്ന് ഇ.എം.എസ്.–നെ വിളിച്ചപ്പോൾ അദ്ദേഹം അങ്ങോട്ട് വരാമെന്ന് പറ

ഞ്ഞത് ശരിയാണ്. പക്ഷേ, ആരും വിളിക്കാതെ ഇവരെന്തിനാണ് മന്ത്രിമാരുടെ വരാന്തയിൽ കയറി നടക്കുന്നത്? ഇവരോട് ആര് പറഞ്ഞു ഇങ്ങനെവന്നു ഇവിടെ കിടക്കാൻ? അവർ മര്യാദയ്ക്ക് അവിടെയിരിക്കണം. അന്ന് ടി. എം. ജേക്കബ് അനുശാസനം നൽകുന്നതിനായി ഹബീബ് മുഹമ്മദിനെ വിളിച്ച പ്പോൾ പോയില്ല, വരാൻ മനസ്സില്ലെന്നാണ് പറഞ്ഞത്. എനിക്കറിയാം. ടി. എം. ജേക്കബിന്റെ മകൻ ഇവിടെയുണ്ട്. ടി. എം. ജേക്കബ് എന്റെയും ശ്രീ. തിരുവ ഞ്ചൂർ രാധാകൃഷ്ണന്റെയും സഹപാഠിയായിരുന്നു. ഞങ്ങൾ കേട്ടു കൊ ണ്ടിരിക്കുകയായിരുന്നു. അവസാനം ടി. എം. ജേക്കബ് അദ്ദേഹത്തെ അവിടെ ചെന്ന് കണ്ടു. അദ്ദേഹം ഞങ്ങളോട് പിണക്കം പറയുകയും ചെയ്തു. ഞങ്ങ ൾ പറഞ്ഞു, അങ്ങനെയൊന്നും സംസാരിക്കരുത്, അദ്ദേഹത്തോട് അങ്ങോട്ട് വരാൻ നമ്മൾ പറയേണ്ട കാര്യമില്ല, വിളിച്ചാൽ വരും എന്ന്. അങ്ങനെ യൊക്കെയുള്ള ആളുകൾ അടുത്ത കാലം വരെ അവിടെ ഉണ്ടായിരുന്നു. ഇത് 1991-ലെ കാര്യമാണ് പറയുന്നത്. അപ്പോൾ ഇതൊക്കെ ആളുകളുടെ മനോബലം പോലെയിരിക്കും. ഞാൻ ആരുടെയോ കാലുപിടിച്ച് ഇവിടെ വന്നു. എങ്ങനെയോ രണ്ട് സർട്ടിഫിക്കറ്റ് സംഘടിപ്പിച്ചു. ഒരേ സമയത്തു തന്നെ പല കോഴ്സുകളും പാസ്സായി. അതൊന്നും തെറ്റാണെന്നല്ല പറയുന്നത്. ഒരു സമയത്ത് രണ്ടു കോഴ്സ് പാസ്സാകാം. അതിനകത്ത് യാതൊരു തെറ്റും കാണുന്നില്ല. പക്ഷേ, അതെല്ലാം ഒരു പ്രത്യേക കാര്യത്തിന് വേണ്ടിയാണെന്നുള്ളതാണ് തെറ്റിദ്ധാരണ. ആദ്യം ഇതിനുവേണ്ടി നിയോഗിക്കപ്പെടുന്നവർ യോഗ്യന്മാർ ആയിരിക്കണം. എം.എൽ.എ. ആയാലും മന്ത്രിയായാലും പഞ്ചായത്ത് പ്രസിഡന്റായാലും ചെയർ പേഴ്സണായാലും പാർട്ടി ഭാരവാഹിയായാലും യോഗ്യരായിരി

ക്കണമെന്നുള്ളതാണ് വസ്തുത. ചിലപ്പോൾ ചില അപവാദം വരും. അത് ചില പ്രശ്നങ്ങൾ ഉണ്ടാക്കാറുണ്ടെന്നുള്ളത് ശരിയാണ്. അടുത്തതായി പറയുന്നത് ആട്ടോണമിയെക്കുറിച്ചാണ്. യൂണിവേഴ്സിറ്റി ആട്ടോണമി ആണല്ലോ? അതിനാണല്ലോ സിൻഡിക്കേറ്റിനെ വച്ചത്. സെനറ്റിനെയും അക്കാദമിക് കൗൺസിലിനേയും വച്ചിരിക്കുന്നത് ആട്ടോണമി ഉറപ്പിക്കാനാണ്. വാസ്തവത്തിൽ ഇന്ന് യാതൊരു ആട്ടോണമിയും യൂണിവേഴ്സിറ്റിക്കില്ല. ഇത് ഈ ഗവൺമെന്റ് വന്നതിനുശേഷമാണെന്നുള്ള അഭിപ്രായമെനിക്കില്ല. ഒരു ദിവസം കൊണ്ടല്ല. ഏതാനും വർഷങ്ങളായി യൂണിവേഴ്സിറ്റി ആട്ടോണമി ഗവൺമെന്റ് കുറെശ്ശ കുറെശ്ശയായി കവർന്നെടുത്തിരിക്കുകയാണ്. ഒരു പ്രശ്നവും ഇവിടെയില്ലായിരുന്നു. അവിടെ നടക്കുന്ന നിയമനങ്ങളെപ്പറ്റി യാതൊരു കക്ഷി പിടിത്തവും ഉണ്ടായിരുന്നില്ല, എന്നു മാത്രമല്ല ഡിപ്പാർട്ടുമെന്റുകളിൽ അദ്ധ്യാപകരെ നിയമിക്കാനുള്ള യൂണിവേഴ്സിറ്റിയുടെ അധികാരം എടുത്തു കളഞ്ഞു. നിയമനം നടത്തണമെങ്കിൽ സെക്രട്ടേറിയറ്റിലെ ഐ.എ.എസ്.– കാരുടെ അനുവാദം വേണം. ഐ.എ.എസ്.–കാരുടെ ഏറ്റവും വലിയ ഒരു സ്വപ്നമാണ് വി.സി. പോസ്റ്റ്. കാർഷിക സർവ്വകലാശാലയുടെ വി.സി. പദവി വഹിച്ച ഐ.എ.എസ്.–കാരനായിരുന്നു ഡോ. കാളീശ്വരൻ. ഐ.എ.എസ്. ഉണ്ടായതുകൊണ്ടൊന്നും കാര്യമില്ല. പഴയ വിവാദത്തിലൊന്നു ഞാൻ കടക്കുന്നില്ല. കാളീശ്വരൻ എന്ന ഒറ്റ ആളിന്റെ കാര്യമാണ് ഞാൻ സൂചിപ്പിച്ചത്. എനിക്ക് അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്താ അദ്ദേഹത്തിന്റെ ഒരു കഴിവ്? എന്താ തെറ്റ് തിരുത്താനുള്ള ഒരുപോരാട്ടം? നായനാർ ഗവൺമെന്റിന്റെ കാലത്ത് ഹോം സെക്രട്ടറിയായിരുന്നു. അദ്ദേഹം തമിഴ്നാട്ടുകാരനായിരുന്നു. പക്ഷെ, പാവങ്ങളോടുള്ള ഒരു കൂറ്, നീതിയോടുള്ള ഒരു

കൂറ്, അനാവശ്യം കാണിച്ചാൽ എതിർക്കുന്ന വ്യക്തിയായിരുന്നു. ഐ.എ.എസ്.-കാരനായതുകൊണ്ട് അത് ഉണ്ടാകണമെന്നുമില്ല. സെക്രട്ടേറിയറ്റിൽ ഇരിക്കുന്ന ഐ.എ.എസ്.-കാർക്ക് ഇവിടെ ഇന്ന പ്രൊഫസർ വേണ്ട വേറെ പ്രൊഫസർ മതിയെന്ന വൃത്തിക്കേട് കാണിക്കുന്ന പരിപാടിയുണ്ട്. അത് തിരിച്ചു കൊടുക്കേണ്ടതല്ലേ? ഒരു സർവ്വകലാശാലയിൽ വിശ്വാസം ഇല്ലെങ്കിൽ പിന്നെ എന്തിനാണ് സർവ്വകലാശാല? അവിടെയുള്ള പോസ്റ്റ് ഏതാണെന്ന് തീരുമാനിക്കേണ്ടത് സിൻഡിക്കേറ്റ് മെമ്പർമാരല്ല. ഡിപ്പാർട്ടുമെന്റ് എഴുതി കെടുക്കുന്നതനുസരിച്ചാണ് പ്രൊഫസർമാരെ നിയമിക്കുന്നത്. ഇല്ലാത്ത പ്രൊഫസർമാരെയൊന്നും നിയമിക്കാൻ പറ്റില്ല. സർക്കാർ ഗ്രാന്റ് കൊടുക്കുന്നതുകൊണ്ട് സെക്രട്ടേറിയറ്റിന്റെ അനുവാദം വേണമെന്ന് പറയുന്നത് മോശമായ കാര്യമാണ്. അതേ സമയം അദ്ധ്യാപകേതര ജീവനക്കാരുടെ നിയമനം പി.എസ്.സി.-ക്ക് വിട്ടതിനോട് പൂർണ്ണമായി ഞാൻ യോജിക്കുകയാണ്. ഒരു പ്രശ്നവുമില്ല. തീർച്ചയായിട്ടും ആട്ടോണമി ഇല്ലാതാക്കിയതിന് ഒരു പ്രധാന കാരണക്കാർ സർവ്വകലാശാലയിൽ മണിയടിച്ച് കയറുന്ന സിൻഡിക്കേറ്റ് മെമ്പർമാരും വി.സി.-മാരുമാണ്. അവർ അങ്ങനെ മണിയടിച്ചാലും ഈ മണി ഇവിടെ അടിയ്ക്കണ്ട അത് തെരുവിൽ അടിച്ചാൽ മതിയെന്ന് നമുക്ക് പറയാൻ കഴിയണം. രണ്ടുഭാഗത്തു നിന്നുമുള്ള മിസ്റ്റേക്കുകൾ കറക്ട് ചെയ്യാൻ കഴിഞ്ഞാൽ നമ്മുടെ യൂണിവേഴ്സിറ്റികൾ രക്ഷപ്പെടും. ആട്ടോണമസ് കോളജിനെക്കുറിച്ച് ഞങ്ങളാരും എതിരല്ല. അതൊരു ഐഡിയൽ സിറ്റുവേഷനിലാണ്. കേരളത്തിൽ ജാതിമത മേധാവികൾ കുന്തവും കുലുക്കി ഇറങ്ങി നടക്കുകയാണ്. ഇലക്ഷൻ വരുമ്പോൾ എത്ര കുന്തങ്ങളാണ് കുലുക്കുന്നത്? ഞാൻ അത് ചെയ്യും ഇത് ചെയ്യും, വോട്ട് തരാം എന്നാണ് പറയുന്നത്. ഞങ്ങൾ

ഒരാളുടെയും കാല് പിടിക്കാൻ പോയിട്ടില്ല. കാലുപിടിക്കാതെയാണ് ജയിച്ചത്. ഞങ്ങൾ രഹസ്യമായിട്ടും പോയിട്ടില്ല. ഞാൻ ഉറപ്പായിട്ട് പറയുന്നു. ഞാൻ ഒരിടത്തും പോയിട്ടില്ല. പോകുന്നവരെ ഞാൻ കുറ്റപ്പെടുത്തൊന്നുമില്ല. പോയത് തെറ്റെന്ന് ഞാൻ കരുതുന്നുമില്ല. പോകണമെന്ന് നിർബന്ധമൊന്നുമില്ല. അവിടെ ഔദാര്യംകൊണ്ടാണ് ഒരാൾ പോകുന്നത്. അവർ പറയുന്നത് കേട്ടാൽ ഇവരുടെ കയ്യിലാണോ രാഷ്ട്രീയം ഇരിക്കുന്നത്? അങ്ങനെയാണെങ്കിൽ ഇവിടെ എന്തിനാണ് കോൺഗ്രസ്സും കമ്മൂണിസവുമൊക്കെയുള്ളത്? എന്തിനായാലും സമുദായ സംഘടനയിൽ ചേർന്നാൽ പോരേ? നമുക്ക് അവരെ ആക്ഷേപിക്കാനോ അവരുടെമേൽ അനാവശ്യമായി കുതിര കയറാനോ പാടില്ല. അങ്ങനെയുള്ള ഒരു സമൂഹത്തിൽ കോഴ വാങ്ങുന്ന ഒരു കോളേജ് അദ്ധ്യപകനോടും ലക്ഷങ്ങൾ കോഴ വാങ്ങുന്ന ഒരു സമൂഹത്തിൽ ഐഡിയലായി ആട്ടോണമസ് കേളേജ് പ്രവർത്തിക്കുന്ന യൂറോപ്പിലെയും അമേരിക്കയിലെയും വികസിത രാജ്യങ്ങളെ ആട്ടോണമസ് കേളേജുകളുമായി താരതമ്യപ്പെടുത്തി ഇവിടെ അത് പറയുമ്പോൾ ഇതിനെക്കുറിച്ച് സ്റ്റഡി ചെയ്തിട്ടില്ല എന്നാണ് മനസ്സിലാകുന്നത്. സ്റ്റഡി ചെയ്തിട്ട് ചെയ്യ്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന നിയമം പാസ്സായാൽ ചീത്തയാകുന്നത് പാവപ്പെട്ട നല്ലവനായ ശ്രീ. അബ്ദു റബ്ബായിരിക്കും. അങ്ങയോട് ഞാൻ പറയുകയാണ് കുറച്ചുകൂടി സംസാരിച്ചുകൊള്ളൂ, ഞങ്ങൾ ഒന്നും പറയുന്നില്ല. വിദ്യാഭ്യാസമന്ത്രിക്ക് സംസാരിക്കാൻ അറിയാമല്ലോ? സംസാരിച്ചാൽ എന്താണ് കുഴപ്പം? ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബിനോട് പറയാം കുറച്ചുകൂടി സംസാരിക്കാൻ അനുവാദം തരാൻ. തീർന്നില്ലേ? കുറച്ചുകൂടി സംസാരിച്ചാൽ എന്താണ്? ഞങ്ങളാരും നിങ്ങളെ തേജോവധം ചെയ്യുന്നില്ല. പക്ഷേ, കാര്യങ്ങൾ ഭംഗിയായി നടക്കണം. അതുകൊണ്ടാണ് ഈ

കാര്യങ്ങളൊക്കെ പറയുന്നത്. ഈ ബിൽ അപകടകരമാണ്. ഇന്നുതന്നെ പലരും ഇതിനെക്കുറിച്ച് പറഞ്ഞുക്കഴിഞ്ഞു. എന്റെ അഭിപ്രായത്തിൽ നിങ്ങൾ ആട്ടോണമി കൊടുക്കുകയാണെങ്കിൽ സകല എയ്ഡഡ് കോളേജി ലെയും നിയമനങ്ങൾ പി.എസ്.സി. –ക്ക് വിടണം. അവർ വേണ്ടായെന്നു പറ ഞ്ഞ് ഓടിപോയാലും കൊടുക്കണം. ആട്ടോണമിയും കൊടുത്തു പ്രോത്സാ ഹനവും കൊടുത്തു ശമ്പളവും നമ്മൾ കൊടുക്കുകയാണ്. അങ്ങനെ സുഖി ക്കണ്ട എന്നിട്ട് ജാതിയും മതവുമെല്ലാം പറയുകയാണ്. അദ്ധ്യാപകരെ എടുക്കുന്നത് ജാതി അടിസ്ഥാനത്തിലല്ലേ? ആട്ടോണമസ് കോളേജിൽ സുതാര്യതയുണ്ടോ? എല്ലാ സമുദായക്കാരെയും എടുക്കാമോ? അതുകൊണ്ട് നിയമനങ്ങൾ പി.എസ്.സി.–ക്ക് വിടണം. അവർക്ക് വേണമെങ്കിൽ ഒരു ഷെയർ കൊടുക്കണം. അതല്ലാതെ വെറുതെ ആട്ടോണമസ് കോളേജെന്ന് പറഞ്ഞ് ഭൂരിപക്ഷംകൊണ്ട് പാസ്സാക്കുകയാണെങ്കിൽ പാസ്സാക്കിക്കൊള്ളൂ. പക്ഷെ, അതു ശരിയല്ല. നമ്മുടെ രാജ്യം വികസിത രാജ്യങ്ങളായ യൂറോപ്പും അമേരിക്കയുമൊന്നുമല്ല. അവിടെ പാരമ്പര്യം വേറെയാണ്. ഇവിടെ ജാതി–മത ചിന്താഗതികൾ ശക്തമായി നിൽക്കുകയാണ്. അപ്പോൾ നിയമനം സംവരണത്തിൽകൂടിയാകണം. കേരളത്തിലെ ഫ്യൂഡൽ അടിത്തറ വളരെ ശക്തമണ്. അത് ദുർബ്ബലമായിരുന്നത് വീണ്ടും ശക്തിപ്പെട്ടിരിക്കുകയാണ്. ക്ഷേത്രപ്രവേശന വിളംബരം ക്ഷേത്രങ്ങളിൽ കയറാനുള്ള സമരം അതുപോലെ കാർഷിക പരിഷ്കാരങ്ങൾ കുടികിടപ്പ് കൊടുത്തത് അങ്ങനെ ഒരുപാട് കാര്യങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. അതിന്റെ ഫലമായി കർഷക സംഘടനയും മുതലാളിത്ത സംഘടനയും ശക്തിപ്പെട്ട രാഷ്ട്രീയ പ്രസ്ഥാനവും വന്നു. ഫ്യൂഡൽ പ്രമാണിമാർ പത്തി മടക്കിയെങ്കിലും പുതിയ സാഹചര്യത്തിൽ അവർ ശക്തിപ്പെട്ടിരിക്കുകയാണ്. ആ സാഹചര്യത്തിലാണ്

നമ്മൾ സമ്മേളനത്തെപ്പറ്റി ഇവിടെ സംസാരിക്കുന്നത്. ഞാൻ ചോദിക്കുന്നത് ഇങ്ങനെയുള്ള ജാതിമത സമുദായങ്ങൾ മേധാവിത്വം വഹിക്കുന്ന ഒരു കോളേജിനെ, ആ കോളേജ് താരതമ്യേന മറ്റ് കോളേജുകളെക്കാൾ പല കാര്യങ്ങളിലും മികച്ചതാണെങ്കിലും ആ ആട്ടോണമി ജനകീയതയുള്ളതും സുതാര്യവും സത്യസന്ധമായിട്ടുള്ളതുമായ അക്കാഡമിയായിട്ട് വരുമോ? ജാതിയുടെയും മതത്തിന്റെയും കെട്ടുകൂടി വരുമോ? യൂറോപ്പിൽ അതൊന്നുമില്ല. യൂറോപ്പിൽ ജാതിക്കും മതത്തിനും വിദ്യാഭ്യാസമേഖലയിൽ ഇടപെടാൻ കഴിയുകയില്ല. ഫ്രാൻസിൽ ജാതിയില്ല, അവിടെ മതത്തിന് വിദ്യാഭ്യാസത്തിൽ ഇടപെടാൻ സാധിക്കുകയില്ല. അവിടെ വിപ്ലവകാലത്തു തുടങ്ങിയ അതേ പാരമ്പര്യം ഇപ്പോഴും തുടരുകയാണ്. അമേരിക്കയിലും അങ്ങനെയുള്ളതായി എനിക്ക് തോന്നിയിട്ടില്ല. അവിടെ വേറെ ഒരുപാട് പ്രശ്നങ്ങളും കോർപ്പറേറ്റ് വിംഗും ഉൾപ്പെടുന്ന ഇഷ്യൂ ആണുള്ളത്.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ സംവരണ വിരോധം വളരെ കൂടുതലായിരിക്കുകയാണ്. സെക്രട്ടേറിയറ്റിൽ സംവരണ വിരോധമുണ്ട്. പട്ടികജാതിയിൽപ്പെട്ട ഐ.എ.എസ്. ഉദ്യോഗസ്ഥരോട് അലർജിയാണ്. സമർത്ഥരായ ചിലർ അതിനെ മറികടന്നുവെന്നുള്ളത് ശരിയാണ്. യൂണിവേഴ്സിറ്റിയിലും സംവരണ വിരോധമുണ്ട്. എസ്.സി/എസ്.റ്റി. വിഭാഗത്തിന് അല്ലെങ്കിൽ പിന്നോക്ക സമുദായത്തിന് റിസർവ്വ് ചെയ്ത പ്രൊഫസർ തസ്തികയിൽ ഇന്റർവ്യൂ നടക്കുമ്പോൾ സവർണ്ണരായ ആഢ്യന്മാർ വൈസ്ചാൻസലറെ സ്വാധീനിച്ച്, ഇന്റർവ്യൂ ബോർഡിലുള്ള എക്സ്പെർട്ട് ഇവർ ക്വാളിഫൈഡ് അല്ലെന്ന് പറയും. അതുകാരണം നിയമനം നടത്താൻ കഴിയാതെ അത് ഓപ്പൺ പോസ്റ്റ് ആക്കും. ഇങ്ങനെയാണ് ആദ്യത്തെ പത്ത്-അൻപത്

വർഷക്കാലം ചെയ്തിരുന്നത്. ജനറൽ സീറ്റിൽ വന്ന് മികവ് തെളിയിച്ചാൽ ഇവർ മിടുക്കന്മാരാണെങ്കിലും റിസർവ്വേഷൻ സീറ്റിൽ കിട്ടിക്കോളുമെന്നു പറഞ്ഞ് ജനറൽ സീറ്റിലും കൊടുക്കില്ല. നിങ്ങൾ അറിഞ്ഞിരിക്കണം, 1987 വരെ കേരള സർവ്വകലാശാലയിലെ എസ്.ഒ. പോസ്റ്റിൽ ഒരൊറ്റ പട്ടികജാതി ക്കാരനും ഉണ്ടായിരുന്നില്ല. പട്ടികജാതിക്കാരൻ എസ്.ഒ. ആയില്ലെങ്കിൽ എ.ആർ, ഡി.ആർ., ജെ.ആർ. എന്നീ തസ്തികകളിലൊന്നും എത്താൻ കഴിയില്ല. അവസാനം സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴിയാണ് കുറെപേരെ നിയമിച്ചത്. അന്ന് ഈ നിയമനങ്ങൾ പി.എസ്.സി.–ക്ക് വിട്ടിരുന്നില്ല. അപ്പോൾ സവർണ്ണ മേധാവിത്വം ഇല്ലെന്ന് പറയാൻ കഴിയില്ല. ഈ സവർണ്ണ മേധാവിത്വം തിരിച്ചുവരാൻ പോകുന്ന സ്ഥിതി ഒരു കാരണവശാലും അംഗീകരിക്കാൻ പാടില്ലെന്നുള്ളതാണ്. ഞാൻ ഭംഗ്യന്തരേണ പറയട്ടെ, ദേവ സ്വം വകുപ്പുമന്ത്രി ഇപ്പോളിവിടെയില്ല, ഞാൻ പത്രത്തിൽ വായിച്ചു, ദേവ സ്വം ബോർഡ് നിയമനങ്ങൾക്ക് റിക്രൂട്ട്മെന്റ് ബോർഡ് വരാൻ പോകുന്നുവെ ന്നുപറഞ്ഞതിനിടയിൽ 245 പേരെ നിയമിച്ചിരിക്കുകയാണ്. പക്ഷെ ഒരു എസ്.സി/എസ്.റ്റി–യേയും നിയമിച്ചിട്ടില്ല. നിങ്ങൾ പി.എസ്.സി.–ക്ക് വിട്ടു, ഒരു പ്രശ്നവുമില്ല. മലബാർ ദേവസ്വം ബോർഡിലെ നിയമനങ്ങൾ പണ്ടുമു തലേ പി.എസ്.സി. വഴിയാണ് നടത്തുന്നത്. അതും എടുത്തുകളയണം. കോൺഗ്രസ്സ് ഭരിക്കുന്ന എത്രയോ സംസ്ഥാനങ്ങളിൽ പി.എസ്.സി.– ഉണ്ടെ ന്നുള്ള കാര്യം ഞാനോർമ്മിപ്പിക്കുകയാണ്. ഇതിനെക്കുറിച്ച് സ്റ്റഡി നടത്തി യതിനുശേഷമാണ് അതരിപ്പിക്കുന്നത്. അല്ലാതെ ഞങ്ങളുടെ വീട്ടിലെ ആർക്കും ജോലി ലഭിക്കാൻവേണ്ടി പറയുന്നതല്ല. ആ ബില്ല് വരുമ്പോൾ അതുമായി ബന്ധപ്പെട്ടവർ സംസാരിച്ചുകൊള്ളും. 245 പേരെ നിയമിച്ച ആ

ദേവസ്വം ബോർഡിനെ പിരിച്ചുവിടണമെന്നു മാത്രമല്ല ആ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുകയും വേണം. അവർക്ക് അവിടിരിക്കാൻ അധികാരമില്ല. മന്ത്രി അറിഞ്ഞുകൊണ്ടാണ് ചെയ്തതെന്ന് ഞാൻ പറയുന്നില്ല. അദ്ദേഹം അറിയാതെ പലതും നടക്കുന്നുണ്ടാകും. പക്ഷെ തീരെ അറിയാതിരിക്കുന്നതും ശരിയല്ല. സവർണ്ണർ എന്നുപറയുമ്പോൾ, പാവപ്പെട്ട നായരും, ക്രിസ്റ്റ്യാനിയും, ബ്രാഹ്മണനുമല്ല – അവരുടെ പേരിൽ ഇതൊക്കെ ഉപയോഗിക്കുന്ന കുറെ പ്രമാണിമാരുണ്ട്. അവരുടെ കാര്യമാണ് പറയുന്നത്. അതിന്റെ കേന്ദ്രമാണിന്ന് യൂണിവേഴ്സിറ്റികളും സെക്രട്ടേറിയറ്റും ദേവസ്വം ബോർഡുമെല്ലാം. മാറ്റം വരുത്തിയാൽ എതിർക്കും. രാഷ്ട്രീയമായ വൈരം കാരണം പലപ്പോഴും ആരെങ്കിലുമൊക്കെ എതിർക്കും. അതിലേയ്ക്ക് തിരിച്ചുപോകാൻ നിങ്ങൾ ശ്രമിക്കരുത്. സാങ്കേതികമായി പറഞ്ഞുവെന്നുമാത്രം. ഫ്യൂഡൽ അടിത്തറ ശക്തമായിരിക്കുകയാണ്. അതിനെതിരെ പോരാടണം. ബേസിക് സ്ട്രക്ച്ചറിൽ പണ്ടുമുതലേ ഉണ്ടായിരുന്ന സംവരണ വിരോധം ഇപ്പോൾ സൂപ്പർ സ്ട്രക്ച്ചറിലും ഉണ്ടായതിന് തെളിവാണ് ദേവസ്വം ബോർഡിൽ നടന്ന നിയമനങ്ങൾ. ഫ്യൂഡലിസം തകർന്നു. അടിത്തറയുണ്ടെന്ന് ഞങ്ങൾ കമ്മ്യൂണിസ്റ്റുകാരും സമ്മതിക്കുന്നതാണ്. പക്ഷെ അതിന്റെ പ്രതാപമൊക്കെ പോയി. വിദ്യാഭ്യാസം, കല, സംസ്ക്കാരം തുടങ്ങി എല്ലാ മേഖലയിലും സംവരണ വിരോധം വരികയാണ്. ഇതിനെതിരെ നമ്മൾ പോരാടണം. അത് ഞങ്ങളുടെ മാത്രം ജോലിയല്ല, നിങ്ങളുടേയുംകൂടി ജോലിയാണ്. കോൺഗ്രസ്സിന് അതിലും ചില രഹസ്യങ്ങൾ ഉണ്ടായിരുന്നു. വേണ്ടിവന്നാൽ 1957 ഇവിടെ ആവർത്തിക്കും. അടിസ്ഥാന പരിഷ്ക്കാരത്തിനുവേണ്ടി വിട്ടുവീഴ്ചാ നിലപാടെടുക്കേണ്ടിവരും. അതാണ് എനിക്ക് പറയാനുള്ളത്.

കേരളത്തിൽ എൽ.പി. മുതൽ ഹയർ സെക്കണ്ടറി തലംവരെയുള്ള സ്കൂളുകളിൽ മൂന്നിൽ രണ്ടും എയ്ഡഡ് മേഖലയിലാണ്. ഇത് നിങ്ങൾക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. എന്നാലും സഭയിൽ ഞാൻ പറയുകയാണ്. എയ്ഡഡ് സ്കൂളുകൾക്ക് ഗവൺമെന്റ് നേരിട്ട് ശമ്പളം കൊടുത്തുതുടങ്ങിയത് 1958 മുതലാണ്. ഇന്നുവരെയുള്ള കണക്കെടുത്താൽ ഇവിടെയിപ്പോൾ 6800 എയ്ഡഡ് സ്കൂളുകളും 1020-ഓളം വരുന്ന എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളും 225 എയ്ഡഡ് കോളേജുകളുമുൾപ്പെടെ ഏകദേശം ഒമ്പതിനായിരത്തോളം സ്ഥാപനങ്ങൾ എയ്ഡഡ് മേഖലയിലുണ്ട്. ഗവൺമെന്റ് സെക്ടറിൽ വരുന്നതുംകൂടിയാകുമ്പോൾ ആകെ 10500 ഓളം സ്ഥാപനങ്ങളുണ്ട്. അതിൽ മൂന്നിൽ രണ്ട്..... കോളേജുകളുടെ കാര്യം വരുമ്പോൾ ഏതാണ്ട് 80 ശതമാനവും പ്രൈവറ്റ് സെക്ടറിലാണ്. സ്കൂളുകളുടെ കാര്യമാകുമ്പോൾ 67 ശതമാനവും എയ്ഡഡ് മേഖലയിലാണ്. കേരളത്തിലെ വിദ്യാഭ്യാസ അന്തരീക്ഷം....... തിളങ്ങുന്ന ചില ഗവൺമെന്റ് സ്ഥാപനങ്ങളൊഴിച്ചാൽ ബാക്കിയെല്ലാം സ്വകാര്യ മേഖലയിലാണ്. ആ തിളങ്ങുന്ന ഗവൺമെന്റ് കോളേജുകളെയും സ്കൂളുകളേയും നമ്മൾ താഴ്ത്തിക്കെട്ടാൻ പാടില്ല. മികവുകൾ ഉള്ളിടത്ത് അംഗീകരിക്കുകയും മികവില്ലാത്തിടത്ത് അതുണ്ടാക്കാൻ കഴിയുമെന്നുള്ള ആത്മവിശ്വാസമാണ് നമ്മൾ കൊടുക്കേണ്ടത്. എന്റേതായ ഒരു കണക്ക് ഞാൻ കൂട്ടിയിരിക്കുകയാണ്. ഒരു ഗവൺമെന്റും എസ്.സി./എസ്.റ്റി. സെല്ലുകളിലൊന്നും ഇത് കൂട്ടിയിട്ടില്ല. മന്ത്രിമാർ ആരെങ്കിലും പറഞ്ഞാലേ ഉദ്യോഗസ്ഥർ കൂട്ടുകയുള്ളൂ. ശ്രീ. എ. കെ. ബാലൻ വകുപ്പുമന്ത്രിയായിരുന്നപ്പോൾ എസ്.സി./എസ്.റ്റി സെല്ലിൽ ധാരാളം നല്ല കാര്യങ്ങൾ ചെയ്തു.

ഇപ്പോഴത്തെ മന്ത്രിക്കും വേണമെങ്കിൽ ചെയ്യാം. ചെയ്യുന്നുണ്ടോ എന്നെനിക്കറിയില്ല. വേണമെങ്കിൽ ചെയ്യാമെന്നേ ഞാൻ പറഞ്ഞുള്ളൂ. ഏറ്റവും പാവപ്പെട്ടവർ എസ്.സി./എസ്.റ്റി വിഭാഗത്തിൽപ്പെട്ടവരല്ലേ; കേരളത്തിൽ എസ്.സി/എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവരുടെ ഒരു കോളേജുണ്ടോ; ഒരു സ്കൂളുണ്ടോ? കാരണം അവർക്ക് മൂലധന രൂപീകരണ ശക്തിയില്ല. എന്തിന് ഏറെ പറയുന്നു, ഈ വിഭാഗത്തിന് ഒരു നല്ല പലചരക്ക് കടയോ, ഹോട്ടലോ ഉണ്ടോ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, അങ്ങ് സംസാരിച്ചുവന്നത് കേരളത്തിലെ എയ്ഡഡ് കോളേജുകളെയും സ്കൂളുകളെയും കുറിച്ചാണ്. കൂടുതൽ സ്ഥാപനങ്ങളും എയ്ഡഡ് മേഖലയിലാണ് എന്നുപറഞ്ഞതിനോട് യോജിക്കുന്നു. ഒരുപാട് ഗവൺമെന്റുകൾ മാറിമാറി വന്നു. പക്ഷെ ഇന്നുവരെ എസ്.സി. വിഭാഗത്തിന് എയ്ഡഡ് മേഖലയിൽ ഒരു കോളേജ് അനുവദിച്ചിട്ടില്ല. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് മൂന്നു വർഷം കഴിയുമ്പോൾ മൂന്ന് കോളേജുകളാണ് എയ്ഡഡ് സെക്ടറിൽ എസ്.സി. വിഭാഗത്തിന് അനുവദിച്ചിട്ടുളളത്. കെ.പി.എം.എസ്, പി.ആർ.ഡി. എസ്. മലപ്പുറം ജില്ലയിലെ വണ്ടൂർ ഉൾപ്പെടെ മൂന്നു കോളേജുകളാണ് എസ്. സി. മാനേജുമെന്റിന് അനുവദിച്ചിട്ടുള്ളത്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇങ്ങനെ എസ്.സി. മാനേജുമെന്റിന് കോളേജുകൾ അനുവദിക്കുന്നത്. അങ്ങ് പറഞ്ഞ മറ്റ് കാര്യങ്ങളോടെല്ലാം ഞാൻ യോജിക്കുന്നു.

ശ്രീ. ജി. സുധാകരൻ: സർ, വസ്തുതകളെ എതിർക്കുന്നില്ല. അനുവദിച്ചെങ്കിൽ നല്ല കാര്യം. നന്നായിട്ട് നടത്തണം. ഈ ഗവൺമെന്റ്

അധികാരത്തിൽനിന്നും പോകുന്നതിനുമുമ്പ് ഉദ്ഘാടനം നടത്തണം. ഞാൻ രാഷ്ട്രീയാടിസ്ഥാനത്തിൽ അല്ല പറഞ്ഞത്. ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. ഈ സ്ഥാപനങ്ങളിൽ...... രണ്ടായിട്ട് വിഭജിച്ച് പറയുകയാണ്. 1958 –ൽ സ്കൂളുകളിൽ ഡയറക്ട് പേമെന്റ് ഏർപ്പെടുത്തിയ കാലം മുതൽ 2014 വരെയുള്ള 56 വർഷവും 1972–ൽ കോളേജുകളിൽ ഡയറക്ട് പേമെന്റ് കൊടുത്തതിനുശേഷമുള്ള 42 വർഷക്കാലത്തിനുള്ളിൽ.... ആദ്യ ഘട്ടത്തിൽ 2 ലക്ഷവും ഇപ്പോൾ രണ്ടര ലക്ഷവും അധ്യാപകരുണ്ട്. ആദ്യഘട്ടത്തിലുണ്ടായിരുന്നവർ റിട്ടയർ ചെയ്തുപോയിട്ടുണ്ടാകും. അതുകൊണ്ടാണ് രണ്ടായിട്ട് പറഞ്ഞത്. ഈ കണക്കിൽ ചില വ്യത്യാസങ്ങളൊക്കെ ഉണ്ടാകാം. ഈ 2 ലക്ഷം അധ്യാപകർ– പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള സ്കൂളുകൾ, കോളേജുകളുടെ കാര്യം പറയുമ്പോൾ അതിൽ എഞ്ചിനീയറിംഗ് കോളേജുകൾ, ബി.എഡ്. പ്രൈവറ്റ്, പോളിടെക്നിക് തുടങ്ങിയവയെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. ഐ.റ്റി.ഐ.–കളെ ഉൾപ്പെടുത്തിയിട്ടില്ല. ഈ സ്ഥാപനങ്ങളിലേയ്ക്കെല്ലാംകൂടി 2 ലക്ഷം അധ്യാപകരെ നിയമിച്ചിട്ടുണ്ട്. 1972–ൽ ഡയറക്ട് പേമെന്റ് ഏർപ്പെടുത്തിയതിനുശേഷം രണ്ടര ലക്ഷം അധ്യാപകരെ നിയമിച്ചിട്ടുണ്ട്. രണ്ട് ഘട്ടങ്ങളിലുമായി ആകെ നാലര ലക്ഷം അധ്യാപകർ ജോലി ചെയ്തിട്ടുണ്ടാകും. ഈ കണക്ക് എയ്ഡഡ് മേഖലയിലേതുമാത്രമാണ്. ഇതിൽ ഒരു പട്ടികജാതിക്കാരനുമില്ല. എവിടെയെങ്കിലും ഒരാളെ നിയമിച്ചതായി എനിക്കറിയില്ല. ഏതായാലും എന്റെ ജില്ലയിലില്ല. ഈ വിഭാഗത്തിന് 10 ശതമാനം റിസർവേഷനുള്ളതല്ലേ. ഖജനാവിൽനിന്നും ശമ്പളം കൊടുക്കുന്നതല്ലേ. മാനേജർമാരുടെ തറവാട്ട്

സ്വത്തിൽനിന്നാണോ ഈ കോളേജുകളിലെ അധ്യാപകർക്ക് ശമ്പളം കൊടുക്കുന്നത്; അവർക്ക് ആനുപാതികമായി പത്തോ മുപ്പതോ ശതമാനം സംവരണം കൊടുത്താൽ പോരേ; അങ്ങനെ വരുമ്പോൾ 56 വർഷമായി എസ്.സി/എസ്.റ്റി. വിഭാഗത്തിന് 45,000/– സീറ്റുകളാണ് നഷ്ടമായത്. മറ്റ് പിന്നോക്ക സമുദായങ്ങൾക്ക് നഷ്ടപ്പെട്ടത് 2,05,000/– സീറ്റുകളുമാണ്.

അങ്ങനെ രണ്ടേകാൽ ലക്ഷം സീറ്റുകൾ നഷ്ടപ്പെട്ടു. അതിൽ എസ്.എൻ.ഡി.പി., കത്തോലിക്കസഭ, എം.ഇ.എസ്.എ. തുടങ്ങിയവയെല്ലാം പിന്നോക്കമായതിനാൽ അവർ കുറേ പിന്നോക്കക്കാരെ നിയമിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അവിടെ എസ്.സി./എസ്.ടി.–യെ ഒന്നും കാര്യമായി നിയമിക്കില്ല. ആർ. ശങ്കറുടെ കാലത്ത് എസ്.എൻ. കോളേജുകളിൽ എസ്.സി./എസ്.ടി.–യെ നിയമിച്ചിരുന്നുവെങ്കിലും ഇപ്പോഴില്ല. ഞാൻ അവിടെ പഠിച്ചതാണ്. എനിക്ക് അഭിമാനമുണ്ട്. അവിടെ സർവ്വസമുദായങ്ങളെയും നിയമിച്ചിരുന്നു. അദ്ധ്യാപകരെ പോയി വിളിച്ചുകൊണ്ടുവരികയാണ് ശങ്കർ ചെയ്യുന്നത്. വേറെ ഒരു കോളേജിൽ ഇരിക്കുന്നവരെ പുള്ളി ഇങ്ങ് റാഞ്ചിക്കൊണ്ടുവരും. അങ്ങനെയാണ് പ്രഗത്ഭരായ അദ്ധ്യാപകർ അവിടെ വന്നിരുന്നത്. സമുദായമൊന്നും അദ്ദേഹത്തിന് പ്രശ്നമല്ല. അദ്ദേഹമാണ് വിദ്യാഭ്യാസ വിചക്ഷണൻ. സമുദായവും ജാതിയും മുറി ഇംഗ്ലീഷും പറഞ്ഞു നടക്കുന്നവരൊന്നുമല്ല വിദ്യാഭ്യാസ വിചക്ഷണൻ. ഞാൻ വിഷയം മാറുകയല്ല. ഞാൻ സമൂഹത്തെക്കുറിച്ച് പറഞ്ഞുവെന്നേയുള്ളു. സമൂഹത്തെ കാണണം. അങ്ങനെ ഈ രാജ്യത്തെ അമ്പത് ശതമാനത്തിലേറെ വരുന്ന പിന്നോക്കക്കാരുടെയും പട്ടികജാതി–പട്ടികവർഗ്ഗത്തിന്റെയും രണ്ടേകാൽ ലക്ഷം നിയമനങ്ങൾ തട്ടിയെടുത്തത് സർക്കാർ ശമ്പളം വാങ്ങുന്ന

സ്ഥാപനങ്ങളാണ്. അതുകൊണ്ട് ഈ നിയമനങ്ങൾ പി.എസ്.സി.–ക്ക് വിടണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. എയ്ഡഡ് സ്കൂളുകളിലെയും എയ്ഡഡ് കോളേജുകളിലെയും സകലമാന നിയമനങ്ങളും പി.എസ്.സി.–ക്ക് വിടണം. മാനേജ്മെന്റ് ക്വാട്ട വേണമെങ്കിൽ അവർക്ക് കൊടുത്തുകൊള്ളൂ. ഒരു ഭരണഘടനാ പ്രശ്നവും ഉണ്ടാകാൻ പോകുന്നില്ല. മൈനോറിറ്റിയു ടേതിന് മാത്രമേ പ്രശ്നമുണ്ടാകുകയുള്ളു. പക്ഷേ അതിന് ഒരു എഗ്രിമെന്റ് ഉണ്ടാക്കുന്നതിന് കാലമായി. ഈ ശബ്ദം ഉയരണം. പട്ടികജാതിക്കാരന് വിദ്യാഭ്യാസ സൗകര്യം കിട്ടിക്കഴിഞ്ഞപ്പോൾ അവനെ പഠിപ്പിക്കാൻ സമ്മതിക്കാത്തത് ശരിയല്ല. കേരളത്തിലെ സാമൂഹിക രീതി മികച്ചതാണെന്ന് പറഞ്ഞാൽ ഇതൊഴിച്ച് എല്ലാം മികച്ചതാണ്. ഇതാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് നിങ്ങൾ കൊണ്ടുവന്നിരിക്കുന്ന ഈ സംവരണ നയത്തെ ഞാൻ എതിർക്കുന്നില്ല. കാരണം ഞങ്ങളും കൂടി അംഗീകരിച്ചതാണിത്. ഇത് പാസ്സാക്കാം. പാസ്സാക്കിയാൽ പ്രശ്നമുണ്ടെന്നുവന്നാൽ പുന:പരിശോധി ക്കാൻ തയ്യാറാകണമെന്ന് ഞാൻ അങ്ങയോട് പറയുകയാണ്. കാരണം ഞാൻ കേരള യൂണിവേഴ്സിറ്റിയിൽ ഇരുന്നതാണ്. അതാണ് മെച്ചമെന്നാണ് അവർ പറയുന്നത്. കാരണം റൊട്ടേഷൻ നടത്തുമ്പോൾ ചില വകുപ്പുകളിൽ ഓപ്പണായി മാത്രം വരും. ചില വകുപ്പുകളിൽ സംവരണം വന്നടിയും. ഉദാഹ രണത്തിന് ഇക്കണോമിക്സ് വകുപ്പിൽ പത്ത് പോസ്റ്റുകളിൽ പത്ത് വർഷം കൊണ്ട് നിയമനം നടന്നെങ്കിൽ അഞ്ച് സംവരണവും അഞ്ച് ജനറലും ആക ണമെന്നില്ല. എട്ട് ജനറലും രണ്ട് സംവരണവുമാകാം. അങ്ങനെ വരുമ്പോൾ അതാത് വകുപ്പുകളിൽ സംതുലിതാവസ്ഥയില്ലാതെ വരും. അതുണ്ടാകുന്നു ണ്ടോയെന്ന് അങ്ങ് ഭാവിയിൽ പരിശോധിക്കണം. ഇത്തരം പോരായ്മകൾ ചർച്ച ചെയ്ത് പരിഹരിച്ചുകൊണ്ട് ഈ ബിൽ പാസാക്കുന്നതിനോട് ഞാൻ

അഭിപ്രായവ്യത്യാസം പറയുന്നില്ല. ചില ഭേദഗതി മറ്റുള്ളിടത്തുകൂടി നടപ്പാക്കണം. അത് നല്ലതാണ്. കണ്ണൂർ യൂണിവേഴ്സിറ്റി നിയമത്തിലും ഇതാണ്. ആ സെലക്ട് കമ്മിറ്റിയിൽ ഉണ്ടായിരുന്നതുകൊണ്ട് ഞാനും കൂടിയിരുന്ന് അംഗീകരിച്ചതാണ്. അന്നെനിക്ക് ഇത് അറിയില്ലായിരുന്നു. ഇത് നടപ്പിലാക്കുന്നതിൽ അഭിപ്രായ വ്യത്യാസമില്ല. തീർച്ചയായും സർവ്വകലാശാലകളെ അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്കനുസരണമായി പ്രവർത്തിക്കാൻ സർക്കാർ ഇടപെടുകയും അനാവശ്യകരമായി ഇടപെടാതിരിക്കുകയും ചെയ്യുക. വിദഗ്ദ്ധർ എന്നുപറഞ്ഞാൽ നമുക്ക് സുഖമുള്ള വിദഗ്ദ്ധരല്ല. വിദഗ്ദ്ധരാണെന്ന് പൊതുജനം അംഗീകരിക്കണം. നാട്ടിൽ പേരുണ്ടാകണം, പ്രവർത്തിയുണ്ടാകണം, സെക്കുലർ ആയിരിക്കണം. അങ്ങനെയുള്ള ഏത് ജാതിയും ഏത് മതവും ആകട്ടെ. അങ്ങനെ കൊണ്ടുവന്ന നമ്മുടെ പഴയ പാരമ്പര്യം പുന:സ്ഥാപിക്കാൻ നമ്മുടെ സഭയ്ക്ക് കഴിയുമെന്ന് പ്രത്യാശിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് മറുപടി പറയാനുണ്ടോ?

<u>ശ്രീ. പി.കെ. അബ്ദു റബ്ബ്</u>: ഇല്ല.

<u>മി. സ്പീക്കർ</u>: ശ്രീമതി ഇ. എസ്. ബിജിമോൾ, അങ്ങ് അവതരിപ്പിച്ച നിരാകരണ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീമതി ഇ.എസ്. ബിജിമോൾ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീമതി ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച നിരാകരണപ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റ്റി. എൻ. പ്രതാപൻ അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. റ്റി. എൻ. പ്രതാപൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2013-ലെ സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ...............

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

2013-ലെ സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

## വകുപ്പ് തിരിച്ചുള്ള പരിഗണന

### 2-ാം വകുപ്പ്

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

111. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ടിലെ വകുപ്പ് 7(2)-ൽ, "അതതു സമയങ്ങളിൽ ഭേദഗതി ചെയത പ്രകാരം, ആവശ്യമായ മാറ്റങ്ങളോടെ" എന്നീ വാക്കുകൾക്കുപകരം "അവ പിൽക്കാലത്ത് ഭേദഗതി ചെയ്യുന്നപക്ഷം അങ്ങനെ ഭേദഗതി ചെയ്ത പ്രകാരവും" എന്നീ വാക്കുകൾ ചേർക്കുക.

113. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ടിലെ വകുപ്പ് 7(2)-ൽ, "തുടരേണ്ടതുമാണ്" എന്ന വാക്കിനുപകരം "തുടർന്നും പാലിക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

112. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ടിലെ വകുപ്പ് 7(2)-ൽ, "ഒരു യൂണിറ്റ് ആയി പരിഗണിച്ച് കാറ്റഗറി തിരിച്ച് " എന്നീ വാക്കുകൾക്കുശേഷം "അതാത് കാലത്ത് നിലവിലുള്ള സംവരണ മാനദണ്ഡമനുസരിച്ച്" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, അവതരിപ്പിച്ച 111, 113 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എം. ഹംസ, അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എം. ഹംസ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 111, 113 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ.........

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>3-ാം വകുപ്പ്</u>

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

114. ഖണ്ഡം 3 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ടിലെ വകുപ്പ് 40-ൽ "അതതുസമയങ്ങളിൽ ഭേദഗതി ചെയ്ത പ്രകാരം ആവശ്യമായ മാറ്റങ്ങളോടെ" എന്നീ വാക്കുകൾക്കുപകരം "അവ പിൽക്കാലത്ത് ഭേദഗതി ചെയ്യുന്നപക്ഷം അങ്ങനെ ഭേദഗതി ചെയ്ത പ്രകാരവും" എന്നീ വാക്കുകൾ ചേർക്കുക.

116. ഖണ്ഡം 3 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ടിലെ വകുപ്പ് 40-ൽ "തുടരേണ്ടതുമാണ്" എന്ന വാക്കിനുപകരം "തുടർന്നും പാലിക്കേണ്ടതു മാണ്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

115. ഖണ്ഡം 3 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ടിലെ വകുപ്പ് 40-ൽ, "കാറ്റഗറി തിരിച്ച്" എന്നീ വാക്കുകൾക്കുശേഷം "അതാത് കാലത്ത് നിലവി ലുള്ള സംവരണ മാനദണ്ഡമനുസരിച്ച്" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ശ്രീ കെ. എൻ. എ. ഖാദർ 114, 116 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ.എൻ.എ. ഖാദർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഹംസ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഹംസ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 114, 116 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ.........

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

4-ാം വകുപ്പ്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഞാൻ താഴെപ്പറയുന്ന ഒഫീഷ്യൽ ഭേദഗതി അവതരിപ്പിക്കുന്നു.

120. 4-ാം ഖണ്ഡത്തിൽ, (1)-ാം ഉപഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

"(1) 2014-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി)

ഓർഡിനൻസ് (2014-ലെ 3) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു."

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

118. ഖണ്ഡം 4(2)-ൽ "കരുതപ്പെടേണ്ടതാണ്" എന്ന വാക്കിനുപകരം "കരുതപ്പെടേണ്ടതും ഈ ആക്ടിന്റെ പ്രാബല്യത്തിനുമുമ്പ് നിലവിലെ ആക്ടുകൾ പ്രകാരം ചെയ്ത കാര്യങ്ങൾ നിലനിൽക്കുന്നതായി കരുതപ്പെടേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: 117-ാം നമ്പർ ഭേദഗതി 120-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ഭേദഗതി നൽകിയ ശ്രീ. വി. ഡി. സതീശൻ സംസാരിക്കുന്നുണ്ടോ?

ശ്രീ. വി.ഡി. സതീശൻ: സർ, ഞാൻ സംസാരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ, അങ്ങ് ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഉമ്മർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഒഫിഷ്യൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 118–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ..........

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്ത പ്രകാരമുള്ള 4–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1–ാം വകുപ്പും പീഠികയും പേരും

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഞാൻ താഴെപ്പറയുന്ന ഒഫീഷ്യൽ ഭേദഗതി അവതരിപ്പിക്കുന്നു.

119. പീഠികയിൽ, രണ്ടാം ഖണ്ഡികയിൽ "അറുപത്തി നാലാം" എന്ന വാക്കുകൾക്കു പകരം "അറുപത്തി അഞ്ചാം" എന്ന വാക്ക് ചേർക്കുന്നു.

മി. സ്പീക്കർ: 108, 109, 110 എന്നീ നമ്പർ ഭേദഗതികൾ നൽകിയ ശ്രീ. ബെന്നി ബെഹനാൻ, ശ്രീമതി പി. അയിഷാ പോറ്റി, ശ്രീ. എം. ഉമ്മർ എന്നീ

അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ 119-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ..........

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.................

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിച്ചിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ..........

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ, ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജൂൺ മാസം 11-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.28-ന് പിരിഞ്ഞു.)